## പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-2021)

## ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-08) യുടെ പത്താമത് റിപ്പോർട്ടിലെ
(ആരോഗ്യ വകുപ്പിന്റെ പരിധിയിൽ വരുന്ന ജില്ലാ-താലൂക്ക്
ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച്)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

(2019 നവംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-2021)

## ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-08) യുടെ പത്താമത് റിപ്പോർട്ടിലെ
(ആരോഗ്യ വകുപ്പിന്റെ പരിധിയിൽ വരുന്ന ജില്ലാ-താലൂക്ക്
ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച്)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

FCP3H/AVR/EC/2019/facing sheet 24.10.2019

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന .. | | v |
| മുഖവുര .. | | vii |
| അദ്ധ്യായം I | .. റിപ്പോർട്ട് | 1 |
| അദ്ധ്യായം II | .. ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | 1 |
| അദ്ധ്യായം III | .. സമിതി ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയിൽ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതും അനന്തര നടപടി ആവശ്യമുള്ളതുമായത് | 17 |
| അനുബന്ധം | | |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019 - 2021)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. എസ്. ശർമ്മ

**അംഗങ്ങൾ:**

ശ്രീ. പി.കെ.അബ്ദുറബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ.പി.അനിൽകുമാർ

ശ്രീ. ബി. ഡി.ദേവസ്സി

ശ്രീ. ജി.എസ്.ജയലാൽ

ശ്രീ. കെ.സി.ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ.രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി.കെ.ശശീന്ദ്രൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി

## മുഖവുര

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-08)യുടെ പത്താമത് റിപ്പോർട്ട് (ആരോഗ്യവകുപ്പിന്റെ പരിധിയിൽ വരുന്ന ജില്ലാ താലൂക്ക് ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച്) 2008 ജൂലൈ 28-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 190 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളും ആയതിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും അവയ്ക്കുള്ള മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്

2019 ഒക്ടോബർ മാസം 31-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2019, ഒക്ടോബർ 31

എസ്. ശർമ്മ,
അദ്ധ്യക്ഷൻ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

# കരട് റിപ്പോർട്ട്

## അദ്ധ്യായം - I

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-08)-യുടെ പത്താമത് റിപ്പോർട്ട് (ആരോഗ്യ വകുപ്പിന്റെ പരിധിയിൽ വരുന്ന ജില്ലാ-താലൂക്ക് ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച്) 22.07.2008-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച 190 ശിപാർശകളാണ് ഉണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 02.07.2009-ൽ സർക്കാരിലേയ്ക്ക് അയച്ചു കൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 01.10.2010, 14.08.2012, 10.10.2012, 27.08.2013, 24.09.2013, 07.11.2013, 30.09.2015, 27.12.2016, 11.01.2017, 13.09.2017, 10.10.2018, 15.11.2018, 30.07.2019 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ റിപ്പോർട്ടിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് 08.02.2017-ാം തീയതി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും 28.06.2017-ാം തീയതി ആലപ്പുഴ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

സമിതി (2006-08)-യുടെ പത്താമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്കു സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം 3-ലെ അധിക വിവരങ്ങളിന്മേൽ അനന്തര നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം - II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ

## സമിതി അംഗീകരിച്ചവ

## (ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ

## ഖണ്ഡികകളാണ്)

### തിരുവനന്തപുരം ജില്ല

### ശിപാർശ 1 (ഖണ്ഡിക 6)

തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്ന രീതിയിൽ സ്ഥലപരിമിതി അനുഭവപ്പെടുന്നുണ്ട്. ദിനംപ്രതി 30 മുതൽ 40 വരെ ഓപ്പറേഷൻ നടക്കുന്ന തീയേറ്റർ നിലവിലുണ്ടെങ്കിലും അതിനാനുപാതികമായി ഐ.സി.യു. നിലവിലില്ല. കാഷ്വാലിറ്റി നിലവിലുണ്ടെങ്കിലും സ്ഥലപരിമിതി മൂലം പ്രവർത്തനത്തിന് തടസ്സമുണ്ടാകുന്നു. 150 വർഷം പഴക്കമുള്ള കെട്ടിടങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. അവിടവിടെയായി സ്ഥിതി ചെയ്യുന്നതായ കെട്ടിടങ്ങളിൽ ആശുപത്രി പ്രവർത്തിപ്പിക്കുന്നത് ദുഷ്കരമാണെന്ന് സമിതി വിലയിരുത്തുന്നു. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാഷ്വാലിറ്റിയിൽ ട്രോമാകെയർ, ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തീയേറ്റർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും ആശുപത്രി കെട്ടിടം പുതുക്കിപ്പണിയണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്)

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 250 കിടക്കകളുള്ള സർജിക്കൽ ബ്ലോക്കിന്റെ പണി പൂർത്തിയായി. ഈ കോംപ്ലക്സിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ 8 ഓപ്പറേഷൻ തീയേറ്റർ ഉണ്ട്. ഓപ്പറേഷൻ തീയേറ്ററിന്റേയും എയർ

കണ്ടീഷനിങ്ങിന്റേയും അനുബന്ധ സൗകര്യങ്ങളുടേയും പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 3 മാസത്തിനകം ഈ സർജിക്കൽ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും. പുതിയ കാഷ്വാലിറ്റി ബ്ലോക്ക് പണി പൂർത്തീകരിച്ചിട്ടുള്ളതിന്റെ പ്രവർത്തനം 2 മാസത്തിനകം ആരംഭിക്കുവാൻ കഴിയും.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗം പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ട്രോമാകെയർ സംവിധാനം നിലവിലില്ല. കാഷ്വാലിറ്റി ബ്ലോക്കിൽ പുതിയ കെട്ടിടം നിർമ്മിച്ചു. സർജിക്കൽ ബ്ലോക്കിന്റെ പണി പൂർത്തീകരിച്ചു.

പുതിയ ഓപ്പറേഷൻ തീയേറ്റർ സമുച്ചയം 2014 നവംബർ മുതൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ കെട്ടിടത്തിലാണ് എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ പുതിയ തീയേറ്റർ പ്രവർത്തിക്കുന്നത്.

## ശിപാർശ 2 (ഖണ്ഡിക 7)

## തിരുവനന്തപുരം ജനറൽ ആശുപത്രി

ശുദ്ധജല വിതരണത്തിനായി 50000 ലിറ്റർ ശേഷിയുള്ള ഓവർഹെഡ് ടാങ്കും അതിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനായി അണ്ടർഗ്രൗണ്ട് വാട്ടർടാങ്കും നിലവിലുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും 24 മണിക്കൂറും വെള്ളം ലഭിക്കാത്തതിനാൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. വാട്ടർ അതോറിറ്റിയിൽ നിന്നും 24 മണിക്കൂറും വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ കുഴൽ കിണർ കുഴിച്ച് കുടിവെള്ളക്ഷാമം

പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (ജലവിഭവ വകുപ്പ്)

ജനറൽ ആശുപത്രിയിലേക്കുള്ള കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പണികൾ ഡെപ്പോസിറ്റ് വർക്കായി ഇതിനോടകം തന്നെ ജല അതോറിറ്റി ക്രമീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം 63 mm പി.വി.സി. പൈപ്പുകൾക്ക് 300 മീറ്റർ നീളത്തിൽ സ്ഥാപിക്കുകയും പ്രസ്തുത പൈപ്പുകൾക്ക് നിലവിലുള്ള 600mm കാസ്റ്റ് അയൺ പൈപ്പിൽ നിന്നും ഡബിൾ ബോറിംഗ് മുഖേന കണക്ഷൻ എടുത്ത് ജല ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. മേല്പടി വർക്ക് 2008 -ൽ പൂർത്തിയാക്കിയിട്ടുള്ളതാകുന്നു. ഇപ്പോൾ ജനറൽ ആശുപത്രിയിൽ വേണ്ടത്ര വെള്ളം ലഭിക്കുന്നുണ്ട്.

## ശിപാർശ 3 (ഖണ്ഡിക 9 & 10)

സ്പെഷ്യാലിറ്റി ആശുപത്രിപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൈക്കാട് ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും ചികിൽസ ലഭ്യമാണ്. കാഷ്വാലിറ്റി, ഓപ്പറേഷൻ തീയേറ്റർ, രക്തബാങ്ക്, ആംബുലൻസ് എന്നീ സൗകര്യങ്ങൾ 24 മണിക്കൂറും ലഭ്യമാണ്.

428 കിടക്കകളുള്ള ആശുപത്രിയിലെ ദിവസ ഒ.പി. 700 -ഉം ഐ.പി. 320-ഉം ആണ്. ലബോറട്ടറി, സ്കാനിംഗ് എന്നീ സൗകര്യങ്ങൾ നിലവിലുണ്ടെന്നും ഐ.സി.യു. ഇല്ലെന്നും സമിതിക്ക് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ ഐ.സി.യു. എത്രയും പെട്ടെന്ന് സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ 10 കിടക്കകളോടു

കൂടിയ നവജാതശിശു തീവ്രപരിചരണ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. 6 കിടക്കകളുള്ള സർജിക്കൽ പോസ്റ്റ് ഓപ്പറേഷൻ യൂണിറ്റ് പ്രവർത്തിക്കുന്നു. 2012 ആഗസ്റ്റിൽ NABH ലഭിച്ചിട്ടുണ്ട്.

## ശിപാർശ 4 (ഖണ്ഡിക 11)

ഒരു ഫാർമസി ഉണ്ടെങ്കിലും സ്ഥലപരിമിതിമൂലം മരുന്നുകൾ സുരക്ഷിതമല്ലാത്ത സ്ഥലങ്ങളിൽ സൂക്ഷിക്കേണ്ടി വരുന്നു. ആകയാൽ സ്ഥലപരിമിതി പരിഹരിച്ച് ശരിയായ രീതിയിൽ മരുന്ന് സൂക്ഷിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആശുപത്രിയിലെ ഫാർമസിയിലെ മരുന്നുകൾ സൂക്ഷിക്കാൻ വേണ്ട അലമാരകളും, സംഭരണികളും ലഭ്യമാണ്. ഈ ആശുപത്രിയ്ക്ക് ഇപ്പോൾ എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ട്.

## ശിപാർശ 5 (ഖണ്ഡിക 12 & 13)

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയെ പ്രധാനമായി ആശ്രയിക്കുന്നത് മത്സ്യ ത്തൊഴിലാളികളും കയർ മേഖലയിൽ പണിയെടുക്കുന്നവരുമാണ്. 5.13 ഏക്കർ സ്ഥലത്ത് നൂറു വർഷത്തിലേറെ പഴക്കമുള്ള വിവിധ കെട്ടിടങ്ങളിലായിട്ടാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്.

243 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ 250 ലേറെ രോഗികളെ കിടത്തി ചികിത്സിക്കുന്നു. 150 ഓളം സ്റ്റാഫുള്ള ആശുപത്രിയിൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഇ.എൻ.ടി., ഓർത്തോ, ജനറൽ മെഡിസിൻ, ഒഫ്ത്താൽമോളജി, സൈക്യാട്രി, ഡന്റൽ എന്നീ സ്പെഷ്യാലിറ്റികളാണുള്ളത്. കാഷ്വാലിറ്റി വിഭാഗം ഇല്ലെങ്കിലും ലഭ്യമായ സൗകര്യത്തിൽ കാഷ്വാലിറ്റി പ്രവർത്തിക്കുന്നതായി മനസ്സിലാക്കുന്ന സമിതി കാഷ്വാലിറ്റി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

4 ഡോക്ടർമാരുള്ള പുതിയ കാഷ്വാലിറ്റി യൂണിറ്റ് അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 6 (ഖണ്ഡിക 14)

രണ്ട് ഓപ്പറേഷൻ തീയേറ്റർ, മെഡിക്കൽ ലബോറട്ടറി, ബ്ലഡ് ബാങ്ക്, എക്സ്റേ യൂണിറ്റ്, ഫാർമസി എന്നീ വിഭാഗങ്ങളും ആംബുലൻസ് സൗകര്യവും മോർച്ചറിയും നിലവിലുള്ള ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ സ്കാനർ, നിലവിലുള്ള ഒരു എ.സി., ആട്ടോക്ലേവ്, സ്റ്ററിലൈസർ, ഒരു ലാപ്രോസ്കോപ്പ് എന്നിവ പ്രവർത്തനരഹിതമാണെന്ന് സമിതിക്ക് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ സ്കാനർ അടിയന്തരമായി പ്രവർത്തന ക്ഷമമാക്കണമെന്നും ചോർന്നൊലിക്കുന്ന മോർച്ചറി ആധുനിക സൗകര്യത്തോടു കൂടി പുതുക്കിപ്പണിയണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ട ആശുപത്രി ആയതിനാൽ പുതിയ മോർച്ചറി കെട്ടിടം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി പരിഹരിക്കേണ്ട വിഷയമാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ട ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി മോർച്ചറി കെട്ടിടം നിർമ്മിച്ച് നൽകിയിട്ടില്ലെങ്കിൽ ആയത് ഗവൺമെന്റ് മുൻകൈ എടുത്തു നിർമ്മിച്ചു നൽകേണ്ടതാണ്. മോർച്ചറി കെട്ടിടം നിർമ്മിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ 4 ബോഡിയുടെ Cellar system ആണ് ഫ്രീസർ യൂണിറ്റായി പ്രവർത്തിക്കുന്നത്.

## ശിപാർശ 7 (ഖണ്ഡിക 15)

ചിറയിൻകീഴ് താലൂക്ക് ആശുപത്രിക്ക് ഒരു രക്തബാങ്ക് അനുവദിച്ചിട്ടുണ്ടെങ്കിലും 2 $^1/_2$ വർഷമായി ടെക്നീഷ്യന്റെ സേവനം ലഭ്യമല്ല. എങ്കിലും എയ്ഡ്സ് സെല്ലിലെ ഒരു സ്റ്റാഫിന്റെ സഹായത്തോടെ ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നു. ഇപ്പോൾ ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നത് പഴയ ഇടുങ്ങിയ കെട്ടിടത്തിലാണ്. കാലപ്പഴക്കം കൊണ്ട് കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നും പൊടിയും മറ്റും വീഴുകയും വാതിലുകളും ജനലുകളും പൊട്ടി പൊളിഞ്ഞിരിക്കുന്നതിനാലും എ.സി. യുടെ തണുപ്പ് പൂർണ്ണമായും തടഞ്ഞുനിർത്തുവാൻ കഴിയാതെ വരുന്നു. ആകയാൽ ബ്ലഡ് ബാങ്ക് കെട്ടിടം പുതുക്കിപ്പണിയണമെന്നും ആവശ്യാനുസരണം സ്റ്റാഫിനെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

രക്തബാങ്ക് പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ 8 (ഖണ്ഡിക 16)

ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്ന് മരുന്നുകൾ ലഭിക്കുന്നുണ്ടെങ്കിലും അത്യാവശ്യഘട്ടങ്ങളിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി മുഖേനയും മരുന്ന് വാങ്ങുന്നുണ്ട്. മരുന്ന് സൂക്ഷിക്കുന്ന കെട്ടിടത്തിന് കാലപ്പഴക്കത്താൽ ചോർച്ചയുള്ളതായും അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ അടിയന്തരമായി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് ആശുപത്രിയിലെ പുതിയ കെട്ടിടത്തിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

## ശിപാർശ 9 (ഖണ്ഡിക 17)

ഡ്രെയിനേജ് സാനിട്ടറി സൗകര്യങ്ങൾ വളരെ പഴക്കം ചെന്നവയാണെന്നും ഡ്രെയിനേജ് പൊട്ടിപ്പൊളിഞ്ഞതാണെന്നും സെപ്റ്റിക് ടാങ്കിന് കപ്പാസിറ്റി കുറവാണെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചു. ഇൻസിനറേറ്റർ ഉപയോഗിച്ച് രണ്ട് ദിവസത്തിൽ ഒരിക്കൽ ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജന-ത്തിന്റെ ഭാഗമായി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ചിറയിൻകിഴ് ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഈ ആശുപത്രിയുടെ നിറഞ്ഞു കവിയുന്ന സെപ്റ്റിക് ടാങ്ക് ആശുപത്രി മാനേജ്മെന്റ് സമിതിയുടെ ഫണ്ട് ഉപയോഗിച്ച് കോരി മാറ്റുകയാണ് ചെയ്യുന്നത്. മാലിന്യങ്ങൾ ആഴ്ചയിൽ രണ്ട് പ്രാവശ്യം ഇൻസിനറേറ്റർ ഉപയോഗിച്ച് കരിച്ചു കളയുന്നുണ്ട്. ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാൻ പഞ്ചായത്തിൽ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. പുതിയ പ്രൊപ്പോസൽ വീണ്ടും പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.

## ശിപാർശ 10 (ഖണ്ഡിക 19)

മെഡിക്കൽ/പാരാമെഡിക്കൽ ട്രെയിനിംഗ് സൗകര്യമുള്ള ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജോലിക്കെത്തുന്ന പെൺകുട്ടികൾ സ്റ്റാഫ് ക്വാർട്ടേഴ്സ് ഇല്ലാത്തതിനാൽ സ്ഥലംമാറ്റം

വാങ്ങിപ്പോകുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സ്ഥലപരിമിതിയുള്ളതിനാൽ തൽക്കാലം സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

## ശിപാർശ 11 (ഖണ്ഡിക 20 & 21)

നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ എക്സ്റേ, ഇ.സി.ജി., സി.ടി. സ്കാനർ എന്നിവ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കാഷ്വാലിറ്റിയും 24 മണിക്കൂറും പ്രവർത്തനക്ഷമമാണ്. എന്നാൽ ആംബുലൻസ് കേടായതിനാൽ ആശുപത്രിയിൽ ആംബുലൻസ് സൗകര്യം നിലവിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടിയന്തിരമായി ആംബുലൻസ് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ ആംബുലൻസ് നൽകിയിട്ടുണ്ട്.

## ശിപാർശ 12 (ഖണ്ഡിക 23)

മാലിന്യ നിർമ്മാർജ്ജന സംവിധാനം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. മാലിന്യ നിർമ്മാർജ്ജനം, ഡ്രെയിനേജ് സംവിധാനം, ലോൺട്രി സൗകര്യം എന്നിവ കുറ്റമറ്റതാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുദ്യോഗസ്ഥർ 06.02.2015 ൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ പരിശോധന നടത്തിയപ്പോൾ എഫ്ലുവന്റ്

ട്രീറ്റ്മെന്റ് പ്ലാന്റിന്റെ (ETP) പണി പൂർത്തിയായതായി കണ്ടു. വാർഡുകളിൽ നിന്ന് പ്ലാന്റിലേക്കുള്ള പൈപ്പ് ലൈൻ വർക്കുകൾ, വൈദ്യുതി കണക്ഷൻ എന്നിവ പൂർത്തിയായിട്ടില്ലായിരുന്നു. നിലവിൽ മലിനജലം സെപ്റ്റിക് ടാങ്ക് വഴി നിർമ്മാർജ്ജനം ചെയ്യുകയും ആഹാരാവശിഷ്ടങ്ങൾ കുഴിച്ച് മൂടുകയും ചെയ്തു വരുന്നു. പ്ലാസ്റ്റിക് വേസ്റ്റ് ആശുപത്രി പരിസരത്തുള്ള കുഴിയിൽ ശേഖരിക്കുന്നു. ETP എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പ്രവർത്തിപ്പിക്കണമെന്ന് ആശുപത്രി അധികൃതർക്ക് മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രിയിൽ നിലവിൽ ലോൺട്രി (Power laundry) സൗകര്യം ഇല്ല. ആവശ്യക്കാർ കൈവേലയായി തുണികൾ കഴുകുന്നു എന്നാണ് ആശുപത്രി അധികൃതർ ബോർഡുദ്യോഗസ്ഥരെ അറിയിച്ചത്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

മാലിന്യ സംസ്കരണം സംബന്ധിച്ച നിലവിലുള്ള അവസ്ഥ അറിയിക്കുക.

<u>സർക്കാർ സ്വീകരിച്ച നടപടി (പരിസ്ഥിതി വകുപ്പ്)</u>

11.09.2015 ൽ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ മലിനജലസംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടായിരുന്നു. സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിൽ നിന്നും ശുദ്ധീകരിച്ച മലിനജലത്തിന്റെ ഘടകങ്ങൾ എല്ലാം തന്നെ അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് ബോധ്യപ്പെട്ടതായി മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ശിപാർശ 13 (ഖണ്ഡിക 24 & 25)</u>

കാഷ്വാലിറ്റി യൂണിറ്റ് അനുവദിച്ചിട്ടില്ലാത്ത നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ അത്യാഹിത സാഹചര്യം ഡ്യൂട്ടി ഡോക്ടർ കൈകാര്യം ചെയ്യുന്നു. ആശുപത്രിയിൽ കാഷ്വാലിറ്റിക്ക് വേണ്ട സൗകര്യങ്ങൾ സജ്ജമാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

നെടുമങ്ങാട് 4 ഡോക്ടർമാരുള്ള കാഷ്വാലിറ്റി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ 14 (ഖണ്ഡിക 27)**

ആദിവാസി മേഖലയായ നെടുമങ്ങാട് പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രിയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭയുടെ രണ്ട് വാർഡുകളിൽ മാത്രമാണ് ഫീൽഡ് വർക്ക് നടക്കുന്നത്. ജീവനക്കാരുടെ അഭാവത്താൽ 34 വാർഡുകളിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് സമിതിക്ക് ലഭിച്ച രേഖകൾ സൂചിപ്പിക്കുന്നു. ആയതിനാൽ മുനിസിപ്പാലിറ്റിയുമായി സഹകരിച്ച് ആവശ്യാനുസരണം ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകി നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ആശുപത്രിയിൽ ജെ.പി.എച്ച്.എൻ., എൽ.എച്ച്.ഐ., ജെ.എച്ച്.ഐ., ജെ.എസ്.ഐ.ഗ്രേഡ്-2 എന്നിവരുടെ ഓരോ തസ്തിക നിലവിലുണ്ട്. ഒരു മുനിസിപ്പൽ വാർഡിന് 2 ആശ പ്രവർത്തകൾ വീതം 36 വാർഡിന് 58 ആശാ പ്രവർത്തകർ ഫീൽഡ്തല സേവനം ചെയ്യുന്നു.

**ശിപാർശ 15 (ഖണ്ഡിക 28)**

നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലെ മാലിന്യനിർമ്മാർജ്ജന സംവിധാനം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. അടിയന്തിരമായി ഇൻസിനറേറ്റർ സ്ഥാപിച്ച് മാലിന്യം നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നും മുനിസിപ്പാലിറ്റിയുടേയും ഇമേജിന്റെയും സഹായത്താൽ മാലിന്യനിർമ്മാർജ്ജനം നടത്തേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ഇമേജ് പദ്ധതി പ്രകാരം ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്ത് വരുന്നു. മറ്റ് മാലിന്യങ്ങൾ വെവ്വേറെ കുഴികളിൽ ഇട്ട് കത്തിച്ച് കളയുകയാണ് ചെയ്യുന്നത്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ അടിയന്തിരമായി ഇൻസിനറേറ്റർ സ്ഥാപിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ടി ശിപാർശ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

നെടുമങ്ങാട് താലൂക്കാശുപത്രിയിൽ സീറോവേസ്റ്റ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസലിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ശിപാർശ 16 (ഖണ്ഡിക 29 & 30)**

പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ അൾട്രാസൗണ്ട് സ്കാനർ സ്ത്രീകളുടെ പരിശോധനയ്ക്കായി പരിമിതപ്പെടുത്തിയിരിക്കുന്നതായി ഡി.എം.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സ്കാനിംഗ്, ലാബ് സൗകര്യങ്ങൾ എല്ലാ വിഭാഗം രോഗികൾക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ടെക്നീഷ്യനെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു.

**ശിപാർശ 17 (ഖണ്ഡിക 31)**

പേരൂർക്കട ഗവൺമെന്റ് ആശുപത്രിയുടെ പ്രധാന കെട്ടിടവും ഓപ്പറേഷൻ

തീയേറ്ററും അടുത്തടുത്താണെങ്കിലും മറ്റ് കെട്ടിടങ്ങൾ എല്ലാം പലഭാഗത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. സ്ഥലസൗകര്യമില്ലാത്ത പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓപ്പറേഷൻ തിയേറ്റർ ആധുനിക സജ്ജീകരണങ്ങളോടുകൂടി വിപുലീകരിക്കണമെന്നും ഐ.സി.യു. അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

ടി ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിൽ ആദ്യനില, റാമ്പ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനായി പി.ഡബ്ല്യു.ഡി.യ്ക്ക് സമർപ്പിച്ചു. സി./ഇ/ബി.എൽ/പി.എൽ.ഐ./റ്റി.വി.വി.എം./ പി.ആർ/8/15 തീയതി 16.01.2017 പ്രകാരം അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭ്യമാക്കുന്നതിനു വേണ്ടി ചീഫ് എഞ്ചിനീയർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിനു മേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നടന്നു വരുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തീയേറ്ററിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

**ശിപാർശ 18 (ഖണ്ഡിക 32)**

സ്പെഷ്യൽ ഹോസ്പിറ്റലായി ഉയർത്തിയ പേരൂർക്കട ഗവൺമെന്റ് ആശുപത്രിക്ക് ലേബർ കോംപ്ലക്സ്, മൈനർ ഓപ്പറേഷൻ തീയേറ്റർ, പോസ്റ്റ് നേറ്റൽ വാർഡ്, പുരുഷൻമാർക്കും സ്ത്രീകൾക്കും വെവ്വേറെ മെഡിക്കൽ, സർജിക്കൽ വാർഡുകൾ, ബ്ലഡ് ബാങ്ക്, ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് എന്നിവ

സജ്ജീകരിക്കുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ നീതി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സഹകരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി

പേരൂർക്കട ആശുപത്രി കോമ്പൗണ്ടിൽ സ്റ്റോർ ആരംഭിക്കുവാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ ആശുപത്രിയിൽ നിന്നും ഏകദേശം 200 മീറ്റർ അകലെയായി ഒരു നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

## ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ നിന്നും ലഭിച്ച മറുപടി

പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. ഇത് പ്രവർത്തനക്ഷമമാക്കുവാൻ ഇനിയും ഒരു വർഷം കൂടി എടുക്കും. ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാവുമ്പോൾ സമിതിയുടെ നിർദ്ദേശങ്ങൾ എല്ലാം നടപ്പിലാക്കുവാൻ കഴിയുന്നതാണ്. പേരൂർക്കട സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഒരു നീതി മെഡിക്കൽ സ്റ്റോർ ആശുപത്രിയോട് ചേർന്നുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്നുണ്ട്. മാത്രവുമല്ല 2012 ൽ ആശുപത്രിയ്ക്ക് ആവശ്യമായ ജനറിക് മരുന്നുകൾ എല്ലാം സൗജന്യമായി നൽകി തുടങ്ങുമ്പോൾ നീതി മെഡിക്കൽ സ്റ്റോറിന് പ്രസക്തിയില്ലാതെ വരുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

ലേബർ റൂം, പോസ്റ്റ്നേറ്റൽ വാർഡ്, ആന്റിനേറ്റൽ വാർഡ്, പുരുഷൻമാർക്കും

സ്ത്രീകൾക്കും വെവ്വേറെ മെഡിക്കൽ-സർജിക്കൽ വാർഡുകൾ എന്നിവ നിലവിലുണ്ട്. പുതിയ കോംപ്ലക്സിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ലേബർ കോംപ്ലക്സ്, മൈനർ ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ലഭ്യമാണ്. ഓപ്പറേഷൻ തിയേറ്റർ പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ രണ്ട് ബ്ലോക്കുകളും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മേൽക്കൂരയോടുകൂടിയ നടപ്പാത നിർമ്മിക്കുന്നതിന് ഫണ്ട് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനായി അപേക്ഷിക്കുകയും ആയത് ജില്ലാ പഞ്ചായത്തിന്റെ പ്രോജക്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാരുണ്യ മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കൊല്ലം ജില്ല

## ശിപാർശ 19 (ഖണ്ഡിക 36)

കൊല്ലം ജില്ലാ ആശുപത്രിയിൽ നിലവിലുള്ള സംവിധാനം പ്രയോജനപ്പെടുത്തി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളിൽ നിന്ന് 100 രൂപാ ഈടാക്കിയും മറ്റ് രോഗികളിൽ നിന്ന് 200 രൂപാ ഈടാക്കിയും എക്കോ കാർഡിയോഗ്രാം പരിശോധന നടത്തിവരുന്നു. അൾട്രാസൗണ്ട് സ്കാനിംഗിനുള്ള സൗകര്യം കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ ടി.എം.ടി. ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യവും ആശുപത്രിയിലുണ്ട്. ജില്ലയിലെ ഹൃദ്രോഗികളുടെ ചികിത്സയ്ക്ക് ഇന്ന് നിലവിലുള്ള സേവനം വളരെ പരിമിതമാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും ചികിത്സ ലഭ്യമാക്കുന്നതിന് ആധുനിക എക്കോ കാർഡിയോഗ്രാം മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ജില്ലാ ആശുപത്രി കൊല്ലം, ഹൃദ്രോഗ ചികിത്സാ ആവശ്യത്തിനായി എൻ.ആർ.എച്ച്.എം. മുഖേന എക്കോ കാർഡിയോഗ്രാം മെഷിൻ വാങ്ങുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ 20 (ഖണ്ഡിക 41)

കൊല്ലം ജില്ലാ ആശുപത്രിയിൽ ഇൻഡ്യാ ഗവൺമെന്റിന്റെ ലൈസൻസുള്ള അതിവിപുലമായ ബ്ലഡ് ബാങ്ക് 24 മണിക്കൂറും നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. രക്തദാതാക്കളിൽ നിന്ന് രക്തം ശേഖരിക്കുകയും ആശുപത്രിയിലുള്ള രോഗികൾക്കും പുറത്തുള്ള ആവശ്യക്കാർക്കും നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് രക്തം നൽകിവരുകയും ചെയ്യുന്ന ഈ ബ്ലഡ് ബാങ്കിന് ഒരു ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ബ്ലഡ് കമ്പോണന്റ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

## ശിപാർശ 21(ഖണ്ഡിക 44)

സുനാമി ഫണ്ടിൽ നിന്ന് അനുവദിച്ച ഒരുകോടി രൂപാ ഉപയോഗിച്ച് ട്രോമാ കെയർ യൂണിറ്റും എം.പി. ഫണ്ടുപയോഗിച്ച് ഐ.സി.യു.വും കോ-ഓപ്പറേറ്റീവ് ബാങ്ക് എക്സിബിഷൻ നടത്തി സമാഹരിച്ച രണ്ട് കോടി രൂപ, എം.പി. ഫണ്ട്, പഞ്ചായത്ത് സമാഹരിച്ച ഫണ്ട് എന്നിവ ചെലവാക്കി വാങ്ങുന്ന സി.ടി. സ്കാനറും നിർമ്മാണത്തിലുള്ള പുതിയ കെട്ടിടവും പ്രവർത്തനക്ഷമമാകുമ്പോൾ ഒരാശുപത്രിക്ക് വേണ്ട എല്ലാ സൗകര്യവും കൊല്ലം ജില്ലാ ആശുപത്രിക്ക് ലഭ്യമാകുമെന്ന് മനസ്സിലാക്കുന്ന സമിതി പ്രസ്തുത ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന് ശിപാർശ ചെയ്യുന്നു. അതോടൊപ്പം സോണോളജിസ്റ്റ്, റേഡിയോളജിസ്റ്റ്, പതോളജിസ്റ്റ് എന്നിവരെ നിയമിക്കണമെന്നും ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

റേഡിയോളജിസ്റ്റ്, പതോളജിസ്റ്റ് എന്നിവരുടെ നിയമനം നടത്തിയിട്ടുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടില്ല.

## ശിപാർശ 22 (ഖണ്ഡിക 47)

കാൻസർ രോഗ നിർണ്ണയത്തിനുള്ള ക്ലിനിക്കൽ പരിശോധനകൾ എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് ഒരു മണിക്കുശേഷം നടത്തുന്നുണ്ട്. എച്ച്.ഐ.വി. ടെസ്റ്റും കൗൺസിലിംഗും നടത്തിവരുന്നു. എന്നാൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ നിലവിലില്ലെന്ന് സമിതിക്ക് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ കൂടി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ വിക്ടോറിയ ആശുപത്രിയോട് ചേർന്നുള്ള ജില്ലാ ആശുപത്രിയിൽ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 23 (ഖണ്ഡിക 48)

ഓഫീസ് അനുബന്ധ കെട്ടിടങ്ങൾ പുതുക്കുന്നതിനും നിലവിലുള്ള ലേബർ റൂം പര്യാപ്തമല്ലാത്തിനാൽ ലേബർ റൂമിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഗവ. വിക്ടോറിയ ആശുപത്രിയിലെ ആഫീസ് അനുബന്ധ കെട്ടിടം പുതുക്കി പണിയുവാൻ കൊല്ലം ജില്ലാ പഞ്ചായത്തിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ഈ ആശുപത്രി കൊല്ലം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്.

## ശിപാർശ 24(ഖണ്ഡിക 49)

കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ലെന്നും ആയതിനാൽ ഫാർമസി സ്റ്റോർ സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ആർ.എസ്.ബി.വൈ ഫണ്ട് ഉപയോഗിച്ച് ഫാർമസി പുതുക്കി പണിയുകയും മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ 25 (ഖണ്ഡിക 50)**

ഡ്രെയിനേജ് സാനിട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും പവർ ലോൺട്രി കാര്യക്ഷമമായി പ്രവർത്തിപ്പിക്കണമെന്നും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

വിക്ടോറിയ ആശുപത്രിയിലെ ഡ്രെയിനേജ്, സാനിട്ടറി സൗകര്യങ്ങൾ മെച്ചപ്പടുത്തുന്നതിനെ സംബന്ധിച്ച പ്രപ്പോസൽ (ആശുപത്രി മാനേജ്മെന്റ് സമിതി ചർച്ച ചെയ്തതിന് ശേഷം) ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ 26 (ഖണ്ഡിക 51)**

കുട്ടികൾക്ക് നൂതന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാവിധ സൗകര്യങ്ങളോടുംകൂടി പുതുതായി നിർമ്മിക്കുന്ന പീഡിയാട്രിക് ബ്ലോക്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ നവജാത ശിശുക്കളുടെ ഐ.സി.യു. എൻ.ഐ.സി.യു., മുതിർന്ന കുട്ടികൾക്കായി പി.ഐ.സി.യു. എന്നിവയും കൂടാതെ ജനറൽ വാർഡ്, ഐസൊലേഷൻ വാർഡ്, കുട്ടികൾക്ക് കളിക്കുവാനുള്ള സ്ഥലം, കോൺഫറൻസ് ഹാൾ എന്നിവയും സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നതായി ഡി.എം.ഒ. സമിതിയെ അറിയിച്ചു. ആയതിനാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ഗവ. വിക്ടോറിയ ആശുപത്രിയെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പ്രൊപ്പോസൽ പരിഗണനയിലാണ്.

## ശിപാർശ 27 (ഖണ്ഡിക 54)

കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് ബ്ലഡ് ബാങ്ക് അനുവദിച്ചിട്ടുണ്ടെങ്കിലും ബ്ലഡ് ബാങ്കിലേക്കാവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ലെന്ന് അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

## ശിപാർശ 28 (ഖണ്ഡിക 55)

മൂന്ന് വർഷമായി ആംബുലൻസില്ലാതെയാണ് ആശുപത്രി പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ആശുപത്രിക്ക് ആംബുലൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പുതിയ ആംബുലൻസ് ലഭ്യമാക്കിയിട്ടുണ്ട്.

## ശിപാർശ 29 (ഖണ്ഡിക 56)

ആശുപത്രിയുടേതായി ഒരു പോസ്റ്റ്മോർട്ടം റൂം, ലയൺസ് ക്ലബ് നടത്തുന്ന ഒരു മോർച്ചറി എന്നിവയാണ് ഇപ്പോൾ നിലവിലുള്ളത്. ആയതിനാൽ ശീതീകരണ സംവിധാനത്തോടുകൂടി ഒരു മോർച്ചറി അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കൊട്ടാരക്കര താലൂക്ക് ആശുപത്രി കോമ്പൗണ്ടിൽ മോർച്ചറി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം ലയൺസ് ക്ലബ്ബിന് നൽകിയിട്ടുണ്ട്. 4 ഫ്രീസർ സൗകര്യമുള്ള മോർച്ചറി പ്രവർത്തിച്ച് വരുന്നു.

## ശിപാർശ 30 (ഖണ്ഡിക 57)

ആശുപത്രിക്ക് ആവശ്യമായ ശുദ്ധജലം ലഭ്യമാകുന്നില്ലെന്ന് അധികൃതർ സമിതിയെ അറിയിക്കുകയുണ്ടായി. പുതിയ വാട്ടർ ടാങ്ക് നിർമ്മിച്ച് ശുദ്ധജലം തടസ്സം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (ജലവിഭവ വകുപ്പ്)

കൊട്ടാരക്കര ഗൺമെന്റ് ആശുപത്രിയിലേക്ക് രണ്ട് വാട്ടർ കണക്ഷനുകളിൽ കൂടിയാണ് ശുദ്ധജലം നൽകി വന്നിരുന്നത്. ഒരെണ്ണം കൊട്ടാരക്കര വൈദ്യുതി ഭവനിൽ നിർമ്മിച്ചിട്ടുള്ള കുഴൽകിണിറിൽ നിന്നും ഉപരിതല സംഭരണിയിൽ സംഭരിച്ച് ദിവസവും ആശുപത്രിയിലുള്ള ഭൂതല സംഭരണിയിൽ ജലം എത്തിച്ചുവരുന്നു. മറ്റൊരു കണക്ഷനിൽ കൂടി കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ഒന്നിടവിട്ട ദിവസങ്ങളിൽ ജലവിതരണം നടത്തിവരുന്നു.

ആശുപത്രി സൂപ്രണ്ടിന്റെ അഭ്യർത്ഥന പ്രകാരം ഒരു പുതിയ വാട്ടർ കണക്ഷൻ നൽകുന്നതിനു വേണ്ടി 12.15 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും, 4/2011-ൽ കമ്മീഷൻ ചെയ്ത് ആശുപത്രിയ്ക്ക് ജലവിതരണം നടത്തിവരികയും ചെയ്യുന്നു.

## ശിപാർശ 31 (ഖണ്ഡിക 58)

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെ ശരാശരി പ്രതിദിന ഒ.പി. 1500 ആണ്. 190 കിടക്കകൾ അനുവദിച്ചിട്ടുള്ള ആശുപത്രിയിൽ 250 ഓളം രോഗികളെ

കിടത്തി ചികിത്സിക്കേണ്ടിവരുന്നു. കാലപ്പഴക്കത്താൽ ജീർണ്ണിച്ച രണ്ട് പ്രധാന വാർഡുകൾ പൊളിച്ച് മാറ്റി കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ബഹുനില കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നതിനാൽ രോഗികൾക്കും ജീവനക്കാർക്കും വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. കെട്ടിടത്തിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കി താൽക്കാലിക ഷെഡ്ഡിൽ പ്രവർത്തിക്കുന്ന ഐ.പി. വിഭാഗം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഐ.പി. വിഭാഗത്തനായി പുതിയ ബഹുനില കെട്ടിടം നിർമ്മിക്കുകയും IP വിഭാഗം പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ 32 (ഖണ്ഡിക 60)

ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്ന് ലഭിക്കുന്ന മരുന്നുകൾ പര്യാപ്തമല്ലാത്തതിനാൽ അത്യാവശ്യംവേണ്ട മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നുണ്ട്. മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യമില്ലാത്തതിനാൽ ഒരു ഫാർമസി സ്റ്റോർ റൂം സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഫാർമസി സ്റ്റോർ റൂമിന് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം അതിലേക്ക് മാറ്റിയിട്ടുണ്ട്.

## ശിപാർശ 33 (ഖണ്ഡിക 61)

മാലിന്യ നിർമ്മാർജ്ജനത്തിന് ഇൻസിനറേറ്റർ ഉണ്ടെങ്കിലും പ്രവർത്തന

ക്ഷമത കുറവാണെന്നും മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രധാന വിഷയം സ്ഥലപരിമിതിയാണെന്നും അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ മാലിന്യ നിർമ്മാർജ്ജനം നല്ല രീതിയിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (പരിസ്ഥിതി വകുപ്പ്)

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ മാലിന്യങ്ങൾ കത്തിച്ചു കളയാനായി കൺട്രി ടൈപ്പ് ഇൻസിനറേറ്റർ ആണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ അത് ഇപ്പോൾ ഉപയോഗത്തിൽ ഇല്ലായെന്നും പൊളിച്ചുമാറ്റിയതായും ആശുപത്രി അധികൃതർ മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിച്ചു. മുനിസിപ്പാലിറ്റിയുടെ 2014-15 പ്രോജക്ട് ഫണ്ടിൽ 5 ലക്ഷം രൂപ താലൂക്കാശുപത്രിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കുവാൻ അനുവദിച്ചിട്ടുണ്ടെങ്കിലും ഇൻസിനറേറ്റർ സ്ഥാപിക്കാൻ ഈ തുക തികയാത്തതിനാൽ മറ്റൊരു പ്രോജക്ടിന് അനുവദിച്ച തുകയും കൂടി ഈ ഫണ്ടിലേക്ക് വകമാറ്റി ഇൻസിനറേറ്റർ സ്ഥാപിക്കാൻ ആശുപത്രി അധികൃതർ അപേക്ഷ നൽകിയെങ്കിലും ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി ഇതിന് അംഗീകാരം നൽകാത്തതിനാൽ ഈ വർഷത്തെ പദ്ധതിയിൽ അത് നടപ്പിലാക്കാൻ കഴിയില്ലായെന്നാണറിയുന്നത്. ഇപ്പോൾ പ്ലാസ്റ്റിക്, പേപ്പർ എന്നിവ തുറസ്സായ സ്ഥലത്ത് കത്തിക്കുന്നു. ആശുപത്രിയിൽ നിന്നുള്ള ബയോമെഡിക്കൽ വേസ്റ്റ് ഇമേജ് വഴി നിർമ്മാർജ്ജനം ചെയ്യുന്നു. ഖരമാലിന്യങ്ങൾ മുനിസിപ്പാലിറ്റി വഴി നിർമ്മാർജ്ജനം ചെയ്യുന്നു. മലിനജലം സെപ്റ്റിക് ടാങ്ക് സോക്പിറ്റ് മുഖേന നിർമ്മാർജ്ജനം ചെയ്യുന്നു. മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കണമെന്ന നിർദ്ദേശം മലിനീകരണ നിയന്ത്രണ ബോർഡ് ആശുപത്രി അധികൃതർക്ക് നൽകിയിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ടി ശിപാർശയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

മതിയായ മലിനീകരണ നിയന്ത്രണ ഉപാധികൾ നടപ്പാക്കാത്തതിനാൽ ആശുപത്രി അധികൃതർക്ക് മലിനീകരണ നിയന്ത്രണ ബോർഡ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. നോട്ടീസിനു മറുപടി ലഭിക്കാത്തതിനെ തുടർന്ന് വേണ്ട നടപടികൾക്കായി വിവരം ജില്ലാ മെഡിക്കൽ ഓഫീസറെയും കരുനാഗപ്പള്ളി മുൻസിപ്പൽ സെക്രട്ടറിയേയും വേണ്ടതായ നിർദ്ദേശങ്ങൾക്കായി അറിയിക്കുകയും തുടർ നടപടികൾ വീക്ഷിച്ചു വരുന്നതായും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ശിപാർശ 34 (ഖണ്ഡിക 63)**

ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ അത്യാഹിതവിഭാഗം നന്നായി പ്രവർത്തിക്കുന്നുണ്ട്. ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്ന് ലഭിക്കുന്ന മരുന്നുകൾക്ക് പുറമേ ലോക്കൽ പർച്ചേസ് നടത്തുന്നുണ്ടെങ്കിലും രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം എന്നിവയ്ക്കുള്ള മരുന്നുകൾകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ ആവശ്യമുള്ള എല്ലാ മരുന്നുകളും ഇപ്പോൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്നുണ്ട്.

**ശിപാർശ 35 (ഖണ്ഡിക 64)**

ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലേക്കുള്ള വൈദ്യുതി വിതരണം കാര്യക്ഷമമല്ലെന്ന് അധികൃതർ സമിതിയെ ധരിപ്പിച്ചു. ആയതിനാൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതി ലഭ്യത കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

**ശിപാർശ 36 (ഖണ്ഡിക 65)**

ശാസ്താംകോട്ട താലൂക്ക് ആശുപത്രിയുടെ ഭരണനിർവ്വഹണത്തിന് മതിയായ ജീവനക്കാരില്ലാത്തത് ആശുപത്രിയുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നതിനാൽ ആവശ്യമായ ജീവനക്കാരെ എത്രയും വേഗം നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2 ക്ലാർക്കുമാരെയും, ഒരു പ്യൂണിനേയും നിയമിച്ചിട്ടുണ്ട്.

**ശിപാർശ 37 (ഖണ്ഡിക 67)**

പത്തനാപുരം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി വിതരണം കാര്യക്ഷമമല്ലാത്തതിനാൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പുനലൂർ താലൂക്ക് ആശുപത്രിയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പണി പുരോഗമിക്കുന്നു.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

പുനലൂർ താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ അത്യാധുനിക രീതിയിലുള്ള

ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നു. 2010 ന് ശേഷം ലഭിച്ച വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ആശുപത്രി മുഴുവനായും റീവയറിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ വൈദ്യുതി ബോർഡിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ആശുപത്രിയിലേക്ക് മാത്രമായി ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. ജനറേറ്റർ സംവിധാനവും നിലവിലുണ്ട്.

## ശിപാർശ 38 (ഖണ്ഡിക 68)

പുനലൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിച്ചിട്ടില്ല. പോസ്റ്റ്മോർട്ടം റൂം മാത്രമുള്ള ആശുപത്രിക്ക് ശീതീകരണ സൗകര്യമുള്ള മോർച്ചറി നിലവിലില്ല. ഇവ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കാഷ്വാലിറ്റി യൂണിറ്റ്, ശീതീകരണ സൗകര്യമുള്ള മോർച്ചറി എന്നിവ അനുവദിക്കുന്നതിനായി 20.08.2007 ൽ സമർപ്പിച്ച പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ശീതീകരിച്ച മോർച്ചറി പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്ത് ആകെ 210 അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. ഇവയുടെ ആശുപത്രി തിരിച്ചുള്ള അലോട്ട്മെന്റ് വരുമ്പോൾ പുനലൂർ താലൂക്ക് ആശുപത്രിയിൽ 4 കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരെ നിയമിക്കുന്നതാണ്. രണ്ടു മാസത്തിനകം ഇത് നടപ്പിലാക്കുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

2010-ൽ സ്പെഷ്യാലിറ്റി കേഡർ നിലവിൽ വന്നതോടെ നാല് സി.എം.ഒ

മാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാധുനിക രീതിയിലുള്ള അത്യാഹിത വിഭാഗം ആർ.എസ്.ബി.വൈ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിച്ചു വരുന്നു.

ആറ് മൃതശരീരങ്ങൾ സൂക്ഷിക്കാവുന്ന ശീതീകരണ മോർച്ചറിയും കൂടാതെ രണ്ട് മൊബൈൽ മോർച്ചറികളും, എൻ.എച്ച്.എം., ആർ.എസ്.ബി.വൈ, എം. എൽ. എ ഫണ്ടുകൾ ഉപയോഗിച്ച് 2011 മുതൽ ടി ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്നു.

## പത്തനംതിട്ട

## ശിപാർശ 39 (ഖണ്ഡിക 70)

414 കിടക്കകളുള്ള പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരെ അനുവദിച്ചിട്ടില്ലെന്നും ആശുപത്രി വികസന സമിതി നിയോഗിച്ച ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തനം നടത്തിയിരുന്ന ഐ.സി.യുവിന്റെ പ്രവർത്തനം ഫിസിഷ്യൻ ഇല്ലാത്തതിനാൽ മൂന്ന് മാസമായി നിലച്ചിരിക്കുന്നതായും ആശുപത്രി അധികൃതർ സമിതിയെ അറിയിച്ചു. ഇത് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഫിസിഷ്യനെ സ്ഥിരമായി നിയമിച്ചു കഴിഞ്ഞു. ഐ.സി.യു ഇപ്പോൾ പ്രവർത്തനസജ്ജമാണ്. കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിഗണിച്ചു വരുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കുക

**സർക്കാർ സ്വീകരിച്ച നടപടി**

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിലവിൽ മൂന്ന് ഫിസിഷ്യന്മാർ ഉണ്ട്. അഞ്ച് കിടക്കകൾ ഉള്ള സി.സി.യു, 24 മണിക്കൂറും പ്രവർത്തിക്കുന്നു. കൂടുതൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

**ശിപാർശ 40 (ഖണ്ഡിക 71)**

പത്തനംതിട്ട ജനറൽ ആശുപത്രിവളപ്പിൽ ന്യായവില മെഡിക്കൽ ഷോപ്പില്ലെന്ന് മനസ്സിലാക്കുന്നതിനാൽ അവിടെ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി (സഹകരണ വകുപ്പ്)**

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ അനുവദിക്കുവാൻ സാദ്ധ്യതയുണ്ടോയെന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ പത്തനംതിട്ട ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നീതി മെഡിക്കൽ സ്റ്റോർ തുടങ്ങാൻ താൽപര്യമുള്ള സംഘങ്ങളോട് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ ഒരു സംഘവും അപേക്ഷ സമർപ്പിച്ചിട്ടില്ല.

**ശിപാർശ 41 (ഖണ്ഡിക 72)**

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എല്ലാ വിഭാഗങ്ങൾക്കും കൂടിയുള്ള ഓപ്പറേഷൻ തിയേറ്റർ ചെറുതും പഴക്കമുള്ളതുമാണ്. പുതുക്കിപ്പണിയുന്നതിനായി അടച്ചിട്ടിരിക്കുന്ന ഓപ്പറേഷൻ തിയേറ്റർ എത്രയും വേഗം പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ഓപ്പറേഷൻ തിയേറ്റർ നവീകരിച്ചിട്ടുള്ളതും പ്രവർത്തന യോഗ്യവുമാണ്.

## ശിപാർശ 42 (ഖണ്ഡിക 73)

ബയോമെഡിക്കൽ മാലിന്യങ്ങൾ ഇമേജ് വഴി നീക്കം ചെയ്യുന്നതായും മറ്റ് ഖര മാലിന്യങ്ങൾ പത്തനംതിട്ട മുനിസിപ്പാലിറ്റി നീക്കം ചെയ്യുന്നുണ്ടെങ്കിലും ചിലപ്പോഴൊക്കെ തടസ്സം നേരിടുന്നതായും സമിതിക്കറിയാൻ കഴിഞ്ഞു. ആശുപത്രിയിലെ ഡ്രെയിനേജ്, പവർലോൺട്രി, സാനിട്ടറി സൗകര്യങ്ങൾ എന്നിവ വിപുലീകരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ലോൺട്രി എന്നിവ സ്ഥാപിക്കണമെന്നും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (പരിസ്ഥിതി വകുപ്പ്)

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പുതുതായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡുദ്യോഗസ്ഥർ ഇടയ്ക്കിടയ്ക്ക് ടി പ്ലാന്റിൽ നിന്നും ശുദ്ധീകരിച്ച മലിനജലത്തിന്റെ സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം അനുവദനീയ പരിധിയിലാണോ എന്ന് ഉറപ്പുവരുത്തുന്നുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ടി ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

മലിനജല ശുദ്ധീകരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു.

## ശിപാർശ 43 (ഖണ്ഡിക 74)

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എയ്ഡ്സ് രോഗികൾക്ക്

പരിശോധനയും കൗൺസിലിംഗും നടത്തുന്നതിനായി ജ്യോതിസ് എന്ന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്ന് സമിതിക്കറിയാൻ കഴിഞ്ഞു. അതോടൊപ്പം പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ കൂടി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ദേശീയ ജീവിതശൈലീ രോഗനിവാരണ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി പെയിൻ ആന്റ് പാലിയേറ്റീവ് സെന്റർ ആരംഭിക്കുന്നതാണ്. പെയിൻ ആന്റ് പാലിയേറ്റീവ് സെന്റർ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞില്ല.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ പ്രോജക്ടായ മൊബൈൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആശുപത്രിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ച് വരുന്നു. പാലിയേറ്റീവ് കെയർ വാർഡ് ആശുപത്രിയിൽ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലസൗകര്യം നിലവിൽ ലഭ്യമല്ല.

## ശിപാർശ 44 (ഖണ്ഡിക 75)

ശബരിമല തീർത്ഥാടകർക്ക് അനുഗ്രഹമായി ശബരിമല ബേസ് ഹോസ്പിറ്റലായ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ മണ്ഡലകാലത്ത് പ്രത്യേക ശബരിമല വാർഡ് തുറക്കാറുണ്ടെങ്കിലും ശബരിമല സീസണിൽ വർദ്ധിച്ച് വരുന്ന അപകടങ്ങൾ കണക്കിലെടുത്ത് ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് കൂടി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ട്രോമ കെയർ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തിനകം ഇത് നടപ്പിലാക്കാൻ കഴിയും.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് പ്രത്യേകമായി നിലവിലില്ല. റോഡപകടങ്ങളിൽപ്പെടുന്ന രോഗികളെ ഓർത്തോപീഡിക്സ്, സർജിക്കൽ വാർഡുകളിൽ പ്രവേശിപ്പിക്കുകയും അവർക്കായി ട്രോമാകെയർ ഓപ്പറേഷൻ തീയേറ്റർ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

## ശിപാർശ 45 (ഖണ്ഡിക 77)

അടൂർ ഗവ. സ്പെഷ്യാലിറ്റി ആശുപത്രി, 1886-ൽ ധർമ്മാശുപത്രിയായി പ്രവർത്തനം ആരംഭിച്ച് 1889 മുതൽ ഇപ്പോൾ ആശുപത്രി സ്ഥിതിചെയ്യുന്ന അടൂർ ൗണിൽ എം. സി. റോഡിന്റെ അരികിലായി 167 സെന്റ് സ്ഥലത്ത് 151 കിടക്കകളുമായി സാമൂഹ്യാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരവേ 2006-ൽ ഗവ. സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തപ്പെട്ടു. അതോടൊപ്പം കിടക്കകളുടെ എണ്ണം 300 ആയി ഉയർത്തുകയും 60 ഓളം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ സ്ഥലപരിമിതി മൂലം 300 കിടക്കകളോടുകൂടി പ്രവർത്തനം നടത്തുവാൻ കഴിയാത്തതിനാൽ ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. ആശുപത്രിക്കുവേണ്ടി നിർമ്മാണത്തിലിരിക്കുന്ന 5 നിലകളുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായെങ്കിൽ മാത്രമേ 300 കിടക്കകളോടുകൂടി പ്രവർത്തനം ആരംഭിക്കുവാൻ കഴിയൂ എന്നും അടിസ്ഥാന സൗകര്യങ്ങൾ ആയിട്ടില്ലെന്നും ഡി.എം.ഒ അറിയിച്ചു. കെട്ടിടത്തിന്റെ പണി അടിയന്തരമായി പൂർത്തിയാക്കി 300

കിടക്കകളോടുകൂടിയ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

അടൂർ ആശുപത്രിയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ അതിനെ ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ഒന്നാമത്തെ നിലയിൽ ഒ.പി പ്രവർത്തനം ആരംഭിച്ചു. കെട്ടിടത്തിന്റെ പണി അതിവേഗം പുരോഗമിക്കുന്നു. കെട്ടിടത്തിന്റെ പണി പൂർത്തിയാകുമ്പോൾ ഐ.സി.യു പ്രവർത്തനം ആരംഭിക്കുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

അടൂർ ജനറൽ ആശുപത്രിയുടെ പുതിയ ബഹുനില മന്ദിരം 300 കിടക്കകളോടുകൂടി 12.10.2014 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ശിപാർശ 46 (ഖണ്ഡിക 78)**

അടൂർ ഗവ. സ്പെഷ്യാലിറ്റി ആശുപത്രിയിലെ പ്രതിദിന ശരാശരി ഒ.പി 700 ഉം ഐ.പി 35 ഉം ആണ്. സ്കാനിംഗും ലബോറട്ടറി പരിശോധനകളും നടത്തിവരുന്നു. ഐ.സി.യുവിന് പ്രൊപ്പോസൽ കൊടുത്തിട്ടുള്ളതായി ആശുപത്രി അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ ഐ.സി.യു-വിനുള്ള പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

അടൂർ ആശുപത്രിയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ അതിനെ ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ഒന്നാമത്തെ നിലയിൽ ഒ.പി

പ്രവർത്തനം ആരംഭിച്ചു. കെട്ടിടത്തിന്റെ പണി അതിവേഗം പുരോഗമിക്കുന്നു. കെട്ടിടത്തിന്റെ പണി പൂർത്തിയാകുമ്പോൾ ഐ.സി.യു പ്രവർത്തനം ആരംഭിക്കുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടിയുടെ നിലവിലുള്ള സ്ഥിതി അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ ബഹുനില മന്ദിരത്തിൽ ഐ.സി.യു 2016 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 47 (ഖണ്ഡിക 79)

ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്ന് ലഭിക്കുന്ന മരുന്നുകൾക്ക് കുറവ് നേരിടുമ്പോൾ ആശുപത്രി വികസന സമിതി മുഖേന മരുന്ന് വാങ്ങാറുണ്ടെന്നും രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകി വരുന്നുണ്ടെന്നും നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നില്ലെന്നും സമിതിക്കറിയാൻ കഴിഞ്ഞു. ആയതിനാൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (സഹകരണ വകുപ്പ്)

എല്ലാ ജില്ലകളിലെയും ജില്ലാ താലൂക്ക് ആശുപത്രികളോട് അനുബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് താൽപര്യമുള്ള സംഘങ്ങളുടെ വിവരങ്ങൾ സമർപ്പിക്കുന്നതിനും നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ സഹകരണ സംഘം രജിസ്ട്രാർ അസിസ്റ്റന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ 48 (ഖണ്ഡിക 80)

രാജഭരണകാലത്ത് സ്ഥാപിച്ച ആശുപത്രിയാണ് കോഴഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന പത്തനംതിട്ട ജില്ലാ ആശുപത്രി. ശരാശരി പ്രതിദിന ഒ.പി 850 ഉം ഐ.പി 35-ഉം ആണ്. 234 കിടക്കകളും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവുമുള്ള ആശുപത്രിക്ക് സ്ഥല സൗകര്യം കുറവായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രമമാരംഭിച്ചിട്ടുണ്ടെന്നും ആശുപത്രിയിൽ ഐ.സി.യു, പി.പി യൂണിറ്റ്, ലബോറട്ടറി സൗകര്യങ്ങൾ, നീതി മെഡിക്കൽ സ്റ്റോർ ഒന്നുംതന്നെയില്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആശുപത്രിക്ക് ആവശ്യം വേണ്ട എല്ലാ വിഭാഗങ്ങളുടേയും പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

എൻ.ആർ.എച്ച്.എം-ന്റെയും ജില്ലാ പഞ്ചായത്തിന്റെയും ഫണ്ട് ഉപയോഗിച്ച് പുതിയതായി രണ്ട് നില കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പി.പി.യു., ലബോറട്ടറി, നീതി മെഡിക്കൽ ഷോപ്പ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 49 (ഖണ്ഡിക 81)

മെഡിസിൻ, സർജറി, ഗൈനക്കോളജി, അനസ്തേഷ്യ, പീഡിയാട്രിക്സ്, ഓഫ്താൽമോളജി, ഇ.എൻ.ടി, ഓർത്തോപീഡിക്സ്, ഡർമറ്റോളജി, സൈക്യാട്രി, റേഡിയോളജി, പി.എം.ആർ എന്നീ സ്പെഷ്യാലിറ്റികളുള്ള പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ ഒരു ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറും മൂന്ന് ഫാർമസിസ്റ്റുകളും അടങ്ങുന്ന ഫാർമസി സൗകര്യം ഉണ്ടെങ്കിലും മരുന്നുകൾ സൂക്ഷിക്കുന്നതിന് സ്റ്റോർ സൗകര്യം ഇല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മരുന്നുകൾ സൂക്ഷിക്കുന്നതിനായി അടിയന്തരമായി സ്റ്റോർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ പുതിയതായി നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 50 (ഖണ്ഡിക 82)

ആർ.സി.സി. യുടെ സഹകരണത്തോട്ടുകൂടി ദിവസം 250 രൂപ ഫീസ് ഈടാക്കികൊണ്ട് കാൻസർ രോഗനിർണ്ണയത്തിനും നിയന്ത്രണത്തിനും ഗണ്യമായ പങ്ക് വഹിക്കുന്ന ജില്ലാ കാൻസർ സെന്റർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്. കാൻസർ രോഗികളുടെ വർദ്ധനവ് പരിഗണിച്ച് എല്ലാ ജില്ലാ ആശുപത്രികളോടും അനുബന്ധമായി കാൻസർ സെന്ററുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ ഡിറ്റക്ഷൻ സെന്റർ തുടങ്ങുന്നതിനുമുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

## ശിപാർശ 51 (ഖണ്ഡിക 83)

പത്തനംതിട്ട ജില്ലാ ആശുപത്രിക്ക് നിലവിൽ ലബോറട്ടറി ഇല്ല. സർക്കാർ ശമ്പളം നൽകി നിയമിച്ചിട്ടുള്ള മൂന്ന് ലബോറട്ടറി ടെക്നീഷ്യൻമാരുടെ സേവനം ജില്ലാ കാൻസർ സൊസൈറ്റിയോടനുബന്ധിച്ച ലാബിന് വിട്ടുകൊടുത്തിരിക്കുന്നതിനാൽ ജില്ലാ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് വേണ്ടവിധം ചികിത്സ നൽകാൻ കഴിയുകയില്ലെന്ന് സമിതി വിലയിരുത്തുന്നു. അതുപോലെ തന്നെ പി.പി. യൂണിറ്റും ജില്ലാ ആശുപത്രിയിലില്ലെന്ന് മനസ്സിലാക്കുന്ന സമിതി സുസജ്ജമായ ലബോറട്ടറിയും പി.പി. യൂണിറ്റും അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ജില്ലാ ആശുപത്രിയിൽ പി. പി. യൂണിറ്റും, ലബോറട്ടറിയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 52 (ഖണ്ഡിക 84)

പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ സ്കാനിംഗ് മെഷീൻ ഇല്ലാത്തതിനാൽ ജില്ലാ കാൻസർ സൊസൈറ്റിയുടെ മെഷീൻ ഉപയോഗിച്ച് ജില്ലാ ആശുപത്രി ജീവനക്കാർ സ്കാനിംഗ് നടത്തുന്നു. ഈ സൗകര്യം രോഗികൾക്ക് വേണ്ടത്ര പ്രയോജനപ്രദമല്ലെന്ന് മനസ്സിലാക്കുന്ന സമിതി ജില്ലാ ആശുപത്രിക്ക് ഒരു സ്കാനിംഗ് മെഷീൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ സ്കാനിംഗ് മെഷീൻ അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ 53 (ഖണ്ഡിക 85)

പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ കെട്ടിട സൗകര്യം ഉണ്ടായിട്ടും ഐ.സി.യു.വും നീതി സ്റ്റോറും പ്രവർത്തിക്കുന്നില്ലെന്ന് ആശുപത്രിയിൽ നിന്ന് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നുണ്ട്. ഇവ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ഓപ്പറേഷൻ തിയേറ്ററിന്റെ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിനും ഐ.സി.യു പ്രവർത്തിക്കുന്നതിനും നീതി സ്റ്റോർ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (സഹകരണ വകുപ്പ്)

കോഴഞ്ചേരിയിൽ പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ ആശുപത്രിയോടനുബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് മേലുകര സർവ്വീസ് സഹകരണ സംഘത്തിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സംഘം

ആശുപത്രി കോമ്പൗണ്ടിൽ തന്നെ പ്രവർത്തനമാരംഭിക്കുന്നതിന് കെട്ടിടം ഫർണിഷിംഗ് നടത്തി പണി പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടറുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ശിപാർശ 54(ഖണ്ഡിക 86)

തിരുവല്ല-മാന്നാർ റൂട്ടിൽ തിരുവല്ല ടൗണിനുള്ളിൽ സ്ഥിതിചെയ്യുന്ന തിരുവല്ല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി 6 ഏക്കറിൽ പലയിടത്തായി 20 കെട്ടിടങ്ങളിലായി പ്രവർത്തിച്ചുവരുന്നു. കുട്ടനാടൻ പ്രദേശമുൾപ്പെടെയുള്ള പടിഞ്ഞാറൻ പ്രദേശത്തെ ജനങ്ങൾക്ക് ആശ്രയമാണ് തിരുവല്ല താലൂക്ക് ആശുപത്രി. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഇ.എൻ.ടി, ഓർത്തോപീഡിക്സ്, സ്കിൻ ആന്റ് വി.ഡി, സൈക്യാട്രി, ഓഫ്താൽമോളജി എന്നീ സ്പെഷ്യാലിറ്റികളും ശരാശരി ദിവസ ഒ.പി 500-ഉം ഐ.പി 120-ഉം ഉള്ള ആശുപത്രിയിൽ ആവശ്യാനുസരണം സ്റ്റാഫ് ഉണ്ടെങ്കിലും സ്ഥല സൗകര്യ കുറവ് പ്രധാന പ്രശ്നമായി സമിതി കാണുന്നു. ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം എന്നിവ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിക്കുന്നത്. ആശുപത്രിയുടെ പ്രവർത്തനം അങ്ങിങ്ങായുള്ള ചെറു കെട്ടിടങ്ങളിലായതിനാൽ സ്ട്രെച്ചർ ഉരുട്ടിക്കൊണ്ട് പോകുന്നതിന് ബുദ്ധിമുട്ടുള്ളതായി ഡി.എം.ഒ സമിതിയെ അറിയിച്ചു. മെച്ചപ്പെട്ട രോഗ പരിചരണം നൽകുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തി ആശുപത്രി വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ഇതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

തിരുവല്ല താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന

ധനസഹായം മാസ്റ്റർ പ്ലാനിൽ വരുന്ന വർക്കുകൾ തീർക്കുന്നതിനുവേണ്ടി ഉപയോഗിച്ച് വരുന്നു. ഒന്നാം ഘട്ടമായ മെറ്റേണിറ്റി വാർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ശിപാർശ 55 (ഖണ്ഡിക 87)**

തിരുവല്ല താലൂക്ക് ആശുപത്രിയിൽ മോർച്ചറി സംവിധാനം നിലവിലുണ്ടെങ്കിലും ശീതീകരണ സംവിധാനം നിലവിലില്ല. മൃതദേഹങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ശീതീകരിച്ച മോർച്ചറി സംവിധാനം ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കൈമാറിയ ആശുപത്രിയായതിനാൽ മോർച്ചറിക്കാവശ്യമായ പുതിയ കെട്ടിടം ലഭിച്ചാൽ ശീതീകരിച്ച മോർച്ചറി സംവിധാനം നടപ്പിലാക്കാൻ സാധിക്കും. നിലവിലുള്ള മാസ്റ്റർ പ്ലാനിൽ ഇത് ഉൾപ്പെട്ടിട്ടുണ്ട്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടിയുടെ നിലവിലുള്ള അവസ്ഥ അറിയിക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

തിരുവല്ല താലൂക്ക് ആശുപത്രിയിൽ മോർച്ചറി സംവിധാനം നിലവിൽ ഉണ്ട്. ശീതീകരിച്ച മോർച്ചറി ഇല്ല. ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങളില്ല. ജനറേറ്റർ സംവിധാനവും ജീവനക്കാരുമില്ല. ഇതിനാവശ്യമായ എച്ച്.എം.സി. വരുമാനം തികയുകയുമില്ല.

## ശിപാർശ 56 ( ഖണ്ഡിക 88)

റാന്നി ബ്ലോക്ക് പ്രാഥമികാരോഗ്യകേന്ദ്രം 1990-ൽ സാമൂഹികാരോഗ്യ കേന്ദ്രമായും 1993-ൽ താലൂക്ക് ആശുപത്രിയായും ഉയർത്തപ്പെട്ടു. 1995-ൽ ഈ സ്ഥാപനം എം.സി. ചെറിയാൻ മെമ്മോറിയൽ ആശുപത്രിയായി നാമകരണം ചെയ്യപ്പെട്ടു. 105 കിടക്കകളുള്ള ആശുപത്രിയിൽ സ്ഥലസൗകര്യം കുറവാണ്. പ്രതിദിന ഒ.പി. 400- ഉം ഐ.പി. 5-ഉം ആണ്. ശബരിമല ഉൾപ്പെടുന്ന റാന്നി താലൂക്കിലെ പ്രസ്തുത ആശുപത്രിക്ക് സ്പെഷ്യാലിറ്റികൾ ഒന്നും തന്നെയില്ല. സ്ഥലം എം.എൽ.എ. യുടെ പ്രാഥമിക വികസന ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് ഓപ്പറേഷൻ തിയറ്ററിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും അത് പര്യാപ്തമല്ലെന്ന് ഡി.എം.ഒ അറിയിച്ചു. ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യാനുസരണം കെട്ടിടം നിർമ്മിക്കുന്നതിനും സ്പെഷ്യാലിറ്റികൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

റാന്നി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുകയും 9 സ്പെഷ്യാലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. മെഡിസിൻ, ഓർത്തോ, സർജറി, ഗൈനക്, അനസ്തേഷ്യ എന്നീ വിഭാഗങ്ങളും അനുവദിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ച് വരുന്നു. റാന്നി താലൂക്കാശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പാക്കി ആശുപത്രി വികസിപ്പിച്ചിട്ടുണ്ട്. എക്സ്റേ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

റാന്നി താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

റാന്നി താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിക് പണികളും ലിഫ്റ്റിന്റെ പണിയും പൂർത്തീകരിക്കാനുണ്ട്. കെട്ടിടം പി.ഡബ്ല്യു.ഡി കൈമാറിയിട്ടില്ല.

## ശിപാർശ 57 (ഖണ്ഡിക 90)

പത്തനംതിട്ട ജില്ലയുടെ വടക്കെ അറ്റം കോട്ടയം ജില്ലയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന താലൂക്ക് ആശുപത്രിയാണ് മല്ലപ്പള്ളി താലൂക്ക് ആശുപത്രി. സ്പെഷ്യാലിറ്റി വിഭാഗങ്ങളോ കാഷ്വാലിറ്റിയോ ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നില്ല. ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ നിന്ന് ഉൾപ്പെടുത്തിയ ഏക താലൂക്ക് ആശുപത്രിയാണ് മല്ലപ്പള്ളി താലൂക്ക് ആശുപത്രി. ഭരണ നവീകരണ പദ്ധതി പ്രകാരം അനുവദിച്ച 35 ലക്ഷം രൂപയും എം.എൽ.എ. ഫണ്ടിൽ നിന്നനുവദിച്ച തുകയും ചേർത്ത് 50 ലക്ഷം രൂപ ചെലവഴിച്ച് ആശുപത്രി കെട്ടിടത്തിന്റെ 2-ാം നിലയുടെ പണികൾ നടന്നുവരുന്നതായി സമിതിക്കറിയാൻ കഴിഞ്ഞു. മോർച്ചറി സൗകര്യവും ആംബുലൻസ് സൗകര്യവും ലഭ്യമല്ലാത്ത താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സ്പെഷ്യാലിറ്റി വിഭാഗങ്ങൾ അനുവദിക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 58 (ഖണ്ഡിക 92)

### ആലപ്പുഴ ജില്ല

ആലപ്പുഴ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്ന

രോഗികളിൽ ഏറിയ പങ്കും കൃഷി, കയർ, മത്സ്യബന്ധന മേഖലകളിലുള്ളവരാണ്. 2007 ആഗസ്റ്റിൽ ആലപ്പുഴ ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തപ്പെട്ടു. ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേക്ക് മാറ്റിയപ്പോൾ കുറെ ഭാഗങ്ങൾ ജനറൽ ആശുപത്രിക്ക് ലഭിച്ചു. 140 കിടക്കകളുടെ സൗകര്യം മാത്രമുള്ള ജനറൽ ആശുപത്രിയിൽ 174 കിടക്കകൾ ഇട്ടിട്ടുള്ളതിനാൽ ഒഫ്ത്താൽമോളജി, പോസ്റ്റ് ഓപ്പറേറ്റീവ് ബെഡ് എന്നിവയ്ക്ക് സൗകര്യമില്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ശരാശരി പ്രതിദിന ഒ.പി 1430 - ഉം ഐ.പി 35 -ഉം ആണ്. 300 കിടക്കകൾക്കുള്ള പ്രൊപ്പോസൽ നൽകിയിട്ടുള്ളതായി ഡി.എം.ഒ സമിതിയെ അറിയിച്ചു. ആയതിനാൽ ആലപ്പുഴ ജനറൽ ആശുപത്രിയുടെ പ്രൊപ്പോസൽ അംഗീകരിക്കണമെന്നും അനുവദിക്കുന്ന കിടക്കകൾക്ക് ആനുപാതികമായി ഡോക്ടർമാരെയും മറ്റ് ജീവനക്കാരേയും നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാനത്തേക്ക് പൂർണ്ണമായും മാറ്റിയപ്പോൾ ലഭിച്ച കെട്ടിടത്തിൽ ജനറൽ ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തിച്ച് വരുന്നു. 26.11.2009 -ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 410/09/ആ.കു.വ പ്രകാരം തസ്തികകൾ അനുവദിക്കുകയും കിടക്കകളുടെ എണ്ണം 400 ആയി വർദ്ധിപ്പിക്കുകയും ചെയ്തു.

## ശിപാർശ 59 (ഖണ്ഡിക 93)

ജനറൽ മെഡിസിൻ, കാർഡിയോളജി, ജനറൽ സർജറി, സൈക്യാട്രി, ഇ.എൻ.ടി ഓർത്തോപീഡിക്സ്, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഡെന്റൽ, അനസ്തേഷ്യ, പീഡിയാട്രിക്, റേഡിയോളജി എന്നീ അംഗീകൃത സ്പെഷ്യാലിറ്റികളിൽ സൈക്യാട്രിസ്റ്റ്, ഡെർമറ്റോളജിസ്റ്റ് എന്നിവരുടെ അഭാവത്തിൽ സൈക്യാട്രി, ഡെർമറ്റോളജി എന്നീ

വിഭാഗങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് സമിതിക്ക് അറിയുവാൻ കഴിഞ്ഞു. സ്കാനിംഗ് സൗകര്യം ലഭ്യമല്ലെന്നും ഐ.സി.യു., ലാബ് എന്നിവ ഉണ്ടെങ്കിലും ആശുപത്രിയുടെ പ്രവർത്തനത്തിന് ഉതകുന്നത്ര വിപുലമല്ലെന്നും സ്റ്റാഫിന്റെ അപര്യാപ്തത ഉണ്ടെന്ന് മനസ്സിലാക്കുന്ന സമിതി ആവശ്യാനുസരണം സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പേവാർഡുകൾ, ബ്ലഡ് ബാങ്ക് എന്നിവയില്ലാത്ത ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

എല്ലാ വിഭാഗം സ്പെഷ്യാലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുകയും രക്തബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**ശിപാർശ 60 ,61 (ഖണ്ഡിക 94)**

ചേർത്തല, പുളിങ്കുന്ന്, മാവേലിക്കര, ഹരിപ്പാട് എന്നീ താലൂക്ക് ആശുപത്രികളാണ് ജില്ലയിലെ മറ്റ് പ്രധാന ആശുപത്രികൾ. ഏത് സാംക്രമികരോഗം സംസ്ഥാനത്ത് ഉണ്ടായാലും അത് ആദ്യം പ്രത്യക്ഷപ്പെടുന്നത് ചേർത്തലയിലാണ്. 251 കിടക്കകളുള്ള ചേർത്തല താലൂക്ക് ആശുപത്രിയിലെ ശരാശരി ദിവസ ഒ.പി 900-ഉം ഐ.പി 70-ഉം ആണ്. 13 ഡോക്ടർമാരും 8 അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുമുള്ള ആശുപത്രിയിൽ ലബോറട്ടറി, സ്കാനിംഗ് സംവിധാനങ്ങളുണ്ട്. കാഷ്വാലിറ്റിയിൽ ദിവസവും 500, 600 പേർ വരുന്നുണ്ട്. എറണാകുളം കഴിഞ്ഞാൽ ആലപ്പുഴയിലെ കാഷ്വാലിറ്റിയുള്ളൂ എന്നതിനാൽ ഒരു കാഷ്വാലിറ്റി യൂണിറ്റ് കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ലിഫ്റ്റ് സൗകര്യമില്ലാത്ത പ്രസ്തുത താലൂക്ക് ആശുപത്രിയിലെ ലേബർ റൂം മൂന്നാമത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. ഇത് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലേബർ റൂം, മെറ്റേർണിറ്റി വാർഡ് എന്നിവ താഴത്തെ നിലയിലേക്ക് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ചേർത്തല താലൂക്ക് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിക്കുകയും ചെയ്തു. 24 മണിക്കൂർ കാഷ്വാലിറ്റി പ്രവർത്തിക്കുന്നു. ഓപ്പറേഷൻ തിയറ്ററിലേക്ക് റാംമ്പ് നിർമ്മിച്ചിട്ടുണ്ട്.

## ശിപാർശ 62 (ഖണ്ഡിക 95)

ആശുപത്രിക്ക് ചുറ്റുമതിലും ജനറേറ്ററും ഇല്ലെന്ന് ഡി.എം.ഒ. യുടെ റിപ്പോർട്ടിൽ പറയുന്നു. ആയതിനാൽ ജനറേറ്റർ വാങ്ങുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ചുറ്റുമതിലിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് ജനറേറ്ററിന്റെ പ്രവർത്തനം ആരംഭിച്ചു.

## ശിപാർശ 63 (ഖണ്ഡിക 96)

ആശുപത്രിയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. ആശുപത്രിക്കുവേണ്ടി നടക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി രക്തബാങ്കും മോർച്ചറിയും ഉടൻ തന്നെ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

രക്തബാങ്കും, മോർച്ചറിയും പ്രവർത്തനം ആരംഭിച്ചു.

## ശിപാർശ 64 (ഖണ്ഡിക 97)

1957-ൽ സ്ഥാപിച്ച ഹരിപ്പാട് താലൂക്ക് ആശുപത്രി 3 ഏക്കർ 22 സെന്റ് സ്ഥലത്ത് ദേശീയ പാതയ്ക്ക് സമീപം ഹരിപ്പാട് ടൗണിൽ സ്ഥിതി ചെയ്യുന്നു. സമീപ

പ്രദേശങ്ങളിലെ പത്ത് ഗ്രാമ പഞ്ചായത്തുകളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഇതിന്റെ സേവനം ലഭിക്കുന്നു. 150 കിടക്കകളുള്ള ഈ ആശുപത്രിയിലെ പ്രതിദിന ഒ.പി., ഐ.പി. 1000, 85 എന്നിങ്ങനെയാണ്.

നിർമ്മാണം പൂർത്തിയായിട്ടുള്ള സർജ്ജിക്കൽ ബ്ലോക്കിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സർജിക്കൽ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചു.

**<u>ശിപാർശ 65 (ഖണ്ഡിക 99)</u>**

106 കിടക്കകളുള്ള പുളിങ്കുന്ന് ആശുപത്രിയിൽ ആവശ്യാനുസരണം ഡോക്ടർമാരോ സ്പെഷ്യാലിറ്റി വിഭാഗങ്ങളോ ഇല്ല. ഇവിടുത്തെ ദിവസ ഒ.പി. 400-ഉം ഐ.പി. 50-ഉം ആണ്. ആശുപത്രിയിലെ ശുദ്ധജല വിതരണം തൃപ്തികരമല്ലെന്ന് മനസ്സിലാക്കുന്ന സമിതി ശുദ്ധജല വിതരണം കാര്യക്ഷമമാക്കണമെന്നും മെഡിസിൻ, സർജ്ജറി, ഇ.എൻ.റ്റി., ഗൈനക്കോളജി, പീഡിയാട്രിക്സ് തുടങ്ങിയ യൂണിറ്റുകൾ ആരംഭിക്കണമെന്നും ആവശ്യാനുസരണം ഡോക്ടർമാരെ നിയമിക്കണമെന്നും ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി (ജലവിഭവ വകുപ്പ്)</u>**

പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയുള്ള 2 നിർദ്ദേശങ്ങളാണ് ഉള്ളത്.

(1) നിലവിലുള്ള കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നിന്നും 500 മീറ്റർ 110 mm pvc പൈപ്പിട്ട് ആശുപത്രിയിൽ വെള്ളം എത്തിക്കുക. ഇതിന് 4.25 ലക്ഷം (നാലു ലക്ഷത്തി ഇരുപത്തിയയ്യായിരം രൂപ) ചെലവു വരും.

(2) ഒരു കുഴൽകിണറും അനുബന്ധപ്രവൃത്തികളും നടപ്പാക്കുന്ന പക്ഷം ആശുപത്രിയിൽ ജലം എത്തിക്കുവാൻ സാധിക്കും. ഇതിന് 22.50 ലക്ഷം (ഇരുപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചെലവു വരും.

ഇതിൽ (1) ൽ പറഞ്ഞിരിക്കുന്ന പ്രകാരം ചെയ്യുകയാണെങ്കിൽ ആഴ്ചയിൽ 2 ദിവസം മാത്രമേ ജലം നൽകുവാൻ സാധിക്കുകയുള്ളൂ. നിലവിൽ പണി നടന്നു കൊണ്ടിരിക്കുന്നതും, 14 എം.എൽ.ഡി. ശേഷിയുള്ള നീരേറ്റുപുറം പ്ലാന്റ് ഉൾപ്പെടുന്നതുമായ കുട്ടനാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ജലം ആശുപത്രിയിൽ ലഭ്യമാക്കാവുന്നതാണ്. പ്ലാന്റിന്റെ പണി പുരോഗമിച്ചു വരുന്നു. മേല്പറഞ്ഞ നിർദ്ദേശങ്ങൾ താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ പരിഗണനയ്ക്ക് ബന്ധപ്പെട്ട അതോറിറ്റി ഡിവിഷൻ അധികൃതർ സമർപ്പിച്ചിട്ടുണ്ട്.

## ശിപാർശ 66 (ഖണ്ഡിക 101)

ആലപ്പുഴ ജില്ലയുടെ ഭൂപ്രകൃതി വെള്ളം കെട്ടികിടക്കുന്നതിനും കൊതുക് വളരുന്നതിനും അനുകൂലമായതിനാൽ സാംക്രമിക രോഗങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുന്നത് ഇവിടെയാണ്. ഈ സാഹചര്യത്തിൽ ഇഫക്ടീവ് ഡിസീസ് സർവ്വയലൻസ് ഡേറ്റാ കളക്ഷൻ ആവശ്യമാണ്. ഇതിനായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഫീൽഡ് സ്റ്റാഫിനെ ആവശ്യാനുസരണം നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആലപ്പുഴ ജില്ലയിലെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. ജില്ലയിലെ പി.എച്ച്.സി., സി.എച്ച്.സി., പി.എച്ച്.സി.കളിൽ ആവശ്യമായ ഫീൽഡ് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഇവർ ലഭ്യമാക്കുന്ന ദിനംപ്രതിയുള്ള റിപ്പോർട്ട് ഐ.ഡി.എസ്.പി. മുഖേന ശേഖരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

## ശിപാർശ 67 (ഖണ്ഡിക 102)

ആലപ്പുഴ ജില്ലയിൽ വെള്ളം കെട്ടികിടക്കുന്ന സ്ഥലങ്ങളിലെ പായലും മറ്റും

നീക്കം ചെയ്ത് കനാലുകളും തോടുകളും വൃത്തിയാക്കുന്നതിന് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി (ജലവിഭവ വകുപ്പ്)**

ആലപ്പുഴ ജില്ലയിൽ വെള്ളം കെട്ടികിടക്കുന്ന സ്ഥലങ്ങളിലെ പായലും മറ്റും നീക്കം ചെയ്ത് കനാലുകളും തോടുകളും വൃത്തിയാക്കുന്ന പ്രവൃത്തികൾ പ്രോജക്ട് മെയിന്റനൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രവൃത്തിയുടെ ആവശ്യവും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്.

**കോട്ടയം ജില്ല**

**ശിപാർശ 68 (ഖണ്ഡിക 104)**

മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഫാമിലി പ്ലാനിംഗ്, ഇ.എൻ.ടി., ഓർത്തോപീഡിക്സ്, ഒഫ്താൽമോളജി, അനസ്തേഷ്യ, സൈക്യാട്രി, ഡെന്റൽ സ്കിൻ, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്നീ 13 സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ ആശുപത്രിയിൽ രക്ത സംഭരണ സംവിധാനങ്ങളോടു കൂടി സദാ സജ്ജമായ രക്ത ബാങ്കും സ്കാനിംഗ്, ക്ലിനിക്കൽ പരിശോധനാ സംവിധാനങ്ങളുമുണ്ട്. ആധുനിക ഉപകരണങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്റർ സജ്ജമാക്കിയിട്ടുണ്ടെങ്കിലും അത്യാധുനികമായ പല യന്ത്രങ്ങളും ഓപ്പറേഷൻ തിയേറ്ററിലേക്ക് ആവശ്യമുള്ളതായി സമിതിക്കറിയാൻ കഴിഞ്ഞു. ആയതിനാൽ ഓപ്പറേഷൻ തിയേറ്ററിലേക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

അൾട്രാ സൗണ്ട് സ്കാൻ, ഇ.എൻ.ടി. ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, ഐ

ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് ഉൾപ്പെടെയുള്ള അത്യാധുനികമായ പല ഉപകരണങ്ങളും ആശുപത്രിയിൽ നിലവിൽ പുതുതായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വില കൂടിയ പല ഉപകരണങ്ങളും എൻ.ആർ.എച്ച്.എം.-ന്റെ സഹായത്തോടെ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ 69 (ഖണ്ഡിക 105)

കോട്ടയം ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിക്ക് സ്ഥല സൗകര്യം പരിമിതമാണെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ കാഷ്വാലിറ്റിയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്ന പീഡിയാട്രിക് ഐ.സി.യു.വിന്റെ പണി പൂർത്തിയാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നും മെഡിക്കൽ ഐ.സി.യു.വിന് വേണ്ടി നൽകിയിരിക്കുന്ന പ്രൊപ്പോസൽ അംഗീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

അത്യാഹിത വിഭാഗത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ജില്ലാ പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. പുതിയ കെട്ടിടം നിലവിൽ വരുമ്പോൾ അത്യാഹിത വിഭാഗത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങളെ അവിടെ നിന്നും മാറ്റി അത്യാഹിത വിഭാഗത്തിന്റെ സ്ഥലസൗകര്യം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ ഐ.സി.യു. നിർമ്മിക്കുന്നതാണ്. പീഡിയാട്രിക് ഐ.സി.യു.വിന്റെ നിർമ്മാണം ഏകദേശം പൂർത്തിയായി.

## സമിതി ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

കോട്ടയം ജനറൽ (ജില്ല) ആശുപത്രി കാഷ്വാലിറ്റി കെട്ടിടത്തിൽ 15 കിടക്കകൾ ഒരുക്കി നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നു. മൈനർ ഓപ്പറേഷൻ തീയേറ്ററിൽ suturing, minor accident care, minor surgeries, ബയോപ്സി എടുക്കൽ മുതലായവ ചെയ്തു വരുന്നു.

## ശിപാർശ 70 (ഖണ്ഡിക 106)

കോട്ടയം ജില്ലാ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോറിന് സ്ഥലം കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി ആശുപത്രി അധികൃതർ സമിതിയെ അറിയിച്ചു. നീതി മെഡിക്കൽ സ്റ്റോർ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (സഹകരണ വകുപ്പ്)

കോട്ടയം ജില്ലാ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 71 (ഖണ്ഡിക 109)

ആധുനിക സജ്ജീകരണങ്ങളോടു കൂടിയ മോർച്ചറി പ്രവർത്തനം ആരംഭിച്ചെങ്കിലും പോലീസ് സർജന്റെ അഭാവത്താൽ കോട്ടയം ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടക്കുന്നില്ലെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. ആയതിനാൽ പോലീസ് സർജനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. ഈ വിഭാഗത്തിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം കാരണം പോലീസ് സർജന്റെ നിയമനം നടന്നിട്ടില്ല. മറ്റ് ഡോക്ടർമാരുടെ സഹകരണത്തോടെയാണ് പോസ്റ്റ്മോർട്ടം നടത്തുന്നത്.

## ശിപാർശ 72 (ഖണ്ഡിക 110)

ആരോഗ്യ വകുപ്പിന്റെ കേടായ വാഹനങ്ങൾ കോട്ടയം ജില്ലാ ആശുപത്രി വളപ്പിൽ സൂക്ഷിച്ചിരിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. തുരുമ്പെടുത്ത് നശിച്ചു കൊണ്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിനോ ലേലം ചെയ്ത് വിൽക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത സ്ഥലത്ത് ഫീസ് ഈടാക്കി കൊണ്ട് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സൗകര്യം ഒരുക്കി അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതോടൊപ്പം ഇപ്രകാരം ലഭിക്കുന്ന തുക ആശുപത്രി വികസനത്തിന് പ്രയോജനപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആശുപത്രി കോംപൗണ്ടിൽ കിടന്നിരുന്ന പഴയ വാഹനങ്ങൾ ലേലം ചെയ്ത് നീക്കം ചെയ്തു കഴിഞ്ഞു. കൂടാതെ ഫീസ് ഈടാക്കികൊണ്ട് ചില പ്രത്യേക അവസരങ്ങളിൽ വാഹനം പാർക്ക് ചെയ്യുന്നതിന് അനുമതി നൽകി വരുന്നു.

## ശിപാർശ 73 (ഖണ്ഡിക 112)

341 കിടക്കകളുള്ള പാലാ ജനറൽ ആശുപത്രിയിലെ ശരാശരി ഒ.പി., ഐ.പി. 1000, 170 എന്നിങ്ങനെയാണ്. ദിവസ അഡ്മിഷൻ 28-ഉം ആണ്. ഗവൺമെന്റ് പേ വാർഡില്ലാത്ത ഈ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസി-ന്റെ 10 മുറികളാണ് ഉള്ളത്. ഏഴ് നില കെട്ടിടമായ ജനറൽ ആശുപത്രിയിൽ രണ്ട് ലിഫ്റ്റുള്ളതിൽ ഒരെണ്ണം പ്രവർത്തനക്ഷമമല്ലെന്നും ഒരാശുപത്രിക്ക് അവശ്യം വേണ്ട റാംപ് ഈ ആശുപത്രിയിൽ ഇല്ലെന്നും സമിതിക്കറിയാൻ കഴിഞ്ഞു. ആയതിനാൽ പ്രവർത്തനരഹിതമായ ലിഫ്റ്റ് റിപ്പെയർ ചെയ്യുന്നതിനും റാംപ് നിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പാലാ ജനറൽ ആശുപത്രിയിലെ ലിഫ്റ്റിന് നിലവിൽ ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് എടുത്തിട്ടുണ്ട്. ആയതിനാൽ പ്രവർത്തന രഹിതമായി കിടക്കുന്ന സാഹചര്യം ഒഴിവാക്കപ്പെട്ടിരിക്കുന്നു. റാമ്പ് നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

## ശിപാർശ 74 (ഖണ്ഡിക 113)

അനുവദിച്ചിട്ടുള്ള 341 കിടക്കകൾ ഇടാൻ നിലവിലുള്ള ആശുപത്രി കെട്ടിടം പര്യാപ്തമല്ലെന്നും പഴക്കം ചെന്ന് ഇടിഞ്ഞ് പൊളിഞ്ഞ് സുരക്ഷിതമല്ലാത്ത കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നതെന്നും സമിതിക്ക് ലഭിച്ച രേഖകൾ സൂചിപ്പിക്കുന്നു. ആയതിനാൽ പുതിയ ഓഫീസ് കെട്ടിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പാലാ ജനറൽ ആശുപത്രിയിൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ ആഫീസ് കെട്ടിടം പണിയുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ (എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന്) ഹിന്ദുസ്ഥാൻ ലാറ്റക്സ് തയ്യാറായിട്ടുണ്ട്. അനുമതി ലഭിച്ചാൽ ഉടൻ പണി തുടങ്ങുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് സ്ട്രക്ചർ പൂർത്തിയായി. വയറിംഗ്, പ്ലംബിംഗ്, പ്ലാസ്റ്ററിംഗ്, ഡോർസ്, വിൻഡോസ്, ഫ്ലോർ വർക്ക് മുതലായവ നടന്നു വരുന്നു. ഏഴ

നില കെട്ടിടത്തിന്റെ പണി ഏകദേശം 85% പൂർത്തിയായി. (ലാബ്, കാർഡിയാക്, ഐ.സി.യു എന്നിവയ്ക്ക്)

## ശിപാർശ 75 (ഖണ്ഡിക 114)

മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തെറ്റിക്, സൈക്യാട്രി, ഇ.എൻ.ടി., സ്കിൻ, ഫോറൻസിക് മെഡിസിൻ എന്നീ സ്പെഷ്യാലിറ്റികളാണ് ആശുപത്രിയിലുള്ളത്. അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നുണ്ടെങ്കിലും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ നിയമനം അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. എല്ലാവിധ എക്സ്റേകൾ എടുക്കുന്നതിനുള്ള സംവിധാനവും എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ഓപ്പറേഷൻ തിയേറ്ററും ഉണ്ടെങ്കിലും ജനറൽ, ഓർത്തോപീഡിക്സ് എന്നീ വിഭാഗം സർജ്ജന്മാരുടെ കുറവുമൂലം സർജ്ജറി നടത്താൻ കഴിയുന്നില്ലെന്നും ഐ.സി.യു. പ്രവർത്തനക്ഷമമല്ലെന്നും ആശുപത്രി സൂപ്രണ്ട് സമിതിയെ അറിയിച്ചു. അതുപോലെ തന്നെ സ്കാനിംഗ് മെഷീൻ ഉണ്ടെങ്കിലും സോണോളജിസ്റ്റിന്റെ തസ്തിക ഇല്ലാത്തതിനാൽ പുറത്തു നിന്നുള്ള സോണോളജിസ്റ്റിന്റെ സേവനമാണ് പ്രയോജനപ്പെടുത്തുന്നതെന്നും ഇ.സി.ജി. മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നീഷ്യന്റെ സേവനമാണ് ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പാലാ ജനറൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് മതിയായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

21 ഡോക്ടർമാർ ഉൾപ്പെടെ 46 ജീവനക്കാരുടെ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ നിയമനം നടന്നു വരുന്നു.

## ശിപാർശ 76 (ഖണ്ഡിക 115)

രക്ത ബാങ്കിന് ആവശ്യമായ എയർകണ്ടീഷൻ ചെയ്ത മുറിയും ടെക്നീഷ്യനും ഉണ്ടെങ്കിലും ആവശ്യമായ ഉപകരണങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ ടെക്നീഷ്യൻ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റോപ് ഗ്യാപ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതായി ആശുപത്രി സൂപ്രണ്ട് അറിയിച്ചു. ആശുപത്രിക്ക് രക്തബാങ്ക് അനിവാര്യമായതിനാൽ ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ച് ഉടനടി പ്രവർത്തനം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങുന്നതിന് ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപകരണങ്ങൾ എല്ലാം എത്തിക്കഴിഞ്ഞു. 3 മാസത്തിനകം ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കും.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുക.

### സർക്കാർ സ്വീകരിച്ച നടപടി

ബ്ലഡ് സ്റ്റോറേജ് യൂണിറ്റാണ് പ്രവർത്തിക്കുന്നത്. ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ തസ്തിക നിലവിലുണ്ട്.

## ശിപാർശ 77 (ഖണ്ഡിക 117)

മാലിന്യ നിർമ്മാർജ്ജനം, പവർ ലോൺട്രിയുടെ പ്രവർത്തനം, ഡ്രെയിനേജ് സൗകര്യം എന്നിവ തൃപ്തികരമാണെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. മോർച്ചറി സൗകര്യം പര്യാപ്തമല്ലെന്നും പുതിയ മോർച്ചറി നിർമ്മാണത്തിനുള്ള സ്ഥല സൗകര്യം ആശുപത്രിയിലുണ്ടെന്നും അതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ പാലാ ജനറൽ ആശുപത്രിയിൽ

ഫ്രീസർ സൗകര്യത്തോടു കൂടിയ മോർച്ചറി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഫ്രീസർ സൗകര്യമുള്ള മോർച്ചറി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുവാൻ പി.ഡബ്ല്യു.ഡി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ശിപാർശ 78 (ഖണ്ഡിക – 118)

272 കിടക്കകളുള്ള വൈക്കം താലൂക്ക് ആശുപത്രിയിലെ പ്രതിദിന ശരാശരി ഒ. പി. 1300 -ഉം ഐ. പി. 250-ഉം ആണ്. ഐ.സി.യു.,ബ്ലഡ് ബാങ്ക് എന്നീ സൗകര്യങ്ങൾ ഒന്നുമില്ലാതെ വളരെ ശോചനീയാവസ്ഥയിലുള്ള ആശുപത്രിക്ക് പുതിയ കെട്ടിടം വളരെ അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആശുപത്രി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വൈക്കം താലൂക്ക് ആശുപത്രിയിലെ കെട്ടിടങ്ങൾ നഗരസഭ, എൻ.ആർ.എച്ച്. എം. എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. പുതിയ സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

## ശിപാർശ 79 (ഖണ്ഡിക – 119)

ലാബ്, ഓപ്പറേഷൻ തിയേറ്ററുകൾ കാഷ്വാലിറ്റി എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവിടുത്തെ സൗകര്യങ്ങൾ പര്യാപ്തമല്ല. വൈക്കം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് ലാബ്, ഓപ്പറേഷൻ തിയേറ്റർ, ശുദ്ധജല വിതരണം, പേ-വാർഡ്, സാനിറ്ററി എന്നീ സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനും ബ്ലഡ് ബാങ്ക്, ഐ.സി.യു. നീതി സ്റ്റോർ എന്നിവ ആരംഭിക്കുന്നതിനും വാർഡുകളുടെ അറ്റകുറ്റപണികൾ സമയാസമയങ്ങളിൽ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>(സഹകരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി)</u>**

കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക് ആശുപത്രിക്ക് സമീപം വൈക്കം ഗവൺമെന്റ് ടീച്ചേഴ്സ് സഹകരണ സംഘം വക നീതി സ്റ്റോർ പ്രവർത്തിച്ചുവരുന്നു.

**<u>ജലവിഭവ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>**

ജല അതോറിറ്റിയുടെ കണക്ഷൻ എടുത്തിട്ടുള്ള ആശുപത്രികളിൽ ജലലഭ്യത അനുസരിച്ച് ശുദ്ധജലവിതരണം നടത്തിവരുന്നു.

**<u>ശിപാർശ 80 (ഖണ്ഡിക – 120)</u>**

ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിലെ ശരാശരി ദിവസ ഒ.പി. 1500-ഉം ഐ.പി. 50-ഉം ആണ്. 207 കിടക്കകളുള്ള ആശുപത്രിക്ക് നിലവിലുള്ള കെട്ടിടങ്ങൾ അപര്യാപ്തമാണെന്ന് ആശുപത്രി അധികൃതർ സമിതിയെ അറിയിച്ചു. ലബോറട്ടറി സൗകര്യങ്ങൾ ഉണ്ടെങ്കിലും സ്കാനിംഗ് മെഷീൻ കേടായതിനാലും റേഡിയോളജിസ്റ്റ് ഇല്ലാത്തതിനാലും പരിശോധനകൾ നടത്തുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്കാനിംഗ് മെഷീൻ നന്നാക്കുന്നതിനും റേഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ സ്കാനിംഗ് മെഷീൻ നന്നാക്കി പ്രവർത്തനം നടത്തി വരുന്നു. സോണോളജിസ്റ്റിനെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

## ശിപാർശ 81 (ഖണ്ഡിക – 121)

ആശുപത്രിയിലെ ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം അപര്യാപ്തമാണ്. കാഷ്വാലിറ്റിയും ആംബുലൻസ് സർവ്വീസും ഉള്ള ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തത് കാഷ്വാലിറ്റിയുടെ പ്രവർത്തനത്തെ ബാധിക്കുന്നു. 24 മണിക്കൂറും ബ്ലഡ് ബാങ്ക് പ്രവർത്തനക്ഷമമായിരിക്കണമെന്നും ഐ.സി.യു. സജ്ജമാക്കണമെന്നും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് നവീകരിച്ചു. ലൈസൻസിനു വേണ്ടി ഡ്രഗ്സ് കൺട്രോളർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഡ്രഗ്സ് കൺട്രോളറുടെ പരിശോധന നടന്നു കഴിഞ്ഞു. ലൈസൻസ് ലഭിച്ചാലുടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

### സമിതി ആവശ്യപ്പെട്ട അധികവിവരം

ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതിയും ഐ.സി.യു. സജ്ജമാക്കുന്നത് സംബന്ധിച്ചും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ചുമുള്ള മറുപടി ലഭ്യമാക്കുക.

### സർക്കാർ സ്വീകരിച്ച നടപടി

ബ്ലഡ് സ്റ്റോറേജ് യൂണിറ്റാണ് പ്രവ്രത്തിക്കുന്നത്. രക്തം ശേഖരിക്കുന്നില്ല. നിലവിൽ ഈ സ്ഥാപനത്തിൽ കാഷ്വാലിറ്റിയുടെ പ്രവർത്തനം 24 മണിക്കൂറും സുഗമമായി നടക്കുന്നു. സ്പെഷ്യാലിറ്റി വിഭാഗത്തിൽ 24 ഡോക്ടർമാരുടെ തസ്തികയാണ് ഉള്ളത് (8 കൺസൽട്ടന്റ്, 11 ജൂനിയർ കൺസൽട്ടന്റ്, 5 സി. എം. ഒ.) കാഷ്വാലിറ്റിയോട് ചേർന്ന് ഐ.സി.യു പ്രവ്രത്തിക്കുന്നുണ്ട്.

## ശിപാർശ 82 (ഖണ്ഡിക – 123)

ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡ്രയിനേജ്, സാനിറ്ററി, പവർ ലോണ്ട്രി എന്നീ സൗകര്യങ്ങൾ അപര്യാപ്തമാണെന്നും നഗരസഭയുടെ സഹായത്തോടുകൂടി നടത്തുന്ന മാലിന്യ നിർമ്മാർജ്ജനം തൃപ്തികരമല്ലെന്നും സമിതിക്ക് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ മാലിന്യ നിർമ്മാർജ്ജനം കുറ്റമറ്റതാക്കണമെന്നും പവർ ലോൺട്രി പ്രവർത്തന ക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ചങ്ങനാശേരി നഗരസഭയുടെ സഹായത്തോടു കൂടി ഡ്രെയിനേജ്, പവർലോൺട്രി സാനിട്ടറി സൗകര്യങ്ങൾ എന്നിവ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന ചെറിയ റിപ്പയറുകൾ ആശുപത്രി മാനേജ്മെന്റ് സമിതിയുടെ ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നു.

## ശിപാർശ 83 (ഖണ്ഡിക – 124)

കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി കിഴക്കൻ മേഖലയിലെ ഏറ്റവും വലിയ സർക്കാർ ആശുപത്രിയാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയിൽ ഒരു ദിവസം ശരാശരി 200 രോഗികൾ എത്താറുണ്ടെന്ന് ആശുപത്രിയിൽ നിന്ന് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. 142 കിടക്കകളുള്ള ആശുപത്രിയിലെ പ്രതിദിന ശരാശരി ഒ.പി. 1000 ഐ.പി. 180 എന്നിങ്ങനെയാണ്. 250 കിടക്കകൾക്കുള്ള പ്രൊപ്പോസൽ നൽകിയിട്ടുള്ളതായി ആശുപത്രി സൂപ്രണ്ട് സമിതിയെ അറിയിച്ചു. കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ 250 കിടക്കകൾ ഒരുക്കുന്നതിനുള്ള സൗകര്യമുള്ളിനാൽ പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മെഡിസിൻ, സർജ്ജറി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, ഓഫ്താൽമോളജി, ഡെന്റൽ ,പീഡിയാട്രിക്സ്, ഇ.എൻ.ടി. എന്നീ എട്ട് സ്പെഷ്യാലിറ്റികളാണ് ഈ ആശുപത്രിയിലുള്ളത്.

## സർക്കാർ സ്വീകരിച്ച നടപടി

കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ സുസജ്ജമായ ആശുപത്രി കോംപ്ലക്സ് പണിയുന്നതിനായി ബഹുമാനപ്പെട്ട വാഴൂർ എം. എൽ. എ. ഡോ. എൻ. ജയരാജിന്റെ ഫണ്ടിൽ നിന്നും 4.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ തറക്കല്ലിടീൽകർമ്മം നടന്നു. ആശുപത്രിയിൽ കിടക്കകൾ വർദ്ധിപ്പിക്കാനുള്ള പ്രപ്പോസൽ പരിഗണനയിലാണ്.

## ശിപാർശ 84 (ഖണ്ഡിക – 126)

പാമ്പാടി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഗവൺമെന്റ് ആശുപത്രി 2005 മെയ് മാസം 75 കിടക്കകളുള്ള താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും കെട്ടിടങ്ങളോ മറ്റ് സൗകര്യങ്ങളോ ലഭ്യമാക്കിയിട്ടില്ലെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണാവശ്യത്തിന് പാമ്പാടി ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി 92 സെന്റ് സ്ഥലം വാങ്ങിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടിയന്തരമായി ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് എത്രയും വേഗം പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സ്വീകരിച്ച നടപടി

പാമ്പാടി താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ പണി പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ പൂർത്തിയായി. ആശുപത്രി കെട്ടിടത്തിലേക്കുള്ള റോഡു നിർമ്മാണത്തിന് 2012 –2013 സാമ്പത്തികവർഷത്തിൽ 50,00,000/- രൂപ കൂടി അനുവദിച്ചിട്ടുണ്ട്. റോഡിന്റെ പണി പൂർത്തിയായതിന് ശേഷം ആശുപത്രി കെട്ടിടം പ്രവർത്തിച്ച് തുടങ്ങാൻ കഴിയും.

## തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

പാമ്പാടി ഗ്രാമപഞ്ചായത്തിൽ പാമ്പാടി താലൂക്ക് ആശുപത്രിയ്ക്കായി എടുത്ത്

നൽകിയ സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തിയാക്കി പുതിയ ആശുപത്രി ബ്ലോക്ക് നിലവിൽ പ്രവർത്തിച്ച് വരുന്നു.

## ശിപാർശ 85 (ഖണ്ഡിക – 127)

മെഡിസിൻ, സർജ്ജറി, ഗൈനക്കോളജി, പീഡിയോട്രിക്സ്, ഒഫ്താൽമോളജി, അനസ്തേഷ്യ, ഇ. എൻ. റ്റി., സ്കിൻ, ഡെന്റൽ എന്നീ സ്പെഷ്യാലിറ്റികളുള്ള പാമ്പാടി താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി സൗകര്യങ്ങൾ പരിമിതമാണെങ്കിലും നിലവിലുള്ള സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഐ.സി.യു., ഓപ്പറേഷൻ തിയേറ്റർ, ബ്ലഡ് ബാങ്ക് എന്നീ സൗകര്യങ്ങൾ നിലവിലില്ല. ആശുപത്രി മാലിന്യങ്ങൾ കത്തിച്ച് കളയുകയാണെന്നും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും അധികൃതർ വ്യക്തമാക്കി. നടപടി ത്വരിതപ്പെടുത്തി ഇൻസിനറേറ്റർ സ്ഥാപിച്ച് മാലിന്യ നിർമ്മാർജ്ജനം കുറ്റമറ്റമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് 50,000/- രൂപ ചെലവാക്കി ഇൻസിനറേറ്റർ സ്ഥാപിച്ച് ഉപയോഗിച്ചുവരുന്നു.

## ഇടുക്കി ജില്ല

## ശിപാർശ 86 (ഖണ്ഡിക – 128, 129)

ഇടുക്കി ജില്ലാ ആസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഡിസ്പെൻസറി 1976-ൽ ജില്ലാ ആശുപത്രിയായി ഉയർത്തി ഇപ്പോൾ ചെറുതോണി എന്ന സ്ഥലത്ത് 5.5 ഏക്കറിൽ പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിൽ 130 കിടക്കകളോടുകൂടി പ്രവർത്തിച്ചുവരുന്നു.

സർജറി മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഒഫ്ത്താൽമോളജി, ഇ.എൻ.ടി, സൈക്യാട്രി, ഡർമറ്റോളജി, അനസ്തേഷ്യ, റേഡിയോളജി, ഡന്റൽ, പി.എം.ആർ., ഫോറൻസിക്സ് എന്നീ വിഭാഗങ്ങളോടുകൂടിയ ഇടുക്കി ജില്ലാ ആശുപത്രിയിലെ ശരാശരി ദിവസ ഒ.പി. 400-ഉം ഐ.പി. 125-ഉം ആണ്. ഇത്രയും സ്പെഷ്യാലിറ്റികൾ ഉണ്ടെങ്കിലും ആവശ്യാനുസരണം ഡോക്ടർമാരെ നിയമിച്ചിട്ടില്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗമുണ്ടെങ്കിലും യൂണിറ്റിനാവശ്യമായ സ്റ്റാഫില്ലെന്ന് സമിതിക്കറിയാൻ കഴിഞ്ഞു. അൾട്രാസൗണ്ട് സ്കാനർ ഉണ്ടെങ്കിലും ടെക്നീഷ്യന്റെ അഭാവംമൂലം സ്കാനിംഗ് നടക്കുന്നില്ലെന്നും അനസ്തെറ്റിസ്റ്റ് ഇല്ലാത്തതിനാൽ സർജറി നടത്താൻ ബുദ്ധിമുട്ടുള്ളതായും ആശുപത്രി അധികൃതർ സമിതിയെ അറിയിച്ചു. തോട്ടം മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷ കണക്കിലെടുത്തു ജില്ലാ ആശുപത്രിയിൽ ആവശ്യാനുസരണം സ്റ്റാഫിനെ നിയമിക്കണമെന്നും അനുവദിച്ചിട്ടുള്ള ബ്ലഡ് ബാങ്ക്, ഐ.സി.യു എന്നിവയുടെ പ്രവർത്തനം ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഇടുക്കി ജില്ലാ ആശുപത്രിയിൽ എല്ലാ മേജർ മൈനർ സ്പെഷ്യാലിറ്റികളിലും ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ 87 (ഖണ്ഡിക – 130)

ജില്ലാ മെഡിക്കൽ സ്റ്റോർ വഴി ലഭിക്കുന്ന മരുന്നുകൾ സൂക്ഷിക്കുന്നതിന് സൗകര്യം ഉണ്ടെന്നും ബിപിഎൽ വിഭാഗക്കാർക്ക് സൗജന്യമായി എല്ലാ മരുന്നുകളും നൽകുന്നുണ്ടെന്നും ഇടുക്കി ജില്ലാ ആശുപത്രിയിൽ നീതി മെഡിക്കൽസ്റ്റോർ ഇല്ലെന്നും ആശുപത്രി രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (സഹകരണ വകുപ്പ്)

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് തൊടുപുഴ സർവ്വീസ് സഹകരണ ബാങ്കിന്റെ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ദേവികുളം താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് അടിമാലി സർവ്വീസ് സഹകരണ ബാങ്ക് നീതി മെഡിക്കൽ സ്റ്റോർ നടത്തിവരുന്നുണ്ട്. ഉടുമ്പൻചോല താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ ഒരു നീതി മെഡിക്കൽ സ്റ്റോർ നടത്തിവരുന്നു. ഇടുക്കി ജില്ലാ ആശുപത്രിയ്ക്ക് 2 കിലോമീറ്റർ അകലെ വാഴത്തോപ്പ് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള ഒരു നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിച്ചു വരുന്നു. ഈ മെഡിക്കൽസ്റ്റോർ ആശുപത്രിയോട് ചേർന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ശിപാർശ 88 (ഖണ്ഡിക – 133)

തൊടുപുഴ താലൂക്ക് ആശുപത്രിയിൽ പ്രത്യേകമായി കാഷ്വാലിറ്റി വിഭാഗം അനുവദിച്ചിട്ടില്ലെങ്കിലും ഒ.പി. വിഭാഗത്തോടു ചേർന്നു പ്രവർത്തിക്കുന്നുണ്ട്. കാഷ്വാലിറ്റി യൂണിറ്റ് അനുവദിക്കുകയും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ 210 അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഈ തസ്തികകളുടെ ആശുപത്രി തിരിച്ചുള്ള വിന്യാസം നടത്തുമ്പോൾ തൊടുപുഴ താലൂക്ക് ആശുപത്രിയിൽ പുതിയ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതാണ്.

## ശിപാർശ 89 (ഖണ്ഡിക – 134 & 135)

പീരുമേട് ഗവ. ഡിസ്പൻസറി 1988-ൽ പീരുമേട് താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ടു. 54 കിടക്കകളുള്ള ആശുപത്രിയിൽ പ്രതിദിന ശരാശരി ഒ.പി. 15-ഉം ഐ.പി. 35-ഉം ആണ്. ബ്ലഡ് ബാങ്ക്, ലബോറട്ടറി, എന്നിവ അനുവദിച്ചിട്ടില്ല. പീരുമേട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണെന്നും അതോടൊപ്പം ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റേയും സേവനം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

ഓർത്തോപീഡിക്സ്, ഫോറൻസിക് മെഡിസിൻ, റേഡിയോളജി, പാലിയേറ്റീവ് കെയർ യൂണിറ്റ്, കാർഡിയോളജി, സൈക്യാട്രി, ക്ലിനിക്കൽ സൈക്കോളജി, പീഡിയാട്രിക്സ്, സർജറി എന്നീ യൂണിറ്റുകൾ ഇവിടെ അനുവദിച്ചിട്ടില്ല. ഭാവിയിലെ ആവശ്യങ്ങൾകൂടി കണക്കിലെടുത്ത് പലസ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കണമെന്നും ഈ താലൂക്ക് ആശുപത്രി ഒരു ജനറൽ ആശുപത്രിയായി ഉയർത്തണമെന്നുള്ള ആവശ്യം നിലനിൽക്കുന്നതായും നിലവിലുള്ള സ്ഥലം ചുറ്റുമതിലില്ലാത്തതിനാൽ അന്യാധീനപ്പെടുന്നതായും സമിതി മനസിലാക്കുന്നു. ആകയാൽ പുതിയ കെട്ടിട സമുച്ചയം നിർമ്മിച്ച് എല്ലാ സ്പെഷ്യാലിറ്റികളോടും കൂടിയ ഒരു ജനറൽ ആശുപത്രിയായി ഇത് ഉയർത്തുന്നതിനും നിലവിലുള്ള സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

എം. ജി. പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ആണ് നിലവിൽ ആശുപത്രി പ്രവർത്തിക്കുന്നത്. ആശുപത്രിയിലെ ശരാശരി ഒ.പി. 300 ഉം ഐ.പി.30 ഉം ആണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

പീരുമേട് താലൂക്ക് ആശുപത്രിക്ക് നിലവിലുള്ള സ്ഥലത്തിന് ചുറ്റമതിൽ ഇല്ലാത്തതിനാൽ സ്ഥലം അന്യാധീനപ്പെടുന്നതായി മനസ്സിലാക്കിയ സമിതി, നിലവിലുള്ള സ്ഥലം ചുറ്റമതിൽകെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശചെയ്യുന്നു. ആയത് സംബന്ധിച്ച് യാതൊരു പരാമർശവും വകുപ്പ് ലഭ്യമാക്കാത്തതിനാൽ അടിയന്തരമായി മറുപടി ലഭ്യമാക്കുക.

## ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സ്വീകരിച്ച നടപടി

2015-16 -ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി രണ്ട് കോടി മുപ്പത്തഞ്ച് ലക്ഷം രൂപ ചിലവഴിച്ച് മെറ്റേണിറ്റി യൂണിറ്റ് ഫെയ്സ്-1(ഓപ്പറേഷന് തിയേറ്റര് ഉൾപ്പെടെ) കെട്ടിടം പണി പൂർത്തീകരിച്ചു.

2016-17 -ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്നു കോടി രൂപയുടെ മെറ്റേണിറ്റി യൂണിറ്റ് ഫെയ്സ്-2 കെട്ടിടം പണി പുരോഗമിക്കുന്നു.

ചുറ്റമതിൽ കെട്ടുന്നതിനുള്ള അപേക്ഷ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണവകുപ്പ് സ്വീകരിച്ച നടപടി

പീരുമേട് താലൂക്ക് ആശുപത്രിയിൽ താഴെപറയുന്ന സ്പെഷ്യാലിറ്റി യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നു.

1. ശിശുരോഗ വിഭാഗം
2. ഓർത്തോ വിഭാഗം
3. ഗൈനക്കോളജി വിഭാഗം ഉണ്ടെങ്കിലും രണ്ട് ഡോക്ടർമാരില്ല
4. ഡെന്റൽ വിഭാഗം
5. അത്യാഹിത വിഭാഗം
6. മെയിൽ വാർഡ്

7. ഫീമെയിൽ വാർഡ്

8. വൃദ്ധർക്കുള്ള വാർഡ്

9. എക്സ് റേ

10. ലാബ് സൗകര്യം ഇവ ഉണ്ട്.

പുതിയ കെട്ടിടത്തിന്റെ പണി നടന്നു വരുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

പീരുമേട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗമുണ്ടെങ്കിലും 2 ഡോക്ടർമാരില്ല എന്ന് മറുപടി നൽകിയിരിക്കുന്നതിനാൽ പ്രസ്തുത ഡോക്ടർമാരുടെ നിയമനം സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പീരുമേട് താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് ഡോക്ടർമാർ ഉണ്ട്. ഇതിൽ ഒരു ഡോക്ടർ 05.07.2019-ന് സ്ഥലം മാറ്റം കിട്ടിപ്പോയിട്ടുണ്ട്. കൂടാതെ നാഷണൽ ഹെൽത്ത് മിഷനിൽ (എൻ.എച്ച്.എം.) ഗൈനക്കോളജി വിഭാഗത്തിൽ ഒരു ഡോക്ടറും ഉണ്ട്.

## ശിപാർശ 90 (ഖണ്ഡിക – 136)

66 കിടക്കകളുള്ള നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ അൻപതോളം ഒ.പി. -യും 120-ൽ കൂടുതൽ ഐ.പി.-യും വരുന്നുണ്ട്. നെടുങ്കണ്ടം, അടിമാലി എന്നീ താലൂക്ക് ആശുപത്രികൾ കേന്ദ്രസഹായം ലഭിക്കുന്നതിനായി സി. എച്ച്. സി. യായി മാറ്റിയതിനാൽ സ്റ്റാഫ് പാറ്റേണിൽ കുറവ് വന്നിട്ടുണ്ടെന്ന് മനസിലാക്കുന്ന സമിതി ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തണമെന്ന് ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

അടിമാലി, നെടുങ്കണ്ടം എന്നീ താലൂക്കാശുപത്രികളിൽ മെഡിസിൻ, സർജറി. ഗൈനക്, അനസ്തേഷ്യ, പീഡിയാട്രിക്, ഓഫ്താൽമോളജി, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., സ്കിൻ എന്നീ സ്പെഷ്യാലിറ്റികളിൽ ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

## എറണാകുളം ജില്ല

### ശിപാർശ 91 (ഖണ്ഡിക – 138)

എറണാകുളം ജനറൽ ആശുപത്രിയിലെ പോലീസ് സർജന്റേയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റേയും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി ആശുപത്രി അധികൃതർ സമിതിയെ അറിയിച്ചു. അതിനാൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

എറണാകുളം ജനറൽ ആശുപത്രിയിലെ പോലീസ് സർജന്റെ ഒഴിവിൽ നിയമനം നടത്തി. 29.01.2009 മുതൽ ജോലി ചെയ്തുവരുന്നു. ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ഒഴിവ് നികത്തിയിട്ടുണ്ട്.

### ശിപാർശ 92 (ഖണ്ഡിക – 140)

എറണാകുളം ജനറൽ ആശുപത്രിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന രക്തബാങ്ക് നിലവിലുണ്ടെങ്കിലും രക്തത്തിലെ ഘടകങ്ങൾ വേർതിരിക്കുന്നതിനുള്ള സംവിധാനമില്ലാത്തതിനാൽ ഒരു ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കെ. എച്ച്. ആർ. ഡബ്ല്യു. എസിന്റെ കീഴിലുള്ള പേവാർഡുകളിൽ കൃത്യസമയത്ത് അറ്റകുറ്റപണികൾ നടക്കാറില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അവയുടെ അറ്റകുറ്റപണികൾ നടത്താനും സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പണിയാനും നടപടിയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ജനറൽ ആശുപത്രിയിലെ കെ. എച്ച്.ആർ.ഡബ്ല്യു.എസ്. ന്റെ പേരിലുള്ള പേവാർഡ് അറ്റകുറ്റപ്പണികൾക്ക് ശേഷം 2009 മേയ് മാസം മുതൽ പ്രവർത്തിച്ച് വരുന്നു. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ സ്റ്റാഫ് കോർട്ടേഴ്സ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

**ശിപാർശ 93 (ഖണ്ഡിക – 142)**

2.4 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന പെരുമ്പാവൂർ താലൂക്ക് ആശുപത്രിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകൾ 216 ആണ്. ഒഫ്ത്താൽമോളജി, ഓർത്തോപീഡിക്സ്, ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഡന്റൽ എന്നീ സ്പെഷ്യാലിറ്റികളും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ഉണ്ടെങ്കിലും കാഷ്വാലിറ്റി യൂണിറ്റ് അനുവദിച്ചിട്ടില്ലെന്ന് ഡി. എം. ഒ. യുടെ റിപ്പോർട്ടിൽ നിന്ന് സമിതിക്കറിയാൻ കഴിഞ്ഞു. ആയതിനാൽ കാഷ്വാലിറ്റി യൂണിറ്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഇ.എൻ.റ്റി., സ്കിൻ & വി. ഡി., അനസ്തേഷ്യ, ദന്തൽ തുടങ്ങിയ സ്പെഷ്യാലിസ്റ്റ് സേവനങ്ങൾ ആശുപത്രിയിൽ ലഭ്യമാണ്. സ്കാനിംഗ് യൂണിറ്റ്, എക്സ്റേയൂണിറ്റ്, ലാബ് എന്നിവ കാര്യക്ഷമമായി തന്നെ പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമേ എയ്ഡ്സ് നിയന്ത്രണ സമിതിയ്ക്ക് കീഴിൽ എസ്.റ്റി.ഡി. ക്ലിനിക്കും പ്രവർത്തിക്കുന്നു. കാഷ്വാലിറ്റി യൂണിറ്റ് അനുവദിച്ചിട്ടില്ല. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**ശിപാർശ 94 (ഖണ്ഡിക 144)**

1905 -ൽ സ്ഥാപിതമായ ആശുപത്രിയാണ് ഇപ്പോൾ മൂവാറ്റുപുഴ താലൂക്കാശുപത്രിയായി പ്രവർത്തിക്കുന്നത്. 6.8 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയിലെ ശരാശരി ഒ.പി. 1137 ഉം ഐ.പി. 170 ഉം ആണ്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഒഫ്താൽമോളജി, ഡെന്റൽ എന്നിവയാണ് അംഗീകൃത സ്പെഷ്യാലിറ്റികൾ. 266 കിടക്കകളുള്ള ആശുപത്രിയിലെ പേവാർഡുകളുടെ അറ്റകുറ്റ പണികൾ നടത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേകം വാർഡ് നിർമ്മിക്കണമെന്നും നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി 2010 ൽ ഉയർത്തി. 24 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വാർഡിനുള്ള 3 നില കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു.

## തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

266 കിടക്കകളുള്ള വാർഡുകളും 1500-2000 ശരാശരി ഒ.പി. യും 19 പേവാർഡുകളും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി രോഗികൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും വാർഡ് പുതിയ കെട്ടിടത്തിലെ 01, 02 നിലകളിലായി നിയോനേറ്റൽ വാർഡ് ഉൾപ്പെടെ പൂർണ്ണതോതിൽ 20.02.2014 മുതൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ 3, 4 നിലകളുടെ നിർമ്മാണം, ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കത്തെഴുതിയിട്ടുണ്ട്.

## ശിപാർശ 95 (ഖണ്ഡിക 145)

മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 366 ആയി വർദ്ധിപ്പിച്ച് അതിനനുസൃതമായ തസ്തികകൾ സൃഷ്ടിച്ച് ഇതൊരു ജില്ലാ ആശുപത്രിയായി ഉയർത്തണമെന്നുള്ള ആവശ്യം നിലനിൽക്കുന്നതായും ഇതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയെ 24 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുള്ള ജനറൽ ആശുപത്രിയായി ഉയർത്തിയിരിക്കുകയാണ്.

## ശിപാർശ 96 (ഖണ്ഡിക 146)

1920 -ൽ സ്ഥാപിതമായ ആശുപത്രിയാണ് 3 ഏക്കറിലധികം സ്ഥലത്ത് ഇന്ന് സ്ഥിതി ചെയ്യുന്ന വടക്കൻ പറവൂർ താലൂക്ക് ആശുപത്രി. 155 കിടക്കകളുള്ള ആശുപത്രിയിലെ ശരാശരി ദിവസ ഒ.പി. 1000-1500 ഉം ഐ.പി. 150-250 ഉം ആണ്. ഇ.എൻ.ടി., ഓർത്തോ, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഡന്റൽ, ജനറൽ സർജറി, പീഡിയാട്രിക് സർജറി എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകളാണുള്ളത്. കാർഡിയോളജി, സൈക്യാട്രി എന്നീ യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആധുനിക സൗകര്യങ്ങളോടു കൂടി ലേബർ വാർഡും കാഷ്വാലിറ്റി യൂണിറ്റും പണിയുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കാർഡിയോളജി, സൈക്യാട്രി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ ലഭ്യത വളരെ കുറവായതിനാൽ വടക്കൻ പറവൂർ താലൂക്ക് ആശുപത്രിയിൽ ഈ തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ എല്ലാ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും പോലും ഈ വിഭാഗങ്ങളിൽ ഡോക്ടർമാരെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല.

## ശിപാർശ 97 (ഖണ്ഡിക 147)

ലബോറട്ടറി സൗകര്യം നിലവിലുണ്ട്. രക്ത സംഭരണ യൂണിറ്റിനുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും വൈദ്യുതീകരണം നടത്തിയിട്ടില്ലെന്നും വകുപ്പിന് കൈമാറിയിട്ടില്ലെന്നും ഡി.എം.ഒ. യുടെ റിപ്പോർട്ടിൽ പറയുന്നു. ആയതിനാൽ വൈദ്യുതീകരണം പൂർത്തിയാക്കി ഉടൻ തന്നെ കെട്ടിടം ആശുപത്രിക്ക് കൈമാറണമെന്നും ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ച് കഴിഞ്ഞു. എൻ.ആർ.എച്ച്.എം. മുഖേന ഒരു ബ്ലഡ് ബാങ്ക് ടെക്നീഷ്യനെ ലഭ്യമാക്കി ഉടൻ തന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്.

**ശിപാർശ 98 (ഖണ്ഡിക 148)**

ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ രക്തബാങ്ക് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

വൈപ്പിൻ മേഖലയിൽ നിന്നുമായിരുന്നു ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി-യിലേക്ക് രോഗികൾ പ്രധാനമായും വന്നിരുന്നത്. എന്നാൽ ഗതാഗത സൗകര്യം വർദ്ധിച്ചതിനാലും ഗോശ്രീപാലം വന്നതിനാലും ഇപ്പോൾ രോഗികൾ എറണാകുളം ജനറൽ ആശുപത്രിയെയാണ് കൂടുതലായും ആശ്രയിക്കുന്നത്. ഐ.പി. വിഭാഗത്തിൽ രോഗികളുടെ എണ്ണം വളരെ കുറവാണ്. ഐ.പി. വിഭാഗത്തിൽ രോഗികളുടെ എണ്ണം കൂടുമ്പോൾ മാത്രമേ ബ്ലഡ് ബാങ്കിന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിയൂ.

**ശിപാർശ 99 (ഖണ്ഡിക 149)**

നൂറ് വർഷത്തിലധികം പഴക്കമുള്ള ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തണമെന്നും ആംബുലൻസ് സൗകര്യവും വാഹന സൗകര്യവും ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ യഥാസമയം എറണാകുളം നഗരസഭ നടത്തിക്കൊണ്ടിരിക്കുന്നു. ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**ശിപാർശ 100 (ഖണ്ഡിക 150)**

പോസ്റ്റ്മോർട്ടത്തിന് സൗകര്യം ഉണ്ടെങ്കിലും ഫ്രീസർ സൗകര്യമുള്ള

മോർച്ചറി ഇല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഫ്രീസർ സൗകര്യമുള്ള മോർച്ചറി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

മോർച്ചറിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനു വേണ്ടി നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ശിപാർശ 101 (ഖണ്ഡിക 151)

വേനൽക്കാലത്ത് ശുദ്ധജലക്ഷാമം വളരെയേറെയുള്ളതായി ആശുപത്രി അധികൃതരിൽ നിന്ന് അറിയാൻ കഴിഞ്ഞു. ആയതിനാൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ജലവിഭവ വകുപ്പിൽ നിന്നും ലഭിച്ച മറുപടി

ആശുപത്രി പോലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ജലലഭ്യത ഉറപ്പു വരുത്തുവാൻ മുൻഗണന നൽകാറുണ്ടെങ്കിലും പൈപ്പ് പൊട്ടൽ, വൈദ്യുതി വിതരണം ഇല്ലാതിരിക്കുക തുടങ്ങിയ സാഹചര്യങ്ങളിൽ ജലലഭ്യത തടസ്സപ്പെടാറുണ്ട്. ഇങ്ങനെ ജലവിതരണം മുടങ്ങുന്ന വേളയിൽ അവ പരിഹരിച്ച് ജലലഭ്യത പുനസ്ഥാപിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

## ശിപാർശ 102 (ഖണ്ഡിക 152)

## തൃപ്പൂണിത്തുറ താലൂക്കാശുപത്രി

1995-ൽ താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ട തൃപ്പൂണിത്തുറ ആശുപത്രിയിൽ 146 കിടക്കകളുണ്ട്. വേനൽക്കാലത്ത് ആശുപത്രിയിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നതായി ആശുപത്രി അധികൃതർ സമിതിയെ അറിയിച്ചു. ആശുപത്രിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ജലവിഭവ വകുപ്പിൽ നിന്നും ലഭിച്ച മറുപടി**

തൃപ്പൂണിത്തുറ ആശുപത്രിയിൽ വളരെക്കാലം മുമ്പു തന്നെ ഒരു വാട്ടർ കണക്ഷൻ നിലവിലുണ്ടായിരുന്നു. എന്നാൽ താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ടതിനു ശേഷം ശുദ്ധജലത്തിന്റെ ആവശ്യകത വർദ്ധിക്കുകയും പ്രത്യേകിച്ച് വേനൽക്കാലത്ത് ശുദ്ധജല ദൗർലഭ്യം വളരെയധികം അനുഭവപ്പെടുകയും ചെയ്യുന്നതായും ആശുപത്രി അധികൃതർ അറിയിച്ചതിനുശേഷം ത്വരിതഗതിയിൽ നടപടി സ്വീകരിച്ച് മേൽപ്പടി ആശുപത്രിയിൽ ഏപ്രിൽ 2010 -ഓടെ ഒരു പുതിയ കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.

**ശിപാർശ 103 (ഖണ്ഡിക 153)**

1905-ൽ സ്ഥാപിതമായ ആലുവ താലൂക്ക് ആശുപത്രി 6.75 ഏക്കർ സ്ഥലത്ത് 217 കിടക്കകളോടുകൂടി പ്രവർത്തിക്കുന്നു. നൂറ് വർഷം പഴക്കമുള്ള ആശുപത്രിക്ക് കെട്ടിട നിർമ്മാണത്തിനായി കൊച്ചിൻ റിഫൈനറീസ് 15 ലക്ഷം രൂപ സംഭാവനയായി അനുവദിച്ചിട്ടുണ്ടെന്ന് ഡി.എം.ഒ. സമിതിയെ അറിയിച്ചു. പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും സൗകര്യങ്ങളോടുകൂടിയ വാർഡുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സ്വീകരിച്ച നടപടി**

എൻ.ആർ.എച്ച്.എം. ജില്ലാ പഞ്ചായത്ത് എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് പഴയ കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി കഴിഞ്ഞു. പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും സൗകര്യങ്ങളോടു കൂടിയ വാർഡുകൾ നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

## ശിപാർശ 104 (ഖണ്ഡിക 154)

1957 മുതൽ താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചിരുന്ന കോതമംഗലം ആശുപത്രി ഇടക്കാലത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി മാറ്റുകയുണ്ടായി. 173 കിടക്കകളുള്ള ഈ ആശുപത്രിയിലെ ദിവസ ഒ.പി. 1017 ഉം ഐ.പി. 205 ഉം ആണ്. നേത്രവിഭാഗം, ദന്തവിഭാഗം, ശിശുരോഗ വിഭാഗം, ഗൈനക്കോളജി വിഭാഗം എന്നിവ പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ പുതുതായി മെഡിസിൻ, സർജറി, ഓർത്തോ, ഡെർമെറ്റോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കണമെന്ന ആവശ്യം നിലവിലുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിൽ സക്ഷൻ അപ്പാരറ്റസ്, ഇ.സി.ജി., സ്പോട്ട് ലൈറ്റ്, ആവശ്യമായ ശസ്ത്രക്രിയാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

4 കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരുടെ തസ്തിക അനുവദിച്ച് ആവശ്യമായ ഉപകരണങ്ങളോടുകൂടി കോതമംഗലം താലൂക്ക് ആശുപത്രിയിൽ അത്യാഹിതവിഭാഗം പ്രവർത്തിച്ച് തുടങ്ങി.

## തൃശ്ശൂർ ജില്ല

## ശിപാർശ 105 (ഖണ്ഡിക 156)

തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെങ്കിലും കാഷ്വാലിറ്റിയുടെ പ്രവർത്തനം നടക്കുന്നുണ്ട്. മൂന്ന് ഓപ്പറേഷൻ തിയേറ്ററുകൾ ഉള്ള ആശുപത്രിയിൽ ഐ.സി.യു. പ്രവർത്തിക്കുന്നില്ലെന്ന് സമിതിക്കറിയുവാൻ കഴിഞ്ഞു. ആയതിനാൽ ഐ.സി.യു. പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ മെഡിക്കൽ ഐ.സി.യു. സംവിധാനം

ആരംഭിക്കുകയും ഇപ്പോൾ പൂർണ്ണ സജ്ജീകരണങ്ങളോടു കൂടി പ്രവർത്തനം തുടരുകയും ചെയ്യുന്നു.

## ശിപാർശ 106 (ഖണ്ഡിക 157)

തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ അൾട്രാസൗണ്ട് സ്കാനർ ഉണ്ടെങ്കിലും സോണോളജിസ്റ്റ് ഇല്ലാത്തതിനാൽ സ്കാനർ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലെന്ന് ഡി.എം.ഒ. സമിതിയെ അറിയിച്ചു. ഈ സ്ഥിതി തുടരാൻ പാടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. ആശുപത്രികൾക്ക് ലഭിച്ചിട്ടുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ടെക്നീഷ്യന്മാരെ നിയമിക്കണമെന്നും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങളും അവ പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടെ സേവനവും അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

എൻ.ആർ.എച്ച്.എം.ന്റെ ഭാഗമായി അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് അൾട്രാസൗണ്ട് സ്കാനർ സംവിധാനം രോഗികൾക്ക് പ്രയോജനപ്പെടുത്തിവരുന്നു.

## ശിപാർശ 107 (ഖണ്ഡിക 160)

24 മണിക്കൂറും പ്രവർത്തിക്കുന്ന രക്ത ബാങ്കിൽ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ഫണ്ട് നൽകി നിയമിച്ചിട്ടുള്ള രണ്ട് ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 2 ടെക്നീഷ്യന്മാരുമാണുള്ളത്. ആയതിനാൽ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ ഫുൾടൈം ബ്ലഡ് ബാങ്ക് ഓഫീസറെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

എൻ.ആർ.എച്ച്.എം., എച്ച്.എം.സി. എന്നിവ വഴി ബ്ലഡ് ബാങ്ക് ടെക്നിഷ്യന്മാരെ നിയമിച്ചു. ബ്ലഡ് ബാങ്ക് 24 മണിക്കൂറും പ്രവർത്തിക്കുന്നു.

## ശിപാർശ 108 (ഖണ്ഡിക 162)

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ 144 കിടക്കകളാണുള്ളത്. ശരാശരി പ്രതിദിന ഒ.പി. 525 ഉം ഐ.പി. 135 ഉം ആണ്. വേണ്ടത്ര സ്ഥലസൗകര്യവും ആധുനിക ഉപകരണങ്ങളും ടെക്നീഷ്യന്മാരും ഇല്ലാത്തത് ആശുപത്രിയുടെ കാര്യക്ഷമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. അൾട്രാസൗണ്ട് സ്കാനർ, ഇ.സി.ജി. എന്നിവ ഉണ്ടെങ്കിലും പ്രവർത്തനരഹിതമാണെന്നും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതിനാൽ 300 കിടക്കകൾക്കുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും ഡി.എം.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ലാബ്, ഇ.സി.ജി., സ്കാനർ എന്നിവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ലാബ്, ഇ.സി.ജി. സ്കാൻ എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു.

## ശിപാർശ 109 (ഖണ്ഡിക 163)

ദേശീയ പാതയോട് ചേർന്ന് കിടക്കുന്നതിനാലും ആലുവായ്ക്കും തൃശ്ശൂരിനുമിടയിൽ ധാരാളം അപകടമേഖലകളുള്ളതിനാലും ആധുനിക സൗകര്യങ്ങളോടുകൂടിയ അത്യാഹിത വിഭാഗം ചാലക്കുടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കേണ്ടത് വളരെ ആവശ്യമാണ്. ഇപ്പോഴുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കാഷ്വാലിറ്റി പ്രവർത്തിക്കുന്നുണ്ടെങ്കിലും ആധുനിക സൗകര്യങ്ങളോടുകൂടിയ കാഷ്വാലിറ്റി ബ്ലോക്കിന് നൽകിയിട്ടുള്ള പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മെഡിസിൻ, ഇ.എൻ.ടി. എന്നീ വിഭാഗങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റിക്ക് വേണ്ടി പുതിയ കെട്ടിടം പണി തീർത്ത് പ്രവർത്തനം ആരംഭിച്ചു. മെഡിസിൻ, ഇ.എൻ.റ്റി. എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 110 (ഖണ്ഡിക 164)

നല്ല നിലയിൽ പ്രവർത്തിക്കുന്ന മേജർ ഓപ്പറേഷൻ തിയേറ്റർ ഉണ്ടെങ്കിലും ഐ.സി.യു. ഇല്ലെന്നും ബ്ലഡ് ബാങ്ക് സൗകര്യം തുടങ്ങാനുള്ള പ്രൊപ്പോസൽ അംഗീകരിച്ചെങ്കിലും ഇതിനുള്ള സജ്ജീകരണങ്ങൾ നടത്തി വരുന്നതേയുള്ളൂവെന്നും മോർച്ചറി കെട്ടിടം പണിയുന്നതിനുള്ള ഭരണാനുമതി ചാലക്കുടി മുൻസിപ്പാലിറ്റി നൽകിയെങ്കിലും പണി ആരംഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. എത്രയും പെട്ടെന്ന് ഐ.സി.യു. ആരംഭിക്കണമെന്നും ബ്ലഡ് ബാങ്ക്, മോർച്ചറി എന്നിവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ മോർച്ചറി കെട്ടിടത്തിന്റെ പണി പൂർത്തിയായി. ഇപ്പോൾ പോസ്റ്റുമോർട്ടം നടത്തുന്നത് പുതിയ കെട്ടിടത്തിലാണ്. ബ്ലഡ് സ്റ്റോറേജ് സെന്ററിനുള്ള എല്ലാവിധ ഉപകരണങ്ങളും ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ലഭ്യമായിട്ടുണ്ട്. മുനിസിപ്പാലിറ്റിക്ക് സിവിൽ വർക്കുകൾ പൂർത്തിയാക്കി നൽകുന്ന മുറയ്ക്ക് ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ശിപാർശ 111 (ഖണ്ഡിക 165)

ചാലക്കുടി താലൂക്ക് ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നുണ്ടെങ്കിലും നീതി മെഡിക്കൽ സ്റ്റോർ കൂടി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സഹകരണ വകുപ്പ് സ്വീകരിച്ച നടപടി**

ചാലക്കുടി താലൂക്ക് ആശുപത്രിയോട് ചേർന്ന് കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോർ നല്ല രീതിയിൽ പ്രവർത്തനം നടത്തി വരുന്നു. ചാവക്കാട് താലൂക്ക് ആശുപത്രിയോട് ചേർന്ന് കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോർ നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നു.

**ശിപാർശ 112 (ഖണ്ഡിക 166)**

തൃശ്ശൂർ ജില്ലയിലെ കടലോര പ്രദേശങ്ങളിലെ ജനങ്ങൾക്കും മലപ്പുറം ജില്ലയുടെ തെക്കൻ പ്രദേശത്തുള്ള ചെറുകിട കർഷകർക്കും മത്സ്യബന്ധനം നടത്തുന്നവർക്കും ആശ്രയമായ ചാവക്കാട് താലൂക്ക് ആശുപത്രിക്ക് 140 കിടക്കകളാണുള്ളത്. പ്രതിദിനം ശരാശരി ഒ.പി. 307-ഉം ഐ.പി. 100-ഉം ആണ്. 75 വർഷം പഴക്കമുള്ള ആശുപത്രിയുടെ പ്രധാന പ്രശ്നം സ്ഥല പരിമിതിയാണ്. ഡോക്ടർമാർക്കും രോഗികൾക്കും സൗകര്യപൂർവ്വം പെരുമാറുന്നതിനുള്ള സാഹചര്യം ഇല്ലാത്തതിനാൽ ശരിയായ രീതിയിൽ ഒ.പി. പരിശോധന നടത്തുന്നതിനും പരിശോധനയ്ക്കായി എത്തുന്ന രോഗികൾക്ക് കാത്തിരിക്കുന്നതിനും ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മൂന്ന് ടെക്നീഷ്യൻമാർ ജോലി ചെയ്യുന്ന ലബോറട്ടറി വളരെ ചെറിയ മുറിയിലാണ് പ്രവർത്തിച്ച് വരുന്നത്. പുതിയ കെട്ടിടങ്ങൾ പണി കഴിപ്പിച്ച നിലവിലുള്ള സ്ഥലപരിമിതിക്ക് പരിഹാരം കാണണമെന്നും രക്തബാങ്ക് സൗകര്യത്തോടു കൂടിയ ലബോറട്ടറി സജ്ജമാക്കണമെന്നും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള സ്ഥലസൗകര്യം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ആധുനിക സൗകര്യങ്ങളോടു കൂടിയ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ കിട്ടിയ ലബോറട്ടറി ചാവക്കാട് താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്നുണ്ട്. പുതിയ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് അനുവദിക്കുന്നതിനു വേണ്ടി കെ.എസ്.എ.സി.എസ്.നോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ശിപാർശ 113 (ഖണ്ഡിക 167)

രണ്ട് ഓപ്പറേഷൻ തിയേറ്ററുകളിൽ ഒരെണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. ഐ.സി.യു., കാഷ്വാലിറ്റി, മോർച്ചറി, മതിയായ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ തുടങ്ങിയവ ഒന്നും തന്നെ ചാവക്കാട് താലൂക്ക് ആശുപത്രിക്കില്ലെന്ന് ആശുപത്രിയിൽ നിന്നും ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ ഒരു താലൂക്ക് ആശുപത്രിക്ക് അവശ്യം വേണ്ട സൗകര്യങ്ങൾ എല്ലാം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

താലൂക്ക് ആശുപത്രിയിൽ 4 ഡോക്ടർമാരുള്ള കാഷ്വാലിറ്റി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ഓപ്പറേഷൻ തിയേറ്റർ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. മോർച്ചറി പ്രവർത്തിക്കുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടി ഇൻസിനറേറ്റർ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടി 2012-2013-ൽ 50,00,000/- (അൻപത് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ 114 (ഖണ്ഡിക 168)

വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയിൽ ഒ.പി., കാഷ്വാലിറ്റി, ഓഫീസ് എന്നിവ താൽക്കാലിക സംവിധാനത്തിൽ പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ആയതിനു ഭരണനവീകരണ പദ്ധതിയനുസരിച്ച് പുതിയ കെട്ടിടം നിർമ്മാണത്തിലിരിക്കുന്നു. ഇവിടത്തെ ശരാശരി ദിവസ ഒ.പി. 560-ഉം ഐ.പി. 84-ഉം ആണ്. 117 കിടക്കകളാണ് ആശുപത്രിക്കുള്ളത്. ലബോറട്ടറി, ബ്ലഡ് ബാങ്ക് സ്കാനർ എന്നിവ ഉണ്ടെങ്കിലും ലാബ് ടെക്നീഷൻ, ബ്ലഡ് ബാങ്ക് ടെക്നീഷൻ, റേഡിയോളജിസ്റ്റ് എന്നീ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ ഡോക്ടർമാരുടേതുൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തണമെന്നും മേജർ ഓപ്പറേഷൻ നടക്കുന്ന സുസജ്ജമായ ഓപ്പറേഷൻ തീയേറ്റർ ഉള്ള ആശുപത്രിയിൽ ഒരു ഐ.സി.യു ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ മുഴുവൻ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. ഐ.സി.യു. താമസിയാതെ ആരംഭിക്കുന്നതാണ്.

## ശിപാർശ 115 (ഖണ്ഡിക 169)

മരുന്നുകൾ ആവശ്യാനുസരണം ലഭിക്കുന്നതായും ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി മരുന്ന് നൽകുന്നതായും അധികൃതർ സമിതിയെ അറിയിച്ചു. ഒഫ്ഥാൽമിക് തീയേറ്ററിന്റെ മേൽക്കൂര ചോർന്നൊലിക്കുന്നതായി സമിതിക്ക് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ തീയേറ്ററിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഓപ്പറേഷൻ തീയേറ്ററിന്റെ അറ്റകുറ്റപ്പണികൾ നടത്തി കഴിഞ്ഞു.

## ശിപാർശ 116 (ഖണ്ഡിക 170)

തൃശ്ശൂർ ജില്ലയുടെ തെക്ക് പടിഞ്ഞാറ്, എറണാകുളം ജില്ലാതിർത്തിയിൽ തൃശ്ശൂർ, എറണാകുളം ജില്ലാ ആസ്ഥാനങ്ങളിൽ നിന്ന് 50 കി.മീ. അകലെയായി പ്രവർത്തിച്ച് വരുന്ന കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിക്ക് നൂറ്റാണ്ട് പഴക്കമുള്ള ജീർണ്ണാവസ്ഥയിലായ 22 ചെറിയ കെട്ടിടങ്ങളാണുള്ളത്. ശരാശരി ദിവസ ഒ.പി. 800-ഉം ഐ.പി. 210-ഉം രജിസ്റ്റർ ചെയ്യുന്ന ആശുപത്രിക്ക് അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 176 ആണെങ്കിലും 220-ന് മേൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതായി ആശുപത്രി സൂപ്രണ്ട് സമിതിയെ അറിയിച്ചു. ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ച് കഴിഞ്ഞതായി മനസ്സിലാക്കുന്ന സമിതി, കെട്ടിട നിർമ്മാണം എത്രയും വേഗം പൂർത്തീകരി- ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

സമിതി നിർദ്ദേശിച്ച കെട്ടിട നിർമ്മാണങ്ങൾ എല്ലാം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു.

**തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. അടുത്ത 6 മാസത്തിനകം ഫണ്ട് ലഭ്യമാക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട പഴയ കെട്ടിടങ്ങളൊന്നും നിലവിലില്ല എന്ന് അറിയിക്കുന്നു.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചതും നിലവിലെ പ്രവർത്തനം സംബന്ധിച്ചുമുള്ള വിവരം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ ഫയർ & ഇലക്ട്രിക്കൽ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. മദർ & ചൈൽഡ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

**ശിപാർശ 117 (ഖണ്ഡിക 171)**

പ്രത്യേക സൗകര്യമില്ലാത്തതിനാൽ ഒ.പി. വിഭാഗത്തിന്റെ ഒരു ഭാഗം അത്യാവശ്യ സൗകര്യങ്ങളോടു കൂടി കാഷ്വാലിറ്റിയായി പ്രവർത്തിക്കുന്നുണ്ട്. ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്ന് ലഭിക്കുന്ന മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടെന്നും നല്ല രീതിയിൽ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നുണ്ടെന്നും

അധികൃതർ സമിതിയെ അറിയിച്ചു. കാഷ്വാലിറ്റി വിപുലീകരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടി പ്രവർത്തിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും ജീവനക്കാരുടെ സേവനവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ കെട്ടിടത്തിൽ ആധുനിക സൗകര്യങ്ങളുള്ള കാഷ്വാലിറ്റി പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. ഇതിനോട് ചേർന്ന് ഒരു ട്രോമാകെയർ യൂണിറ്റ് തുടങ്ങുന്നതിനുള്ള കാര്യം എൻ.ആർ.എച്ച്.എം.-ന്റെ പരിഗണനയിലുണ്ട്.

## ശിപാർശ 118 (ഖണ്ഡിക 172)

എയ്ഡ്സ് പരിശോധനയ്ക്കും കൗൺസലിംഗിനും ആശുപത്രിയിൽ സൗകര്യമുണ്ട്. കാൻസർ ചികിത്സാസൗകര്യം ഇല്ലെങ്കിലും രോഗികൾക്ക് ആശ്വാസമായി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ലയൺസ് ക്ലബ് പേ വാർഡിൽ നിന്ന് ലഭിക്കുന്ന വാടകയുടെ 70% നിർദ്ധനരായ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനും 30% അറ്റകുറ്റപ്പണികൾക്കും ഉപയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും 50% തുക ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചാലേ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയൂ എന്ന് അധികൃതർ സമിതിയെ അറിയിച്ചു. ആയതിനാൽ പേ വാർഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുന്നതിന് കൂടുതൽ തുക വിനിയോഗിക്കാൻ അനുമതി നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ലയൺസ് ക്ലബിന്റെ പൂർണ്ണ സഹകരണത്തോടുകൂടി ഈ അനുപാതം 50:50 എന്ന തോതിൽ പുതുക്കി നിർണ്ണയിക്കുന്നതാണ്.

## ശിപാർശ 119 (ഖണ്ഡിക 173)

ശീതീകരിച്ച മോർച്ചറി നിർമ്മാണത്തിന് എം.പി.ഫണ്ടിൽ നിന്ന് 7.5 ലക്ഷം രൂപ അനുവദിച്ചതായി ആശുപത്രി രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ മോർച്ചറി നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

### സർക്കാർ സ്വീകരിച്ച നടപടി

മോർച്ചറി കെട്ടിട നിർമ്മാണം കഴിഞ്ഞു പ്രവർത്തനം ആരംഭിച്ചു.

## ശിപാർശ 120 (ഖണ്ഡിക 174)

തൃശ്ശൂർ ജില്ലയിലെ തീരദേശ പ്രദേശമായ കൊടുങ്ങല്ലൂർ ജനസാന്ദ്രത ഏറിയ താലൂക്കാണ്. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടാൻ ഏറെ സാദ്ധ്യതയുള്ള ഈ പ്രദേശത്ത് പകർച്ചവ്യാധി വ്യാപനം ദുസ്സഹമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ബോധവല്ക്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ആശുപത്രിയിൽ ആധുനിക സജ്ജീകരണങ്ങൾ ക്രമീകരിച്ച് ജീവനക്കാരുടെ സേവനം താമസംവിനാ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി അധികൃതരുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാലിന്യനിർമ്മാർജ്ജനത്തിന് തദ്ദേശസ്വയംഭരണ സംവിധാനം ഉപയുക്തമാക്കണമെന്നും കൊതുകുനിവാരണം കാര്യക്ഷമമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കിടക്കകളുടെ എണ്ണം 300 ആയി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

6 കോടി രൂപയുടെ ആശുപത്രി കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയാകുമ്പോൾ കിടക്കകളുടെ എണ്ണം 300 ആയി വർദ്ധിപ്പിക്കുന്നതാണ്.

## ശിപാർശ 121 (ഖണ്ഡിക 175)

വളരെ പഴക്കംച്ചെന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇരിങ്ങാലക്കുട ആശുപത്രിയിൽ 216 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. ശരാശരി പ്രതിദിന ഒ.പി, ഐ.പി 600, 170 എന്നിങ്ങനെയാണ്. എൻ.ആർ.എച്ച്.എം-ന്റെ 3 ഡോക്ടർമാരുടെ സേവനം ആശുപത്രിയിൽ ലഭ്യമാണ്. ഉച്ചയ്ക്ക് ഒരു മണിവരെ ലഭിക്കുന്ന ലബോറട്ടറി സൗകര്യം 24 മണിക്കൂറും ലഭ്യമാക്കണമെന്നും ലൈസൻസ് ലഭിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ബ്ലഡ് സ്റ്റോറേജ് സെന്റർ താമസം വിനാ പ്രവർത്തിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു

## സർക്കാർ സ്വീകരിച്ച നടപടി

ലബോറട്ടറി പ്രവർത്തനം രാവിലെ 8 മണിമുതൽ രാത്രി 8 മണി വരെ എൻ.ആർ.എച്ച്.എം, എച്ച്.എം.സി ജീവനക്കാരെ ഉപയോഗിച്ച് നടത്തുന്നുണ്ട്. സ്റ്റോറേജ് യൂണിറ്റിൽ ലാബ് ടെക്നീഷ്യൻമാർക്ക് ട്രെയിനിംഗ് നൽകി വരുന്നു. ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ശിപാർശ 122 (ഖണ്ഡിക 176)

ഇരിങ്ങാലക്കുട ആശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ഓപ്പറേഷൻ തീയേറ്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും തിയേറ്റർ സൗകര്യം മെച്ചപ്പെടുത്തണമെന്നും ഐ.സി.യു സ്ഥാപിക്കണമെന്നും മാലിന്യ നിർമ്മാർജ്ജന സംവിധാനം കുറ്റമറ്റതാക്കണമെന്നും പവർലോൺട്രി സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഓപ്പറേഷൻ തിയേറ്റർ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഐ.സി.യു പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബയോ മെഡിക്കൽ വേസ്റ്റ് ഇമേജ് വഴി സംസ്കരിക്കുന്നതുമാണ്. പവ്വർ ലോൺട്രി സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

## പാലക്കാട് ജില്ല

### ശിപാർശ 123 (ഖണ്ഡിക 178)

582 കിടക്കകളുള്ള പാലക്കാട് ജില്ലാ ആശുപത്രിയിലെ ശരാശരി പ്രതിദിന ഒ.പി 700, ഐ.പി 150 എന്നിങ്ങനെയാണ്. നിബന്ധനകൾക്ക് വിധേയമായി ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും പഞ്ചായത്ത് ഗ്രാൻറും, എച്ച്.ഡി.സി ഫണ്ടും ഉപയോഗിച്ച് ലോക്കൽ പർച്ചേസ് നടത്തിയും ലഭിക്കുന്ന മരുന്നുകൾ എല്ലാ വിഭാഗം ഒ.പിക്കും ബി.പി.എൽ വിഭാഗക്കാരായ ഐ.പിക്കും സൗജന്യമായി നൽകുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി (സഹകരണ വകുപ്പ്)

നീതി മെഡിക്കൽ സ്റ്റോർ പുതുതായി ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾ/കൺസ്യൂമർ ഫെഡറേഷൻ എന്നിവർ തീരുമാനം കൈക്കൊള്ളുന്ന അവസരത്തിൽ ആയവ ജില്ലാ/താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് ആരംഭിക്കുവാൻ സാദ്ധ്യമാകുമോയെന്ന് പരിശോധിക്കുന്നതിനും കഴിവതും അപ്രകാരം പുതിയ സ്റ്റോറുകൾ ആരംഭിക്കണമെന്നുമുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നുമുള്ള വിവരവും അറിയിക്കുന്നു. കമ്മിറ്റിയുടെ ശിപാർശയുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ചിറ്റൂർ താലൂക്ക് ആശുപത്രിയോട് ചേർന്ന് ചിറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് ഒരു നീതി മെഡിക്കൽ സ്റ്റോർ നടത്തിവരുന്നു. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് ഒറ്റപ്പാലം സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ നീതി മെഡിക്കൽ സ്റ്റോർ നടത്തി വരുന്നു. മണ്ണാർക്കാട് താലൂക്ക് ആശുപത്രിയുടെ 100 മീറ്റർ സമീപത്തായി മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ ഒരു നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിച്ച് വരുന്നു. ആലത്തൂർ താലൂക്ക്

ആശുപത്രിയിലും പാലക്കാട് ജില്ലാ ആശുപത്രിയിലും നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല.

## സമിതി ആരാഞ്ഞ അധിക വിവരം

പാലക്കാട് ജില്ലാ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കണമെന്ന സമിതിയുടെ ശിപാർശ നടപ്പിലാക്കി അടിയന്തരമായി വിവരം ലഭ്യമാക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒരു നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കണമെന്ന കമ്മിറ്റി നിർദ്ദേശം അനുസരിച്ച് പാലക്കാട് ജില്ലാ എക്സൈസ് എംപ്ലോയീസ് സഹകരണ സംഘത്തിന് അനുവദിച്ച നൽകിയ നീതി മെഡിക്കൽ സ്റ്റോർ പാലക്കാട് ജില്ലാ ആശുപത്രിയിൽ ആരംഭിക്കുന്നതിന് സംഘം സന്നദ്ധത പ്രകടിപ്പിക്കുകയും പ്രസ്തുത വിവരം ആശുപത്രി സൂപ്രണ്ടിനെ അറിയിക്കുകയും ചെയ്തു. ഇപ്പോൾ പാലക്കാട് ജില്ലാ ആശുപത്രിയിൽ ജില്ലാ കളക്ടർ ചെയർമാൻ ആയിട്ടുള്ള മെഡികെയേഴ്സിന്റെ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന 2 മെഡിക്കൽ സ്റ്റോർ ഉണ്ടെന്നും, ആശുപത്രികളിൽ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് ആശുപത്രി മാനേജ്മെന്റ് സമിതി മുഖേന ആയിരിക്കണമെന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാൽ പ്രസ്തുത നീതി സ്റ്റോർ ആരംഭിക്കാൻ ഉള്ള സംഘത്തിന്റെ അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ പാലക്കാട് ജില്ലാ എക്സൈസ് എംപ്ലോയീസ് സഹകരണ സംഘത്തിന് അനുവദിച്ചിട്ടുള്ള നീതി മെഡിക്കൽ സ്റ്റോർ, ജില്ലാ ആശുപത്രിക്ക് സമീപം പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കുന്നു.

## ശിപാർശ 124 (ഖണ്ഡിക 179)

രക്തബാങ്കുണ്ടെങ്കിലും രക്തത്തിലെ ഘടകങ്ങൾ വേർതിരിക്കുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ ഒരു ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലാ ആശുപത്രിയിൽ കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 125 (ഖണ്ഡിക 180)

ജൈവമാലിന്യങ്ങൾ ഇമേജ് വഴി നീക്കം ചെയ്യുന്നതായും പവർ ലോൺട്രി നിലവിലുള്ളതായും സമിതിക്കറിയാൻ കഴിഞ്ഞു. എന്നാൽ നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും സാനിട്ടറി സൗകര്യങ്ങളും പര്യാപ്തമല്ലെന്ന് ഡി.എം.ഒ അറിയിച്ചു. ആയതിനാൽ പാലക്കാട് ജില്ലാ ആശുപത്രിയിലെ സാനിട്ടറി സൗകര്യം, മാലിന്യ നിർമ്മാർജ്ജനം എന്നിവ കുറ്റമറ്റതാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആശുപത്രിയിലെ സാനിട്ടറി സൗകര്യം ഖരമാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ജൈവമാലിന്യങ്ങൾ "ഇമേജ് " വഴി നീക്കം ചെയ്യുന്നത് കൂടാതെ മലിനജല ട്രീറ്റ്മെന്റ് പ്ലാന്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

## ശിപാർശ 126 (ഖണ്ഡിക 181)

പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തണമെന്നും ട്രോമാകെയർ യൂണിറ്റിനുള്ള കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ട്രോമാകെയർ യൂണിറ്റിനായുള്ള കെട്ടിടം പണി പൂർത്തീകരിച്ചു. അത്യാഹിത വിഭാഗം ഈ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പൂർണ്ണതോതിലുള്ള ട്രോമാകെയർ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**ശിപാർശ 127 (ഖണ്ഡിക 182)**

ജില്ലാ ആശുപത്രിയിൽ എയ്ഡ്സ് രോഗികൾക്കായി ഐ.സി.ടി.സി സെന്റർ, പെയിൻ ആന്റ് പാലിയേറ്റീവ് സെന്റർ എന്നിവ പ്രവർത്തിച്ച് വരുന്നു. എന്നാൽ കൗൺസലിംഗ് സൗകര്യം ലഭ്യമല്ല. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള പ്ലേ തെറാപ്പി വിഭാഗത്തിൽ ചികിത്സയ്ക്കെത്തിയ കുട്ടികൾക്ക് അസുഖം ഭേദമായതായി സമിതിക്ക് മനസിലാക്കാൻ കഴിഞ്ഞു. ആയതിനാൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും പ്ലേ തെറാപ്പി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പ്ലേതെറാപ്പി വിഭാഗം പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്നതുപോലെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലും തലശ്ശേരി ജനറൽ ആശുപത്രിയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ശിപാർശ 128 (ഖണ്ഡിക 183)**

11-ാം ധനകാര്യ കമ്മീഷന്റെ പ്രത്യേക ഗ്രാന്റ് പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിൽ അനുവദിച്ച റീജിയണൽ ഡൈഗ്നോസ്റ്റിക് സെന്ററിന്റെ നടത്തിപ്പ് കെ.എച്ച്.ആർ.ഡബ്ല്യു. എസ് - നെ ഏൽപ്പിച്ചിട്ടുള്ളത് ആശുപത്രി വികസന സമിതിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ആർ.ഡി.സി. യുടെ നിയന്ത്രണം ആശുപത്രി വികസന സമിതിയിൽ നിക്ഷിപ്തമാണ്.

## ശിപാർശ 129 (ഖണ്ഡിക 184)

ചിറ്റൂർ, മണ്ണാർക്കാട്, ആലത്തൂർ, ഒറ്റപ്പാലം എന്നീ താലൂക്ക് ആശുപത്രികളാണ് ജില്ലയിലെ മറ്റ് പ്രധാന ആശുപത്രികൾ. 108 കിടക്കകളുള്ള ചിറ്റൂർ താലൂക്ക് ആശുപത്രിയിലെ ശരാശരി ദിവസ ഒ. പി 738 -ഉം ഐ.പി 35 -ഉം ആണ്. മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ പ്രതിദിന ശരാശരി ഒ.പി 600, ഐ.പി 120 എന്നിങ്ങനെയാണ്. കിടക്കകളുടെ എണ്ണം 123. 154 കിടക്കകളുള്ള ആലത്തൂർ താലൂക്ക് ആശുപത്രിയിലെ ഒരു ദിവസത്തെ ശരാശരി ഒ.പി 600, ഐ.പി 160 എന്നിങ്ങനെയാണ്. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ 157 കിടക്കകളാണുള്ളത്. ശരാശരി പ്രതിദിന ഒ.പി 700 -ഉം ഐ.പി 150 ഉം ആണ്. ഈ 4 താലൂക്ക് ആശുപത്രികളിലും പരിമിതമായ സൗകര്യങ്ങളിൽ ലാബ് ക്ലിനിക്കൽ പരിശോധനകൾ ലഭ്യമാണ്. ഈ ആശുപത്രികളിൽ ഓപ്പറേഷൻ തീയറ്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരാശുപത്രിയിലും ബ്ലഡ് ബാങ്കും ഐ.സി.യു. വും ഇല്ലെന്ന് മനസ്സിലാക്കുന്ന സമിതി താലൂക്ക് ആശുപത്രികളിൽ ബ്ലഡ് ബാങ്കും ഐ.സി.യു.വും അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് 3 ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങാൻ സാധിച്ചിട്ടില്ല.

## മലപ്പുറം ജില്ല

## ശിപാർശ 130, 131 (ഖണ്ഡിക 186)

മഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ ആശുപത്രിയിൽ 501 കിടക്കകളാണുള്ളത്. ഇവിടെ പ്രതിദിന ശരാശരി ഒ.പി, ഐ.പി 1650-ഉം, 111-ഉം ആണ്. 15 സ്പെഷ്യാലിറ്റികളുള്ള ആശുപത്രിയിൽ സ്കാനിംഗ്, എക്സ്റേ, ഇ.സി.ജി സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും വേണ്ടത്ര ടെക്നീഷ്യൻമാരില്ലാത്തതിനാൽ

പ്രവർത്തനം തൃപ്തികരമല്ലെന്നും കാഷ്വാലിറ്റി, ഓപ്പറേഷൻ തിയറ്റർ, ഐ.സി.യു എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഐ.സി.യു.വിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്നും അധികൃതരിൽ നിന്ന് സമിതിക്കറിയാൻ കഴിഞ്ഞു. ആയതിനാൽ ഒഴിവുള്ള ഡോക്ടർമാരുടെയും ടെക്നീഷ്യൻമാരുടെയും തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തണമെന്നും ഐ.സി.യു.വിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഒരു ദിവസം 150 -നുമേൽ രോഗികൾ കാഷ്വാലിറ്റിയിൽ എത്തുന്നുണ്ട്. ആകയാൽ കാഷ്വാലിറ്റിക്കായി അനുവദിച്ചിട്ടുള്ള തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

മഞ്ചേരി ജില്ലാ ആശുപത്രിയുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. അത്യാഹിത വിഭാഗത്തിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

**ശിപാർശ 132 (ഖണ്ഡിക 187)**

സ്കാനിംഗ്, ലബോറട്ടറി, എക്സ്റേ, ഇ.സി.ജി എന്നീ സൗകര്യങ്ങൾ ഇവിടെയുണ്ട്. എന്നാൽ ലാബ് ടെക്നീഷ്യൻമാരുടെയും റേഡിയോളജിസ്റ്റിന്റെയും കുറവുകാരണം രോഗികൾ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടി വരുന്നു. പവർ ലോൺട്രി, സാനിറ്ററി സൗകര്യങ്ങൾ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടി വരുന്നു. പവർ ലോൺട്രി, സാനിറ്ററി സൗകര്യങ്ങൾ തൃപ്തികരമാണെങ്കിലും ഡ്രെയിനേജ് സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി കരുതുന്നു. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക് നിലവിലുള്ള മഞ്ചേരി ജില്ലാ ആശുപത്രിക്ക് ബ്ലഡ് സെപ്പറേഷൻ യൂണിറ്റ് നിലവിലില്ല. ആകയാൽ ആവശ്യമായ ലാബ് ടെക്നീഷ്യൻമാരെയും റേഡിയോളഡിസ്റ്റിനെയും നിയമക്കണമെന്നും

ഡ്രെയിനേജ് സൗകര്യം മെച്ചപ്പെടുത്തണമെന്നും ബ്ലഡ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

മഞ്ചേരി താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സൗകര്യം നിലവിലുണ്ട്. എച്ച്.എം.സി. വഴി ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ബ്ലഡ് സെപ്പറേഷൻ യൂണിറ്റിന്റെ ഉപകരണങ്ങൾ എല്ലാം സ്ഥാപിക്കുകയും ഇലക്ട്രിസ്റ്റി കണക്ഷൻ അപ്ഗ്രേഡ് ചെയ്ത് താമസിയാതെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ശിപാർശ 133 (ഖണ്ഡിക 188)

പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ, നിലമ്പൂർ തിരൂരങ്ങാടി എന്നീ താലൂക്ക് ആശുപത്രികളാണ് ജില്ലയിലെ മറ്റ് പ്രധാന ആശുപത്രികൾ. എക്സ്റേ, ഇ.സി.ജി, മോർച്ചറി എന്നീ സൗകര്യങ്ങൾ എല്ലാ താലൂക്ക് ആശുപത്രികളിലുമുണ്ടെങ്കിലും ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ മാത്രമാണ്, കാഷ്വാലിറ്റി പ്രവർത്തിക്കുന്നത്. ആയതിനാൽ ജില്ലയിലെ മറ്റ് താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി, ബ്ലഡ് ബാങ്ക് എന്നിവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

തിരൂർ ജില്ലാ ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുകയും തിരൂരങ്ങാടി, പെരിന്തൽമണ്ണ എന്നീ താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. തിരൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ്ബാങ്ക്, പൊന്നാനി, പെരിന്തൽമണ്ണ, നിലമ്പൂർ എന്നിവിടങ്ങളിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് സ്ഥാപിക്കുന്നതാണ്.

## കോഴിക്കോട് ജില്ല

### ശിപാർശ 134 ( ഖണ്ഡിക 190)

550 കിടക്കകളുള്ള കോഴിക്കോട് ജനറൽ ആശുപത്രിയിലെ ശരാശരി ദിവസ ഒ.പി 1437-ഉം ഐ.പി 345-ഉം ആണ്. അൾട്രാസൗണ്ട് സ്കാനിംഗ്, ബ്ലഡ് ബാങ്ക്, ലാബ് എന്നീ സൗകര്യങ്ങൾ ഉണ്ടെങ്കിലും ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുമായി തുലനം ചെയ്യുമ്പോൾ അവ പര്യാപ്തമല്ലെന്ന ഡി.എം.ഒ. സമിതിയെ അറിയിച്ചു. ആയതിനാൽ ജനറൽ ആശുപത്രിക്ക് സുഗമമായി പ്രവർത്തിക്കാൻ ആവശ്യമായ ആധുനിക ഉപകരണങ്ങൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2010-2011, 2011-2012 വർഷങ്ങളിലെ പ്ലാനിൽ ഉൾപ്പെടുത്തി ആവശ്യത്തിനുള്ള ഉപകരണങ്ങൾ ആശുപത്രിക്ക് നൽകിയിട്ടുണ്ട്.

### ശിപാർശ 135(ഖണ്ഡിക 191)

കോഴിക്കോട് ജനറൽ ആശുപത്രിയിൽ സെൻട്രലൈസ്ഡ് ഓക്സിജൻ, സക്ഷൻ യൂണിറ്റ്, ഇ.സി.ജി. മോണിട്ടർ എന്നിവ അടിയന്തരമായി ലഭ്യമാക്കേണ്ടത് നിലവിലെ ഐ.സി.യു.വിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓപ്പറേഷൻ തീയറ്ററുകൾ, എയർകണ്ടീഷൻ ചെയ്ത് ആധുനികരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ഓപ്പറേഷൻ തീയേറ്റർ എയർകണ്ടീഷൻ ചെയ്ത് ആധുനീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. സെൻട്രലൈസ്ഡ് ഓക്സിജൻ ഒഴികെ എല്ലാ ആധുനിക സജ്ജീകരണങ്ങളും ഇപ്പോൾ ഓപ്പറേഷൻ തീയേറ്ററിൽ ലഭ്യമാണ്.

## ശിപാർശ 136 (ഖണ്ഡിക 192)

കോഴിക്കോട് ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി പ്രവർത്തിക്കുന്നുണ്ടെങ്കിലും നിലവിലെ സൗകര്യം പര്യാപ്തമല്ലെന്നും സ്ക്രച്ചർ ട്രോളികളും, വീൽചെയറുകളും കൂടുതലായി ആവശ്യമാണെന്നും ഡ്രസിങ്ങിനും സെപ്റ്റിക് ഒ.ടി.ക്കും പ്രത്യേക മുറികൾ ആവശ്യമാണെന്നും എമർജൻസി ഓപ്പറേഷൻ തീയറ്റർ അത്യാവശ്യമാണെന്നും ആശുപത്രി സൂപ്രണ്ട് സമിതിയെ ധരിപ്പിച്ചു. അതിനാൽ കാഷ്വാലിറ്റിക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യാക്കണമെന്നും കാഷ്വാലിറ്റിയോടനുബന്ധിച്ച് എമർജൻസി ഓപ്പറേഷൻ തീയറ്റർ സ്ഥാപിക്കണമെന്ന സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കാഷ്വാലിറ്റിക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാഷ്വാലിറ്റിയോട് ചേർന്ന് എമർജൻസി ഓപ്പറേഷൻ തീയറ്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

## ശിപാർശ 137 (ഖണ്ഡിക 193)

ആവശ്യാനുസരണം ലഭിക്കുന്ന മരുന്നുകൾ ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. മരുന്ന് സൂക്ഷിക്കുന്നതിനുള്ള സൗകര്യം ആശുപത്രിയിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ സംസ്ഥാന കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (സഹകരണ വകുപ്പ്)

ടി ശിപാർശയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന 9 സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ നീതി മെഡിക്കൽ സ്റ്റാളുകൾ ആരംഭിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

1. ചേളന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

2. നരിക്കുനി സർവ്വീസ് സഹകരണ ബാങ്ക്

3. കൊയിലാണ്ടി സർവ്വീസ് സഹകരണ ആശുപത്രി

4. ഇരിങ്ങന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

5. മേപ്പയൂർ സർവ്വീസ് സഹകരണ ബാങ്ക്

6. പുതിയങ്ങാടി സർവ്വീസ് സഹകരണ ബാങ്ക്

7. കോഴിക്കോട് വനിതാ സഹകരണ സംഘം

8. ഫറോക്ക് സഹകരണ സ്റ്റോർ

9. കോഴിക്കോട് ടൗൺ സർവ്വീസ് സഹകരണ ബാങ്ക്

കൂടാതെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി സ്റ്റോറുകൾ നിലവില്ലാത്ത പഞ്ചായത്തുകൾക്ക് പ്രാമുഖ്യം നൽകി, സഹകരണ സംഘങ്ങൾ/കൺസ്യൂമർ ഫെഡറേഷൻ എന്നീവയുടെ ആഭിമുഖ്യത്തിൽ നീതിമെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് സഹകരണ വകുപ്പും കൺസ്യൂമർ ഫെഡറേഷനും സംയുക്തമായി ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. പൊതുജനങ്ങൾക്ക് ആവശ്യമായ എല്ലാ ജീവൻ രക്ഷാ മരുന്നുകളും നീതി മെഡിക്കൽസ്റ്റോർ വഴി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ കൺസ്യൂമർ ഫെഡറേഷൻ നടപ്പിലാക്കി വരുന്നുണ്ട് സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ കൂടി സഹകരണത്തോടെ മരുന്നു വിലയുടെ ഏകീകരണം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് ജില്ലാ ഗവൺമെന്റ് ജനറൽ ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡറേഷന്റെ നീതി മെഡിക്കൽ സ്റ്റോർ ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

## ശിപാർശ 138 (ഖണ്ഡിക 194)

കോഴിക്കോട് ജനറൽ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

24 മണിക്കൂർ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം കെ.എസ്.എ.സി.എസ് -ൽ നിന്നും ലഭിച്ച ഉപകരണങ്ങൾ ഉപയോഗിച്ച് മെച്ചപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ 139 (ഖണ്ഡിക 195)

ആശുപത്രി മാലിന്യങ്ങൾ ഇമേജ് മുഖേന നീക്കം ചെയ്യുന്നുണ്ടെങ്കിലും മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിലുള്ള സംവിധാനം പര്യാപ്തമല്ലെന്ന് സമിതിക്കറിയാൻ കഴിഞ്ഞു. ആയതിനാൽ കുറ്റമറ്റരീതിയിൽ മാലിന്യം നീക്കം ചെയ്യുന്നതിന് നഗരസഭയുടെ സഹകരണം ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ബയോ മെഡിക്കൽ വേസ്റ്റ് ഇമേജ് വഴിയും മറ്റ് ഖര മാലിന്യങ്ങൾ നഗരസഭയുടെ സഹകരണത്തോടുകൂടിയും നല്ല രീതിയിൽ സംസ്കരിക്കുന്നുണ്ട്.

## ശിപാർശ 140 (ഖണ്ഡിക 196)

വളരെ തിരക്കേറിയ കോഴിക്കോട് ജനറൽ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് ഇന്ന് ലഭിക്കുന്ന സൗകര്യങ്ങൾ വളരെ പരിമിതമാണെന്ന് സമിതിക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കാഷ്വാലിറ്റിയും ഒ.പി.കളും കൃത്യമായി പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ആശുപത്രിയിൽ

ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആശുപത്രിയിൽ ഒഴിവു വരുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ കൃത്യസമയത്ത് തന്നെ സ്വീകരിച്ചു വരുന്നു. ഒരു മെഡിക്കൽ സ്പെഷ്യലിസ്റ്റ് (മെഡിസിൻ) ഡോക്ടറുടെ ഒഴിവു മാത്രമേ നിലവിലുള്ളു. ഫിസിഷ്യൻമാരുടെ അഭാവം ആണ് ഇതിന് കാരണം.

## ശിപാർശ 141 (ഖണ്ഡിക 198)

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ സൗകര്യങ്ങൾ കുറവും രോഗികൾ കൂടുതലുമാണ്. 159 കിടക്കകളുള്ള ഈ ആശുപത്രിയിൽ പ്രതിദിന ശരാശരി ഒ.പി. 1500-ഉം ഐ.പി.150-ഉം ആണ്. തിരക്കേറിയ ഈ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നില്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സ്റേ, ലാബ്, ട്രോമാകെയർ എന്നിവയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മോർച്ചറിയിൽ ശീതീകരണം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. എക്സ്റേ, ലാബ് എന്നിവ 8 മണി മുതൽ 6 മണിവരെ പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂർ കാഷ്വാലിറ്റി പ്രവർത്തിക്കുന്നുണ്ട്. ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ശീതീകരിച്ച മോർച്ചറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ 142 (ഖണ്ഡിക 199)

210 കിടക്കകളുള്ള വടകര താലൂക്ക് ആശുപത്രിയിൽ ദിനംപ്രതി ശരാശരി

900- ഒ.പിയും 220-ഐ.പിയും വരുന്നു. ഇവിടെ ഡോക്ടർമാരുടെ കുറവുള്ളതായി സമിതി മനസ്സിലാക്കുന്നു. വടകര, കൊയിലാണ്ടി എന്നീ താലൂക്ക് ആശുപത്രികളിൽ ധാരാളം അപകട കേസുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നതിനാൽ ട്രോമാകെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും അൾട്രാ സൗണ്ട് സ്കാനർ പ്രവർത്തിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

വടകര ജില്ലാ ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് ഇപ്പോൾ 12 മണിക്കൂർ പ്രവർത്തിക്കുന്നുണ്ട്. എച്ച്.എം.സി. മുഖേന ജീവനക്കാരെ നിയമിച്ച് ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കുന്നതാണ്.

## വയനാട് ജില്ല

### ശിപാർശ 143 (ഖണ്ഡിക – 202)

ഒരു മാസത്തിൽ ശരാശരി 100 സിസേറിയൻ നടക്കുന്ന വയനാട് ജില്ലാ ആശുപത്രിയിലെ മെറ്റേണിറ്റി വാർഡിൽ 32 കിടക്കകളാണുള്ളത്. ഈ വിഭാഗത്തിൽ ശരാശരി പ്രതിദിനം 100 പേരെ പ്രവേശിപ്പിക്കേണ്ടിവരുന്നതിനാൽ കുട്ടികൾക്കും സ്ത്രീകൾക്കും പ്രത്യേക ആശുപത്രി തുടങ്ങിയെങ്കിൽ മാത്രമേ മറ്റ് രോഗികൾക്ക് ശരിയായ ചികിൽസ ലഭ്യമാക്കാൻ കഴിയൂ എന്ന് സമിതിക്കറിയാൻ കഴിഞ്ഞു. ആയതിനാൽ സ്ഥലപരിമിതിയുള്ള ജില്ലാ ആശുപത്രിയിൽ പണി നടക്കുന്ന ട്രോമാകെയർ വാർഡും ഒ.പി. വാർഡും പണി പൂർത്തിയാക്കി ആവശ്യമായ സ്റ്റാഫിനെ നിയമിക്കണമെന്നും സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

ട്രോമാകെയർ വാർഡും, ഒ.പി. വാർഡും, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക ബ്ലോക്ക് നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ്. പ്ലാസ്റ്ററിംഗ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ നടന്നുവരുന്നു.

## ശിപാർശ 144 (ഖണ്ഡിക – 203)

വയനാട് ജില്ലാ ആശുപത്രിക്ക് സ്കാനർ ഉണ്ടെങ്കിലും റേഡിയോളജിസ്റ്റോ സോണോളജിസ്റ്റോ ഇല്ല. മൈക്രോബയോളജി ടെസ്റ്റ് ഒഴികെയുള്ള എല്ലാ ലബോറട്ടറി ടെസ്റ്റുകളും നടത്തുന്നുണ്ടെങ്കിലും ലാബിന്റെ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ അനുവദിച്ചിട്ടില്ല. ആയതിനാൽ ലബോറട്ടറി സൗകര്യം എല്ലാ രോഗികൾക്കും പൂർണ്ണമായി പ്രയോജനപ്പെടുന്നതിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അൾട്രാ സോണോളജിസ്റ്റ് സർവ്വീസിൽ ഇല്ലാത്തതിനാൽ പുറത്തുനിന്നുള്ള ഡോക്ടർ വന്ന് അൾട്രാസൗണ്ട് നടത്തിവരുന്നു.

## ശിപാർശ 145 (ഖണ്ഡിക – 204)

ആദിവാസി മേഖലയിലെ ജില്ലാ ആശുപത്രിയായ മാനന്തവാടി ആശുപത്രിക്ക് ആംബുലൻസ് സൗകര്യം വർദ്ധിപ്പിക്കണമെന്നും മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കണമെന്നും കാഷ്വാലിറ്റി, ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

120 കിടക്കകളുള്ള പുതിയ സർജിക്കൽ ബ്ലോക്കിന്റെ പണി അവസാനഘട്ടത്തിലാണ്. ഇതിൽ ആധുനിക ഓപ്പറേഷൻ തിയേറ്റർ സംവിധാനം ഏർപ്പെടുത്തുന്നതാണ്. 4 ഡോക്ടർമാരുള്ള കാഷ്വാലിറ്റി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും ആംബുലൻസ് സർവ്വീസ് ലഭ്യമാണ്. ഈ

ആശുപത്രിയോട് ചേർന്ന് രണ്ട് മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**ശിപാർശ 146 (ഖണ്ഡിക – 206)**

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തിക്കുന്നുണ്ടെങ്കിലും കാൻസർ ചികിൽസാ സൗകര്യം മാനന്തവാടി ആശുപത്രിയിൽ നിലവിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കാൻസർ ചികിൽസ സൗകര്യം കൂടി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ വിഹിതത്തിൽ ഉൾപ്പെടുത്തി ജില്ലാ ആശുപത്രിയോടു ചേർന്ന് ക്യാൻസർ ഡിറ്റക്ഷൻ ക്ലിനിക്ക് ആരംഭിക്കുന്നതാണ്.

**ശിപാർശ 147 (ഖണ്ഡിക – 207)**

പ്രതിദിന ഒ.പി. 400-ഉം ഐ.പി. 140-ഉം ഉള്ള ബത്തേരി താലൂക്ക് ആശുപത്രിയിൽ 57 കിടക്കകളാണുള്ളത്. ലബോറട്ടറി, ബ്ലഡ് ബാങ്ക്, ഓപ്പറേഷൻ തിയേറ്റർ എന്നീ സൗകര്യങ്ങളുള്ള ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും അതിനാവശ്യമായ കെട്ടിടനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3 നിലകളുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. ഒന്നാം നിലയുടെ പണി പൂർത്തിയായി വരുന്നു. ആശുപത്രികെട്ടിടത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്.

## ശിപാർശ 148 (ഖണ്ഡിക – 208)

ബത്തേരി ആശുപത്രിയിലെ ഡ്രെയിനേജ്, ലോൺട്രി സൗകര്യങ്ങൾ കുറ്റമറ്റതാക്കണമെന്നും സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ലോൺട്രി മെഷീൻ വാങ്ങുന്നതിനുള്ള തുക ജില്ലാ പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജീവനക്കാർക്കും സ്റ്റാഫ് ക്വാർട്ടേഴ്സ്, ഫാമിലി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആശുപത്രി മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് താൽക്കാലികമായി ഡ്രെയിനേജ് സൗകര്യം ലോൺട്രി സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ 149 (ഖണ്ഡിക – 209)

ബത്തേരി താലൂക്ക് ആശുപത്രിയിൽ ആശുപത്രി വേസ്റ്റ് സംസ്കരിക്കുന്നതിന് ആധുനിക രീതിയിലുള്ള യന്ത്ര സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ബയോ മെഡിക്കൽ വേസ്റ്റ് "ഇമേജ്" വഴിയും ഖരമാലിന്യങ്ങൾ പഞ്ചായത്ത് വഴിയും സംസ്കരിക്കുന്നുണ്ട്. ആശുപത്രിയിൽ മാലിന്യ നിർമ്മാർജ്ജനം ഇപ്പോൾ നല്ല രീതിയിൽ നടന്നുവരുന്നു.

# കണ്ണൂർ ജില്ല

## ശിപാർശ 150 (ഖണ്ഡിക – 212)

കണ്ണൂർ ജില്ലാ ആശുപത്രിയിൽ 13 സ്പെഷ്യാലിറ്റികളും മൂന്ന് ഓപ്പറേഷൻ തീയേറ്ററുകളും ലബോറട്ടറിയും ഉണ്ടെങ്കിലും ആവശ്യമായ ജീവനക്കാരുടെ

അഭാവംമൂലം ഓപ്പറേഷൻ തിയേറ്ററിന്റെയും ലാബിന്റേയും പ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എത്രയും വേഗം ആവശ്യാനുസരണം ജീവനക്കാരെ നിയമിച്ച് ഇവയുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓപ്പറേഷൻ തിയേറ്ററിന് ആവശ്യമുള്ള ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.

## ശിപാർശ 151 (ഖണ്ഡിക 213)

കണ്ണൂർ ജില്ലാ ആശുപത്രിയിലെ കാഷ്വാലിറ്റി, പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്ക്, എയ്ഡ്സ് രോഗികൾക്കായുള്ള കൗൺസിലിംഗ് സെന്റർ എന്നിവ തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നു. എന്നാൽ ജില്ലാ മെഡിക്കൽസ്റ്റോർ വഴി ലഭിക്കുന്ന മരുന്നുകൾ സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനത്തിലും ബ്ലഡ് ബാങ്കിന്റെ പ്രവർത്തനത്തിലും പൊതുമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലും ഡ്രെയിനേജ് സാനിട്ടറി പ്രവർത്തനത്തിലും അപര്യാപ്തതകളുണ്ടെന്ന് സമിതിക്ക് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ആകയാൽ ഇവ മെച്ചപ്പെടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

മെഡിക്കൽ സ്റ്റോർ നവീകരിച്ച് മരുന്നുകൾ സൂക്ഷിക്കുന്നു. ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനും പ്രവർത്തനം തുടങ്ങികഴിഞ്ഞു. ആശുപത്രിയിലെ മാലിന്യങ്ങൾ 'ഇമേജ് ' വഴിയും നഗരസഭ വഴിയും സംസ്കരിക്കുന്നു. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ 152 (ഖണ്ഡിക 214)

കണ്ണൂർ ജില്ലാ ആശുപത്രി നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം സ്ഥലപരിമിതിയാണെന്ന് സമിതി വിലയിരുത്തുന്നു. കേന്ദ്ര ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ആശുപത്രി പരിസരത്തുള്ള 1.83 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി

സ്വീകരിക്കണമെന്ന് 2004-06 സമിതിയുടെ 10-ാമത് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആശുപത്രിക്ക് സ്ഥലം ലഭിച്ചില്ലെന്ന് അറിയാൻ കഴിഞ്ഞു. ആയതിനാൽ ആശുപത്രിക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

രാജ്യരക്ഷാ വകുപ്പിൽ നിന്നും സ്ഥലം ലഭിക്കുന്നതിനായി നടപടി സ്വീകരിച്ചെങ്കിലും ഉത്തരവുകൾ ഒന്നും ലഭിച്ചില്ല.

## ശിപാർശ 153 (ഖണ്ഡിക 215)

541 കിടക്കകളുള്ള തലശ്ശേരി ജനറൽ ആശുപത്രിയിലെ ശരാശരി ദിവസത്തെ ഒ.പി. 1000-ഉം ഐ.പി. 150-ഉം ആണ്. ഐ.സി.യു., കാഷ്വാലിറ്റി, ബ്ലഡ് ബാങ്ക്, ലാബ്, സ്കാനർ തുടങ്ങിയ സൗകര്യങ്ങളുള്ള ഈ ആശുപത്രിയിലേയും പ്രധാന പ്രശ്നം സ്ഥലപരിമിതിയും ഒഴിഞ്ഞു കിടക്കുന്ന ഡോക്ടർമാരുടെ തസ്തിക നികത്താത്തതുമാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയിൽ ദിനംപ്രതി 100-ൽപ്പരം രോഗികൾ എത്തുന്നുണ്ട്. ആവശ്യമായ ഡോക്ടർമാരുടെ അഭാവം മൂലം കാഷ്വാലിറ്റിയുടെ പ്രവർത്തനത്തിൽ വൈഷമ്യങ്ങൾ നേരിടാറുണ്ടെന്നും ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കാലപ്പഴക്കം ചെന്ന ആമ്പുലൻസ് ഇടയ്ക്കിടെ പ്രവർത്തന രഹിതമാകാറുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ കാഷ്വാലിറ്റിയുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനും പുതിയ ആമ്പുലൻസ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

തലശ്ശേരി ജനറൽ ആശുപത്രിയിൽ 4 ഡോക്ടർമാരെ നിയമിച്ച കാഷ്വാലിറ്റി പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു. പുതിയ ആംബുലൻസ് അനുവദിച്ച് പ്രവർത്തനം തുടങ്ങി.

## ശിപാർശ 154(ഖണ്ഡിക 216)

സ്പെഷ്യാലിറ്റികൾ മിക്കതും പ്രവർത്തിക്കുന്ന തലശ്ശേരി ജനറൽ ആശുപത്രിയിലെ ഐ.സി.യു.വിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള

യന്ത്രസാമഗ്രികൾ ആധുനീകരിക്കുന്നതിനും വെന്റിലേറ്റർ, മോണിറ്റർ, സെഫിബ്രിലേറ്റർ എന്നിവയുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഐ.സി.യു.വിന്റെ പ്രവർത്തനം സുഗമമായി നടന്നുവരുന്നു.

### ശിപാർശ 155 (ഖണ്ഡിക 217)

തലശ്ശേരി ജനറൽ ആശുപത്രിയിൽ രാവിലെ 8.00 മണിമുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ പ്രവർത്തിക്കുന്ന ലാബിൽ ദിവസവും നൂറോളം പരിശോധനകൾ നടത്തുന്നുണ്ടെങ്കിലും ആധുനിക യന്ത്രസാമഗ്രികളുടെ അപര്യാപ്തത ലാബിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസമാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ലബോറട്ടറി പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ലബോറട്ടറിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

### ശിപാർശ 156(ഖണ്ഡിക 218)

നല്ല രീതിയിൽ പ്രവർത്തിക്കുന്ന രക്ത ബാങ്കുള്ള ജനറൽ ആശുപത്രിക്ക് ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമിതിമൂലം പ്രവർത്തനക്ഷമമല്ലെന്ന് സമിതിക്ക് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ച് തുടങ്ങി.

### ശിപാർശ 157 (ഖണ്ഡിക 219)

രണ്ട് കിണറുകളിൽ നിന്നും കേരളാ വാട്ടർ അതോറിറ്റി മുഖേനയും ശുദ്ധജലം

ലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലത്ത് കിണറുകൾ വറ്റുന്നതിനാൽ ശുദ്ധജലക്ഷാമം നേരിടുന്നതായി തലശ്ശേരി ജനറൽ ആശുപത്രി രേഖകളിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (ജലവിഭവ വകുപ്പ്)

തലശ്ശേരി ജനറൽ ആശുപത്രിയിൽ കേരളാ വാട്ടർ അതോറിറ്റിയുടെ 3 വാട്ടർ കണക്ഷൻ ഉണ്ട്. 9.2009-ൽ സുനാമിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചതിനു ശേഷം ഇവിടെ ശുദ്ധജലക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

## ശിപാർശ 158 (ഖണ്ഡിക 220)

തലശ്ശേരി ജനറൽ ആശുപത്രിയിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനം, ഡ്രെയിനേജ് സൗകര്യം എന്നിവ അപര്യാപ്തമായതിനാൽ ആശുപത്രിയുടെ ശുചിത്വത്തെ ബാധിക്കുകയും തൻമൂലം സാംക്രമിക രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യത കൂടുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ഡ്രെയിനേജ് സംവിധാനവും മാലിന്യ നിർമ്മാർജ്ജനവും കുറ്റമറ്റതാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (പരിസ്ഥിതി വകുപ്പ്)

തലശ്ശേരി ജനറൽ ആശുപത്രിയിൽ നിന്നുള്ള ബയോമെഡിക്കൽ വേസ്റ്റ് ഇമേജ് വഴി നിർമ്മാർജ്ജനം ചെയ്യുന്നു. സ്വീവേജ് സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം വഴി നിർമ്മാർജ്ജനം ചെയ്യുന്നു. ആശുപത്രിയിൽ നിന്നുള്ള മറ്റ് മലിനജലം (sullage) അറബിക്കടലിലേക്ക് ഒഴുക്കുന്നു. മലിനജല സംസ്കരണത്തിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം ഇതുവരെ ആശുപത്രി അധികൃതർ പാലിച്ചിട്ടില്ല. ആശുപത്രിയിൽ നിന്നുള്ള ജനറൽ വേസ്റ്റ് (ഖരമാലിന്യങ്ങൾ) നിർമ്മാർജ്ജനം ചെയ്യാനും അധികൃതർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇവ

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നിർമ്മാർജ്ജനം ചെയ്യണമെന്ന ബോർഡ് നിർദ്ദേശവും പാലിച്ചിട്ടില്ല.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

തലശ്ശേരി ജനറൽ ആശുപത്രിയിലെ മലിനജലം അറബിക്കടലിലേക്ക് ഒഴുക്കുന്ന നടപടി അതീവ ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത നടപടിയിന്മേലും ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ചുമുള്ള വിശദീകരണം ലഭ്യമാക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

ആശുപത്രിയിൽ നിന്നുള്ള സ്വീവേജ് സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം വഴിയാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. ആശുപത്രിയിൽ നിന്നുള്ള മറ്റു മലിനജലം അതായത് sullage (ബാത്ത് റൂമുകളിൽ നിന്നും മറ്റുമുള്ള മലിനജലം) മാത്രമാണ് അറബിക്കടലിലേക്ക് ഒഴുക്കുന്നത്. മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് കണ്ണൂർ ജില്ലാ ഓഫീസിൽ നിന്നും നിർദ്ദേശങ്ങൾ ആശുപത്രി സൂപ്രണ്ടിനു നൽകിയിരുന്നു. എന്നാൽ ദേശീയ സ്മാരകമായ തലശ്ശേരികോട്ട ആശുപത്രിയുടെ വളരെ സമീപത്താണെന്നും (ഏകദേശം 100 മീറ്ററിനുള്ളിൽ) ടി പ്രദേശം ഇൻഡ്യൻ ആർക്കിയോളജിക്കൽ സർവ്വേയുടെ കീഴിലാണെന്നും ആയതിനാൽ പുതിയ നിർമ്മാർണ പ്രവർത്തനങ്ങൾ തലശ്ശേരികോട്ടയുടെ 100 മീറ്റർ ചുറ്റളവിൽ അനുവദനീയമല്ലായെന്നും ആശുപത്രി അധികൃതർ അറിയിച്ചു. അണുവിമുക്തമാക്കിയ sullage കടലിലേക്ക് ഒഴുക്കുന്നതിൽ അപാകത കാണുന്നില്ല എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തലശ്ശേരി ജനറൽ ആശുപത്രി അധികൃതർ 04.01.2016-ലെ കത്തു മുഖേന ആശുപത്രിക്ക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ

അനുവദിച്ച് ഭരണാനുമതി 23.03.2013-ൽ ലഭിച്ചെന്നും എന്നാൽ സാമ്പത്തിക വർഷാവസാനമായതിനാൽ ടി തുക ഉപയോഗയോഗ്യമാക്കുന്നതിനു വേണ്ടി NRHM ഫണ്ടിലേക്ക് 30.03.2013-ൽ അയച്ചു കൊടുത്തിട്ടുണ്ട് എന്ന വിവരം അറിയിച്ചു. PWD അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ ടി വിഷയത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരും തന്നെ ടെൻണ്ടർ സമർപ്പിച്ചിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ശിപാർശ 159 (ഖണ്ഡിക 221)

കാലപ്പഴക്കത്താൽ ചോർന്നൊലിക്കുന്ന ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് ചെയ്യാത്തത് തലശ്ശേരി ജനറൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് തടസം സൃഷ്ടിക്കുന്നതായും പുരാവസ്തു സംരക്ഷണ വകുപ്പിന്റെ നിരോധനം മൂലം പുതിയ കെട്ടിട നിർമ്മാണം അസാദ്ധ്യമാണെന്നും ഡി.എം.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലപരിമിതിയുള്ള ഈ ആശുപത്രിക്കനുബന്ധമായി സ്ത്രീകളുടെയും കുട്ടികളുടെയും ഒരാശുപത്രി ആരംഭിച്ച് പ്രശ്നത്തിന് പരിഹാരം കാണണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

മങ്ങാട്ടുപറമ്പിൽ സ്ത്രീകളുടെയും, കുട്ടികളുടേയും മാത്രമുള്ള ആശുപത്രി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

## ശിപാർശ 160 (ഖണ്ഡിക 222)

തളിപ്പറമ്പ താലൂക്ക് ആശുപത്രിയെ പ്രധാനമായി ആശ്രയിക്കുന്നത് മലയോര മേഖലയിലെ ജനങ്ങളാണ്. ശരാശരി പ്രതിദിന ഒ.പി. 600 വരുന്ന ആശുപത്രിയിൽ എട്ട് വാർഡുകളിലായി 159 കിടക്കകളാണുള്ളത്. വളരെയധികം രോഗികൾ അഡ്മിറ്റ് ആകുന്ന ആശുപത്രിയിൽ 159 കിടക്കകൾ

അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. 250 കിടക്കകൾക്ക് വേണ്ടി ആശുപത്രി അധികൃതർ നൽകിയിട്ടുള്ള പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെയുള്ള പുതിയ കെട്ടിടത്തിന്റെ പണി അവസാന ഘട്ടത്തിലാണ്. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പണികൾ നടന്നു വരുന്നു.

## ശിപാർശ 161 (ഖണ്ഡിക 223)

എക്സ്റേ, ലാബ്, സ്കാനിംഗ് സൗകര്യങ്ങൾ ലഭ്യമാണെങ്കിലും തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി ഇല്ലെന്നും ആയതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അധികൃതരിൽ നിന്നറിഞ്ഞ സമിതി കാഷ്വാലിറ്റിക്ക് വേണ്ടി നൽകിയിട്ടുള്ള പ്രൊപ്പോസൽ പരിഗണിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന ആരോഗ്യ വകുപ്പിൽ പുതുതായി 210 ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ടി തസ്തികകൾ ആശുപത്രി അടിസ്ഥാനത്തിൽ വിന്യസിക്കുമ്പോൾ 4 കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരെ നിയമിക്കുന്നതാണ്.

## ശിപാർശ 162 (ഖണ്ഡിക 224)

തളിപ്പറമ്പ് താലൂക്ക് ആശുപത്രി കെട്ടിടം വളരെ പഴക്കം ചെന്നതിനാൽ പുതിയ കെട്ടിടം നിർമ്മിച്ച് സ്ഥലപരിമിതിയ്ക്ക് പരിഹാരം ഉണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സ്വീകരിച്ച നടപടി

എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആശുപത്രി കെട്ടിടത്തിൽ

അറ്റകുറ്റപ്പണികൾ നടന്നു വരുന്നു. ക്വാർട്ടേഴ്സിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

## തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

2016 ൽ ജൂണിൽ നിർമ്മാണം ആരംഭിച്ച ഒ.പി. ബ്ലോക്ക് പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എക്സ്റേ ബ്ലോക്ക് നവീകരിച്ചിട്ടുണ്ട്. ആശുപത്രി കാന്റീൻ നവീകരണ പ്രവൃത്തി നടന്നു വരുന്നു. മെറ്റേർണിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. നഗരസഭയുടെ ഫണ്ട് പരമാവധി പ്രയോജനപ്പെടുത്തി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നു. എങ്കിലും 5 നിലകളുള്ള ഒരു ബഹുനില കെട്ടിടം നിർമ്മിച്ചാൽ മാത്രമേ താലൂക്ക് ആശുപത്രിയുടെ സൗകര്യം മെച്ചപ്പെടുകയുള്ളൂ. ആശുപത്രിയുടെ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുമുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ശിപാർശ 163 (ഖണ്ഡിക 227)

## കാസർഗോഡ് ജില്ല

കാസറഗോഡ് ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് ടൗണിൽ നിന്ന് മൂന്ന് കിലോമീറ്റർ അകലെയുള്ള തോയമ്മൽ എന്ന സ്ഥലത്തേക്ക് മാറ്റിയെങ്കിലും ആവശ്യമായ ബസ് സർവ്വീസ് ഇല്ലാത്തതിനാൽ യാത്രാ ബുദ്ധിമുട്ടുകൾ കാരണം വളരെ കുറച്ച് രോഗികളെ ഇവിടെ വരാറുള്ളുവെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചു. രോഗികൾ കുറവായതിനാൽ ഒ.പി. സമയം കഴിയുന്നതോടുകൂടി ആശുപത്രിയിലെ തിക്കും തീരുകയാണ്. രോഗികളുടെ യാത്രാ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ആവശ്യമായ ബസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (ഗതാഗത വകുപ്പ്)

നിലവിൽ കാസർഗോഡ് കെ.എസ്.ആർ.ടി.സി. യൂണിറ്റിൽ നിന്നും രണ്ട് സർവ്വീസുകളുടെ മൂന്ന് ട്രിപ്പുകൾ ജില്ലാ ആശുപത്രി സ്ഥിതി ചെയ്യുന്ന തോയമ്മൽ വഴി സർവ്വീസ് നടത്തുന്നുണ്ട്. അതിൽ ഒരു ട്രിപ്പ് ആശുപത്രിയിൽ വരുന്ന രോഗികളുടെ സൗകര്യാർത്ഥം രാവിലെ 7.05 നാണ് കാസർഗോഡ് നിന്നും പ്രസ്തുത ആശുപത്രി വഴി സർവ്വീസ് നടത്തുന്നത്. എന്നാൽ ടി ട്രിപ്പുകൾ എല്ലാം തന്നെ ആവശ്യത്തിന് യാത്രക്കാരെ ലഭിക്കാത്തതിനാൽ നഷ്ടത്തിലാണ് സർവ്വീസ് നടത്തി വരുന്നത്. കൂടാതെ സ്വകാര്യ ബസ്സുകളുടെ അനവധി ട്രിപ്പുകൾ ജില്ലാ ആശുപത്രി സ്ഥിതി ചെയ്യുന്ന തോയമ്മൽ എന്ന സ്ഥലത്തു കൂടി നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. നിർമ്മാണം പൂർത്തിയായി-ക്കൊണ്ടിരിക്കുന്ന കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ജില്ലാ ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും 500 മീറ്റർ മാത്രം അകലെയാണ്.

കാഞ്ഞങ്ങാട് സബ് ഡിപ്പോ പ്രവർത്തനക്ഷമമാകുന്നതോടെ അവിടെ നിന്നും ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ മുഴുവൻ സർവ്വീസുകളും ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ടാണ് സർവ്വീസ് നടത്തുകയെന്നും അതോടുകൂടി മേൽ പ്രദേശത്തെ യാത്രാക്ലേശം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുമെന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

## ശിപാർശ 164 (ഖണ്ഡിക 228)

തോയമ്മൽ എന്ന സ്ഥലത്തേയ്ക്ക് ആശുപത്രി മാറ്റിയപ്പോൾ എക്സ്റേ യൂണിറ്റ്, ക്ലിനിക്കൽ ലാബ്, ബ്ലഡ് ബാങ്ക് എന്നിവ മാറ്റിയിട്ടില്ലെന്ന് മനസ്സിലാക്കുന്നു. പുതിയ കെട്ടിടം പണിത് വർഷങ്ങളായിട്ടും സമയത്ത് വൈദ്യുതീകരണം പൂർത്തിയാക്കി പുതിയ ആശുപത്രി പ്രവർത്തനം

തുടങ്ങുന്നതിനോടൊപ്പം ലാബും ബ്ലഡ് ബാങ്കും പ്രവർത്തന സജ്ജമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണം അടിയന്തരമായി പൂർത്തീകരിച്ച് എക്സ്റേ യൂണിറ്റ്, ബ്ലഡ് ബാങ്ക്, ക്ലിനിക്കൽ ലാബ് എന്നീ വിഭാഗങ്ങൾ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

എക്സ്റേ യൂണിറ്റും, ബ്ലഡ് ബാങ്കും പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

കാസർകോഡ് ജില്ലാ ആശുപത്രി തോയമ്മൽ എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചതോടൊപ്പം ക്ലിനിക്കൽ ലാബും പുതിയ കിെടത്തിൽ സജ്ജമാക്കിയോ എന്നതു സംബന്ധിച്ച് വകുപ്പിനോട് ആരായുവാൻ സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പുതിയ കെട്ടിടത്തിൽ തന്നെയാണ് ക്ലിനിക്കൽ ലാബ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

## ശിപാർശ 165 (ഖണ്ഡിക 229)

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സ്കാനിംഗ് സൗകര്യം ഇല്ലെന്നും നിലവിലുള്ള ലാബ് സൗകര്യം പരിമിതമാണെന്നും, ഉള്ള 4 ടെക്നീഷ്യന്മാരിൽ 2 പേർ ബ്ലഡ് ബാങ്കിൽ പ്രവർത്തിക്കുന്നതായും ട്രെയിനിംഗ് ലഭിച്ച നേഴ്സുമാർ ഇല്ലാത്തതിനാൽ ഐ.സി.യു. പ്രവർത്തിക്കുന്നില്ലെന്നും മനസ്സിലാക്കിയ സമിതി അധികമുള്ള സ്റ്റാഫിന് ട്രെയിനിംഗ് നൽകി ഐ.സി.യു. പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഇപ്പോൾ ഐ.സി. യൂണിറ്റ് പ്രവർത്തിച്ച വരുന്നു.

**ശിപാർശ 166 (ഖണ്ഡിക 230)**

നല്ല ഓപ്പറേഷൻ തിയേറ്റർ ഉള്ള പഴയ ആശുപത്രി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയാക്കുന്നതിനുള്ള പ്രോജക്ട് അംഗീകരിച്ചതായി സമിതിക്ക് അറിയാൻ കഴിഞ്ഞു. ആയതിനാൽ ജില്ലാ ആശുപത്രി പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി എത്രയും വേഗം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

കാസർഗോഡ് ജില്ലാ ആശുപത്രി പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടത്തിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്. 2013-14 സാമ്പത്തിക വർഷത്തിലെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 200 കിടക്കകളുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുടങ്ങുവാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

**ശിപാർശ 167 (ഖണ്ഡിക 231)**

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവ് കാഷ്വാലിറ്റിയുടെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ അത്യാവശ്യ സർവ്വീസായ കാഷ്വാലിറ്റിയിൽ ആവശ്യമായ ഡോക്ടർമാരെ പോസ്റ്റ് ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കാഷ്വാലിറ്റിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുകയും ആയത് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുമുണ്ട്.

## ശിപാർശ 168 (ഖണ്ഡിക 232)

കാസറഗോഡ് ജില്ലയിൽ നിയമിതരാകുന്ന ഡോക്ടർമാർ ജോലിയ്ക്ക് ഹാജരാകാത്തതിനാൽ പല ആശുപത്രികളിലും ഡോക്ടർമാർക്ക് ചാർജ്ജ് കൊടുക്കാതിരി- ക്കുകയാണെന്നും 47 അസിസ്റ്റന്റ് സർജന്മാരുടെയും ഒമ്പത് സിവിൽ സർജ്ജന്മാരുടേയും ഒഴിവുള്ളതിൽ എൻ.ആർ.എച്ച്.എം.-ന്റെ 35 ഡോക്ടർമാർ ജോലി ചെയ്യുന്നതായി സമിതിക്കറിയാൻ കഴിഞ്ഞു. മലേറിയ ബാധിത മേഖലയിൽ ഡോക്ടർമാർ ഇല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജില്ലയിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും 200 ഡോക്ടർമാരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് ഡോക്ടർമാരുടെ കൗൺസിലിംഗ് നടത്തി പരമാവധി ഡോക്ടർമാരെ കാസർഗോഡ് ജില്ലയിൽ നിയമിക്കുന്നതാണ്.

## ശിപാർശ 169 (ഖണ്ഡിക 233)

ഗവൺമെന്റ് സപ്ലൈ ആയും ആശുപത്രി വികസന സമിതി ഫണ്ട് ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് ലോക്കൽ പർച്ചേസ് മുഖേനയും ലഭിക്കുന്ന മരുന്നുകൾ കാസർഗോഡ് ജില്ലാ ആശുപത്രി സ്റ്റോറിൽ സൂക്ഷിച്ച് റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖയ്ക്ക്

താഴെയുള്ള ഒ.പി. ക്കും ഐ.പി.ക്കും നൽകി വരുന്നു. എന്നാൽ എക്സ്റേ, ലാബ് പരിശോധനകൾക്ക് വളരെ ദൂരം പോകേണ്ടത് ബുദ്ധിമുട്ടുണ്ടാക്കുന്നതായി രോഗികൾ സമിതിയെ അറിയിച്ചു. രോഗികൾക്ക് ആവശ്യമായി വരുന്ന ടെസ്റ്റുകൾ ചെയ്യാനുള്ള സൗകര്യം ആശുപത്രിയിൽ ഉണ്ടായാൽ കൂടുതൽ രോഗികൾ ജില്ലാ ആശുപത്രിയിൽ എത്തും. ആശുപത്രി വികസന സമിതി ശ്രദ്ധിച്ചാൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. ആയതിനാൽ എക്സ്റേ, ലാബ് സൗകര്യങ്ങൾ എത്രയും വേഗം ആശുപത്രിയിൽ തന്നെ സജ്ജമാക്കണമെന്നും ഏത് നേരത്ത് രോഗികൾ വന്നാലും സേവനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ലാബ് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ, ജനറേറ്റർ ഓപ്പറേറ്റർ എന്നിവരുടെ സ്ഥിര നിയമനം ആകുന്നതു വരെയുള്ള കാലയളവിൽ ദിവസ വേതനത്തിൽ ആശുപത്രി വികസന സമിതി നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എക്സ്റേ വിഭാഗം 26.01.08 മുതൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആശുപത്രി മാനേജ്മെന്റ് സമിതി മുഖേന ലാബ് ടെക്നീഷ്യനെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു. ജനറേറ്റർ ഓപ്പറേറ്റർമാരെ ആരോഗ്യ കേരളം പദ്ധതി വഴി നിയമിച്ചിട്ടുണ്ട്. ആരോഗ്യ കേരളം വഴി തന്നെ ഒരു എക്സ്റേ ടെക്നീഷ്യനേയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. 24 മണിക്കൂറും എക്സ്റേ, ലാബ് സൗകര്യങ്ങൾ ലഭ്യമാണ്.

<u>ശിപാർശ 170 (ഖണ്ഡിക 235)</u>

ബയോമെഡിക്കൽ മാലിന്യങ്ങൾ 'ഇമേജ്' വഴി നിർമ്മാർജ്ജനം ചെയ്യുന്നതായി സമിതിക്കറിയാൻ കഴിഞ്ഞു. എന്നാൽ ഡ്രെയിനേജ് സാനിട്ടറി സൗകര്യങ്ങൾ പര്യാപ്തമല്ലെന്നും ലോൺട്രി സൗകര്യം നിലവിലില്ലെന്നും

മനസിലാക്കിയ സമിതി ഡ്രെയിനേജ് സാനിട്ടറി സൗകര്യം വർദ്ധിപ്പിക്കണമെന്നും ലോൺട്രി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (പരിസ്ഥിതി വകുപ്പ്)

കാസറഗോഡ് ജില്ലാ ആശുപത്രിയിൽ നിന്നുള്ള മലിനജലം ഇപ്പോൾ സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് സംവിധാനം വഴി നിർമ്മാർജ്ജനം ചെയ്യുന്നു. മലിനജലം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്യണമെന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം മാനിച്ച് ആശുപത്രി അധികൃതർ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ രൂപരേഖ തയ്യാറാക്കുകയും ശുചിത്വ മിഷന്റെ ധനസഹായത്തോടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ചെയ്തു വരുന്നതായും ടി പദ്ധതിക്ക് ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട് എന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (അനുബന്ധം I)

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ആശുപത്രികളിൽ ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുവാനും മേൽ വിഷയത്തിൻമേൽ വകുപ്പിനോട് വിശദീകരണം ആരായുവാനും നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലാ പഞ്ചായത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായി ദർഘാസ് വിളിച്ചതായും ലഭിച്ച ദർഘാസ് തുറന്ന് പരിശോധിക്കുന്നതിന് അനുയോജ്യമായ അംഗീകാരത്തിന് സാങ്കേതിക

സമിതിയുടെ ഒരു യോഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചേമ്പറിൽ (തദ്ദേശ സ്വയംഭരണ ഡിവിഷൻ, കാസർഗോഡ്) വച്ച് ചേരുവാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. പുരോഗതി നിരീക്ഷിച്ചു വരുന്നതായി മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ താഴെ പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

(1) ഐ.എം.എ.-യുടെ നേതൃത്വത്തിൽ പാലക്കാട് പ്രവർത്തിക്കുന്ന ' ഇമേജ് ' എന്ന സ്ഥാപനത്തിൽ കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലെയും സ്വകാര്യ ആശുപത്രികളിലെയും ബയോ മെഡിക്കൽ വേസ്റ്റ് ശേഖരിക്കുന്നുണ്ടോ; അവയെല്ലാം സംസ്കരിക്കുന്നതിനുള്ള സൗകര്യം അവിടെയുണ്ടോ; ദക്ഷിണ കേരളത്തിലോ മധ്യകേരളത്തിലൊ ഇത്തരത്തിൽ ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്.

<u>നടപടി റിപ്പോർട്ട്</u>

പാലക്കാട് ജില്ലയിലെ പുതുശ്ശേരി Indian Medical Association (IMA) കേരള ഘടകത്തിന്റെ മേൽ നോട്ടത്തിൽ പ്രർത്തിക്കുന്ന ' ഇമേജ് ' എന്ന സ്ഥാപനത്തിൽ 6780 സ്വകാര്യ ആശുപത്രികളിലേയും, 337 സർക്കാർ ആശുപത്രികളിലേയും ബയോ മെഡിക്കൽ മാലിന്യം (30.09.2015-ലെ കണക്ക് പ്രകാരം) നിർമ്മാർജ്ജനം ചെയ്യുന്നു. സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിൽ നിന്നും ഉണ്ടാകുന്ന ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഈ ഒരു സ്ഥാപനം കൊണ്ട് കഴിയുന്നതല്ല. കൂടുതൽ ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജന സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിനായി കേന്ദ്ര വിഹിതമായി പരമാവധി ഒരു കോടി രൂപയും (25%) സംസ്ഥാന സർക്കാരിന്റെ വിഹിതമായി പരമാവധി ഒരു കോടി രൂപയും (25%) ലഭ്യമാക്കി ബാക്കി തുക

സ്വയം കണ്ടെത്തി ഇത്തരം പൊതു സംവിധാനം സ്ഥാപിക്കുന്നതിനായി തത്പര കക്ഷികളിൽ നിന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് EoI (Expression of Interest) ക്ഷണിക്കുകയുണ്ടായി. തുടർന്ന് തല്പര കക്ഷികളായ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL), മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള പൊതു സംവിധാനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എറണാകുളത്ത് അമ്പലമേട്ടിലുള്ള പൊതു ഹസാർഡസ് വേസ്റ്റ് നിർമ്മാർജന സംവിധാനത്തിന്റെ നടത്തിപ്പുകാരായ KEIL അവിടെ തന്നെ 2.5 ഏക്കർ സ്ഥലം പ്രത്യേകിച്ച് വേർതിരിച്ച് ബയോമെഡിക്കൽ വേസ്റ്റിനുള്ള ഒരു പൊതു സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ് കോഴിക്കോട് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ പൊതുസംവിധാനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ രണ്ട് സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. ബഹു. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം ഇത്തരം പൊതു സംവിധാനങ്ങൾ പാരിസ്ഥിതിക അനുമതി നേടേണ്ടതുണ്ട്. ആയതിലേക്കായി മേൽ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരികയാണ്. ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനും തിരുവനന്തപുരം ജില്ലയിലെ പാലോട് സ്ഥലം വാങ്ങി സർക്കാർ അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(2) 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്ന സർക്കാർ നിർദ്ദേശം കേരളത്തിലെ എത്ര ആശുപത്രികളിൽ പാലിച്ചിട്ടുണ്ട്. പാലിച്ചിട്ടില്ലാത്ത ആശുപത്രികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

<u>നടപടി റിപ്പോർട്ട്</u>

കേരളത്തിലെ ആരോഗ്യവകുപ്പിന്റെ കീഴിൽ വരുന്ന 50 കിടക്കകളിൽ

കൂടുതലുള്ള ആശുപത്രികളുടെ പട്ടികയും അവയിൽ നടപ്പിലാക്കിയിട്ടുള്ള മലിനജല സംസ്കരണ നിർമാർജ്ജന സംവിധാനങ്ങളുടെ വിവരങ്ങളും അനുബന്ധം - II ആയി ഉള്ളടക്കം ചെയ്യുന്നു. മലിനജല സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത ആശുപത്രികൾക്ക് അവ നടപ്പിലാക്കണമെന്ന നിർദ്ദേശം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകി വരുന്നു. കൂടാതെ ആശുപത്രികളിൽ ഏർപ്പെടുത്തിയിരിക്കുന്ന ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കാര്യക്ഷമത ബോർഡിന്റെ ജില്ലാ ആഫീസിലെ ഉദ്യോഗസ്ഥർ ഇടയ്ക്കിടയ്ക്ക് ആശുപത്രി സന്ദർശിച്ച് വിലയിരുത്തുകയും പോരായ്മകൾ കണ്ടാൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

(3) Bio-Medical Waste (Management and Handling) Rules പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ നടപടിയെടുക്കാൻ സർക്കാരിന് എന്തെല്ലാം അധികാരങ്ങളാണുള്ളത്; ആയതുപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുക;

## <u>നടപടി റിപ്പോർട്ട്</u>

Bio-Medical Waste (Management and Handling) Rules പ്രകാരം വേണ്ടതായ സംവിധാനങ്ങൾ നടപ്പിലാക്കാത്ത ആശുപത്രികൾക്ക് എതിരെ പരിസ്ഥിതി സംരക്ഷണ നിയമം Section 5 പ്രകാരം അടച്ചുപൂട്ടൽ, വിദ്യുച്ഛക്തി, ജലം എന്നിവയുടെ വിതരണം നിയന്ത്രിക്കൽ അഥവാ നിർത്തിവെയ്ക്കൽ എന്നിവയടക്കമുള്ള നടപടികൾ സ്വീകരിക്കാനും സെക്ഷൻ 19 പ്രകാരം കോടതി വഴി നിയമ നടപടികൾ സ്വീകരിക്കാനും മലിനീകരണ നിയന്ത്രണ ബോർഡിന് അധികാരമുണ്ട്. വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവ പാലിക്കാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. ഇതുവരെയും നിയമനടപടികൾ ആശുപത്രികൾക്കെതിരെ സ്വീകരിച്ചിട്ടില്ല.

ആശുപത്രി മാലിന്യങ്ങൾ (Bio-Medical Waste) ഏറ്റവും അപകടകരമായ ചുവപ്പ് വിഭാഗത്തിൽ ഉൾപ്പെടുന്നു. ആകയാൽ ആശുപത്രി മാലിന്യ സംസ്കരണത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും, പ്രത്യേകിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അതീവ ജാഗ്രത പുലർത്തണമെന്നും പൊതുജനാരോഗ്യത്തിന് ഭീഷണിയായ ആശുപത്രി മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കണമെന്നും പ്രവർത്തനാനുമതി നേടിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ നടപടികൾ നിയമാനുസൃതം നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് 09.01.2012-ലെ സ.ഉ.(സാധാ) നം.06/12/പരി. നം. ഉത്തരവ് പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധം III)

(4) ഡിസ്പോസിബിൾ സിറിഞ്ച്, ഡിസ്പോസിബിൾ ഐ. വി. റ്റ്യൂബ് തുടങ്ങിയവ ഉപയോഗിച്ച ശേഷം വഴിയിലുപേക്ഷിക്കുകയും അവ ശേഖരിച്ച് വീണ്ടും മാർക്കറ്റിൽ എത്തിക്കുകയും ചെയ്യുന്ന ഗുരുതരമായ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

**<u>നടപടി റിപ്പോർട്ട്</u>**

ഇടുക്കി ജില്ലയിലുള്ള തൊടുപുഴ താലൂക്കിൽ മുട്ടത്ത് പ്രവർത്തിക്കുന്ന എം. എം. ഹോസ്പിറ്റൽ എന്ന ഒ. പി. ക്ലിനിക്കിനെതിരെ ബയോമെഡിക്കൽ മാലിന്യങ്ങളുടെ അനധികൃത നിർമ്മാർജ്ജനം സംബന്ധിച്ച പരാതി 20.10.2015-ൽ ലഭിക്കുകയും പരാതിയുടെ അന്വേഷണത്തിൽ ടി ക്ലിനിക്കിനു മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രമോ ബയോമെഡിക്കൽ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളോ IMAGE-ൽ എഗ്രിമെന്റോ ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു. ഉപയോഗിച്ച സിറിഞ്ച്, ഐ. വി. ട്യൂബ് മുതലായവ ലോക്കൽ വെൻഡർമാർക്ക് കൈമാറുന്നതായും മനസ്സിലാക്കിയതിനെ തുടർന്ന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 16.11.2015-കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടിയെടുത്തിട്ടുണ്ട്.

കൂടാതെ കേരള സംസ്ഥാന നദീതട ജലസംരക്ഷണ സമിതിയുടെ 20.10.2014-ലെ പരാതിയിൽ പാലക്കാട്ടുള്ള ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കീഴിലുള്ള ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിൽ നിന്നുള്ള വേസ്റ്റുകൾ പുറത്തുവരുന്നതായും ഇഞ്ചക്ഷൻ സിറിഞ്ചുകൾ പോലും അലക്ഷ്യമായി വഴിയോരങ്ങളിൽ കിടക്കുന്നത് നേരിൽ കാണുകയുമുണ്ടായി; ഉപയോഗിച്ച സിറിഞ്ചുകൾ ഇവിടെ നിന്ന് കൊണ്ട് പോകുന്നതായും പറയുന്നു. പരാതിയെത്തുടർന്ന് സ്ഥാപനം അടച്ച് പൂട്ടാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് 6/11/2014-ൽ IMAGE-ന് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിരുന്നു. യൂണിറ്റിന്റെ കപ്പാസിറ്റിയെക്കാൾ അധികം ബയോമെഡിക്കൽ വേസ്റ്റ് ദിനംപ്രതി യൂണിറ്റിൽ എത്തുന്നതായും യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്നും അന്വേഷണത്തിൽ വ്യക്തമായി. തുടർന്ന് സ്ഥാപനം കൂടുതൽ സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തനം വിപുലീകരിച്ചു. നിലവിൽ യൂണിറ്റിൽ 5 ഇൻസിനറേറ്ററും 5 ഓട്ടോക്ലേവും (autoclave), Shredder, Scrap grinder എന്നിവയും പ്രവർത്തിക്കുന്നുണ്ട്. യൂണിറ്റിൽ എത്തുന്ന ബയോമെഡിക്കൽ മാലിന്യം ബയോമെഡിക്കൽ ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരം 48 മണിക്കൂറിനുള്ളിൽ തന്നെ നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടതായ സജ്ജീകരണങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ബയോമെഡിക്കൽ മാലിന്യത്തിന്റെ കുന്നു കൂടിയ ശേഖരം നിലവിൽ യൂണിറ്റിൽ ഇല്ല. യൂണിറ്റ് മുഖേന ശേഖരിക്കുന്ന ഇഞ്ചക്ഷൻ സൂചികൾ ഓട്ടോക്ലാവിങ്ങിനും ഷ്രെഡിങ്ങിനും ശേഷം കോൺക്രീറ്റ് ടാങ്കിൽ നിക്ഷേപിക്കുന്നു. ഡിസ്പോസിബിൾ സിറിഞ്ചുകൾ ഉപയോഗ ശേഷം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 05.11.2012-ലെ 3781/B2/11 പരി സർക്കുലർ പ്രകാരം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. (അനുബന്ധംIV)

(5) ഡിസ്പോസിബിൾ സിറിഞ്ച്, ഡിസ്പോസിബിൾ ഐ. വി. റ്റ്യൂബ് തുടങ്ങിയവ നശിപ്പിക്കുന്നതിനാവശ്യമായ ഇൻസിനറേറ്റർ എല്ലാ ആശുപത്രികളിലും സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുക;

**നടപടി റിപ്പോർട്ട്**

1998 -ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് പ്രകാരം, വേസ്റ്റ് ഷാർപ്പ്സ് (സൂചികൾ, സിറിഞ്ചുകൾ, സ്കാപെൽ, ബ്ലെയിഡ്, ഗ്ലാസ്) മുതലായവ കാറ്റഗറി 4-ലും സോളിഡ് വേസ്റ്റ് (ട്യൂബിംഗ്സ്, കത്തീറ്റേഴ്സ്, ഇൻട്രാ വീനസ് സെറ്റ്സ്) എന്നിവ കാറ്റഗറി 7-ലും ഉൾപ്പെടുന്നു. ബയോമെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ് റൂൾസ് 1998-ലെ ഷെഡ്യൂൾ 1-ൽ പ്രതിപാദിക്കുന്നു. ആയതിൽ കാറ്റഗറി 4, 7 എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനു ഇൻസിനറേഷൻ നിഷ്കർഷിക്കുന്നില്ല. ഡിസ്പോസിബിൾ സിറിഞ്ചിന്റെ നീഡിൽ നശിപ്പിക്കുന്നതിന് ഒട്ടുമിക്ക ആശുപത്രികളിലും നീഡിൽ ബർണർ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരിഭാഗം ആശുപത്രികളും പാലക്കാടുള്ള പൊതു ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരണ പ്ലാന്റ് (IMAGE) വഴിയാണ് ബയോമെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നത്.

**ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐ.എം.എ.) നേതൃത്വത്തിൽ പാലക്കാട് പ്രവർത്തിക്കുന്ന "ഇമേജ്" എന്ന പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് (പരിസ്ഥിതി വകുപ്പ്)**

നിലവിൽ കേരളത്തിലെ ഏക പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനമാണ് പാലക്കാട് ജില്ലയിലെ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐ.എം.എ)യുടെ ഉടമസ്ഥതയിലുള്ള ഇമേജ് (IMAGE). നിലവിൽ കേരളത്തിലെ എല്ലാ ജില്ലകളിലെയും ഇമേജിൽ

അംഗങ്ങളായിട്ടുള്ള ആശുപത്രികളിൽ നിന്നും തരംതിരിച്ച ബയോ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് ദിനംപ്രതി ഇമേജിന്റെ പ്ലാന്റിൽ സംസ്കരണത്തിനെത്തുന്നു. 31.12.2015 ലെ സ്ഥിതി വിവരകണക്കുകൾ പ്രകാരം 221 സർക്കാർ/ഇ.എസ്.ഐ. കോർപ്പറേഷൻ ആശുപത്രികൾ, 1044 സ്വകാര്യ ആശുപത്രികൾ, 24 സർക്കാർ ലാബുകൾ, 2417 സ്വകാര്യ ലാബുകൾ, 67 സർക്കാർ ക്ലിനിക്/ഡന്റൽ ക്ലിനിക്കുകൾ 3124 സ്വകാര്യ ഡന്റൽ ക്ലിനിക്കുകൾ (ആകെ 6897 സ്ഥാപനങ്ങൾ) ഇമേജിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

ഇമേജിനു 25 ഏക്കർ സ്ഥലമാണുള്ളത്. ഇതിൽ പ്ലാന്റ് സ്ഥിതി ചെയ്യുന്നത് ഏഴ് ഏക്കറോളം വരുന്ന സ്ഥലത്താണ്. 26.03.2003 ലാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഈ പ്ലാന്റിന് സ്ഥാപനാനുമതി നൽകിയത്. 24.04.2004 ന് 31.12.2005 വരെ സാധുതയുള്ള വായു മലിനീകരണ നിയമ പ്രകാരമുള്ള ആദ്യ പ്രവർത്തനാനുമതി നൽകുകയുണ്ടായി. 03.04.2004 നു 31.02.2004 വരെ സാധുതയുള്ള ജലമലിനീകരണ നിയന്ത്രണ നിയമം പ്രകാരമുള്ള പ്രവർത്താനുമതിയും, 07.01.2005 ന് ബയോമെഡിക്കൽ വേസ്റ്റ് നിയമം പ്രകാരമുള്ള ആതറൈസേഷനും നൽകി. ആദ്യ ഇന്റഗ്രേറ്റഡ് കൺസന്റ് ടു ഓപ്പറേറ്റ് 04.04.2009 ന്, 30.06.2012 വരെ സാധുതയോടെയും നൽകി. ഇത് കാലാകാലങ്ങളിൽ പുതുക്കി നൽകിയിട്ടുണ്ട്. നിലവിൽ 30.06.2018 വരെ ഇതിന് സാധുതയും ഉണ്ട്. പ്രതിദിനം 37 ടൺ ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കാനുള്ള അനുമതിയാണുള്ളത്.

ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം ഇൻസിനറേറ്റ് ചെയ്ത് സംസ്കരിക്കേണ്ട എല്ലാതരം മാലിന്യങ്ങളും അപ്രകാരം ചെയ്യുന്നതിനായി അഞ്ച് ഇൻസിനറേറ്ററുകൾ ടി പ്ലാന്റിൽ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ഇൻസിനറേറ്ററുകളിൽ കത്തിക്കുമ്പോൾ ഉണ്ടാകുന്ന പുക വെൻച്വറി സ്ക്രബ്ബർ, പാക്ക്ഡ് ബെഡ് സ്ക്രബ്ബർ എന്നീ വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങളിലൂടെ ശുദ്ധീകരിച്ചതിനുശേഷം 30.0 മീറ്റർ ഉയരമുള്ള ചിമ്മിനിയിലൂടെ പുറത്തേക്കു വിടുന്നു.

2016 ആഗസ്റ്റ് മാസത്തിൽ പ്രതിദിന ശരാശരി 18.3 ടൺ എന്ന കണക്കിൽ 566.00 ടൺ ഇൻസിനറേറ്റ് ചെയ്യേണ്ട തരം മാലിന്യങ്ങൾ ശേഖരിക്കുകയും അവ മുഴുവൻ തന്നെ സംസ്കരിച്ച തീർക്കുകയും ചെയ്തതായി ഇമേജ് സമർപ്പിച്ച കണക്കുകൾ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

ആശുപത്രികളിൽ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ഡിസ്‌പോസിബിൾ പ്ലാസ്റ്റിക് വസ്തുക്കളായ ഐവി ട്യൂബുകൾ, ഗ്ലൗസ്, സിറിഞ്ചുകളുടെ പ്ലാസ്റ്റിക് ഭാഗം എന്നിവ ഓട്ടോക്ലേവിൽ, പ്രഷറിൽ സ്റ്റീം ഉപയോഗിച്ച് അണുവിമുക്തമാക്കിയതിനു ശേഷം പൂർണ്ണമായും shred ചെയ്ത് റീസൈക്ലിങ്ങിനുവേണ്ടി നൽകുന്നു. ഇതിനായി 900 ലിറ്റർ/സൈക്കിൾ ശേഷിയുള്ള 5 ഓട്ടോക്ലേവുകൾ ഉണ്ട്.

2016 ആഗസ്റ്റ് മാസത്തിൽ പ്രതിദിനം ശരാശരി 11.3 ടൺ എന്ന കണക്കിൽ 349.3 ടൺ ഓട്ടോക്ലേവ് ചെയ്യേണ്ട മാലിന്യങ്ങൾ ശേഖരിക്കുകയും അവ മുഴുവൻ ഓട്ടോക്ലേവ് ചെയ്ത് തീർക്കുകയും ചെയ്തതായി ഇമേജ് സമർപ്പിച്ച കണക്കുകൾ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

ഇപ്രകാരം ഓട്ടോക്ലേവ് കൈകാര്യം ചെയ്ത വസ്തുക്കൾ shred ചെയ്യുന്നതിനായി 3 shredders ഉണ്ട്. ഓട്ടോക്ലേവിൽ കൈകാര്യം ചെയ്തതിനുശേഷമുള്ള പ്ലാസ്റ്റിക് ബോട്ടിലുകൾ കോംപാക്ട് ചെയ്യുവാൻ 2 കോംപാക്ടേഴ്സ് ഉണ്ട്. രക്തക്കറയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഓട്ടോക്ലേവ് ചെയ്ത് പൂർണ്ണമായും വൃത്തിയാക്കിയതിനുശേഷമാണ് shred ചെയ്യുന്നത്. ഇതിനായി shredder cum cleaning machinery ഉപയോഗിക്കുന്നുണ്ട്. ആശുപത്രി മാലിന്യങ്ങളോടൊപ്പം എത്തുന്ന പഴയ മരുന്നുകുപ്പികൾ, ആംപ്യൂൾസ് എന്നിവ കഴുകിയ ശേഷം സ്ഥാപനത്തിൽ തന്നെ ശേഖരിച്ചുവെച്ചിരിക്കുകയായിരുന്നു. ഇപ്പോൾ തരം തിരിച്ച് നല്ലത് റീസൈക്കിൾ ചെയ്യുവാൻ നൽകുകയും, മറ്റുള്ളവ ഗ്രൈന്റ് ചെയ്ത് പൊടിയാക്കുകയും ചെയ്യുന്നു. ഈ പൊടി പിന്നീട് എഫ്ലുവന്റ് സ്ലഡ്ജ്, ഇൻസിനറേറ്റർ ആഷ് എന്നിവയ്ക്കൊപ്പം എറണാകുളത്തെ അമ്പലമുകളിലേക്കു ആപൽക്കരമായ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന പൊതു കേന്ദ്രത്തിലേക്ക് (കെ.ഇ.ഐ.എൽ.) കൊടുത്തു വിടുന്നു.

സൂചികൾ, ബ്ലേഡുകൾ തുടങ്ങിയ മെറ്റൽ വസ്തുക്കൾ ഓട്ടോക്ലേവ് ചെയ്തതിനുശേഷം ടി ചട്ടം അനുശാസിക്കുന്ന രീതിയിൽ സുരക്ഷിതമായ കോൺക്രീറ്റ് പിറ്റുകളിൽ നിക്ഷേപിക്കുന്നു.

ഓട്ടോക്ലേവ് ചെയ്ത് അണുവിമുക്തമാക്കിയശേഷം പുനർ ചംക്രമണത്തിനു കൈമാറാനും, ക്രഷ്/shred/കോംപാക്റ്റ് ചെയ്യാനും ഉള്ള മാലിന്യങ്ങൾ പ്ലാന്റിൽ നിലവിൽ കൂട്ടിയിട്ട അവസ്ഥയിൽ കാണുന്നു.

സ്ഥാപനത്തിൽ വിവിധ ആവശ്യങ്ങൾക്കായി പ്രതിദിനം 384 കിലോ ലിറ്റർ ജലമാണ് ഉപയോഗിക്കുന്നത്. പ്രതിദിനം 364 കിലോ ലിറ്റർ മലിനജലം സ്ഥാപനത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇത് സ്ഥാപനത്തിന്റെ 450 കിലോ ലിറ്റർ ശേഷിയുള്ള എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ശുദ്ധീകരിക്കുന്നു. സ്ക്രീൻ ചേമ്പർ ഗ്രിറ്റ് & ഓയിൽ ട്രാപ്പ്, ഇക്വലൈസേഷൻ ടാങ്ക് (2 എണ്ണം), ഫ്ലാഷ് മിക്സർ (3 എണ്ണം), ഫ്ലോക്കുലേറ്റർ (2) എണ്ണം പ്രൈമറി ക്ലാരിഫയർ, മൂവിംഗ് ബെഡ് ബയോ ഫിലിം റിയാക്ടർ, സെക്കന്ററി ക്ലാരിഫയർ, ഡിസ്ഇൻഫെക്ഷൻ റിയാക്ടർ, സ്ലഡ്ജ് സംപ്, ട്രീറ്റഡ് വാട്ടർ സ്റ്റോറേജ് ടാങ്കുകൾ, പ്രഷർ സാന്റ് ഫിൽറ്റർ, ആക്ടിവേറ്റഡ് കാർബൺ ഫിൽറ്റർ, പ്ലേറ്റ് & ഫ്രേയിം പ്രസ്സ് ഫിൽറ്റർ, സ്ലഡ്ജ് ഡ്രൈയിംഗ് ബെഡ് എന്നിവ പാഴ്ജല ശുദ്ധീകരണ പ്ലാന്റിൽ പ്രവർത്തിക്കുന്നുണ്ട്. ശുദ്ധീകരിച്ച പാഴ്ജലം ഇൻസിനറേറ്ററുകളിൽ സ്ക്രബ്ബിംഗ്, ഗ്രീൻ ബെൽറ്റ് പരിപാലനം, ഫ്ലോർ വാഷ് എന്നിവയ്ക്കായി ഉപയോഗിക്കുന്നു. സംസ്കരിച്ച വെള്ളം പുറത്തേക്ക് ഒഴുകുന്നില്ല. 2016 വർഷത്തിൽ ബോർഡ് നടത്തിയ മലിനജല ഗുണനിലവാര പരിശോധനാ റിപ്പോർട്ടുകൾ ഗുണനിലവാര പരിധികൾ നേരിയതോതിൽ ലംഘിക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് 15.10.2016 ന് മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ്ഥാപനത്തിൽ മഴവെള്ളം ശേഖരിക്കുന്നതിനായി മെയിൻ ഗേറ്റിനടുത്തായി ഒരു ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. ഇതിൽ ഒഴുകി എത്തുന്ന ആദ്യ മഴവെള്ള ശേഖരത്തെ

ശുദ്ധീകരിക്കുവാനായി പാഴ്ജല ശുദ്ധീകരണ പ്ലാന്റിലേക്ക് പമ്പ് ചെയ്യുകയും പിന്നീടുള്ളവ സ്ഥാപനത്തിന്റെ തന്നെ മഴവെള്ള സംഭരണിയിൽ ശേഖരിക്കുകയും ചെയ്യുന്നു. ഇതിനു ഏകദേശം 13,00,000 ലിറ്റർ ശേഷിയുണ്ട്. ഇങ്ങനെ ശേഖരിക്കുന്ന വെള്ളം പിന്നീട് സ്ഥാപനത്തിൽ തന്നെ ഇൻസിനറേറ്ററുകളിൽ കൂളിംഗ് & സ്ക്രബ്ബിംഗ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ചിമ്മിനികളിലൂടെ പുറത്തേക്ക് പോകുന്ന പുകയിൽ അടങ്ങിയിരിക്കുന്ന പൊടി നെൽവയലിലേക്കും, പരിസര പ്രദേശങ്ങളിലേക്കും വ്യാപിക്കുന്നു എന്ന പരാതി നിലനിൽക്കുന്നതിനാൽ ഏറ്റവും പഴയ രണ്ട് ഇൻസിനറേറ്ററുകളുമായി ഘടിപ്പിച്ചിട്ടുള്ള വായു മലിനീകരണ നിയന്ത്രണ ഉപാധികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി സ്ഥാപനത്തിനോട് 10.08.2015 ലെ കത്തു മുഖേന നിർദ്ദേശിച്ചിരുന്നു. ഇതിനായി പുതിയ വായു മലിനീകരണ നിയന്ത്രണ ഉപാധികൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി അറിയാൻ കഴിഞ്ഞു. സ്ഥാപനത്തിന്റെ ഇൻഹൗസ് കീപ്പിംഗ് മെച്ചപ്പെടുത്തുവാനും മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ ബോർഡ് കർശനമായി നിരീക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിൽ നിലവിൽ എല്ലാ മാസവും ബോർഡ് ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തുന്നുണ്ട്.

Common Biomedical Waste Treatment facility-യുടെ പ്രവർത്തനം മൂലം പരിസരപ്രദേശങ്ങൾക്കോ, ജനങ്ങൾക്കോ, മൃഗാദികൾക്കോ ബുദ്ധിമുട്ടുണ്ടാകാതിരിക്കു-വാൻ മലിനീകരണ നിയന്ത്രണോപാധികൾ ശരിയായി പ്രവർത്തിപ്പിക്കുവാനും, പഴയ 2 ഇൻസിനറേറ്ററുകളിൽ ഘടിപ്പിച്ചിട്ടുള്ള മലിനീകരണ നിയന്ത്രണോപാധികൾ പുനരുദ്ധീകരിക്കുവാനും ഉള്ള നടപടികൾ ഉൾപ്പെടെയുള്ള മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ നിർദ്ദേശങ്ങളിന്മേലുള്ള പുരോഗതി തുടർ പരിശോധനകളിൽ നിരീക്ഷിക്കുന്നതാണ്.

## ശിപാർശ 171 (ഖണ്ഡിക 240)

എയ്ഡ്സ് രോഗികൾക്കായി ഇന്റഗ്രേറ്റഡ് കൗൺസിലിംങ്ങ് ആന്റ് ടെസ്റ്റിംഗ് സംവിധാനം പ്രവർത്തിക്കുന്നതായി സമിതിക്കറിയാൻ കഴിഞ്ഞു. കാൻസർ രോഗികൾക്ക് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സംവിധാനം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ജില്ലാ ആശുപത്രിയിൽ നിലവിൽ കരിന്തളം പെയിൻ & പാലിയേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ എല്ലാ മാസവും ചൊവ്വാഴ്ച ദിവസങ്ങളിൽ ക്ലിനിക്ക് നടത്തിവരുന്നു. അസഹ്യമായ വേദന അനുഭവിക്കുന്ന രോഗികൾക്ക് വേദന സംഹാരി നൽകുന്നു. ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം പാവപ്പെട്ട ക്യാൻസർ രോഗികൾക്കുള്ള മരുന്ന് ജില്ലാ ആശുപത്രിയിൽ നിന്നുംതന്നെ നൽകുന്നുമുണ്ട്.

## ശിപാർശ 172 (ഖണ്ഡിക 241)

ആശുപത്രിക്ക് ആവശ്യാനുസരണം കെട്ടിടവും സ്റ്റാഫും മരുന്നും ഉണ്ടെങ്കിലും അവിടെവരുന്ന രോഗികൾക്ക് ശരിയായ വിധം സേവനം ലഭിക്കുന്നില്ലെന്ന് സമിതിയ്ക്ക് ബോദ്ധ്യമായതിനാൽ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് നല്ലസേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകണമെന്നും അതുവഴി ജില്ലാ ആശുപത്രി എന്ന പദവി നിലനിർത്തുവാൻ ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ജില്ലാ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്റ്റാഫ് ക്വാർട്ടേഴ്സ്, നേഴ്സസ് ഹോസ്റ്റൽ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സ്റ്റാഫ് ക്വാർട്ടേഴ്സ്, നഴ്സസ് ഹോസ്റ്റൽ എന്നിവ സ്ഥാപിക്കുന്നതിന് ഇപ്പോൾ

സ്ഥലപരിമിതി ഉള്ളതിനാൽ പ്രസ്തുത സൗകര്യം ഒരുക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ 173 (ഖണ്ഡിക 243)

കാസറഗോഡ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതിയ ഏഴുനില കെട്ടിടത്തിൽ പീഡിയാട്രിക് കം ഓഫീസ് ബ്ലോക്ക്, എക്സ്റേ, ഡന്റൽ ബ്ലോക്ക്, ബ്ലഡ് ബാങ്ക്, ടി.ബി. ബ്ലോക്ക്, ചെസ്റ്റ് വാർഡ്, ഫൈലേറിയ വാർഡ്, കണ്ണ് ഒ.പി., പി.പി. യൂണിറ്റ്, മലേറിയ യൂണിറ്റ്, തീയേറ്റർ, കാന്റീൻ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഒ.പി. ബ്ലോക്ക്, ലേബർ റൂം, ലേബർ വാർഡ്, ഫീമെയിൽ സർജിക്കൽ വാർഡ്, ഫീമെയിൽ മെഡിക്കൽ വാർഡ്, മെയിൽ വാർഡ്, മെയിൽ സർജിക്കൽ വാർഡ് എന്നിവ പഴകിയ ഓടിട്ട കെട്ടിടത്തിലാണ്. ഓടിട്ട കെട്ടിടമായതിനാൽ ചില ഭാഗങ്ങളിൽ ചോർച്ചയുള്ളതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയത് പൊളിച്ച് മാറ്റി പകരം രണ്ടോ മൂന്നോ നിലകളുള്ള ഒരു പുതിയ ബ്ലോക്ക് പണിയുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. പണിപൂർത്തിയാകാത്ത സൈക്യാട്രി വാർഡ്, ബൈസ്റ്റാൻഡേഴ്സ് വെയിറ്റിംഗ് റൂം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സൈക്യാട്രി വാർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബൈസ്റ്റാന്റേഴ്സ് വെയിറ്റിംഗ് റൂമിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഇലക്ട്രിഫിക്കേഷൻ പണി പൂർത്തിയാകാനുണ്ട്. ഉടൻ തന്നെ ഇതിന്റെ പണി പൂർത്തിയാക്കി രോഗികൾക്ക് തുറന്നുകൊടുക്കുന്നതാണ്.

**ശിപാർശ 174(ഖണ്ഡിക 244)**

അത്യാഹിത വിഭാഗം, ലാബ്, ബ്ലഡ് ബാങ്ക് എന്നിവ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെങ്കിലും ജീവനക്കാർ പര്യാപ്തമല്ല. പ്രതിദിനം 500 കുപ്പി രക്തം കൈകാര്യം ചെയ്യുന്നതും ജില്ലയിലെ പലഭാഗങ്ങളിലും രക്തം നൽകുന്നതും അതുവഴി ആശുപത്രിക്ക് വരുമാനം ലഭിക്കുന്നതുമായ രക്തബാങ്കിലും ആവശ്യാനുസരണം ജീവനക്കാരില്ലെന്ന് മനസ്സിലാക്കിയ സമിതി കാഷ്വാലിറ്റിയിലും ബ്ലഡ് ബാങ്കിലും സ്റ്റാഫിനെ നിയമിക്കണമെന്നും രക്തത്തിലെ ഘടകങ്ങളെ വേർതിരിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കണമെന്നും ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ അത്യാഹിത വിഭാഗം ലാബ്, ബ്ലഡ് ബാങ്ക് എന്നിവ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | അനുവദിച്ച തസ്തിക | നിലവിലുള്ളത് | ഒഴിവുകൾ | താൽക്കാലിക ജീവനക്കാർ |
|---|---|---|---|---|
| കാഷ്വാലിറ്റ് മെഡിക്കൽ ഓഫീസർ | 4 | 1 | 3 | 3(അഡ്ഹോക്ക്) |
| ലാബ് ടെക്നീഷ്യൻ | 4 | 4 | ഇല്ല | 5 |
| ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 | ഇല്ല | 1 | 3 |
| എസ്.ടി.എൽ.എസ്. | 1 | 1 | ഇല്ല | ഇല്ല |

ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ ഒഴിവിലേക്ക് ഒരു ലാബ് ടെക്നീഷ്യന് പരിശീലനം നൽകി ചുമതല നൽകിയിരിക്കുകയാണ്. കൂടാതെ ആർ.എസ്.ബി.വൈ.യുടെ കീഴിൽ മൂന്ന് താൽക്കാലിക ജീവനക്കാരെക്കൂടി നിയമിച്ചിട്ടുണ്ട്. നിലവിലുള്ള

ജീവനക്കാരെക്കൊണ്ട് ലാബ്, ബ്ലഡ് ബാങ്ക് എന്നിവ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

ഈ സ്ഥാപനത്തിൽ ബ്ലഡ് കമ്പോണന്റിന്റെ സെപ്പറേഷൻ യൂണിറ്റ് അനുവദിക്കുകയും ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇൻസ്റ്റോൾ ചെയ്ത് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. എന്നാൽ ടി യൂണിറ്റ് പ്രവർത്തിപ്പിക്കാനാവശ്യമായ ലൈസൻസിന് ഡ്രഗ്ഗ് കൺട്രോളർക്ക് നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നുവെങ്കിലും നാളിതുവരെ ലൈസൻസ് ലഭിച്ചിട്ടില്ല.

ബ്ലഡ് കമ്പോണന്റിന്റെ സെപ്പറേഷൻ യൂണിറ്റിലേക്ക് അനുവദിച്ച എല്ലാ വിലപിടിപ്പുള്ള ഉപകരണങ്ങളും രണ്ടര വർഷം മുമ്പ് തന്നെ ഇൻസ്റ്റാൾ ചെയ്തതാണ്. ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർക്കും ടെക്നീഷ്യൻമാർക്കും ഒരു മാസത്തെ ട്രെയിനിംഗ് മാത്രമേ ലഭിച്ചുള്ളൂ. മിനിമം 6 മാസത്തെ പരിശീലനമെങ്കിലും ലഭിക്കേണ്ടതായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ നിലവിൽ സർക്കാർ/സർക്കാരിതര മേഖലകളിൽ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

കാസർഗോഡ് ജനറൽ ആശുപത്രിയിൽ രക്തഘടക വേർതിരിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്ക് ഫ്ലോറിംഗ് ജോലികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. കൂടാതെ രക്ത ഘടക വേർതിരിക്കൽ യൂണിറ്റിനു വേണ്ടി നൽകിയ ജനറേറ്ററും സ്ഥാപിക്കേണ്ടതുണ്ട്. ഇവ ചെയ്യേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. ഈ രണ്ടു ജോലികളും പൂർത്തിയാക്കിയാൽ രക്ത ഘടക വേർതിരിക്കൽ യൂണിറ്റ് പ്രവർത്തന ക്ഷമമാക്കാവുന്നതാണ്.

പ്രതിവർഷം ശരാശരി 3600 യൂണിറ്റ് രക്തമാണ് കാസർഗോഡ് ജനറൽ ആശുപത്രി രക്തബാങ്കിൽ നിന്നും കൊടുക്കുന്നത്. നാഷണൽ എയ്ഡ്സ്

കൺട്രോൾ ഓർഗനൈസേഷൻ (നാക്കോ) കാസർഗോഡ് ജനറൽ ആശുപത്രിയിലെ രക്തബാങ്കിനെ രക്തഘടക വേർതിരിക്കൽ യൂണിറ്റ് എന്ന കാറ്റഗറിയിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം നാകോ അനുവദിച്ചിട്ടുള്ള ഒരു ടെക്നീഷ്യനെയും കൗൺസിലറിനെയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നിയമിച്ചിട്ടുണ്ട്. അധികമായി ആവശ്യം വരുന്ന ജീവനക്കാരെ എച്ച്.എം.സി./എച്ച്.ഡി.സി. ഫണ്ടോ ലഭ്യമായ മറ്റ് ഏതെങ്കിലും ഫണ്ടോ ഉപയോഗിച്ച് ആശുപത്രി അധികാരികൾക്ക് നിയമിക്കാവുന്നതാണ്.

## ശിപാർശ 175(ഖണ്ഡിക 245)

പല പ്രധാന ഓപ്പറേഷനുകളും താലൂക്ക് ആശുപത്രിയിൽ നടത്തുന്നു എന്നത് ശ്രദ്ധേയമായ നേട്ടമായി സമിതി വിലയിരുത്തുന്നു. ആവശ്യമരുന്നുകളും മറ്റ് അത്യാവശ്യ മരുന്നുകളും കൃത്യമായി ലഭിക്കുന്നില്ല. ഒ.പി.യിലും വാർഡുകളിലും ആവശ്യമായ ആന്റിബയോട്ടിക്കുകൾ സമയത്ത് ലഭിക്കാറില്ല. പ്രധാന ഓപ്പറേഷനുകൾ നടക്കുന്ന ഈ ആശുപത്രിയിൽ ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പുതിയ ഏഴുനില കെട്ടിടത്തിൽ എല്ലാ സജ്ജീകരണങ്ങളും ഉള്ള 4 ഓപ്പറേഷൻ തീയേറ്റർ പ്രവർത്തിപ്പിക്കുന്നുണ്ട്. ആവശ്യമായ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് മരുന്നുകൾ ലോക്കൽ പർച്ചേസ് വഴിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.എസ്.ബി.വൈ. പദ്ധതിയിൽപ്പെട്ട് രോഗികൾക്കും ട്രൈബൽ രോഗികൾക്കും എല്ലാ മരുന്നുകളും ലഭ്യമാക്കുന്നുണ്ട്.

## ശിപാർശ 176 (ഖണ്ഡിക 247)

രണ്ട് അൾട്രാസൗണ്ട് സ്കാനിംഗ് മെഷീനുകളും ആറ് ഓപ്പറേഷൻ തിയേറ്ററുകളുമുള്ള ആശുപത്രിയിൽ എക്സ്റേ പ്ലാന്റിന്റെ ട്രാൻസ്ഫോമർ കത്തിപ്പോയതിനാൽ എക്സറേ എടുക്കുന്നതിനുള്ള സൗകര്യമില്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ആയതിനാൽ എക്സ്റേ പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുന്നതിനും റേഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

എക്സ്റേ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 2 സ്ഥിരം എക്സറേ ടെക്നീഷ്യന്മാരെ കൂടാതെ ഒരാളെ എച്ച്.ടി.സി. മുഖേന നിയമിച്ചിട്ടുണ്ട്. ഒരു സ്ഥിരം എക്സറേ അറ്റൻഡന്റും നിലവിലുണ്ട്. ഒരു സി.ടി. സ്കാൻ മെഷീൻ സ്ഥാപിച്ച് ഇപ്പോൾ പ്രവർത്തനം നടക്കുന്നുണ്ട്.

## ശിപാർശ 177 (ഖണ്ഡിക 248)

വേനൽക്കാലത്ത് ശുദ്ധജലത്തിന് ദൗർലഭ്യം അനുഭവപ്പെടുന്നതായും ജലക്ഷാമം പരിഹരിക്കുന്നതിനായി 22 ലക്ഷം രൂപ ചെലവു വരുന്ന ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടി തുടരുകയാണെന്നും ആശുപത്രി സൂപ്രണ്ട് സമിതിയെ അറിയിച്ചു. തടസ്സം കൂടാതെ ശുദ്ധജലം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കാസർഗോഡ് താലൂക്കാശുപത്രിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കാസർഗോഡ് നിയോജക മണ്ഡലം എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടും ആശുപത്രി വികസന ഫണ്ടും ഉപയോഗിച്ച് ആശുപത്രിക്ക് മാത്രമായി പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ 178 (ഖണ്ഡിക 249)

മോർച്ചറി സൗകര്യം അപര്യാപ്തമായതിനാൽ അത് മെച്ചപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ഫ്രീസർ സൗകര്യമുള്ള മോർച്ചറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഫ്രീസർ സൗകര്യമുള്ള മോർച്ചറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ശിപാർശ 179 (ഖണ്ഡിക 251)

നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ജില്ലാ ആശുപത്രിയേക്കാൾ കാര്യക്ഷമമായി വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന കാസർഗോഡ് താലൂക്ക് ആശുപത്രിയെ ആധുനിക സൗകര്യങ്ങളോടുകൂടിയ ജനറൽ ആശുപത്രിയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കാസർഗോഡ് താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എൻ.ആർ.എച്ച്.എം. മുഖേന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പൊതുവായ നിർദ്ദേശങ്ങളും ശിപാർശകളും

## ശിപാർശ 180 (ഖണ്ഡിക 253)

സമിതിയുടെ ശ്രദ്ധയിൽപ്പെട്ട ഒരു വസ്തുത മിക്ക ആശുപത്രികളിലും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായിട്ടാണ്. ഇതിന് പ്രധാന കാരണം ഒരു പ്രത്യേക യൂണിറ്റായി കണക്കാക്കുന്ന കാഷ്വാലിറ്റിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ജോലി ചെയ്യാൻ

വിസമ്മതിക്കുകയും ജൂനിയർ ഡോക്ടർമാർ പി.ജി.യ്ക്ക് പഠിക്കാൻ ലീവെടുത്ത് പോകുന്നതുമാണ്. അതുപോലെ തന്നെ മലബാർ മേഖലയിലും ഗ്രാമപ്രദേശങ്ങളിലും ജോലി ചെയ്യുവാൻ ഡോക്ടർമാർ വിസമ്മതിക്കുന്നു. വടക്കൻ ജില്ലകളിൽ നിയമനം ലഭിക്കുന്ന ഡോക്ടർമാരിൽ കുറച്ച് പേർ മാത്രമാണ് ജോലിയിൽ പ്രവേശിക്കുന്നതെന്നും പ്രവേശിക്കുന്നവരിൽ പലരും ഉപരിപഠനത്തിനായി ലീവെടുക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ സ്ഥിതി മാറേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുന്ന സമിതി, റൂറൽ സർവ്വീസിന് നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്ക് നിർബന്ധമായും ക്വാർട്ടേഴ്സ് അനുവദിക്കുകയും റൂറൽ സർവ്വീസ് ഒരു സ്ഥലത്ത് ഒരു വർഷം എന്ന് നിജപ്പെടുത്തി നൽകുകയും ചെയ്താൽ എല്ലാ പ്രദേശങ്ങളിലും സേവനമനുഷ്ഠിക്കുന്നതിന് ഡോക്ടർമാരെ ലഭിക്കുമെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ ഒഴിവ് വരുന്ന എല്ലാ തസ്തികകളും യഥാസമയം പി.എസ്.സി.യെ അറിയിക്കണമെന്നും നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കുന്നുണ്ട്. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഏകദേശം 2 മാസത്തിലൊരിക്കൽ കൗൺസിലിംഗ് നടത്തി ഡോക്ടർമാരെ നിയമിച്ച് വരുന്നു.

## ശിപാർശ 181 (ഖണ്ഡിക 255)

കിടത്തി ചികിത്സയുള്ള ആശുപത്രികളിൽ 24 മണിക്കൂർ പരിശോധന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ലാബ്, എക്സ്-റേ, ഇ.സി.ജി തുടങ്ങിയ അടിസ്ഥാന പരിശോധനാ സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ലാബ്, ഇ.സി.ജി എക്സ്-റേ തുടങ്ങിയ പരിശോധനാ സൗകര്യങ്ങൾ എപ്പോഴുമില്ലെങ്കിൽ കാഷ്വാലിറ്റി ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയില്ല. ആശുപത്രികളിലെ

ലബോറട്ടറികൾ കാര്യക്ഷമമായാൽ നിർദ്ധനരായ രോഗികൾക്ക് സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കുന്നതിനും അനധികൃത ലാബുകൾ വർദ്ധിക്കുന്നത് തടയുന്നതിനും സാധിക്കും. ആയതിനാൽ കാര്യക്ഷമതയുള്ള ലബോറട്ടറികൾ, പോർട്ടബിൾ എക്സ്റേ യൂണിറ്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ എല്ലാ ജില്ല-താലൂക്ക് ആശുപത്രികളിലും ഏർപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

എല്ലാ ജില്ലാ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും ആധുനിക സൗകര്യങ്ങളുള്ള ലബോറട്ടറി, എക്സ്റേ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2012-2013 സാമ്പത്തിക വർഷത്തിൽ 5 ജില്ലാ ആശുപത്രികളിൽ സി.ടി സ്കാൻ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ 182 (ഖണ്ഡിക 256)

രോഗ പരിശോധനയ്ക്ക് ആവശ്യമായ നൂതന മെഷീനുകൾ പല ആശുപത്രികളിലും വാങ്ങിയിട്ടുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ അവ പ്രവർത്തനക്ഷമമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. വിദഗ്ദ്ധരുടെ അഭാവമാണ് നൂതനവും സങ്കീർണ്ണവുമായ മെഷീനുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വരുന്നതിന് കാരണം. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി ആശുപത്രികളിലെ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കണമെന്നും യന്ത്രങ്ങളുടെ പ്രവർത്തന ക്ഷമത പരിശോധിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും ജില്ലാ തലത്തിൽ മൊബൈൽ ഇൻസ്പെക്ഷൻ യൂണിറ്റ് രൂപീകരിക്കണമെന്നും ആധുനിക യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

രോഗ പരിശോധനയ്ക്ക് ആവശ്യമായ നൂതന മെഷീനുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. തസ്തിക നിലവിലില്ലാത്ത മിക്ക ആശുപത്രികളിലും ആശുപത്രി മാനേജ്മെന്റ് സമിതി മുഖേനയും എൻ.ആർ.എച്ച്.എം മുഖേനയും താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് സേവനം ലഭ്യമാക്കുന്നു. റിപ്പയർ ആവശ്യമായ ഘട്ടങ്ങളിൽ എച്ച്.ഇ.ആർ യൂണിറ്റിൽ നിന്നും എൻ.ആർ.എച്ച്.എം-ന്റെ ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

## ശിപാർശ 183 (ഖണ്ഡിക 257)

ആരോഗ്യവകുപ്പ് നേരിട്ട് നൽകുന്നത് കൂടാതെ ആശുപത്രി വികസന സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ വാങ്ങുന്നതുമായ മരുന്നുകൾ രോഗികൾക്ക് ലഭിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധേയമാണ്. എന്നാൽ ചിലയിടത്തെങ്കിലും ചില സന്ദർഭങ്ങളിൽ മരുന്ന് ക്ഷാമം നേരിടുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ജീവൻരക്ഷാ മരുന്നുകൾ പോലും വാങ്ങാൻ കഴിയാത്ത നല്ലൊരു ശതമാനം രോഗികൾ സർക്കാർ ആശുപത്രിയെ ആശ്രയിക്കുന്നു. ആയതിനാൽ ആശുപത്രികളിലെ മരുന്ന് സംഭരണം മെച്ചപ്പെടുത്തണമെന്നും എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളോടും അനുബന്ധമായി ന്യായവില മെഡിക്കൽ ഷോപ്പുകൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സഹകരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി

സർക്കാർ നയത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സഹകരണ സംഘങ്ങൾ/കൺസ്യൂമർ ഫെഡറേഷൻ എന്നിവയുടെ നിയന്ത്രണത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനു അനുമതി നൽകി വരുന്നുണ്ട്. 2009-10 വർഷത്തിൽ കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 11 നീതി മെഡിക്കൽ സ്റ്റോറുകളും വിവിധ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 127 മെഡിക്കൽ സ്റ്റോറുകളും ഉൾപ്പെടെ 138 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ നിന്നും ലഭിച്ച മറുപടി**

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ മരുന്നു വിതരണം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 2012 നവംബർ 1-ാം തീയതി മുതൽ 5 മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നീ ജനറൽ ആശുപത്രികളിലും രോഗികൾക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും സൗജന്യമായി വിതരണം ചെയ്യുവാനുള്ള പദ്ധതി തുടങ്ങി കഴിഞ്ഞു. മാർക്കറ്റിൽ ലഭ്യമായ ബ്രാൻഡഡ് മരുന്നുകൾക്ക് പകരം കമ്പനികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന ജനറിക് മരുന്നുകളാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. ഘട്ടംഘട്ടമായി ഈ പദ്ധതി എല്ലാ ജില്ലാ ആശുപത്രികളിലേയ്ക്കും താലൂക്ക് ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ഇതിനു പുറമേ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിലൂടെ ഇൻസുലിൻ ഉൾപ്പെടെയുള്ള 12 മരുന്നുകളും പി.എച്ച്.സി തലം വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇതോടുകൂടി മരുന്നുകളുടെ വില വർദ്ധനയ്ക്ക് ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.

**ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും ലഭിച്ച മറുപടി**

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോ 1997-ൽ ആണ് മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ചത്. നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ പ്രവർത്തിച്ച

വരുന്ന 91 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ 15 എണ്ണം സർക്കാർ ആശുപത്രി കോമ്പൗണ്ടുകളിലും 10 എണ്ണം സർക്കാർ ആശുപത്രികളുടേയും മെഡിക്കൽ കോളേജുകളുടേയും സമീപത്തായിട്ടാണ് പ്രവർത്തിക്കുന്നത്. ഞായറാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും തുറന്നു പ്രവർത്തിക്കുന്ന ഈ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് സർക്കാർ ആശുപത്രികൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ 10% മുതൽ 43% വരെ ഡിസ്കൗണ്ടോടുകൂടി മൊത്തമായി വിൽക്കുന്നുണ്ട്. ജില്ലാ താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനത്തിന് സാമ്പത്തികമായും ഗുണകരമാകുന്ന സ്ഥാപനങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ച് പ്രവർത്തിപ്പിക്കുവാൻ സന്നദ്ധമാണെന്നും സമിതിയെ അറിയിക്കുന്നു.

## ശിപാർശ 184 (ഖണ്ഡിക 258)

ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ അവശ്യ മരുന്നുകൾ വിതരണം ചെയ്യാതെ പൂഴ്ത്തിവെച്ചും വിലകൂട്ടിയും മരുന്ന് വ്യാപാരികൾ കൃത്രിമക്ഷാമം സൃഷ്ടിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മരുന്ന് വില നിയന്ത്രിക്കുന്നതിന് ശക്തവും ഫലപ്രദവുമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

രാജ്യത്ത് നിർമ്മിച്ച് വിൽക്കപ്പെടുന്ന മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്ര കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA)യ്ക്കാണ് നൽകിയിട്ടുള്ളത്. കേന്ദ്ര ആക്ടായ എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ടും അതുമായി ബന്ധപ്പെട്ട Drugs Price Control Order-ഉം വഴിയാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി അവശ്യ മരുന്നുകളുടെ വില നിയന്ത്രണവും ലഭ്യതയും ഉറപ്പാക്കുന്നത്. പ്രസ്തുത നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരം നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി

നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ല എന്നും ജീവൻരക്ഷാ മരുന്നുകൾ സുലഭമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തുകയാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതല.

74 ഇനം മരുന്നുകളും അവ ചേരുവയായിട്ടുള്ള വിവിധ കോമ്പിനേഷനുകളും മാത്രമാണ് 2011 വരെ കേന്ദ്ര സർക്കാർ ജീവൻരക്ഷാ മരുന്നുകളായി കണക്കാക്കി വില നിശ്ചയിച്ചുറപ്പിച്ചിരുന്നത്. ഈ പട്ടികയിൽ ഉൾപ്പെടാത്ത ഔഷധങ്ങൾക്കെല്ലാം തന്നെ നിർമ്മാതാക്കൾക്ക് വില നിശ്ചയിച്ച് വിപണിയിലിറക്കാൻ സ്വാതന്ത്ര്യം ഉണ്ടായിട്ടുള്ളതിനാൽ പല നിർമ്മാതാക്കൾ നിർമ്മിക്കുന്ന ഒരേ മരുന്നിന് ഗണ്യമായ വില വ്യത്യാസം കണ്ടു വന്നിരുന്നു.

പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായും രാജ്യത്ത് ലഭ്യമാകുന്ന ഭൂരിഭാഗം മരുന്നുകളുടേയും വില നിയന്ത്രിക്കുന്നതിലേക്കായും നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസ് ഭേദഗതി ചെയ്ത് 348 ഇനം മരുന്നുകൾ ഉൾപ്പെടുത്തി അവയുടെ വില നിശ്ചയിച്ചുറപ്പിക്കാൻ തീരുമാനിച്ചതിൻ പ്രകാരം 2013 ജൂലൈ മുതൽ നാളിതുവരെ ഘട്ടം ഘട്ടമായി 298 മരുന്നുകളുടെ വില നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ളതാണ്. ലിസ്റ്റിലുള്ള ബാക്കി മരുന്നുകളുടെ വില നിയന്ത്രണത്തിനുള്ള നടപടികൾ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നടത്തി വരുന്നതായി അറിയുന്നു. വില നിയന്ത്രണം പ്രാബല്യത്തിൽ വന്നു കഴിഞ്ഞ മരുന്നുകൾ എല്ലാം തന്നെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം പരിശോധനകളിലൂടെ ഉറപ്പു വരുത്തുകയും വില പരിധി ലംഘിച്ച് വിപണനം നടത്തുന്നവരുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കുന്നുമുണ്ട്. ഇപ്രകാരം 298 ഇനം മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിച്ച വേളയിൽ ചില മരുന്നുകളുടെ വില നിശ്ചയിച്ചതിൽ അപാകതകൾ ഉണ്ടായതിനാൽ ഇത്തരം മരുന്നുകളുടെ വിപണനം ഇല്ലാതാവുകയും

ആയതിന്റെ ദൗർലഭ്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇത്തരം അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായുള്ള നടപടികൾ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി സ്വീകരിച്ച് വരുന്നുണ്ട്. ഇപ്രകാരം Anti Snake Venom-ന്റെ വില നിശ്ചയിച്ചതിലുള്ള അപാകതകൾ കാരണം ആ മരുന്നിന്റെ ദൗർലഭ്യം സംസ്ഥാന വിപണിയിൽ പ്രകടമായിരുന്നു. കൂടാതെ Bloold Products കളായ Human Albumin, Human Immuno Globulin എന്നിവയുടെ അസംസ്കൃത വസ്തുക്കളുടെ വിപണനത്തിനും സംഭരണത്തിനും കർശനമായ നിയന്ത്രണങ്ങളുള്ളതിനാൽ ഇവയുടെ രൂക്ഷമായ ക്ഷാമം അനുഭവപ്പെട്ട് കാണപ്പെടുന്നുണ്ട്. ഇത് പരിഹരിച്ച് നടപടികൾ സ്വീകരിക്കുന്നതിലേക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയും Central Drugs Standard Control Organization-നും നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലഭ്യമായിരിക്കേണ്ട മരുന്നുകളുടെ ഇൻഡന്റ് സ്വരൂപിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വിതരണം ചെയ്തു വരുന്നുണ്ട്. ഇത്തരത്തിലുള്ള വിതരണത്തിലും നിലവിൽ കാര്യമായ ദൗർലഭ്യമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള പരമാവധി വിലയേക്കാളും കൂടുതൽ വില, ചില്ലറ വ്യാപാരികൾ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പാക്കുന്നുണ്ട്. പരമാവധി വില്പന വിലയേക്കാളും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിൽപ്പന നടത്തുന്ന നീതി, മാവേലി, കാരുണ്യ എന്നീ സ്ഥാപനങ്ങൾക്ക് മുൻഗണനാക്രമത്തിൽ വകുപ്പ് ലൈസൻസുകൾ അനുവദിച്ച വരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ വിപണിയിൽ ലഭ്യമായിക്കൊണ്ടിരിക്കുന്നതും യഥേഷ്ടം വിതരണം ചെയ്യുന്നതുമായ മരുന്നുകളുടെ ബ്രാൻഡുകളിൽ ലഭ്യതക്കുറവ് കണ്ടു വരാറുണ്ടെങ്കിലും ഇതേ മരുന്ന് മറ്റു പല നിർമ്മാതാക്കളും നിർമ്മിച്ച് വിപണനം ചെയ്യുന്നതിനാൽ ബ്രാൻഡിന്റെ ദൗർലഭ്യം അല്ലാതെ മരുന്നിന്റെ ദൗർലഭ്യം ഉണ്ടാകാറില്ല. ഔഷധ വ്യാപാരികളിൽ മരുന്ന്

പൂഴ്ത്തി വച്ച് കൃത്രിമ ക്ഷാമം നടത്തി വരുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില നിർമ്മാതാക്കൾ വ്യാപാര സംബന്ധമായ തർക്ക പ്രശ്നങ്ങൾ മൂലം മൊത്ത വ്യാപാരികളിൽ ചിലർക്ക് മരുന്ന വിതരണം നിർത്തി വയ്ക്കുന്നതായും കണ്ടു വരുന്നുണ്ട്. മതിയായ കാരണങ്ങളില്ലാതെ വിതരണം തടഞ്ഞു വയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ജീവൻ രക്ഷാ മരുന്നുകളും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുക എന്നുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ദൗത്യം കൃത്യമായി ഉറപ്പാക്കുന്നുണ്ട്.

## ശിപാർശ 185 (ഖണ്ഡിക 261)

നവജാത ശിശുക്കളുടെ സംരക്ഷണത്തിനായി എല്ലാ ജില്ലാ ആശുപത്രികളിലും വൈദഗ്ധ്യം നേടിയ ഡോക്ടർമാർ, ട്രെയിനിംഗ് ലഭിച്ചിട്ടുള്ള നേഴ്സുമാർ കൂടാതെ റേഡിയന്റ് വാമറുകൾ, റെസ്പിറേറ്റേഴ്സ്, ആധുനിക രോഗ നിരീക്ഷണ ഉപകരണങ്ങൾ, മിനി ഐ.സി.യു. ഉള്ള അംബുലൻസ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

നവജാത ശിശുക്കളുടെ സംരക്ഷണത്തിനായി എല്ലാ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ഒഴികെയുള്ള എല്ലാ പ്രസവമുള്ള ജില്ല / ജനറൽ ആശുപത്രികളിലും സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് (എസ്.എൻ.സി.യു) നിലവിലുണ്ട്. ധാരാളം പ്രസവമുള്ള താലൂക്ക് ആശുപത്രികളിൽ ന്യൂബോൺ സ്റ്റെബലൈസേഷൻ യൂണിറ്റും (എൻ.ബി.എസ്.യു) ഉണ്ട്. ഇവയുടെ വിപുലീകരണം ഈ വർഷം എൻ.ആർ.എച്ച്.എം.ഫണ്ട് ഉപയോഗിച്ച് നടത്തുന്നതാണ്. പ്രസവമുള്ള എല്ലാ ആശുപത്രികളിലും ആംബുലൻസ് സർവ്വീസ് ലഭ്യമാക്കിയിട്ടുണ്ട്.

## ശിപാർശ 186 (ഖണ്ഡിക 262)

ആഗോള ശാസ്ത്രത്തിന്റെ മുന്നേറ്റത്തിനൊപ്പം മാറിക്കൊണ്ടിരിക്കുന്ന വൈദ്യ ശാസ്ത്രം പ്രതിരോധശക്തി കൂട്ടുന്നതിനുള്ള ഗവേഷണങ്ങളിൽ ഏർപ്പെടുകയും

ആയതിന്റെ ഗുണഫലം ഉപയോഗപ്പെടുത്തുകയും വേണം. സാംക്രമിക രോഗങ്ങൾക്കെതിരെ ജാഗ്രതയും മുന്നൊരുക്കവും അനിവാര്യമാണ്. രോഗ നിർണ്ണയ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും സാമൂഹ്യ ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തിയും പകർച്ച വ്യാധി വ്യാപനം തടയാവുന്നതാണ്. പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സംയോജിത രോഗപര്യവേഷണ പദ്ധതിയുടെ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ സംയോജിത ആരോഗ്യ പരിവേഷണ പദ്ധതിയുടെ പ്രവർത്തനം കേരളത്തിലെ എല്ലാ ജില്ലകളിലും 2006 മുതൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഓരോ ജില്ലയിലും ജില്ലാ സർവൈലൻസ് ആഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതല സർവൈലൻസ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ജില്ലയൊട്ടാകെയുള്ള സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള കണക്ക് ഇവിടെ ലഭ്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സാംക്രമിക രോഗങ്ങൾക്കെതിരെ ജാഗ്രതയും മുന്നൊരുക്കവും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്വീകരിച്ച് വരുന്നത്. സംസ്ഥാന തല സർവൈലൻസ് യൂണിറ്റ് തിരുവനന്തപുരത്ത് പ്രവർത്തിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.

## ശിപാർശ 187 (ഖണ്ഡിക 263)

ആശുപത്രികളിലെ ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡും ഐ.എം.എ. യും സംയുക്തമായി പാലക്കാട് സ്ഥാപിച്ചിട്ടുള്ള ട്രീറ്റ്മെന്റ് യൂണിറ്റിൽ 50-ൽ അധികം ആശുപത്രികൾ അംഗങ്ങളാണ്. കിടക്ക ഒന്നിന് 2.75 രൂപ നിരക്കിൽ ചാർജ്ജ് ഈടാക്കുന്നു. ഓരോ ആശുപത്രിക്കും ഇത്തരം ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത്

ചെലവേറിയതാകയാൽ പൊതു സംവിധാനം ഏർപ്പെടുത്തി മാലിന്യ സംസ്കരണം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ബയോ മെഡിക്കൽ വേസ്റ്റ് 'ഇമേജ് ' എന്ന സംവിധാനം വഴി ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്ത് വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മാലിന്യങ്ങൾ വലിയ കുഴികളിൽ നശിപ്പിക്കുന്ന സംവിധാനമാണ് ഉള്ളത്.

**<u>ശിപാർശ 188 (ഖണ്ഡിക 266)</u>**

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രി വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിനാൽ ജനകീയാരോഗ്യ പ്രവർത്തകരുടെ പങ്കാളിത്തത്തോടെ ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്. ആരോഗ്യവകുപ്പിലെ ഫീൽഡ് സൂപ്പർവൈസർമാരുടെ ശമ്പളം ആരോഗ്യവകുപ്പിലും മറ്റ് നിയന്ത്രണം തദ്ദേശസ്വയംഭരണ വകുപ്പിലുമായതിനാൽ ആരോഗ്യവകുപ്പിനോ തദ്ദേശസ്വയംഭരണ വകുപ്പിനോ ഇവരുടെമേൽ ശരിയായ നിയന്ത്രണമില്ലാത്ത സ്ഥിതിയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ജോലി മോണിറ്റർ ചെയ്യണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയ സ്റ്റാഫിന്റെ ഹാജർ പ്രസ്തുത വകുപ്പ് കർശനമായി പരിശോധിക്കണമെന്നും ഇവർ കൃത്യമായി ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ആരോഗ്യ വകുപ്പ് ജീവനക്കാരുടെ ഹാജർനില ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ നടത്തിപ്പ് മാത്രമാണ് തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുള്ളത്. ആരോഗ്യവകുപ്പിന്റെ നിലവിലുള്ള വിജിലൻസ് സംവിധാനം മുഖേനയും ഹാജർനില പരിശോധിക്കുന്നുണ്ട്.

## ശിപാർശ 189 (ഖണ്ഡിക 267)

കേരളീയരിൽ വർദ്ധിച്ച് വരുന്ന മാനസികാരോഗ്യ പ്രശ്നങ്ങളിലെ വ്യാപന നിരക്ക് പരിഗണിച്ച് മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണമെന്നും താലൂക്ക് ആശുപത്രികളിൽ കൂടി മാനസികാരോഗ്യ ക്ലിനിക്കുകൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വർദ്ധിച്ച് വരുന്ന മാനസിക ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യവകുപ്പും, എൻ.ആർ.എച്ച്.എം. ഉം സംയുക്തമായി 14 ജില്ലകളിലും ജില്ലാ മാനസിക ആരോഗ്യ പരിപാടി 2012-2013 മുതൽ നടപ്പിലാക്കി തുടങ്ങി. ഇതിന്റെ ഫലമായി പ്രാഥമികാരോഗ്യ കേന്ദ്രം വരെ മാനസിക ആരോഗ്യ ചികിത്സ ലഭ്യമാക്കാൻ കഴിയും

## ശിപാർശ 190 (ഖണ്ഡിക 269)

അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനുള്ള തീവ്ര പരിചരണ യൂണിറ്റുകൾ സ്ഥാപിച്ച് എല്ലാ താലൂക്ക് ആശുപത്രികളിലും ഫസ്റ്റ് റഫറൽ ആശുപത്രികളായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. ജില്ലാ ആശുപത്രികൾ പൂർണ്ണമായും റഫറൽ ആശുപത്രികളുടെ നിലവാരത്തിൽ എത്തിയാൽ മെഡിക്കൽ കോളേജുകളിലെ ഇന്നുള്ള ജനബാഹുല്യം കുറയ്ക്കാനും തന്മൂലം അണുബാധ പോലെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കും. ജില്ലാ ആശുപത്രികൾ റഫറൽ ആശുപത്രികളാക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നിലവിലുള്ള മെഡിക്കൽ കോളേജുകൾ പോലും പൂർണ്ണമായും റഫറൽ ആക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ജില്ലാ ആശുപത്രികൾ റഫറൽ ആശുപത്രികൾ ആക്കുമ്പോൾ താഴെതലത്തിലുള്ള താലൂക്ക് ആശുപത്രികളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇത്

ഘട്ടംഘട്ടമായി മാത്രം നടപ്പിലാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ്. ഈ വർഷം തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മെഡിസിൻ ഓർത്തോ വിഭാഗങ്ങളും റഫറൽ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി റഫറൽ ആക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

സംസ്ഥാനത്ത് എല്ലാ താലൂക്കുകളിലും താലൂക്ക് ആശുപത്രികൾ പ്രവർത്തിച്ചു വരുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും ഇല്ലാത്ത സ്ഥലങ്ങളിൽ താലൂക്ക് ആശുപത്രി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുക.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് എല്ലാ താലൂക്കുകളിലും താലൂക്ക് തല ആശുപത്രികൾ (ജില്ലാ ആശുപത്രി താലൂക്കിൽ ഉള്ളവയൊഴികെ) ഉണ്ടായിരിക്കണമെന്ന രീതിയാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചു വരുന്നത്. സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീ സൗഹൃദമാക്കുന്നതിന് ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് ആർദ്രം മിഷൻ നടപ്പിലാക്കി തുടങ്ങിയിട്ടുള്ളത്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാ /താലൂക്ക് /ജനറൽതല ആശുപത്രികളിൽ ആദ്യഘട്ടമെന്ന നിലയിൽ 280 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, കൊല്ലം ജില്ലയിലെ പത്തനാപുരം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കാസർഗോഡ് ജില്ലയിലെ പനത്തടി, ബേഡഡുക്ക, മംഗൽപ്പാടി എന്നീ സി.എച്ച്.സി. കളെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും, അധിക തസ്തികകൾ സൃഷ്ടിച്ചും താലൂക്കുതല ആശുപത്രിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിലും അത്തരം സ്ഥലങ്ങളുടെ പരിധിയിൽപ്പെട്ട താലൂക്കിൽ വേറെ താലൂക്ക് ആശുപത്രി ഇല്ലാത്ത പക്ഷം ടി കേന്ദ്രങ്ങളിൽ താലൂക്ക്

ആശുപത്രികൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി ടി സ്ഥലങ്ങളിൽ താലൂക്ക് ആശുപത്രികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## എസ്റ്റിമേറ്റ് കമ്മിറ്റി (2016-19)യുടെ 28.06.2017-ലെ ആലപ്പുഴ കെ.എസ്.ഡി.പി. സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള സമിതി നിർദ്ദേശങ്ങളും അവയ്ക്കു സർക്കാർ ലഭ്യമാക്കിയ മറുപടികളും

### നിർദ്ദേശം 1

കെ.എസ്.ഡി.പി.യുടെ ഉത്പാദനശേഷിക്ക് അനുസൃതമായിട്ടുള്ള ഇൻഡന്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിന് മൂന്ന് മാസം മുൻപെങ്കിലും കെ.എസ്.ഡി.പി.യിൽ നിന്ന് ഏതെല്ലാം മരുന്നുകളാണ് വാങ്ങേണ്ടതെന്ന തീരുമാനമെടുക്കണമെന്നും റേറ്റ് കോൺട്രാക്റ്റ് സിസ്റ്റം വഴി ഓർഡർ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

### ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരണം നടത്തുന്ന മരുന്നുകളുടെ പട്ടിക ഓരോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനും മാസങ്ങൾക്ക് മുമ്പ് തന്നെ കെ.എസ്.ഡി.പി.യ്ക്ക് നൽകാറുണ്ട്. അതനുസരിച്ച് 2018-19 സാമ്പത്തിക വർഷം ദർഘാസ് ചെയ്യുന്ന ജനറിക് മരുന്നുകളുടെ പേരും സംഭരിക്കുന്ന തോതും ഉൾപ്പെട്ട പട്ടിക 10.10.2017-ലെ കത്ത് മുഖേന കെ.എസ്.ഡി.പി.യ്ക്ക് നൽകിയിരുന്നു. അതിന്റെ വെളിച്ചത്തിൽ 25.10.2017-ലെ കത്ത് മുഖേന 76 ഇനം മരുന്നുകളുടെ പട്ടികയും തോതും മരുന്നു നിർമ്മാണ

ലൈസൻസ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകളും കോർപ്പറേഷന് കൈമാറി. പ്രസ്തുത പ്രമാണങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയതിൽ 44 ഇനം മരുന്നുകൾ വിതരണം നടത്തുന്നതിന് യോഗ്യതയുണ്ടെന്ന് കണ്ടെത്തിയ വിവരം 19.12.2017-ലെ കത്ത് മുഖേന കെ.എസ്.ഡി.പി.-യെ അറിയിക്കുകയുണ്ടായി.

2018-19 സാമ്പത്തിക വർഷം ദർഘാസ് ക്ഷണിച്ച അളവിന്റെ 50% അഥവാ കെ.എസ്.ഡി.പി. ഓഫർ ചെയ്ത അളവ് ഇതിൽ ഏതാണോ കുറവ്, അതിൻപ്രകാരമുള്ള മരുന്നുകളാണ് കെ.എസ്.ഡി.പി.യിൽ നിന്നും സംഭരിച്ചത്.

ദർഘാസിലൂടെ ലഭിക്കുന്ന L1 റേറ്റിന് മേൽ 25% അധികം നൽകിയാണ് കെ.എസ്.ഡി.പിയിൽ നിന്നും മരുന്നുകൾ സംഭരിക്കുന്നത്. ഇത് സംബന്ധിച്ച ലെറ്റർ ഓഫ് ഇന്റന്റ് 06.03.2018-ന് കെ.എസ്.ഡി.പി.യ്ക്ക് നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മുഴുവൻ തോതിലുള്ള മരുന്നുകൾക്കും ആവശ്യാനുസരണം വിതരണോത്തരവുകൾ നൽകിയിട്ടുണ്ട്.

## നിർദ്ദേശം 2

കെ.എം.എസ്.സി.എൽ. നൽകുന്ന പർച്ചേസ് ഓർഡറിലെ വ്യവസ്ഥ പ്രകാരം പർച്ചേസ് ഓർഡർ തീയതി മുതൽ 45 ദിവസത്തിനകം 50% മരുന്നുകളും ബാക്കി ഭാഗം 60 ദിവസത്തിനകവും വിതരണം ചെയ്യേണ്ടതായി വരുന്നുണ്ടെന്നും, ഈ സമയക്രമം ശരിയായ രീതിയിൽ പാലിക്കുവാൻ കെ.എസ്.ഡി.പി.യ്ക്ക് കഴിയുന്നില്ലെന്നും സമിതി മനസ്സിലാക്കുകയും ആയതിനാൽ 2010-11 കാലഘട്ടത്തിൽ നിലനിന്നിരുന്നതും കെ.എം.എസ്.സി.എൽ.ഗൈഡ്‌ലൈൻസ് പ്രകാരം 60 ദിവസത്തിനുള്ളിൽ 50% മരുന്നും 90 ദിവസത്തിനകം ബാക്കി ഭാഗവും വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥ, വ്യവസായ-ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ വീണ്ടും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തെ ദർഘാസ് വ്യവസ്ഥ പ്രകാരം പർച്ചേസ് ഓർഡർ തീയതി മുതൽ 45 ദിവസത്തിനകം 50% മരുന്നുകളും ബാക്കി ഭാഗം 60 ദിവസം കൊണ്ടും വിതരണം ചെയ്യണമെന്നുള്ളതായിരുന്നു. ദർഘാസിൽ പങ്കെടുത്തിരുന്ന ഇതര സംസ്ഥാന കമ്പനികളെല്ലാം ടി നിബന്ധന പാലിച്ചാണ് മരുന്ന് വിതരണം നടത്തിയിരുന്നത്. എന്നാൽ മരുന്ന് വിതരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കണമെന്ന കെ.എസ്.ഡി.പി.യുടെ നിരന്തര ആവശ്യവും, സമിതിയുടെ നിർദ്ദേശവും പരിഗണിച്ച് 60 ദിവസം കൊണ്ട് 50%വും 70 ദിവസം കൊണ്ട് 100%വും എന്ന നിലയിൽ ദർഘാസ് വ്യവസ്ഥയിൽ മാറ്റം വരുത്തി സമയക്രമം ദീർഘിപ്പിച്ചിട്ടുണ്ട്.

## നിർദ്ദേശം 3

കേരളത്തിലെ സർക്കാർ ആശുപത്രികൾക്കു വേണ്ടി കെ.എം.എസ്.സി.എൽ. സംഭരിക്കുന്ന മരുന്നിന്റെ വലിയൊരു ഭാഗം സ്വകാര്യ മേഖല വഴിയാണെന്നും സർക്കാർ കമ്പനിയായ കെ.എസ്.ഡി.പി.യുടെ സ്ഥാപിത ശേഷി ഭാഗികമായി മാത്രമാണ് പ്രയോജനപ്പെടുത്തുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെ.എസ്.ഡി.പിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി, ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെ, കെ.എം.എസ്.സി.എൽ.-ന് ആവശ്യമായ മരുന്നിന്റെ നല്ലൊരു ഭാഗം സംഭരിക്കുന്നത് കെ.എസ്.ഡി.പി. വഴിയാകണമെന്നും ഇങ്ങനെയൊരു നടപടി സ്വീകരിച്ചാൽ മാത്രമെ സർക്കാർ ഉടമസ്ഥതയിലുള്ള മരുന്ന് നിർമ്മാണ കമ്പനികൾക്ക് മികച്ച ലാഭം നേടാനാകുകയുള്ളുവെന്നും സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ ഉടമസ്ഥതയിലുള്ള മരുന്ന് നിർമ്മാണ കമ്പനിയായ കെ.എസ്.ഡി.പി.-യെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനാവശ്യമായ എല്ലാ പിന്തുണയും, സാമ്പത്തിക സഹായ സഹകരണങ്ങളും കേരള മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തു നിന്നും ചെയ്തു വരുന്നുണ്ട്.

2018-19 സാമ്പത്തിക വർഷം മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 825 ഇനങ്ങളുടെ ദർഘാസ് ക്ഷണിച്ചതിൽ, 43 ഇനം മരുന്നുകൾ മാത്രമാണ് കെ.എസ്.ഡി.പി. ഓഫർ ചെയ്തിട്ടുള്ളത്.

## നിർദ്ദേശം 4

കെ.എസ്.ഡി.പി.യിലെ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബ് കെ.എം.എസ്.സി.എൽ.-ന്റെ പാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ. പുറത്ത് നിന്നും സംഭരിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഈ ലാബിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

കെ.എം.എസ്.സി.എൽ. പുറത്തു നിന്നും സംഭരിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിലേയ്ക്കായി എംപാനൽ ചെയ്തിട്ടുള്ള കെ.എസ്.ഡി.പി.യുടെ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബ് പരിശോധന നടത്താൻ കഴിയുന്ന പരമാവധി സാമ്പിളുകൾ അയക്കുന്നുണ്ട്.

## നിർദ്ദേശം 5

ഔഷധ നിർമ്മാണത്തിൽ, സംസ്ഥാനത്തിന് പുറത്തുള്ള കമ്പനികൾ പലപ്പോഴും നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന് നിരീക്ഷിച്ച സമിതി കെ.എസ്.ഡി.പി.യിലെ പല ഉല്പന്നങ്ങളും നിശ്ചിത ഗുണനിലവാരം പാലിച്ച് നിർമ്മിക്കുമ്പോൾ ഉൽപാദന ചെലവിന് അനുസൃതമായ വില ലഭിക്കുന്നില്ലെന്ന് അഭിപ്രായപ്പെടുകയും ആയതിനാൽ ഓരോ സാമ്പത്തിക

വർഷത്തിന്റെയും ആരംഭത്തിന് മുമ്പ് കെ.എസ്.ഡി.പി.യിൽ നിന്നും സംഭരിക്കുന്ന മരുന്ന് ഏതെല്ലാം, അതിന്റെ റേറ്റ് എന്നിവ മുൻകൂട്ടി നിശ്ചയിച്ച് ബാക്കി മാത്രം പുറം ടെണ്ടർ വഴി വാങ്ങുന്ന സംവിധാനം കെ.എം.എസ്.സി.എൽ. വഴി നടപ്പാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിക്കുന്ന എല്ലായിനം മരുന്നുകളും കെ.എസ്.ഡി.പി. ഓഫർ ചെയ്യുന്നില്ല. കെ.എസ്.ഡി.പി. ഓഫർ ചെയ്യുന്ന മരുന്നുകൾക്ക് നൽകുന്ന പർച്ചേസ് ഓർഡറുകളിലെ മുഴുവൻ അളവും സമയബന്ധിതമായി വിതരണം നടത്തുവാൻ നിലവിലെ സാഹചര്യത്തിൽ കെ.എസ്.ഡി.പിയ്ക്ക് സാധിക്കുന്നില്ല. തന്മൂലം സർക്കാർ ആശുപത്രികളിൽ പല മരുന്നുകളുടെയും ദൗർലഭ്യം ഉണ്ടായിട്ടുണ്ട്. ഇക്കാരണത്താലാണ് ദർഘാസ് നടപടി ക്രമങ്ങളിലൂടെ ബദൽ വിതരണക്കാരെ കണ്ടെത്തുന്നതിനും അവരിൽ നിന്നും മരുന്നു സംഭരിക്കുന്നതിനും കോർപ്പറേഷൻ നിർബന്ധിതമായിത്തീർന്നിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ കോർപ്പറേഷൻ നൽകുന്ന പർച്ചേസ് ഓർഡറുകൾക്ക് സമയബന്ധിതമായി മരുന്നുകൾ വിതരണം നടത്താൻ പാകത്തിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഡി.പി.എൽ. സ്വീകരിക്കേണ്ടതുണ്ട്.

## നിർദ്ദേശം 6

കെ.എസ്.ഡി.പി.യുടെ ഉൽപ്പാദനശേഷിക്ക് അനുസരിച്ച് ഓർഡർ അതാതു സാമ്പത്തിക വർഷത്തിന് നിശ്ചിത ദിവസം മുൻപേ നൽകുന്നതിനു വേണ്ട ക്രമീകരണങ്ങൾ നിർദ്ദേശിച്ചു കൊണ്ടുള്ള വ്യക്തമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ വകുപ്പു തലത്തിൽ ആരംഭിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിനും സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ഉൽപ്പാദനശേഷിക്ക് അനുസരിച്ച് ഓർഡർ അതാതു സാമ്പത്തിക വർഷത്തിന് നിശ്ചിത ദിവസം മുൻപേ നൽകുന്നതിനു വേണ്ട ക്രമീകരണങ്ങൾ നിർദ്ദേശിച്ചു കൊണ്ട് 19.06.2019-ലെ സ.ഉ.(സാധാ) നം. 1457/2019/ആകുവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം V)

## നിർദ്ദേശം 7

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുന്ന മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയാണെന്നും നിലവിലുള്ള സ്റ്റോർ പർച്ചേയ്സ് മാനുവൽ പ്രകാരം ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അസംസ്കൃത പദാർത്ഥങ്ങൾ കമ്പനിയിൽ എത്തുന്നതിനായി 40-45 ദിവസങ്ങൾ എടുക്കുമെന്നും അതുവഴി മരുന്നുകളുടെ ഉല്പാദനം തുടങ്ങാൻ കാലതാമസം ഉണ്ടാകാറുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലുള്ള സ്റ്റോർ പർച്ചേയ്സ് മാന്വലിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### വ്യവസായ വകുപ്പ്

ഉല്പാദന സ്ഥാപനങ്ങളിൽ നിന്ന് മാത്രം ടെണ്ടർ ക്ഷണിച്ചു കാലതാമസം കൂടാതെ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി സ്റ്റോർസ് പർച്ചേയ്സ് മാന്വലിലെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഭേദഗതി വരുത്തേണ്ട ആവശ്യമില്ല. സ്റ്റോർസ് പർച്ചേയ്സ് മാന്വലിലെ ലിമിറ്റഡ് ടെണ്ടർ സംബന്ധിച്ച വ്യവസ്ഥകൾ (para 7.8-7.10 SPM) പ്രകാരം ഇതിനാവശ്യമായ നടപടികൾ

കെ.എസ്.ഡി.പിയ്ക്ക് തന്നെ സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിർദ്ദേശം 8

കെ.എസ്.ഡി.പി.യിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി നിലവിൽ കേരളത്തിലെ സർക്കാർ/സ്വകാര്യ ആശുപത്രികളിലേയ്ക്ക് കൂടുതൽ ആവശ്യമായി വരുന്നതായ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനും ഭാവിയിൽ ആവശ്യമായി വരുന്ന മരുന്നുകളെ സംബന്ധിച്ച് പഠനം നടത്തുന്നതിനുമായി ഒരു റിസർച്ച് & ഡവലപ്മെന്റ് വിഭാഗം ആരംഭിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

### വ്യവസായ വകുപ്പ്

പുതിയതരം മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനു വേണ്ടി കമ്പനിയിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റ് സംവിധാനം ആവശ്യമാണ്. ഇതിലേയ്ക്കായി സർക്കാർ 75 ലക്ഷം രൂപ കെ.എസ്.ഡി.പിക്ക് അനുവദിച്ചിട്ടുണ്ട്. റിസർച്ച് ആന്റ് ഡെവലപ്മെന്റ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ കെ.എസ്.ഡി.പി. സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയ ഇനം മരുന്നുകളുടെ നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിനായി Central Drug Institute, Lucknow യുമായി ഒരു M.O.U. ഉണ്ടാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള മരുന്നുകളുടെ ഉല്പാദനത്തിന് പുറമെ കൂടുതൽ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനായി സാഹചര്യം ഒരുക്കിയിട്ടുണ്ട്.

## അദ്ധ്യായം III

## സമിതി ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയിൽ അംഗീകരിച്ചിട്ടില്ലാത്തതും അനന്തര നടപടി സ്വീകരിയ്ക്കേണ്ടതുമായത്

## സമിതി (2016-19)യുടെ 28.06.2017-ലെ ആലപ്പുഴ കെ.എസ്.ഡി.പി. സന്ദർശനത്തോടനുബന്ധിച്ച് നൽകിയ നിർദ്ദേശം.

കേരളത്തിന് ആവശ്യമായ മരുന്നുകളുടെ നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട മേഖലകളിലെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനായി സർക്കാർ കെ.എം.എസ്.സി.എൽ., കെ.എസ്.ഡി.പി., ഡ്രഗ്സ് കൺട്രോൾ വകുപ്പ് എന്നിവരുൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

19.06.2019-ലെ സ.ഉ.(സാധാ) നം. 1456/2019/ആകുവ ഉത്തരവ് പ്രകാരം കേരളത്തിന് ആവശ്യമായ മരുന്നുകളുടെ നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട മേഖലകളിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. (അനുബന്ധം VI)

## സമിതി ആവശ്യപ്പെട്ട അധിക വിവരം

മരുന്നുകളുടെ നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട മേഖലകളിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ചും ടി കമ്മിറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സ്വകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുക.

**എസ്. ശർമ്മ,**
അദ്ധ്യക്ഷൻ,

തിരുവനന്തപുരം,
31..ഒക്ടോബർ , 2019.

SK/Estimate/ReportA V

അനുബന്ധം - I

## കുറിപ്പ്

ആശുപത്രി മാലിന്യങ്ങൾ (Bio Medical Wastes) ഏറ്റവും അപകടകരമായ ചുവപ്പ് വിഭാഗത്തിൽ ഉൾപ്പെടുന്നു. ആകയാൽ ആശുപത്രി മാലിന്യ സംസ്കരണത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും, പ്രത്യേകിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അതീവ ജാഗ്രത പുലർത്തണമെന്നും പൊതുജനാരോഗ്യത്തിന് ഭീഷണിയായ ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കണമെന്നും പ്രവർത്തനാനുമതി നേടിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ നടപടികൾ നിയമാനുസൃതം നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് 09.01.2012-ലെ സ.ഉ(സാധാ) നം. 06/12/പരി നം. ഉത്തരവ് പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2008-11) യുടെ റിപ്പോർട്ടിനെ അധികരിച്ച് പുറപ്പെടുവിച്ചിട്ടുള്ള 13.03.2012-ലെ ജി.ഒ (എം.എസ്) നം.4/12/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവു പ്രകാരം എല്ലാ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളെയും മലിനീകരണ നിയന്ത്രണബോർഡിന്റെ ആതറൈസേഷൻ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. മാസത്തിൽ 1000 രോഗികളിൽ താഴെ വരുന്ന ഡന്റൽ ക്ലിനിക്കുകളെ മലിനീകരണ നിയന്ത്രണബോർഡിന്റെ ആതറൈസേഷനിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും 'റെഡ് കാറ്റഗറി' വിഭാഗത്തിൽപ്പെടുന്നതിനാൽ ബോർഡിന്റെ പ്രവർത്തനാനുമതി കർശനമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണവുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ നിന്നുള്ള സംസ്കരിച്ച മലിനജലം (Bio Medical Wastes ഒഴികെയുള്ളത്) 50 കിടക്കകളിൽ കുറവുള്ള ആശുപത്രികളിൽ സെപ്റ്റിക് ടാങ്ക് സോക്ക്പിറ്റ് മുഖേനയും, 50 കിടക്കകളും അതിൽ കൂടുതലും ഉള്ളവയിൽ ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലും സംസ്കരിക്കുവാനും ആശുപത്രികളിൽ നിന്നുള്ള സംസ്കരിച്ച മലിനജലം പൊതു ഓടകളിലേക്ക് ഒഴുക്കിവിടാവുന്നതല്ല എന്നും 12.12.2014-ലെ സ.ഉ(അച്ചടി) നം.16/14/പരി പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

K. BAIJU
Additional Secretary to Govt.
Environment Dept.
Govt. Secretariat, TVPM

കേരള സർക്കാർ

# സംഗ്രഹം

സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം— നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടും വിദഗ്ദ്ധ സമിതികളുടെ ശുപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പരിസ്ഥിതി (എ) വകുപ്പ്

സ. ഉ. (അച്ചടി) നം. 16/14/പരിസ്ഥിതി. തീയതി, തിരുവനന്തപുരം, 2014 ഡിസംബർ 12.

*സൂചന* :—(1) കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011) 17-7-2009-ൽ സമർപ്പിച്ച 6-ാമത് റിപ്പോർട്ട്.

(2) 31-12-2010-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അയച്ച പി.സി.ബി./ടി.എ.സി./എൽ.സി./638/09/നമ്പർ കത്ത്.

(3) 28-6-2012, 29-10-2012 തീയതികളിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ അയച്ച DoECC/E3/2047/12 നമ്പർ കത്തുകൾ.

(4) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് 26-12-2012-ൽ നടത്തിയ ശില്പശാലയുടെ റിപ്പോർട്ട്.

(5) അന്താരാഷ്ട്ര ജല സഹകരണ വർഷാചരണം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി 14-3-2013-ൽ നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പ്.

(6) 6-12-2012-ൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി അയച്ച 2775/എ2/12/എച്ച്. ആർ. സി. നമ്പർ കത്ത്.

(7) 15-4-2013-ൽ കേരള പരിസ്ഥിതി ഐക്യവേദി സമർപ്പിച്ച നിവേദനം.

(8) അന്താരാഷ്ട്ര ജല സഹകരണവർഷം പ്രമാണിച്ച് രൂപീകരിച്ച സംസ്ഥാനതല സമിതിയുടെ 22-7-2013-ലെ ഒന്നാമത് യോഗത്തിന്റെ നടപടി റിപ്പോർട്ട്.

## ഉത്തരവ്

കേരളത്തിലെ നദികളെയും തടാകങ്ങളെയും മറ്റ് ജലസ്രോതസ്സുകളെയും ആധുനിക ജനസമൂഹം നിർദാക്ഷിണ്യം ചൂഷണം ചെയ്യുന്നതായും നദികളുടെയും ജലാശയങ്ങളുടെയും ശുചീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യാതൊരു കർമ്മപദ്ധതിയും കാര്യക്ഷമമായി നടപ്പാക്കാറില്ലെന്നും ഒന്നാമത് സൂചി

പ്പിച്ച റിപ്പോർട്ടിൽ കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ചൂണ്ടിക്കാട്ടിയിരുന്നു. കൂടാതെ കേരളത്തിൽ ഒരു ജലസംസ്ക്കാരം ഉണ്ടാകാത്ത തിനെപ്പറ്റിയും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. പുറമെനിന്നു നോക്കി യാൽ അസൂയാവഹമായ രീതിയിൽ ജലസമൃദ്ധമാണെങ്കിലും മഴവെള്ളം, ഉപരിത ലജലം, ഭൂഗർഭജലം എന്നിവയ്ക്ക് കേരളത്തിലെ ആളോഹരി ലഭ്യത ഇന്ത്യയിലെ ആളോഹരി ലഭ്യതയെക്കാൾ തീരെ കുറവാണ് എന്ന വസ്തുത പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളതാണ് എന്നും പ്രസ്തുത റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കേരള ത്തിലെ കുളങ്ങളും തോടുകളും നദികളും കായലുകളും കടലും എല്ലാം തന്നെ മനുഷ്യരുടെയും മൃഗങ്ങളുടെയും വിസർജ്ജ്യങ്ങൾ, ചപ്പുചവറുകൾ, വ്യവസായ ശാലകളിൽ നിന്നുള്ള ഖര-ദ്രവ മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ, പട്ടണ ങ്ങളിലെയും ഗ്രാമങ്ങളിലെയും ഡ്രെയിനേജ്, ഓടകളിലെ മലിനജലം, അറവുശാ ലകളിലെ അവശിഷ്ടങ്ങൾ എന്നിങ്ങനെ എല്ലാവിധ മാലിന്യങ്ങളും വലിച്ചെറിയാ നുള്ള ഇടമായിട്ടാണ് ഇന്ന് മാറിയിരിക്കുന്നതെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു.

2. പ്രകൃതിവിഭവങ്ങളുടെയും, ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിനായി വിവിധ സ്ഥാപനങ്ങൾ/ ഏജൻസികൾ/ സെല്ലുകൾ എന്നിവ നിലവിലുണ്ടെങ്കിലും ഇവയുടെ ഏകോപിത പ്രവർത്തനങ്ങളുടെ അഭാവം ലക്ഷ്യപ്രാപ്തി കൈവരിക്കു ന്നതിൽ വിഘാതമാകുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാ നത്തിന്റെ നിലനിൽപ്പിന് ആധാരവും സംസ്ഥാനത്തിന്റെ വിലമതിക്കാനാവാത്ത പ്രകൃതിവിഭവവുമായ ജലം, സംസ്ഥാനത്തിന് ലഭ്യമാക്കുന്ന അതുല്യമായ പരി സ്ഥിതി സേവനങ്ങളും സുസ്ഥിര സംരക്ഷണ നടപടികളും വഴി വരുംതലമുറ കൾക്കും ലഭ്യമാക്കണമെന്നുള്ളതിനാലും ഈ രീതിയിലുള്ള മലിനീകരണവും ചൂഷ ണവും തുടർന്നാൽ ജീവജല ലഭ്യത ഇല്ലാതാകുന്ന വിപത്ത് ഒഴിവാക്കേണ്ടതുള്ളതി നാലും പരിസ്ഥിതി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തുടർന്ന് ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ശില്പശാലകളുടെയും, നിയമ സഭാതലത്തിൽ നടന്നിട്ടുള്ള ചർച്ചകൾക്ക് സർക്കാർ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള പ്രതികരണങ്ങളുടെയും, മുകളിൽ രണ്ടു മുതൽ എട്ടുവരെയായി സൂചിപ്പിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുന്നതിനായി താഴെപ്പറയുന്ന ഉത്തര വുകൾ പുറപ്പെടുവിക്കുന്നു:

സംസ്ഥാനത്ത് ഏറ്റവും അടിയന്തിരശ്രദ്ധയും പരിഹാരനടപടിയും ആവശ്യമുള്ള പാരിസ്ഥിതിക പ്രതിസന്ധി എന്നനിലയിൽ ജീവജലം സംരക്ഷിക്കുക എന്നത് പരമപ്രധാനമായ ഒരു സർക്കാർ നടപടിയായി നടപ്പാക്കേണ്ടിയിരിക്കുന്നു.

## 3. ജലമലിനീകരണം

*(1) ഗാർഹിക മാലിന്യങ്ങളും നഗരമാലിന്യങ്ങളും*

3.1.1. കക്കൂസ് മാലിന്യം, മറ്റ് ഖരമാലിന്യങ്ങൾ എന്നിവ നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നതും സ്ഥാപനങ്ങൾ, വാസസ്ഥലങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ മുതലായ ഇടങ്ങളിൽ നിന്ന് എത്തിച്ചേരുന്നതും ജലസ്രോ

ങ്ങുകൾക്ക് സമീപമുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, പമ്പിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ നിന്ന് തുറന്നുവിടുന്നതും അവയുടെ മലിനീകരണത്തിന് മുഖ്യ കാരണമാണ്. ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും ചവറോ മാലിന്യങ്ങളോ വിസർജ്യവസ്തുക്കളോ നിക്ഷേപിക്കുന്നത് ശിക്ഷാർഹവും ജാമ്യമില്ലാത്തതുമായ കുറ്റമായും ഇത്തരം കുറ്റങ്ങൾക്കുള്ള പിഴ പതിനായിരം രൂപ മുതൽ ഇരുപതിനായിരം രൂപ വരെയും ആറ് മാസം മുതൽ ഒരു വർഷം വരെ തടവുശിക്ഷ നൽകാനും, മാലിന്യമോ വിസർജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനുമുള്ള നിയമഭേദഗതി മുനിസിപ്പാലിറ്റീസ് ആക്ടിലും, പഞ്ചായത്ത് രാജ് ആക്ടിലും വരുത്തി 07.10.2009-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതേ രീതിയിലുള്ള ജലമലിനീകരണം തടയുവാൻ നിയമാനുസൃത ബാധ്യതയുള്ള സ്ഥാപനങ്ങൾ തന്നെ ഇത്തരം മലിനീകരണങ്ങൾക്ക് കാരണമായാൽ - അതായത് ഖരമാലിന്യസംസ്കരണ ശാലകളും, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും, മറ്റ് മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ചട്ടവിരുദ്ധമായി പ്രവർത്തിപ്പിക്കുകയോ ചട്ട പ്രകാരം പ്രവർത്തിപ്പിക്കാതിരിക്കുകയോ ചെയ്യുന്നതിന് - പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കണമെന്ന് 11.10.2012 ലെ സ.ഉ.(സാധ) നം.147/12/പരിസ്ഥിതി എന്ന ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉൾപ്പെടെയുള്ള നിയമാനുസൃത നിയന്ത്രണാധികാര സ്ഥാപനങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമനടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണ്. ജലാശയങ്ങൾ പ്രത്യേകിച്ച് കുടിവെള്ള സ്രോതസ്സുകളായവ യാതൊരുവിധത്തിലും മലിനപ്പെടുന്നില്ല എന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടർ അതോറിറ്റി, ആരോഗ്യവകുപ്പ് എന്നിവ ഉറപ്പാക്കേണ്ടതാണ്. നദീതീരങ്ങളിൽ സ്ഥിതിചെയ്യുന്ന നഗരങ്ങളിൽ നിന്നും ഖരമാലിന്യങ്ങൾ, സ്വീവേജ് മുതലായവ നദികളിൽ മലിനീകരണം ഉണ്ടാക്കുന്നത് തടയാനുള്ള മാലിന്യസംഭരണ-സംസ്കരണ-നിർമ്മാർജ്ജന സംവിധാനങ്ങൾ അതാതു നഗരസഭകൾ നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

3.1.2. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ നിയമാനുസൃത അനുമതികളും ലൈസൻസുകളും നൽകുന്ന വേളകളിൽ അതാതു സ്ഥാപനങ്ങൾ, ഹൗസ് ബോട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ മുതലായവ മലിനീകരണ നിയന്ത്രണ ഉപാധികളെല്ലാം സ്ഥാപിച്ച് ചട്ടപ്രകാരം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3.1.3. കമ്പോളങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, അറവുശാലകൾ, കോഴിഫാമുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും അതാതിനു ബാധകമായ ചട്ടങ്ങൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം പ്രത്യേക സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ടാക്കേണ്ടതും നിയമാനുസൃതമായി പ്രവർത്തിക്കുന്നു എന്നും അതുമൂലം ജല സ്രോതസ്സുകൾ യാതൊരുവിധത്തിലും മലിനപ്പെടുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്. വിരുദ്ധമായി പ്രവർത്തിക്കുന്നവയ്ക്കുള്ള അനുമതി റദ്ദാക്കി പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ്.

3.1.4. ജലസ്രോതസ്സുകളുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതാതിടങ്ങളിൽ ഖര, ദ്രവ മാലിന്യ നിർമ്മാർജനത്തിനായി ശുചിത്വമിഷൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന ധനസഹായം എന്നിവ ഉപയോഗപ്പെടുത്തി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

3.1.5. നഗരമാലിന്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നഗരമാലിന്യങ്ങൾ സംസ്കരിക്കാനും ജലാശയങ്ങൾ മലിനപ്പെടാതിരിക്കാനും ഉള്ള പദ്ധതികൾ നഗരവികസന പരിപാടികളിൽ ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.

3.1.6. ജലാശയങ്ങളിലേക്ക് നിർഗമനമാർഗമുള്ള കക്കൂസുകൾ, നദികളിലും കായലുകളിലും നേരിട്ട് എത്തിച്ചേരുന്ന അഴുക്കുചാൽ, മാലിന്യം വഹിക്കുന്ന ഓടകൾ, മറ്റ് മാലിന്യ സ്രോതസ്സുകൾ എന്നിവ ശുദ്ധജല വിതരണത്തിനുള്ള പമ്പ് ഹൗസുകൾക്ക് തൊട്ടടുത്ത് നേരിട്ട് എത്തിച്ചേരുന്നത് പൂർണമായി തടയുകയും മറ്റിടങ്ങളിൽ മാലിന്യങ്ങൾ ഒഴിവാക്കി അനുവദനീയ ഗുണനിലവാരം പുലർത്തുന്ന ജലം മാത്രം ജലാശയങ്ങളിൽ തുറന്നുവിടുന്നുള്ളൂ എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. പരിശോധനാഫലങ്ങളുടെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേരള ജല അതോറിറ്റിയും ഇക്കാര്യത്തിൽ നിയമാനുസൃത മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യങ്ങൾ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന രീതി സാധാരണായിരിക്കുന്നതിനാലും അക്കാര്യത്തിൽ നിയമനടപടി സ്വീകരിക്കാൻ ബാധ്യസ്ഥമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾപോലും ഇത്തരം മലിനീകരണത്തിന് നേരിട്ട് ഉത്തരവാദികളാകുന്ന സാഹചര്യം നിലവിലുള്ളതിനാലും യാതൊരുവിധ മാലിന്യങ്ങളും - പ്രത്യേകിച്ച് അറവുശാലകൾ, കോഴിഫാമുകൾ, പന്നി വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവ - ജലാശയങ്ങളിൽ, പ്രത്യേകിച്ചും പുഴകളിൽ, യാതൊരു കാരണവശാലും എത്തുന്നില്ല എന്ന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ, പോലീസ്, ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ ഉറപ്പാക്കേണ്ടതാണ്. നദികളും മറ്റും ഈ വിധം മലിനപ്പെടുന്ന സംഭവങ്ങളിൽ 11.10.2012-ലെ സ.ഉ.(സാധാ.) നം. 147/12/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവ് വിട്ടുവീഴ്ച കൂടാതെ നടപ്പാക്കേണ്ടതാണ്.

3.1.7. തീർത്ഥാടന കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന മലിനീകരണം തടയുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മലിനീകരണ നിയന്ത്രണബോർഡിന്റെ നിർദ്ദേശങ്ങളും ബന്ധപ്പെട്ട അധികാരികൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

3.1.8. ആശുപത്രി മാലിന്യങ്ങൾ (Bio Medical Wastes) ഏറ്റവും അപകടകരമായ ചുവപ്പ് വിഭാഗത്തിൽ ഉൾപ്പെടുന്നു. ആകയാൽ ആശുപത്രി മാലിന്യ സംസ്കരണത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും, പ്രത്യേകിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അതീവ ജാഗ്രത പുലർത്തണമെന്നും പൊതുജനാരോഗ്യത്തിന് ഭീഷണിയായ ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കണമെന്നും പ്രവർത്തനാനുമതി നേടിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ നടപടികൾ നിയ

മാനുസൃതം നടക്കുന്നുമെന്ന് ഉറപ്പാക്കേണ്ടതാണെന്നുമുള്ള 09.01.2012-ലെ സ.ഉ. (സാധാ) നം. 6/12/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവ് കർശനമായി നടപ്പാക്കേണ്ടതാണ്. കൂടാതെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2008-11) ഈ വിഷയത്തിൽ തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് അധികരിച്ച് പുറപ്പെടുവിച്ചിട്ടുള്ള 13.03.2012 ലെ ജി.ഒ. (എം.എസ്.) നം. 4/12/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവും ഫലപ്രദമായി നടപ്പാക്കേണ്ടതാണ്.

3.1.9. ആശുപത്രികളിൽ നിന്നുള്ള സംസ്ക്കരിച്ച മലിനജലം (Bio Medical Wastes ഒഴികെയുള്ളത്) 50 കിടക്കകളിൽ കുറവുള്ള ആശുപത്രികളിൽ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് മുഖേനയും, 50 കിടക്കകളും അതിൽ കൂടുതലും ഉള്ളവയിൽ ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലും സംസ്ക്കരിക്കേണ്ടതാണ്. ആശുപത്രികളിൽ നിന്നുള്ള സംസ്ക്കരിച്ച മലിനജലം പൊതു ഓടകളിലേക്ക് ഒഴുക്കിവിടാവുന്നതല്ല.

3.1.10. നഗരമാലിന്യങ്ങളുടെ കാര്യത്തിൽ, മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ ബാധ്യസ്ഥമായ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും മാതൃകയാകുന്നില്ല എന്നു കാണുന്നുണ്ട്. ജലാശയങ്ങളുടെ മേൽനോട്ടത്തിന് ഉത്തരവാദിത്വമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, കേരള ജല അതോറിറ്റിയും തങ്ങളുടെ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളിൽ നിന്നോ മാലിന്യം വേണ്ടവിധം സംസ്ക്കരിക്കാതെ ജലാശയങ്ങളിൽ ഉപേക്ഷിക്കുന്നതുമൂലമോ മറ്റുവിധത്തിൽ ജലാശയങ്ങളിൽ എത്തിച്ചേരാൻ ഇടയാകുന്നതുമൂലമോ ഏതെങ്കിലും ജലാശയങ്ങളിൽ മലിനീകരണം ഉണ്ടാക്കാനിടയാക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം മലിനീകരണം ഉണ്ടാക്കുന്നത് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ മതിയായ കുറ്റമാകുന്നതാണ്. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ, ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.) ദേശീയ ഹരിതസേന (NGC-സ്കൂളുകൾ), ഭൂമിത്രസേന (കോളേജ്, ഹയർ സെക്കന്ററി), പരിസ്ഥിതി സംഘടനകൾ, സന്നദ്ധ സംഘടനകൾ മുതലായവയോട് സഹകരിച്ച് അതാതിടങ്ങളിലെ ജലസ്രോതസ്സുകളുടെ സ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തുകയും, മലിനപ്പെട്ടവയും നാശോന്മുഖവുമായവയും ഈ ഉത്തരവിൻ പ്രകാരം പുനരുജ്ജീവിപ്പിക്കാനും മനുഷ്യർക്കും പരിസ്ഥിതിക്കും പ്രയോജനപ്പെടുംവിധം കഴിയുന്നത്ര സ്വാഭാവിക സ്ഥിതിയിൽ സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

*(2) വ്യാവസായിക മാലിന്യങ്ങൾ*

3.2.1. ഫാക്ടറികളിൽ നിന്നുള്ള മലിനജലവും മാലിന്യങ്ങളും ജലാശയങ്ങളിലേക്ക് തുറന്നുവിടാതെ ശുദ്ധീകരിച്ച് ഫാക്ടറി ആവശ്യങ്ങൾക്കായി കഴിയുന്നത്ര വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം. ഇത്തരം മാലിന്യങ്ങളുടെ കാര്യത്തിൽ Reduce, Reuse, Recycle തത്വം പൂർണമായി നടപ്പാക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്. അധികം വരുന്ന പാഴ്ജലം മലിനീകരണ നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നെങ്കിൽ മാത്രമേ പുറത്തേക്ക്

തുറന്നുവിടാൻ - പ്രത്യേകിച്ച് നദികളിലേക്ക് - അനുവാദം നൽകുവാൻ പാടില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഫാക്ടറികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യവസായ സ്ഥാപനങ്ങൾ നദീതീരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ മലിനജലത്തിന്റെ അളവും രാസഘടനയും മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥിരമായി പരിശോധനാവിധേയമാക്കേണ്ടതും പ്രസ്തുത പരിശോധനാഫലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3.2.2. ഫാക്ടറികളിൽ നിന്ന് സംസ്കരിക്കാത്ത മലിനജലം പുറത്തേക്ക് വിടുന്നതു തടയാനായി നിർഗമനസ്ഥാനത്തിനു മുമ്പ് നാലു മണിക്കൂറെങ്കിലും പുറത്തേക്കൊഴുക്കാൻ സജ്ജമാക്കിയ ജലം കെട്ടിനിർത്താനുള്ള സംവിധാനം (ഡിലേ പോണ്ട്) അത്തരം എല്ലാ സ്ഥാപനങ്ങളും നിർമ്മിക്കേണ്ടതും അത് മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പാക്കേണ്ടതുമാണ്.

3.2.3. മലിനീകരണം പരമാവധി കുറയ്ക്കുന്ന പുത്തൻ സാങ്കേതികവിദ്യകൾ വ്യവസായങ്ങളിൽ ഉപയോഗപ്പെടുത്തുന്നുവെന്ന് സ്ഥാപനാനുമതി നൽകുന്ന വേളയിൽതന്നെ മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പാക്കേണ്ടതാണ്.

3.2.4. എല്ലാ ഫാക്ടറികളുടെയും മലിനജല നിർഗമനക്കുഴലുകൾ ഫാക്ടറിയിൽ കയറാതെ ആവശ്യമുള്ളപ്പോൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതും ട്രീറ്റ് ചെയ്യാത്ത അവശിഷ്ടങ്ങൾ നദികളിലേക്ക് ഒഴുകുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥിരം സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

3.2.5. കായലുകളിലും തോടുകളിലും തൊണ്ട് അഴുക്കുന്നതിന് നിലവിലുള്ള പരമ്പരാഗത രീതികൾ ജല മലിനീകരണം ഉണ്ടാക്കുന്നതാകയാൽ അതിനായി വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന മാർഗങ്ങൾ അവലംബിച്ച് തൊണ്ട് അഴുക്കുന്നതിനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

3.2.6. അപകടകാരികളായ മാലിന്യങ്ങൾ സംസ്ക്കരിക്കാൻ ചട്ടപ്രകാരമുള്ള സ്വന്തം സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടില്ലാത്ത വ്യവസായ സ്ഥാപനങ്ങളും അത്തരം മാലിന്യങ്ങൾ സൃഷ്ടിക്കുന്ന അന്യസ്ഥാപനങ്ങളും അതത് ഇടങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന അപകടകാരികളായ മാലിന്യങ്ങൾ പൊതു ട്രീറ്റ്മെന്റ് സ്റ്റോറേജ് ആന്റ് ഡിസ്പോസൽ ഫസിലിറ്റിയിൽ (കൊച്ചി, അമ്പലമേട്ടിൽ) എത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തവയ്ക്കെതിരായി നിയമനടപടി സ്വീകരിക്കേണ്ടതുമാണ്.

3.2.7. രാസ അപകടങ്ങൾ (Chemical Accidents) ഉണ്ടാകാൻ സാധ്യതയുള്ളതും രാസ വ്യവസായ ശാലകളിൽ 1996-ലെ കെമിക്കൽ ആക്സിഡന്റ്സ് എമർജൻസി പ്ലാനിംഗ് പ്രിപ്പേഡ്നെസ് ആന്റ് റസ്പോൺസ് ചട്ടങ്ങൾ പ്രകാരമുള്ള ലോക്കൽ ലെവൽ ക്രൈസിസ് ഗ്രൂപ്പ് പ്രവർത്തനക്ഷമമാണെന്നും അപകടകരമായ രാസവസ്തുക്കൾ കൊണ്ടുണ്ടാകാവുന്ന അത്യാഹിതങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓൺസൈറ്റ്, ഓഫ്സൈറ്റ് എമർജൻസി പ്ലാനുകൾ തയ്യാറാണെന്നും അത്തരം അപകടങ്ങളോ രാസവസ്തുക്കളോമൂലം ജലസ്രോതസ്സുകൾക്കും തദ്ദാര മനുഷ്യർക്കും ജീവജാലങ്ങൾക്കും അപകടം ഉണ്ടാകുന്നില്ല എന്നും എല്ലായ്പോഴും ഉറപ്പാക്കാൻ

മലിനീകരണ നിയന്ത്രണ ബോർഡ് ശ്രദ്ധിക്കേണ്ടതാണ്.

3.2.8. സങ്കീർണമായ രാസമാലിന്യങ്ങൾ പരിശോധിച്ചറിയുന്നതിനും അളവ് തിട്ടപ്പെടുത്തുന്നതിനുമുള്ള അത്യാധുനിക ഉപകരണങ്ങളോടുകൂടിയ ലബോറട്ടറികൾ മലിനീകരണ നിയന്ത്രണ ബോർഡിൽ ഉണ്ടായിരിക്കേതാണ്.

3.2.9. അഴുക്കുചാലുകളിലും മഴവെള്ള നിർഗമനത്തിനുള്ള ഓടകളിലും വ്യവസായിക മാലിന്യങ്ങൾ തുറന്നുവിടുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മലിനീകരണ നിയന്ത്രണ ബോർഡും തടയേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് നൽകുന്ന അനുമതികളിലും ലൈസൻസുകളിലും ഈ വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതും ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

3.2.10. സ്വന്തമായി മാലിന്യ നിർമ്മാർജന സംവിധാനം ഇല്ലാത്തതോ പൊതു മാലിന്യ നിർമാർജന കേന്ദ്രങ്ങളിൽ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സൗകര്യം ഉണ്ടാക്കിയിട്ടില്ലാത്തതോ ആയ ഹൗസ്ബോട്ടുകൾക്ക് ജലാശയങ്ങളിൽ സവാരി നടത്താൻ അനുമതി നൽകരുത്. മാലിന്യങ്ങൾ ശേഖരിക്കാൻ ഹൗസ്ബോട്ടുകളിൽ സൗകര്യം ഇല്ലാത്തതും മേൽപ്പറഞ്ഞ രീതിയിൽ സംസ്ക്കരിക്കാൻ സൗകര്യം ഉണ്ടാക്കിയിട്ടില്ലാത്തതുമായ എല്ലാ ഹൗസ്ബോട്ടുകളും നിശ്ചിതകാലയളവിനുള്ളിൽ അതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കാത്തപക്ഷം അവയ്ക്ക് നൽകിയിരിക്കുന്ന ലൈസൻസ് റദ്ദാക്കാൻ ബന്ധപ്പെട്ട അധികാരി നടപടി സ്വീകരിക്കേണ്ടതാണ്.

3.2.11. വൻ രാസമലിനീകരണ സാധ്യതയുള്ള വ്യവസായശാലകളിലും മറ്റ് സ്ഥാപനങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് പ്രത്യേക പരിശോധനാസംവിധാനം ഏർപ്പെടുത്തേണ്ടതാണ്. തൽസമയ രാസപരിശോധന നടത്തി ഫലം പ്രദർശിപ്പിക്കുന്ന സംവിധാനം അത്തരം വ്യവസായങ്ങളുടെ കൂടി സഹകരണത്തോടെ ഏർപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. വ്യവസായ മലിനീകരണം സംബന്ധിച്ച് വെബ് അധിഷ്ഠിതമായി പൊതുജനങ്ങൾക്ക് നേരിട്ട് മലിനീകരണ സ്ഥിതി ലഭ്യമാക്കുന്ന വിപുലമായ സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പാക്കേണ്ടതാണ്.

3.2.12. വ്യവസായശാലകളിൽ മാലിന്യ സംസ്ക്കരണപ്ലാന്റുകൾ യഥാവിധി സ്ഥാപിക്കപ്പെട്ടിരുന്നാലും ചട്ടപ്രകാരം പ്രവർത്തിപ്പിക്കാതിരിക്കുക, രാത്രികാലങ്ങളിൽ പ്രവർത്തിപ്പിക്കാതിരിക്കുക മുതലായ നടപടികൾ യാതൊരു കാരണവശാലും അനുവദിക്കാവുന്നതല്ല. ഇത്തരം സംവിധാനങ്ങൾ ഇല്ലാതെ പ്രവർത്തനാനുമതി നൽകരുത് എന്നതുപോലെ തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇവയ്ക്ക് പ്രത്യേക എനർജി മീറ്റർ, ക്രമമായ പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

3.2.13. മലിനീകരണ നിയന്ത്രണ ബോർഡ്, ഗവേഷണ സ്ഥാപനങ്ങൾ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവ നടത്തുന്ന നദി മലിനീകരണ പഠനങ്ങളിൽ അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജലസ്രോതസ്സുകളുടെ അതിർത്തികൾക്കുള്ളിലെ ജലഗുണനിലവാരം, മലിനപ്പെട്ടിട്ടുള്ളവയിൽ അതിനുള്ള കാരണങ്ങൾ, പ്രതിവിധി എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേതാണ്. നേരിട്ട് നടപടി എടുക്കേണ്ട കാര്യങ്ങളിൽ അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുക്കുകയും മറ്റുള്ളവയിൽ നടപടി സ്വീകരിക്കേണ്ട സ്ഥാപ

നങ്ങളെയോ സർക്കാർ വകുപ്പുകളെയോ അറിയിക്കേണ്ടതും അത്തരം അറിയിപ്പുകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡ് നേരിട്ട് നടപടി സ്വീകരിക്കേണ്ട സാഹചര്യത്തിൽ നിയമാനുസൃത നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കേണ്ടതും അക്കാര്യംകൂടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അയക്കുന്ന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

3.2.14. സാധ്യമായ ഉപയോഗം അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളിലും ജലഗുണനിലവാര നിർണയം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ തയ്യാറാക്കണം. നിർദ്ദിഷ്ട ഉപയോഗത്തിന് നിശ്ചയിച്ചിരിക്കുന്നതിലധികം ഗുണനിലവാരം ആവശ്യമായ ജലസ്രോതസ്സുകളിൽ അതതു മാനദണ്ഡം പാലിക്കുന്നതിനാവശ്യമായ പരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തി നിശ്ചിത ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ആസൂത്രണങ്ങളും പദ്ധതികളും നടപ്പാക്കേണ്ടതാണ്.

3.2.15. സാധാരണ ജലഗുണനിലവാര പരിശോധനയിൽ രാസ/ഭൗതിക പരിധികളാണ് മുഖ്യമായും പരിശോധിക്കുന്നത്. ജൈവഗുണനിലവാരം നിർണയിക്കുന്നത് കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം, അളവ് എന്നിവ അടിസ്ഥാനപ്പെടുത്തിയാണ്. സൂചിക ബാക്ടീരിയ (Indicator Bacteria) എന്ന നിലയിലാണ് കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നത്. കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഒരു പക്ഷേ രോഗാണു ബാക്ടീരിയയുടെ സാന്നിദ്ധ്യമാകാൻ ഇടയുണ്ട്. എന്നാൽ കുളിക്കുന്ന വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 500 MPN/500ml വരെ ആകാം. കുടിവെള്ള സാമ്പിളുകളിലെയും, ആശുപത്രികളിൽ നിന്നു പുറന്തള്ളുന്ന ദ്രവമാലിന്യങ്ങളിലെയും സ്വീവേജ് പമ്പ്ഹൗസുകളിൽ നിന്ന് സംസ്കരിച്ച ശേഷം പുറത്തുവിടുന്ന ജലസാമ്പിളുകളിലെയും രോഗാണു സാന്നിദ്ധ്യവും ക്ലിപ്ത സമയങ്ങളിൽ മലിനീകരണ നിയന്ത്രണബോർഡ് അത്തരം പരിശോധനകൾ നടത്താൻ സംവിധാനമുള്ള പരിശോധന ശാലകളിൽ നടത്തി ഗുണനിലവാര നിർണയം നടത്തേണ്ടതും മറ്റ് പരിശോധനാഫലങ്ങളോടൊപ്പം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

*(3) കാർഷിക മാലിന്യങ്ങൾ*

3.3.1. നദികളുടെ ഉൽഭവ പ്രദേശങ്ങളിലുള്ള തോട്ടങ്ങളിൽ അനിയന്ത്രിതമായി പ്രയോഗിക്കുന്ന വീര്യം കൂടിയ കീടനാശിനികൾ, കളനാശിനികൾ, വിളവ് കൂട്ടുന്നതിനും സംരക്ഷിക്കുന്നതിനും ഉള്ള മറ്റ് രാസവസ്തുക്കൾ എന്നിവ നദികളുടെ തുടക്കം മുതൽ ജലം പൊതുജനാരോഗ്യത്തിന് ഭീഷണിയാവും വിധം മലിനപ്പെടുത്തുന്നു. ഇത്തരം രാസവസ്തുക്കൾ ആവശ്യാനുസരണം മാത്രം ഉപയോഗിക്കുന്നു എന്നും നദികളെ യാതൊരുതരത്തിലും മലിനപ്പെടുത്തുകയോ പൊതുജനാരോഗ്യത്തിന് ഭീഷണി ഉണ്ടാക്കുകയോ ചെയ്യുന്നില്ലെന്നും കൃഷിവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

3.3.2. കൃഷിസ്ഥലങ്ങളിൽ പ്രത്യേകിച്ച് പാടശേഖരങ്ങളിൽ അമിതമായി പ്രയോഗിക്കുന്ന രാസവളങ്ങളും വിഷങ്ങളും ജലാശയങ്ങളിലേക്ക് ഒഴുകിയിറങ്ങി അവയെ അപകടമാംവിധം മലിനപ്പെടുത്തുകയും ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണി

യാവുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി രാസവളങ്ങളും വിഷങ്ങളും വിദഗ്ധ മേൽനോട്ടത്തിൽ ക്രമപ്രകാരം മാത്രം ഉപയോഗിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതും ഇവ ജലാശയങ്ങളെ അപകടപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3.3.3. ജലാശയങ്ങൾക്ക് തൊട്ടടുത്ത പാടശേഖരങ്ങളിലും കൃഷിസ്ഥലങ്ങളിലും ജൈവകൃഷി നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കേണ്ടതും അതിന് ലഭ്യമായ സാമ്പത്തിക സഹായം നൽകേണ്ടതുമാണ്.

3.3.4. ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടതും അതിനാവശ്യമായ ഗുണമേന്മയുള്ള ജൈവവളം, ജൈവകീടനാശിനി ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

3.3.5. രാസവളപ്രയോഗത്തിന് മുമ്പ് മണ്ണ് പരിശോധിച്ച് ആവശ്യമായ രാസവളങ്ങൾ നിർണയിക്കേണ്ടതും ആവശ്യമായ അളവിൽ മാത്രം പ്രയോഗിക്കേണ്ടതുമാണ്. അവയുടെ ദുരുപയോഗം മൂലമുള്ള ഭവിഷ്യത്തുകൾ കർഷകരെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

3.3.6. ജൈവമാലിന്യങ്ങൾ ഉപയോഗപ്പെടുത്തി ബയോഗ്യാസ് ഉണ്ടാക്കുന്നതിനൊപ്പം അവശേഷിക്കുന്ന സ്ലറി ജൈവവളമാക്കി കൃഷിക്ക് ഉപയോഗിക്കാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

3.3.7. നിരോധിക്കപ്പെട്ട രാസവിഷങ്ങൾ കൃഷിക്ക് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും രാസവസ്തുക്കളുടെ അനുവദനീയമായതിൽ അധികമായ സാന്നിദ്ധ്യം അത് കണ്ടുപിടിക്കുന്ന അധികൃതർ ഉടനടി ബന്ധപ്പെട്ടവരെ അറിയിച്ച് പ്രതിവിധി നടപ്പാക്കേണ്ടതുമാണ്.

### *(4) ജല ജൈവവൈവിധ്യ സംരക്ഷണം*

4.1. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പ്രകാരമുള്ള തദ്ദേശീയ ജല ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും ത്രിതലപഞ്ചായത്ത് സംവിധാനവും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

4.2. ജൈവവൈവിധ്യ സമ്പുഷ്ടമായ ആവാസ വ്യവസ്ഥയുള്ള ജലാശയങ്ങളോ അവയുടെ പ്രദേശങ്ങളോ കണ്ടെത്തി സുസ്ഥിര രീതിയിൽ സംരക്ഷിക്കുന്നതിനായി ഇത്തരം സ്ഥലങ്ങൾ ജലജൈവവൈവിധ്യ സ്ഥാനങ്ങളായോ റിസർവുകളായോ സംരക്ഷിക്കേണ്ടതാണ്.

4.3. സംസ്ഥാനത്തെ മത്സ്യ ഇനങ്ങളിൽ അപൂർവം, അപകടാവസ്ഥയിൽ ഉള്ളവ, നിലനിൽപ്പിന് ഭീഷണി ഉള്ളവ (Rare, Endangered, Threatened) എന്നിവയെ വംശനാശം വരാതെ സംരക്ഷിക്കാനുള്ള പദ്ധതികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡും, ഫിഷറീസ് വകുപ്പും, ഫിഷറീസ് സർവകലാശാലയും യോജിച്ച് ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

4.4. പ്രത്യേക സംരക്ഷണം ആവശ്യമുള്ള ജലസ്രോതസ്സുകൾ കമ്മ്യൂണിറ്റി റിസർവുകളായി നിലനിർത്തി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

4.5. കടന്നുകയറ്റക്കാരായ അന്യജീവിവർഗങ്ങളെ (Invasive Alien Species) നിർമ്മൂലനം ചെയ്യുന്നതിന് ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് ദേശീയ തൊഴിലുറപ്പുപദ്ധതി പോലുള്ള സംരഭങ്ങൾ പ്രയോജനപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്. ഇക്കാര്യത്തിൽ അതാത് ജൈവൈവിധ്യ കമ്മിറ്റികൾ പഞ്ചായത്തുകൾക്ക് മാർഗനിർദേശം നൽകേണ്ടതാണ്.

4.6. ജലാശയങ്ങളുമായി ബന്ധപ്പെട്ട പാരമ്പര്യ നാട്ടറിവുകൾ ക്രോഡീകരിക്കുകയും അവ ഗവേഷണ വിധേയമാക്കുകയും ചെയ്യാവുന്നതാണ്.

4.7. മത്സ്യങ്ങളുടെ പ്രജനനപ്രതിഭാസമായ ഊത്തയ്ക്ക് വിഘാതം സംഭവിക്കുന്ന രീതിയിൽ അവ ദേശാടനം (migration) നടത്തിയിരുന്ന പാരമ്പര്യ ജലമാർഗങ്ങൾ അടയ്ക്കുക, പാടങ്ങളും, ചാലുകളും, അരുവികളും, മറ്റ് ജലമാർഗങ്ങളും വഴി പുഴകളിൽ നിന്നുള്ള മത്സ്യങ്ങൾ മുട്ടയിടുന്ന ഇടങ്ങളിൽ എത്തുന്നതിന് തടസ്സം ഉണ്ടാക്കുക, മത്സ്യങ്ങൾക്ക് വംശനാശം ഉണ്ടാക്കുന്ന വിധത്തിലുള്ള മത്സ്യബന്ധനം നടത്തുക എന്നിവ കർശനമായി തടയേണ്ടതാണ്. ഇക്കാര്യത്തിൽ അതാത് ജൈവവൈവിധ്യ മാനേജ്മെന്റ് സമിതികൾ നേരിട്ട് ഇടപെട്ട് പരമ്പരാഗത മത്സ്യപ്രജനന മാർഗങ്ങൾ തടസ്സപ്പെടുത്തുന്നില്ലെന്നും അമിത മത്സ്യബന്ധനം നടക്കുന്നില്ലെന്നും ഉറപ്പാക്കേണ്ടതാണ്.

4.8. ജലാശയങ്ങളിൽ തോട്ട പൊട്ടിക്കുക, നഞ്ചുകലക്കുക, വിഷമുള്ള രാസവസ്തുക്കൾ പ്രയോഗിക്കുക, വൈദ്യുതി പ്രവഹിപ്പിച്ചും ചെറു മത്സ്യങ്ങളെപ്പോലും അകപ്പെടുത്തുന്ന വലകൾ ഉപയോഗിച്ചും മത്സ്യബന്ധനം നടത്തുക തുടങ്ങിയവക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.9. നദികളുടെയും കായലുകളുടെയും തീരസംരക്ഷണത്തിൽ തദ്ദേശീയമായ സസ്യവർഗങ്ങളെ ഉപയോഗിക്കേണ്ടതാണ്.

4.10. ജലാശയങ്ങളുടെ തീരസംരക്ഷണത്തിനായി ജൈവരീതികൾ കഴിയുന്നതും അവലംബിക്കേണ്ടതാണ്. വാസഗൃഹങ്ങൾക്കും കെട്ടിടങ്ങൾക്കും ഭീഷണി ഉള്ള സ്ഥലങ്ങളിൽ കല്ലോ കോൺക്രീറ്റോ ഉപയോഗിച്ച് സംരക്ഷിക്കാവുന്നതാണ്. മറ്റിടങ്ങളിൽ നദീതീരങ്ങൾക്ക് അനുയോജ്യമായ പ്രാദേശിക വൃക്ഷ-സസ്യയിനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

4.11. ജലാശയങ്ങളുടെ അതിർത്തി സംരക്ഷണത്തിനായി ജൈവവേലി ഉണ്ടാക്കാവുന്നതാണ്. ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളിൽ വർണപുഷ്പങ്ങൾ ഉണ്ടാകുന്ന വള്ളിച്ചെടികൾ നട്ട് മനോഹരമാക്കാവുന്നതാണ്.

4.12. ഓരോ നദികളിലെയും കായലുകളിലെയും ജൈവവൈവിധ്യ ഡാറ്റാ ബാങ്ക് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കേണ്ടതാണ്.

4.13. കണ്ടലുകൾ തീരദേശ ആവാസ വ്യവസ്ഥകൾക്കും മലിനജല നിർമ്മാർജനത്തിനും സുപ്രധാനമാണ്. കണ്ടൽ പ്രദേശങ്ങൾ സംരക്ഷിക്കേണ്ടതും സാധ്യമായ സ്ഥലങ്ങളിൽ കണ്ടൽ വച്ച് പിടിപ്പിക്കേണ്ടതുമാണ്.

4.14. ജൈവൈവിധ്യ രജിസ്റ്റർ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഗ്രാമപഞ്ചായത്ത് തലത്തിൽ വിദ്യാർത്ഥികൾക്കായി നടത്താൻ

അംഗീകരിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണത്തിൽ അവയുടെ സ്ഥാനം എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്.

4.16. വയലുകൾ കൃഷിയോഗ്യമാക്കുക, വരമ്പുകൾ ഉയർത്തുക മുതലായ ആവശ്യങ്ങൾ മുൻനിർത്തി സസ്യവൈവിധ്യം ഉള്ള പാടങ്ങളുടെ വരമ്പുകൾ തോട്ടുവരമ്പുകൾ എന്നിവ കയർഭൂവസ്ത്രം ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതുമൂലം സ്വാഭാവിക ജൈവവൈവിധ്യം നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ശുദ്ധജല മത്സ്യവംശങ്ങളുടെ പ്രജനനത്തെയും ആവാസവ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. കല്ലുകെട്ടിന് ബദലായി കയർ ഭൂവസ്ത്രരീതി ദോഷകരമല്ല. എങ്കിൽത്തന്നെയും പരമ്പരാഗത രീതിയിൽ തോടുകളും വരമ്പുകളും സംരക്ഷിക്കാൻ സാധ്യമായ ഇടങ്ങളിൽ കൃഷിയും ജൈവവൈവിധ്യ സംരക്ഷണവും പ്രായോഗിക തലത്തിൽ പരസ്പര വിരുദ്ധമാകാതെ കാർഷിക ആവശ്യങ്ങൾ നടപ്പാക്കേണ്ടതാണ്.

***(5) മണൽവാരൽ***

5.1. നദികളിൽ നിന്നും നദീ തീരങ്ങളിൽ നിന്നുമുള്ള അനിയന്ത്രിതവും വിവേചനരഹിതവുമായ മണൽവാരലും ഖനനവും മൂലം സംസ്ഥാനത്തെ നദികൾ സർവനാശം നേരിടുകയാണെന്നും അതുമൂലം ഭയാനകമായ പാരിസ്ഥിതിക തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നും കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി 22.03.2010-ൽ സമർപ്പിച്ച ഏഴാമത് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5.2. പുഴമണൽ ഖനനം 2001-ലെ നദീതടസംരക്ഷണവും പുഴമണൽ വാരൽ നിയന്ത്രണവും നിയമപ്രകാരം നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. മണലിന്റെ ലഭ്യത ഉറപ്പാക്കാനായി സാന്റ് ഓഡിറ്റ് നടത്തി അതുപ്രകാരം മാത്രമേ മണൽഖനനത്തിനുള്ള അനുമതി ബന്ധപ്പെട്ട പഞ്ചായത്തുകൾ നൽകുവാൻ പാടുള്ളൂ. 27.02.2012-ൽ 19628-19629/2009 നമ്പരുകളായ പ്രത്യേകാനുമതി ഹർജികളിൽ (ദീപക് കുമാർ V/S ഹരിയാന) ബഹു. സുപ്രീം കോടതി പ്രസ്താവിച്ചിരിക്കുന്ന വിധി അനുസരിച്ച് എല്ലാത്തരം ഖനനങ്ങൾക്കും മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമാണ്. മണൽഖനനം, ജലനിരപ്പ് വരെയോ മൂന്ന് മീറ്ററോ ഏതാണ് കുറവ് അതുവരെ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഈ വിധി പ്രകാരം മാത്രമേ പുഴകളിൽ നിന്നുള്ള മണൽ ഖനനം അനുവദിക്കാവൂ എന്ന് ഒ.എ. 171/13 എന്ന കേസിൽ ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ (NGT) ഉത്തരവായിട്ടുണ്ട്. ആകയാൽ നിലവിൽ ആറ്റുമണൽ ഖനനത്തിന് മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമാണ്.

5.3. മണലിന്റെ ലഭ്യത ശാസ്ത്രീയമായി തിട്ടപ്പെടുത്തി (Sand Audit) ഖനനത്തിന് സാധ്യതയുണ്ടെന്ന് ക്രമപ്രകാരം സാക്ഷ്യപ്പെടുത്തിയ കടവുകളിൽ മാത്രമേ മണൽഖനനം പരിഗണിക്കാനാവുകയുള്ളു. നദീസംരക്ഷണ ഫണ്ട് ഉപയോഗപ്പെടുത്തി ഇത്തരം പഠനങ്ങൾ നടത്തേണ്ടതാണ്. ഓരോ നദിയിലെയും മണൽവാരുന്നതിന് അനുവദനീയമായ ജലനിരപ്പിന്റെ സ്ഥിര അടയാളം (benchmark) വേനൽക്കാലത്ത് ഒരു ശാസ്ത്ര സ്ഥാപനത്തെക്കൊണ്ട് (CESS, CWRDM അവർ അംഗീകരിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ) നിർണ്ണയിപ്പിക്കേ

ണ്ടതും, അതനുസരിച്ചാണ് മണൽഖനനം നടത്തുന്നതെന്ന് ഖനനാനുമതി നൽകുന്ന അധികാരി ഉറപ്പാക്കേണ്ടതുമാണ്.

5.4. പുഴകളിൽ നിന്നും പുഴയോരങ്ങളിൽ നിന്നും മണൽ അനധികൃതമായി ഖനനം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ, റവന്യൂവകുപ്പ്, പോലീസ് വകുപ്പ് എന്നിവർ സംയോജിത പ്രതിരോധ നടപടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതാണ്. നദികളിൽ അഗാധമായ കുഴികൾ ഉണ്ടാക്കി അനുവദനീയമായതിലധികം മണൽ നേരത്തെ തന്നെ വാരിയെടുത്തിട്ടുള്ള സ്ഥലങ്ങളിൽ ഇനിയും മണൽഖനനം അനുവദിക്കാവുന്നതല്ല. നദീമുഖങ്ങളിൽ മണൽ ഖനനാനുമതി നൽകുന്നത് തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരമായിരിക്കണം. ഇപ്രകാരമുള്ള മണൽ ഖനനംമൂലം ഉപ്പുവെള്ളം നദികളിൽ കയറുന്നതും കടൽപ്പുറങ്ങളെ പ്രതികൂലമായി ബാധിക്കുന്നതുമായ സാഹചര്യം ഉണ്ടാക്കാൻ പാടില്ലാത്തതാണ്.

5.5. മണൽഖനനം മൂലം പുഴകളിലെ ജൈവവ്യവസ്ഥ താറുമാറാകുന്നതും ജലജീവികൾക്ക് നാശം സംഭവിക്കുന്നതും പരിഗണിച്ച് നദി പരിപാലന ഫണ്ട് (River Management Fund) ഇക്കാര്യങ്ങൾക്ക് മുൻഗണന നൽകി, നഷ്ടപ്പെട്ട ജൈവ-ആവാസവ്യവസ്ഥ പുനസ്ഥാപനത്തിന് ഉപയോഗിക്കേണ്ടതാണ്.

5.6. മണൽവാരൽ അനുവദിച്ചിട്ടുള്ള നദികൾ ഉള്ള ഗ്രാമപഞ്ചായത്തുകൾ അത്തരം നദികളുടെ പാരിസ്ഥിതിക-ജൈവവൈവിധ്യ സംരക്ഷണത്തിനായി അതാത് പഞ്ചായത്തുകളിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുമായി (ബി.എം.സി.) പര്യാലോചിച്ച് പുനരുജ്ജീവന പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. നദീപരിപാലന ഫണ്ട് ഉപയോഗപ്പെടുത്തി ഇത്തരം സംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

5.7. മേൽപ്പറഞ്ഞ പുനരുജ്ജീവന പദ്ധതികൾ തയ്യാറാക്കാനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സഹായ സംഘത്തിന്റെ (Technical Support Group) സഹായം ഗ്രാമപഞ്ചായത്തുകൾക്കും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾക്കും ജില്ലാകളക്ടർമാർക്കും തേടാവുന്നതാണ്.

5.8. അനധികൃത മണൽഖനനം നടക്കുന്ന സംഭവങ്ങൾ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ 22.3.2013 ലെ (അച്ചടി) നമ്പർ 01/2013/പരി., 13.5.2013 ലെ (അച്ചടി) നമ്പർ 04/13/പരി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നിയമാനുസൃത അധികാരികളെ യഥാസമയം അറിയിക്കേണ്ടതും അതിന്മേൽ അതാത് അധികാരികൾ ഉടനടി നടപടി സ്വീകരിക്കേണ്ടതുമാണ്.

5.9. സ്വകാര്യവ്യക്തികൾ, നിർണ്ണയിക്കപ്പെട്ട കടവുകളിൽ നിന്നും ആറ്റുമണൽ വാരുന്നതും വിൽക്കുന്നതും കർശനമായി അവസാനിപ്പിക്കേണ്ടതാണ്.

5.10. ഖനനത്തിന് നിർണ്ണയിക്കപ്പെട്ട അളവിൽ ആറ്റുമണൽ എടുത്ത് കഴിഞ്ഞ കടവുകളിൽ (നദികളിൽ) കൂടുതൽ മണൽ വാരുന്നതിന് ഹോളിഡേ (Holiday) ഏർപ്പെടുത്തുന്ന രീതി കർശനമായി നടപ്പാക്കേണ്ടതാണ്.

5.11. 2001-ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം

1[illegible]ം വകുപ്പ് പ്രകാരവും അതാത് ജില്ലാ വിദഗ്ധസമിതികൾ നദീതീര വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി പരിപാലിക്കേണ്ടതാണ്. നദീതീരവും ആറ്റ് പുറമ്പോക്കുകളും സംരക്ഷിക്കാനുള്ള ഇത്തരം സംരക്ഷണ പദ്ധതികൾ ഒഴിവാക്കി, അനിയന്ത്രിതമായി പുഴകളിൽ നിന്ന് മണൽവാരാൻ മാത്രം അനുമതി നൽകുന്ന രീതി കർശനമായി അവസാനിപ്പിക്കേണ്ടതാണ്. നിയമാനുസൃത നദി പരിപാലന ഫണ്ട് (RMF) ഈ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

*(6) സംരക്ഷണ നടപടികൾ*

6.1. ജലസ്രോതസ്സുകളുടെ സംരക്ഷണം ഉദ്ദേശിച്ച് നടപ്പിൽവരുത്തിയിട്ടുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും വിജ്ഞാപനങ്ങളും സർക്കാർ ഉത്തരവുകളും വകുപ്പുതല നിർദ്ദേശങ്ങളും കർശനമായി പാലിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങളും അധികാരികളും ബാധ്യസ്ഥരമാണ്. ഈ നടപടികൾ പൂർണമായി പാലിച്ചുമാത്രമേ ജലസ്രോതസ്സുകളിൽ ഏതെങ്കിലുംവിധ പ്രവർത്തികൾ അനുവദിക്കാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി സംഭവിക്കുന്ന കേസുകളിൽ നിയമാനുസൃത നടപടികൾ വിട്ടുവീഴ്ചകൂടാതെ സ്വീകരിക്കേണ്ടതും, നികത്തൽ മുതലായ സംഭവങ്ങളിൽ ജലസ്രോതസ്സ് പൂർവസ്ഥിതിയിലാക്കേണ്ടതും, അതിനുള്ള ചെലവ് ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും, മലിനീകരണം സംഭവിച്ചാൽ ശുചീകരണത്തിനാവശ്യമാകുന്ന ചെലവ് അതിന് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്. (ജലസ്രോതസ്സുകളെ സംബന്ധിക്കുന്ന പ്രധാന നിയമങ്ങളും ചട്ടങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.)

6.2. ജലാശയങ്ങളുടെ പാരിസ്ഥിതിക സംരക്ഷണത്തിനായോ, ഗതാഗത ആവശ്യങ്ങൾക്കായോ, മണ്ണൊലിപ്പ് മൂലമോ ഡ്രെഡ്ജിംഗ് നടത്തേണ്ട വേളയിൽ മുൻകൂർ പാരിസ്ഥിതിക ആഘാത നിർണ്ണയം നടത്തേണ്ടതും മാറ്റുന്ന മണ്ണും ചെളിയും ജലാശയങ്ങളിൽ തിരികെ എത്താത്ത വിധം നിക്ഷേപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6.3. സംസ്ഥാനത്തെ എല്ലാ നദികൾക്കും കായലുകൾക്കും പ്രധാനപ്പെട്ട മറ്റ് ജലസ്രോതസ്സുകൾക്കും (വലിയ കുളങ്ങൾ, പ്രധാന നദികളുടെ കൈവഴികൾ, നദികളെ ബന്ധിപ്പിക്കുന്ന പ്രധാന തോടുകൾ, മത്സ്യങ്ങളുടെ ഗമന മാർഗങ്ങൾ, അരുവികൾ) മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇതിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഗവേഷണസ്ഥാപനങ്ങളെയും ഏകോപിപ്പിച്ചും അവയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ഉൾപ്പെടുത്തിയും സംയോജിത കർമ്മപദ്ധതികൾ പാരിസ്ഥിതിക ആവാസവ്യവസ്ഥ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനും മുന്തിയ പരിഗണന നൽകി തയ്യാറാക്കേണ്ടതാണ്.

6.4. നദികളിലെയും അരുവികളിലെയും നദികളിൽ ഒഴുകിയെത്തുന്ന തോടുകളിലെയും ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന കാരണങ്ങൾ കണ്ടുപിടിച്ച് അവ പൂർവസ്ഥിതിയിലാക്കേണ്ടതാണ്.

6.5. മണ്ണൊലിപ്പ് തടയാനായി ജൈവരീതികൾ അവലംബിക്കേണ്ടതാണ്. ഇതിൽ

മരങ്ങൾ വച്ചുപിടിപ്പിക്കൽ, ജൈവവേലി എന്നിവയും ഉൾപ്പെടുത്താവുന്നതാണ്.

6.6. കുളവാഴ, ആഫ്രിക്കൻ പായൽ, കബോംബ മുതലായ കടന്നുകയറ്റക്കാരായ ജലസസ്യങ്ങൾ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ശോഷണത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇവ ജലാശയങ്ങളിലെ തനത് ജൈവവൈവിധ്യത്തിന്റെ നാശത്തിന് പ്രധാന കാരണമാണ്. കൂടാതെ ജലപാതകൾ തടസ്സപ്പെടുത്തി ഉപയോഗശൂന്യമാക്കുന്നു. ഒഴുക്കിനെ പ്രതിരോധിക്കുകയും ജലജന്യ പകർച്ചവ്യാധികൾക്ക് കാരണമാകുകയും ചെയ്യുന്നു. ആകയാൽ തദ്ദേശ ജൈവവൈവിധ്യത്തിനു ഭീഷണിയായ ഇതുപോലുള്ള പോള്കളെയും പായലിനെയും മറ്റ് കടന്നുകയറ്റക്കാരായ ജലസസ്യ-ജന്തുജാലങ്ങളെയും ഒഴിവാക്കാൻ പ്രത്യേക പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളും ത്രിതല പഞ്ചായത്തുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

6.7. ജലാശയങ്ങളുടെ പ്രത്യേകിച്ച് കായലുകളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ കാരണമാകുന്നുണ്ട്. പാലങ്ങളും മറ്റും നിർമ്മിക്കാൻ ജലാശയങ്ങളിൽ നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കുശേഷം നിർമ്മാണ അവശിഷ്ടങ്ങൾ മാറ്റാത്തതിനാൽ സാരമായ പാരിസ്ഥിതിക ആവാസ വ്യവസ്ഥാനാശം ഉണ്ടാകുന്നു. ജലാശയങ്ങളിലെ നിർമ്മാണ പ്രവർത്തനത്തിന് ശേഷം എല്ലാ അവശിഷ്ടങ്ങളും മാറ്റി ജലാശയം പൂർവസ്ഥിതിയിലാക്കാനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. ജലാശയങ്ങളിൽ അവശേഷിച്ച നിർമ്മാണ അവശിഷ്ടങ്ങൾ പൂർണമായി മാറ്റി ജലാശയം പൂർവസ്ഥിതിയിലാക്കി എന്ന് ബന്ധപ്പെട്ട ഏജൻസികൾ രേഖാമൂലം സാക്ഷ്യപ്പെടുത്തിയശേഷം മാത്രമേ കരാറുകാരന്റെ അന്തിമ ബില്ല് പാസ്സാക്കി നൽകാവൂ. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.8. നദികളിൽ ജൈവവ്യവസ്ഥ നിലനിർത്താൻ ആവശ്യമായ കുറഞ്ഞ ജലപ്രവാഹം ജലസേചനവകുപ്പ് ഉറപ്പാക്കേണ്ടതാണ്.

6.9. കുടിവെള്ള സ്രോതസ്സുകളായ ജലാശയങ്ങളിലെ ജലഗുണനിലവാരം കേരള ജല അതോറിറ്റി ഉറപ്പാക്കേണ്ടതാണ്. മാലിന്യ സ്രോതസ്സുകൾ കണ്ടെത്താനും മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന പ്രതിരോധ നടപടികൾ സ്വീകരിക്കാനും ജല അതോറിറ്റി മുൻകൈ എടുക്കേണ്ടതുമാണ്. ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള സ്വീവേജ് പമ്പിംഗ് സ്റ്റേഷനുകൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവിടങ്ങളിൽ നിന്നും സ്വീവേജ് സിസ്റ്റത്തിൽ നിന്നും മാലിന്യം ജലാശയങ്ങളിൽ എത്തിച്ചേരുന്നില്ലെന്ന് ജല അതോറിറ്റി ഉറപ്പാക്കേണ്ടതാണ്.

6.10. സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ മലനീകരണത്തിന്റെ മുഖ്യകാരണം ഗാർഹിക മാലിന്യം പ്രത്യേകിച്ച് കക്കൂസ് മാലിന്യമാണ്. സ്വീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. അതാതു പ്രദേശങ്ങൾക്ക് പ്രത്യേകമായുള്ള ചെറിയ ട്രീറ്റ്മെന്റ് പ്ലാന്റുകളും ഉചിതമാണെങ്കിൽ സ്ഥാപിക്കാവുന്നതാണ്. സ്രോതസ്സുകൾക്ക് അടുത്തുള്ള ശൗചാലയങ്ങൾ ഡബിൾ പിറ്റ് രീതിയിലായിരിക്കണം. 'എക്കോസാൻ' (ecological sanitation) ടോയ്‌ലറ്റുകളും ലഭ്യമാക്കാവുന്നതാണ്.

6.11. നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുകയും, ബണ്ടുകളുടെ അറ്റകുറ്റപ്പണികൾ, ചെളിമാറ്റൽ എന്നിവ യഥാസമയം നടത്തി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. ഓരോ നദിക്കും ഒരു സംയോജിത മാനേജ്മെന്റ് പദ്ധതിയുണ്ടാക്കേണ്ടതാണ്. ജലസ്രോതസ്സുകളുടെ സംരക്ഷണ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും ഏകോപിത രീതിയിൽ നടപ്പാക്കണം.

6.12. നദീജല ഉപഭോഗം നിശ്ചയിക്കുന്നതിനായി 5 വർഷത്തിൽ ഒരിക്കൽ വാട്ടർ ബാലൻസ് സ്റ്റഡി നടത്തേണ്ടതാണ്. ജല ഉപഭോഗത്തിന് അനുവദിക്കുംമുമ്പ് ജല ലഭ്യത ഉറപ്പാക്കേണ്ടതാണ്. ജല ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ജലാശയങ്ങളുടെ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടത്. ജലാശയങ്ങളുടെ ഉപയോഗവും സംരക്ഷണവും സർക്കാരിന്റെ ജലനയത്തിനും അനുരൂപമായിരിക്കേണ്ടതാണ്.

6.13. കഴുകുന്നതിനോ മണൽ കയറ്റുന്നതിനോ വാഹനങ്ങൾ പുഴകളിൽ ഇറക്കുന്നത് ഗ്രാമപഞ്ചായത്തുകൾ/പോലീസ് തടയേണ്ടതാണ്.

6.14. തൊണ്ട് ജലാശയങ്ങളിൽ അഴുക്കുന്നതിന് പകരം സാങ്കേതിക വിദ്യയും സംവിധാനങ്ങളും നിലവിലുള്ളതിനാൽ അവ അവലംബിക്കാനുള്ള സൗകര്യം കയർബോർഡും കയർ വികസനവകുപ്പും ലഭ്യമാക്കേണ്ടതാണ്.

6.15. ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ യാതൊരു കാരണവശാലും ജലാശയങ്ങളിൽ എത്താവുന്നതല്ല. ഇക്കാര്യത്തിൽ 2012-ലെ (സാധ) 06/12/പരി. നമ്പർ സർക്കാർ ഉത്തരവ് യാതൊരു വിട്ടുവീഴ്ചയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും നടപ്പാക്കേണ്ടതാണ്. രാത്രി കാലങ്ങളിൽ നദികളിലും കായലുകളിലും മറ്റ് ജലാശയങ്ങളിലും അറവുശാല, കോഴി ഫാം, പന്നിഫാം, ഹോട്ടലുകൾ തുടങ്ങിയ ഇടങ്ങളിലെയും വീടുകളിലെയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ കണ്ടുപിടിച്ച് നിയമാനുസൃത ശിക്ഷ നൽകുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് ഏർപ്പാട് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ പോലീസ് വകുപ്പും നിയമാനുസൃത നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണ്.

6.16. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രകൃതിദത്ത മാർഗങ്ങൾ അവലംബിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജലസേചനവകുപ്പ് (ജലസേചനവും ഭരണവും) ചീഫ് എഞ്ചിനീയർ 8/2013 ൽ പുറപ്പെടുവിച്ചിട്ടുള്ള W3-4173/2013G1-1/13 നമ്പർ സാങ്കേതിക സർക്കുലർ ബന്ധപ്പെട്ട എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്. സംസ്ഥാനത്തെ ജലാശയങ്ങളുടെ പ്രത്യേകിച്ച് നദികകളുടെ നാശത്തിന് മുഖ്യ കാരണം കക്കൂസ് മാലിന്യങ്ങൾ, മൃഗങ്ങൾ, സ്വീവേജ് എന്നിവയിൽ നിന്നുള്ള കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നതാണെന്ന് കണ്ടെത്തിയിരിക്കുന്നു. കേരളത്തിലെ ഭൂപ്രകൃതിയും, ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ ജലാശയങ്ങളും മേൽപറഞ്ഞ തരം മാലിന്യങ്ങളുടെ ഉത്ഭവകേന്ദ്രങ്ങളും തമ്മിലുള്ള ദൂരം കർശനമായി പാലിക്കേണ്ടത് പരമപ്രധാനമാണ്. ജലസ്രോതസ്സുകൾ മലിനപ്പെടാനിടയുള്ള നദീതീരങ്ങൾ കായൽതീരങ്ങൾ എന്നിവിടങ്ങളിൽ

ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം നിർബന്ധമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതികളിലും ഇക്കാര്യം പാലിക്കേണ്ടതാണ്.

6.17. പുഴകൾ, കായൽ, കുളങ്ങൾ എന്നിവിടങ്ങളിലേക്കും ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്ന തോടുകൾ, ഓടകൾ എന്നിവിടങ്ങളിലേക്കും വീടുകൾ, ഹോട്ടലുകൾ, വാണിജ്യസ്ഥാപനങ്ങൾ, കമ്പോളങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് തുറന്ന് വിടുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രവർത്തനാനുമതി ആവശ്യമുള്ളവയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും കർശനമായി തടയേണ്ടതും നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഡ്രെയിനേജ് ഓടകളിൽ നിന്ന് നദികളിലും കായലുകളിലും ഒഴുകിയെത്തുന്ന ജലം, അത്തരം ജലത്തിന് നിശ്ചയിച്ചിട്ടുള്ള ഗുണനിലവാരം നിലനിർത്തുന്നതിനുവേണ്ടിയുള്ള ശുദ്ധീകരണ പദ്ധതികൾ (സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) ബന്ധപ്പെട്ട നഗരസഭകളും ഗ്രാമപഞ്ചായത്തുകളും ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. കുടിവെള്ളസ്രോതസ്സുകളായ നദികകളിലും ശാസ്താംകോട്ട, വെള്ളായണി എന്നീ ശുദ്ധജല തടാകങ്ങളിലും ഇക്കാര്യം അതീവ പ്രാധാന്യത്തോടെ ഉറപ്പാക്കേണ്ടതാണ്.

6.18. സെപ്ടിക്ക് ടാങ്ക് മാലിന്യങ്ങളുടെ നീക്കത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറികൾ യാതൊരു കാരണവശാലും മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്നും അത്തരം ടാങ്കറുകൾ ശേഖരിക്കുന്ന സെപ്ടിക്ക് ടാങ്ക് മാലിന്യം ജലാശയങ്ങളിൽ ഉപേക്ഷിക്കുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പോലീസ് വകുപ്പും ഉറപ്പാക്കേണ്ടതാണ്. ഈ ജോലികളിൽ വ്യാപൃതരായിരിക്കുന്ന ഏജൻസികൾക്ക് രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കേതാണ്. നദികളിൽ നിർമ്മിക്കുന്ന ചെക്ക്ഡാമുകൾ ഒഴുക്കിനെ പൂർണായി തടയുന്നതും വെള്ളം കെട്ടിക്കിടന്ന് നദിയിൽ മലിനീകരണം സൃഷ്ടിക്കാത്തതും ജൈവവൈവിധ്യത്തെ ബാധിക്കാത്ത വിധത്തിലുമായിരിക്കണം. ചെക്ക്ഡാമുകൾ ജലസംഭരണികളുടെ പ്രയോജനം ചെയ്യുന്നതാകണം. എന്നാൽ ജലജീവികളെയും ഒഴുക്കിനെയും ബാധിക്കാവുന്നതുമല്ല. നദിയിൽത്തന്നെ ചെക്ക്ഡാം നിർമ്മിക്കുന്നതിന് പകരം കൈവഴികളിലും നദിയിൽ എത്തിച്ചേരുന്ന കനാലുകളിലും തോടുകളിലും തടയണ നിർമ്മിക്കണമെന്ന ശസ്ത്രീയ വീക്ഷണവും പരിഗണിക്കാവുന്നതാണ്.

### *(7) അതിർത്തി സംരക്ഷണം*

7.1. നദീതീരങ്ങളുടെ സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കേണ്ടതാണ്. അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കാൻ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കണം.

7.2. നദീതീരങ്ങൾ, കായലുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവ വ്യാപകമായി കയ്യേറപ്പെട്ട് ട്ടുള്ള സാഹചര്യത്തിൽ വിശദമായ സർവ്വേ നടത്തി പുഴകളുടെ തീരത്തെ പുറമ്പോക്കുകൾ പതിച്ചുകൊടുക്കുവാൻ പാടില്ലെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ അത്തരം നദീതീരങ്ങളിലെ നിർമ്മാണ പ്രവർത്തികൾ നിയന്ത്രിക്കേണ്ടതും നദീതീര കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുമാണ്.

7.3. നദി സംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ നദീതടങ്ങളുടെ സംരക്ഷണംകൂടി അതിൽ ഉൾപ്പെടുത്തേണ്ടതാണ്.

7.4. ജലസ്രോതസ്സുകളുടെ അതിർത്തി പ്രത്യേകം അടയാളപ്പെടുത്താൻ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളും റവന്യൂ വകുപ്പും ശ്രദ്ധിക്കേണ്ടതാണ്. സ്ഥിരമായതും പെട്ടന്ന് എടുത്തുമാറ്റാനോ നശിപ്പിക്കാനോ സാധിക്കാത്തതുമായ അതിരടയാളങ്ങൾ സ്ഥാപിക്കേണ്ടതാണ്. ആധുനിക സംവിധാനങ്ങളായ അക്ഷാംശ-രേഖാംശ നിർണ്ണയം (Co-ordinate Fixation) ജി.പി.എസ്. അടിസ്ഥാനപ്പെടുത്തിയും അതിർത്തി നിർണയിക്കാൻ സ്ഥാപിച്ച അടയാളങ്ങൾ മാറ്റുന്ന പ്രവണത തടയാവുന്നതാണ്.

7.5. നദികളെ പാടങ്ങളും കരനിലങ്ങളുമായും (flood plains) ബന്ധിപ്പിക്കുന്ന പ്രധാന തോടുകൾ, പാടശേഖരങ്ങളിലെ തലക്കുളങ്ങൾ, ചാലുകൾ എന്നിവ കയ്യേറുകയോ, നികത്തുകയോ ചെയ്തിട്ടുള്ളവ ഒഴിപ്പിച്ച് അവ പൂർവ്വസ്ഥിതിയിലാക്കുകയും നദികളിലെ ജൈവവൈവിധ്യ വ്യവസ്ഥയ്ക്ക് ഹാനികരമായ എല്ലാ തടസ്സങ്ങളും ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

7.6. ജലസ്രോതസ്സുകളുടെ തീരങ്ങളും അനുബന്ധ പുറമ്പോക്കു ഭൂമിയും സംരക്ഷിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക ജനകീയസമിതികൾ രൂപീകരിക്കാവുന്നതാണ്. ഇതിൽ അതാതു പഞ്ചായത്തിലെ ജൈവവൈവിധ്യ പരിപാലന സമിതിയിലെ ഒരു അനൗദ്യോഗിക അംഗത്തെയും ഉൾപ്പെടുത്താവുന്നതാണ്.

7.7. നഗര മാസ്റ്റർ പ്ലാനുകളിൽ ജലാശയങ്ങൾക്ക് ചുറ്റും സംരക്ഷണമേഖല നിശ്ചയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. സർക്കാർ വകുപ്പുകൾ തന്നെ മാസ്റ്റർ പ്ലാൻ, ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ, ചട്ടങ്ങൾ എന്നിവ ലംഘിച്ച് ജലസ്രോതസ്സുകൾക്ക് ദോഷം വരുത്തുന്ന നടപടികൾ സ്വീകരിക്കുന്നത് വിലക്കേണ്ടതാണ്.

7.8. ജലസ്രോതസ്സുകളും, തീരത്തെ സർക്കാർ പുറമ്പോക്കുകളും നിയമം ലംഘിച്ച് കൈവശം വച്ചിരിക്കുന്നവ പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി/ ഭൂസംരക്ഷണ നിയമങ്ങൾ പ്രകാരം സർക്കാർ വകയാക്കേണ്ടതും അത്തരം പുറമ്പോക്കു ഭൂമിയിൽ അവകാശവാദം സ്ഥാപിച്ചുകൊടുക്കാൻ പാടില്ലാത്തതുമാണ്.

7.9. ജലസ്രോതസ്സുകളുടെ ഭാഗമായതോ തീരമായതോ ആയ പ്രദേശങ്ങൾ 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിന്റെ 3-ാം വകുപ്പ് 1-ാം ഉപവകുപ്പിന്റെ പരിധിയിൽ വരുന്നവയിൽ ഉണ്ടായിട്ടുള്ള എല്ലാ കയ്യേറ്റങ്ങളും കർശനമായി ഒഴിവാക്കേണ്ടതാണ്.

***(8) കുളങ്ങളുടെ സംരക്ഷണം***

8.1. സംസ്ഥാനത്തിന് പ്രകൃതി കനിഞ്ഞനുഗ്രഹിച്ചു നൽകിയ വരദാനങ്ങളിലൊന്നാണ് കുളങ്ങൾ. കുടിക്കാനും, കുളിക്കാനും, കൃഷിക്കും, മൃഗസംരക്ഷണത്തിനും സംസ്ഥാനത്തിന്റെ തനതായ ജൈവവൈവിധ്യ സംരക്ഷണത്തിനും തികച്ചും പ്രത്യേകമായ സൗകര്യങ്ങൾ കുളങ്ങൾ ഒരുക്കുന്നുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ കഴിഞ്ഞ കുറേ വർഷങ്ങളായി അവയിൽ മിക്കവയും ഉപേക്ഷിക്കപ്പെട്ട നിലയിലോ

ചപ്പുചവറുകളുടെ സംഭരണികളായോ നിലകൊള്ളുകയാണ്. അനവധിയെണ്ണം നികത്തപ്പെട്ടുകഴിഞ്ഞു. ഇന്നനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമത്തിന് ഒരു പരിധിവരെ ഇത്തരം കുളങ്ങളും പ്രകൃതിദത്ത ജലസംഭരണികളും പ്രയോജനപ്പെടുത്തേണ്ടത് അടിയന്തിര ആവശ്യമായിരിക്കുകയാണ്. ജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കെന്നതുപോലെ പ്രാദേശിക പാരിസ്ഥിതിക സംരക്ഷണത്തിനും ഇത് അത്യന്താപേക്ഷിതമായിരിക്കുന്നു. ഭൂഗർഭ ജലത്തിന്റെ അമിതശോഷണം ഒഴിവാക്കാനും ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കാനും കുളം സംരക്ഷണം ഉപകരിക്കുന്നതാണ്.

8.2. സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ടതായോ ദുരുപയോഗം ചെയ്യുന്നതായോ പാരിസ്ഥിതികശോഷണം സംഭവിച്ചതായോ നികത്തപ്പെടാത്തതായോ അവശേഷിക്കുന്ന കുളങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പുനരുജ്ജീവിപ്പിച്ച് സുസ്ഥിരമായ രീതിയിൽ സംരക്ഷിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് ഓരോ സാമ്പത്തിക വർഷത്തിലും ലഭ്യമാകുന്ന പദ്ധതിവിഹിതം ഉപയോഗപ്പെടുത്തി കുളങ്ങൾ/പ്രധാന ജലസ്രോതസ്സുകൾ നവീകരിച്ച് ഉപയോഗപ്രദമാക്കി സംരക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർബന്ധിത പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.

8.3. കുടിവെള്ളത്തിനും അതോടൊപ്പം ജലസേചനത്തിനും സാദ്ധ്യമാകുന്ന വലിയ കുളങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്. കുടിവെള്ള സ്രോതസ്സ്, ജലസേചന സൗകര്യം, മഴവെള്ളം/ ഊറ്റുവെള്ളം സംഭരണം, ടൂറിസം സാധ്യത, ജൈവവൈവിധ്യ സംരക്ഷണം, മത്സ്യം വളർത്തൽ, മൃഗങ്ങൾക്കുവേണ്ട ജലം എന്നിവയിൽ ഏതെങ്കിലുമോ/എല്ലാമോ സാധ്യമാകുന്ന കുളങ്ങളാണ് തെരഞ്ഞെടുക്കേണ്ടത്. കുളങ്ങളിലേക്ക് സ്വാഭാവിക നീരൊഴിക്കിനും കുളങ്ങളിൽ നിന്ന് അധികജലം ഒഴുകിപ്പോകാനും സൗകര്യമുള്ളവയ്ക്ക് മുൻഗണന നൽകാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന കുളങ്ങൾക്ക് കുറഞ്ഞത് 20 സെന്റ് വിസ്തീർണ്ണം (ജലവിസ്തൃതി) ഉണ്ടായിരിക്കേണ്ടതാണ്. അടുത്തടുത്തായോ ഒരേ പ്രദേശത്തോ ഉള്ള ഒന്നിലധികം കുളങ്ങൾ (അതായത് പാടശേഖരങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിലുള്ളവ, നദീസാമീപ്യവും ബന്ധവും ഉള്ള കുളത്തിന്റെ സമീപസ്ഥ കുളങ്ങൾ എന്നിവ) ജലപ്പരപ്പ് 20 സെന്റിൽ കുറവാണെങ്കിലും ഒരുമിച്ചെടുത്ത് പുനരുജ്ജീവിപ്പിക്കാവുന്നതാണ്. കുളം സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപന ഉടമസ്ഥതയിലുള്ളതായിരിക്കണം. മറ്റേതെങ്കിലും പദ്ധതി പ്രകാരം നേരത്തെ ജോലികൾ അപൂർണമായി ചെയ്തിട്ടുള്ളതും, അവശേഷിക്കുന്ന ജോലികൾ തടസ്സം കൂടാതെ ചെയ്ത് പൂർണമാക്കാനും സംരക്ഷിക്കാനും സാധിക്കുന്ന മേൽപ്പറഞ്ഞ തരത്തിലുള്ള കുളങ്ങളും തെരഞ്ഞെടുക്കാവുന്നതാണ്. രണ്ടു ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന കുളങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുനരുജ്ജീവിപ്പിക്കാവുന്നതാണ്. നദികൾ, കായലുകൾ എന്നിവ ഒഴികെ പൊതു ആവശ്യത്തിന് ഉപകരിക്കാവുന്ന അന്യ ജലസ്രോതസ്സുകളും (ഉദാഹരണത്തിന്, നദികളെ പാടങ്ങളും ചാലുകളുമായി ബന്ധപ്പിക്കുന്ന പ്രധാന തോടുകൾ, അരുവികൾ, സ്ഥിരമായ ഊറ്റുറവകൾ എന്നിവ) ഈ പദ്ധതിയിൽ ഉൾപ്പെടുത്താം.

8.4. തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളിൽ/ ജലസ്രോതസ്സുകളിൽ സംയോജിത സംര

ക്കുന്ന നടപടികളാണ് സ്വീകരിക്കേണ്ടത്. പ്രധാനമായും ചെളിവാരൽ, കുളങ്ങളുമായി ബന്ധപ്പെട്ട ചാലുകളുടെയും തോടുകളുടെയും സംരക്ഷണം, ബണ്ട് (ചിറ) സ്ലൂയിസ് എന്നിവയുടെ നിർമ്മാണം, പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ, കുളത്തിന്റെ പരിസര സംരക്ഷണം, മണ്ണൊലിപ്പ് തടയൽ, വെള്ളത്തിന്റെ ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തൽ, സൗന്ദര്യവൽക്കരണം, ജൈവവേലി, ജൈവരീതിയിൽ വശങ്ങളുടെയും ബണ്ടുകളുടെയും സംരക്ഷണം, വിനോദോപാധികൾ എന്നിവ ഈ ഇനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പഞ്ചായത്തുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പണിക്കുള്ള മാനദണ്ഡങ്ങൾ കുളങ്ങളുമായി ബന്ധപ്പെട്ട ജോലികൾക്കും ബാധകമാക്കാവുന്നതാണ്. എന്നാൽ ഉപഭോക്തൃസമിതികൾ, താമസക്കാരുടെ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തി പഞ്ചായത്തിന് നേരിട്ടും ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളം സംരക്ഷണ നടപടികൾ പൂർണമായോ, ഭാഗമായോ നടപ്പാക്കാവുന്നതാണ്. സർക്കാരിന്റെ മറ്റു വകുപ്പുകൾ ഏറ്റെടുത്തിട്ടുള്ള കുളം സംരക്ഷണ പദ്ധതികളോടൊപ്പം അനുബന്ധ സംരക്ഷണ പദ്ധതികൾ (ഉദാഹരണത്തിന്, മത്സ്യം വളർത്തൽ, സൗന്ദര്യവൽക്കരണം, ജൈവവേലി, തോടുകളുടെ പുനരുദ്ധാരണം എന്നിവ) നടപ്പാക്കാവുന്നതാണ്. പഞ്ചായത്തിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി, സ്കൂളുകളിലെ ദേശീയ ഹരിതസേന, കോളേജുകളിലെ ഭൂമിത്രസേന തുടങ്ങി സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പരിസ്ഥിതി സന്നദ്ധ സംഘടനകളെയും ഈ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കേണ്ടതാണ്. ആഫ്രിക്കൻ പായൽ, കുളവാഴ മുതലായവയും ആവാസവ്യവസ്ഥയ്ക്ക് ഗുണകരമല്ലാത്ത മറ്റ് ജലസസ്യങ്ങളും പൂർണ്ണമായി മാറ്റേണ്ടതാണ്. കുളത്തിലേക്ക് ചാഞ്ഞുകിടക്കുന്നതോ, ഇലകൾ പൊഴിയുന്നതോ ആയ വൃക്ഷശിഖരങ്ങളും മുറിച്ചു മാറ്റേണ്ടതാണ്. ചുറ്റുപാടുമുള്ള പാടങ്ങൾ, കൃഷിസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്ന് രാസവളങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടം കുളത്തിൽ ഒലിച്ചിറങ്ങുന്നത് തടയാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. യാതൊരു കാരണവശാലും മലിനജലം കുളത്തിൽ എത്തുവാൻ പാടില്ല. കുളങ്ങളുടെ പരിസര സൗന്ദര്യവൽക്കരണം, മരങ്ങൾ വച്ചുപിടിപ്പിക്കൽ, ജൈവവേലി എന്നിവ ഓരോന്നിനും അനുരൂപമായ വിധത്തിൽ കഴിയുന്നതും പ്രാദേശിക വൃക്ഷലതാദികൾ ഉപയോഗിച്ച് ചെയ്യേണ്ടതാണ്. കുട്ടികൾക്ക് കുളിക്കാൻ സാധ്യമായ വലിയ കുളങ്ങളിൽ ഇറങ്ങുന്ന ഭാഗങ്ങളിൽ ആഴം കുറവായും, അടിത്തട്ട് ഉറപ്പുള്ളതായും (ചെളിയില്ലാതെ) സംരക്ഷിക്കേതാണ്. ക്രമാതീതമായി ജലനിരപ്പ് ഉയർത്തുന്ന സ്രോതസ്സുകൾ ഉള്ള കുളങ്ങളിൽ അധികജലം ഒഴുകിപ്പോകാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്. കുളങ്ങളിൽ നിക്ഷേപിക്കുന്ന മത്സ്യങ്ങൾ കഴിവതും നാടൻ ഇനങ്ങൾ ആയിരിക്കേണ്ടതാണ്. വാണിജ്യാടിസ്ഥാനത്തിൽ മത്സ്യക്കൃഷി നടത്താൻ സാദ്ധ്യമായ കുളങ്ങളിൽ മറ്റ് മത്സ്യങ്ങളെയും വളർത്താവുന്നതാണ്. കുളത്തിൽ നിന്നു കോരിമാറ്റിയ മണ്ണും ചെളിയും സംരക്ഷണ ജോലികൾക്ക് ആവശ്യമില്ലാത്തതോ, ഉപയോഗയോഗ്യമല്ലാത്തതോ ആയ സാഹചര്യങ്ങളിൽ അത് കുളത്തിനടുത്ത് നിക്ഷേപിക്കാവുന്നതല്ല. കല്ലുകെട്ട് ആവശ്യമില്ലാത്ത ഭാഗങ്ങളിൽ അനുയോ

ജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്. കര ഇടിയാനോ, സമീപ വിളകൾക്കോ, പുരയിടങ്ങൾക്കോ നാശം ഉണ്ടാകാനോ സാധ്യതയുണ്ടെങ്കിൽ മാത്രം കല്ലുകൊണ്ട് വശങ്ങൾ കെട്ടിയാൽ മതിയാകുന്നതാണ്. കുളം അതിന്റെ സ്വാഭാവിക അവസ്ഥയിൽ സംരക്ഷിക്കപ്പെടുകയാണ് വേണ്ടത്. കുളത്തിന്റെ വശങ്ങൾ ചരിവ്കൂട്ടി ചെയ്യാൻ സാദ്ധ്യമായിടത്ത് ജൈവരീതി അവലംബിക്കേണ്ടതാണ്. ആഴമുള്ള കുളങ്ങൾക്ക് കര സംരക്ഷണത്തിന് ചെറുമതിലോ ഇരുമ്പ് വേലിയോ നിർമ്മിക്കാവുന്നതാണ്.

8.5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിർബന്ധിത പദ്ധതികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് കുളങ്ങളുടെ സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടത്. തരംതിരിവും നടപടിക്രമങ്ങളും 15.06.2012 ലെ സർക്കാർ ഉത്തരവ് (ആർ.ടി.) 968/12/തസ്വഭവ എന്ന സർക്കാർ ഉത്തരവിൽ (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി 2012-17) 3 (2), 4 (5), 9 (എ)(i) എന്നീ ഖണ്ഡികയിൽ ഉത്തരവായിരിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

8.6. ഈ പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു പ്രത്യേക സമിതി രൂപീകരിക്കേണ്ടതാണ്. ഇതിൽ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ ഒരു പ്രതിനിധി, പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ, വാർഡ് അംഗം, ഭൂമിത്രസേന ക്ലബ്ബ് ഉള്ള സ്ഥലങ്ങളിൽ അതിന്റെ ചുമതലയുള്ള അധ്യാപകൻ, പ്രാദേശിക പരിസ്ഥിതി സംഘടനകളുടെ ഒരു പ്രതിനിധി, ഗ്രാമപഞ്ചായത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കുന്ന പദ്ധതിയുടെ പഞ്ചായത്ത് കോ-ഓർഡിനേറ്റർ എന്നിവരും പഞ്ചായത്ത് പ്രസിഡന്റിന് ഉൾപ്പെടുത്താവുന്ന മറ്റ് അംഗങ്ങളും അടങ്ങുന്ന എന്നാൽ പത്തിലധികം അംഗങ്ങളില്ലാത്ത ഒരു മേൽനോട്ടസമിതി രൂപീകരിക്കേണ്ടതാണ്. സമിതിയുടെ കൺവീനർ ബി.എം.സി. സെക്രട്ടറി കൂടിയായ പഞ്ചായത്ത് സെക്രട്ടറി ആയിരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധിയായിരിക്കും മേൽനോട്ട സമിതിയുടെ കാലാവധി.

8.7. സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന കുളങ്ങൾ, പ്രത്യേകിച്ച് വരൾച്ച ബാധിത പ്രദേശങ്ങളിലുള്ളവ, അങ്ങനെ തന്നെ സംരക്ഷിക്കേണ്ടതാണ്. ഇവ സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുകയോ ഉപയോഗശൂന്യമായി കിടക്കുകയോ ചെയ്യുകയാണെങ്കിൽ ജലശേഖരണാർത്ഥം പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

8.8. ഉപേക്ഷിക്കപ്പെട്ട കുളങ്ങളും ചതുപ്പുകളും ജലസംഭരണികളാക്കി നിലനിർത്തി മത്സ്യസംരക്ഷണ/മത്സ്യകൃഷി കേന്ദ്രങ്ങളാക്കാവുന്നതാണ്.

8.9. കുളങ്ങളുടെ കാര്യത്തിൽ എന്നതുപോലെ അരുവികളും (springs) ഊറ്റുറവകളും സംരക്ഷിക്കാൻ പ്രാദേശികതലത്തിൽ നടപടിയുണ്ടാകേണ്ടതാണ്.

8.10. സംസ്ഥാനത്തെ കുളങ്ങളുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി മേൽനടപടിക്കായി ബന്ധപ്പെട്ടവർക്ക് സമർപ്പിക്കണം.

8.11. കിണറുകൾ വറ്റി വരളാൻ സാധ്യതയുള്ള ഇടങ്ങളിൽ ഭൂഗർഭജലം കൂടുതൽ ഉപയോഗപ്പെടുത്താനുള്ള സാധ്യത കണക്കിലെടുത്ത് അത്തരം പ്രദേശങ്ങളി

ല്ലുള്ള ഉപേക്ഷിക്കപ്പെട്ട ജലസംഭരണികൾക്ക് മുൻഗണന നൽകി പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

*(9) മേൽനോട്ടം*

9.1. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകൾ തന്നെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിൽ നേതൃത്വം നൽകേണ്ടതാണ്. ഇതിനായി പഞ്ചായത്തുകൾക്ക് ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) സഹായം തേടാവുന്നതാണ്. കൂടാതെ പാരിസ്ഥിതിക ബോധവൽക്കരണ - അവബോധ പരിപാടികൾക്കായി സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ദേശീയ ഹരിത സേന (എൻ.ജി.സി.) പരിസ്ഥിതി വകുപ്പിന്റെ ഭൂമിത്രസേന, ജൈവവൈവിധ്യ ബോർഡ് സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പദ്ധതികൾ എന്നിവയും ഏകോപിത രീതിയിൽ നടപ്പാക്കാവുന്നതാണ്.

9.2. പരിസ്ഥിതി സംഘടനകളുടെ സഹായവും ജലാശയ സംരക്ഷണത്തിനായി തേടാവുന്നതാണ്.

9.3. നദികളുടെയും ബന്ധപ്പെട്ട ജലസ്രോതസ്സുകളുടെയും സംരക്ഷണം മുൻനിർത്തി അക്കാര്യത്തിൽ സന്നദ്ധസേവനത്തിന് തയ്യാറുള്ള വിരമിച്ച വിദഗ്ധർ, ശാസ്ത്രജ്ഞർ, സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധരായ മറ്റുള്ളവർ എന്നിവരും, പരിസ്ഥിതി സാമൂഹ്യ പ്രവർത്തകരും ഉൾപ്പെടുന്ന കായൽ/ നദീതട ഉപദേശക സമിതികൾ രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തുകൾക്ക് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള സഹായം ഉൾപ്പെടെ വേണ്ടുന്ന സാങ്കേതിക സഹായം ഈ സന്നദ്ധ സമിതികൾ പ്രദാനം ചെയ്യണം. ജലസ്രോതസ്സുകളുടെ ഏകോപിത സംരക്ഷണ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളെകൊണ്ട് സ്വീകരിക്കാൻ ഈ സന്നദ്ധ സമിതികൾക്ക് സാധിക്കണം.

10. ജലസ്രോതസ്സുകളുടെ സംരക്ഷണം ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയും ഗ്രാമപഞ്ചായത്തുകളും ജില്ലാ കളക്ടർമാരും കൈകാര്യം ചെയ്യുന്ന നദി മാനേജ്മെന്റ് ഫണ്ട്, നിലവിലുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ, ജലസേചനം, മലിനീകരണ നിയന്ത്രണം, ശുചീകരണം, മത്സ്യബന്ധനം, സാമൂഹ്യ വനവൽക്കരണം മുതലായവയിൽ ഉൾപ്പെടുത്തിയും, സംസ്ഥാന സർക്കാരിന്റെ ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയും, നടപ്പാക്കാവുന്നതാണ്.

11. സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ മലിനീകരണ സ്ഥിതി സംബന്ധിച്ച് മലിനീകരണ നിയന്ത്രണബോർഡ് തയ്യാറാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഈ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളും സ്ഥാപനങ്ങളും സ്വീകരിച്ച നടപടികളും അവയുടെ ഫലവും റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിവിധ വകുപ്പുകളും ഏജൻസികളും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായോ ഉപയോഗത്തിനായോ അവയിൽ ഏതെങ്കിലും പ്രവർത്തനങ്ങൾക്കായോ പദ്ധതി തയ്യാറാക്കുന്ന വേളയിൽ ഈ ഉത്തരവുകൾ പാലിക്കേണ്ടതാണ്.

12. ഈ ഉത്തരവുകൾ പ്രകാരം മേൽനടപടികൾ സ്വീകരിക്കേണ്ട വകുപ്പുകൾ/

സ്ഥാപനങ്ങൾ/പഞ്ചായത്ത് സ്ഥാപനങ്ങൾ അതാതിന് ആവശ്യമായ വിശദമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി 10-ാം ഖണ്ഡികയിൽ പരാമർശിക്കുന്ന സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി നടപ്പാക്കാവുന്നതാണ്.

13. ജലസ്രോതസ്സുകളുടെ നിലനിൽപ്പിന് ഭീഷണിയും മലിനീകരണത്തിന് കാരണമാകുന്നതുമായ പാരിസ്ഥിതിക പ്രതിലോമ നടപടികൾ, അത്തരം നടപടികൾ നടന്ന ഉടനെ അഥവാ നടത്തുന്ന വേളയിൽത്തന്നെ അതാത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജൈവവൈവിധ്യ പരിപാലന സമിതി (ബി. എം. സി.), അതാത് സംഗതിപോലെ, മേൽനടപടിക്ക് നിയമാനുസൃത ബാധ്യതയുള്ള അധികാരികളെ അറിയിക്കേണ്ടതാണ്. ഈ വിധ അറിയിപ്പുകളിൻമേൽ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ/സ്ഥാപനങ്ങൾ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ജലസ്രോതസ്സുകളിൽ നിയമാനുസൃതമല്ലാത്തതോ ഈ ഉത്തരവുകൾക്ക് വിരുദ്ധമോ ആയ യാതൊരുവിധ ഇടപെടലുകളും മലിനീകരണ നടപടികളും കയ്യേറ്റങ്ങളും നടക്കുന്നില്ല എന്നും അവ നിയമാനുസൃത രീതിയിൽ നിലനിൽക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. മാര പാണ്ഡ്യൻ,**
*പ്രിൻസിപ്പൽ സെക്രട്ടറി*

സെക്രട്ടറി, കേരള നിയമസഭ (ഉപരിപത്രം സഹിതം)

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

ബന്ധപ്പെട്ട എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും

ബന്ധപ്പെട്ട എല്ലാ ബോർഡ്/കോർപ്പറേഷൻ ചീഫ് എക്സിക്യൂട്ടീവുകൾക്കും

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല

രജിസ്ട്രാർ, കേരള ഫിഷറീസ് സർവ്വകലാശാല

രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
(ജില്ലാ കളക്ടർ മുഖേന)

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

എല്ലാ തഹസീൽദാർമാർക്കും
(ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും
(സംസ്ഥാന പോലീസ് ചീഫ് മുഖേന)

എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും
(മൈനിംഗ് & ജിയോളജി ഡയറക്ടർ മുഖേന)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (പ്രസ് റിലീസ്/വെബ് & ന്യൂ മീഡിയ) (*ആവശ്യമായ പ്രചാരണം നൽകുന്നതിന്*)

ധനകാര്യ വകുപ്പ്
(29-4-2014-ലെ 34384/വ്യയം-ബി 2/14/ധന പ്രകാരം)

റവന്യൂ വകുപ്പ്
(20-10-2014-ലെ ഡി.ഒ. കത്ത് നമ്പർ 8163/പി 1/14/റവ. പ്രകാരം)

പൊതുഭരണ (എസ്. സി.) വകുപ്പ്
(10-12-2014-ലെ ഇനം നമ്പർ 6104)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## അനുബന്ധം

(ഖണ്ഡിക 6.1. ൽ സൂചിപ്പിക്കുന്നതു പ്രകാരം)

1. കേരള ജലസേചനവും ജലസംരക്ഷണവും നിയമം - 2003
2. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം - 2001
3. കേരള നെല്പാടങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷണ നിയമം - 2008
4. കേരള പഞ്ചായത്ത് രാജ് നിയമം - 1994
5. കേരള മുനിസിപ്പാലിറ്റി നിയമം - 1994
6. ജല (മലിനീകരണം തടയലും നിയന്ത്രണവും) നിയമം - 1974
7. പരിസ്ഥിതി (സംരക്ഷണ) നിയമം - 1986
8. കേരള ഭൂമി പതിവ് ചട്ടങ്ങൾ
9. തീരദേശ നിയന്ത്രണ വിജ്ഞാപനം - 2001
10. തണ്ണീർത്തട (സംരക്ഷണവും, പരിപാലനവും) ചട്ടങ്ങൾ - 2010
11. ജൈവവൈവിധ്യ നിയമം - 2002
12. കേരള ഉൾനാടൻ മത്സ്യബന്ധനവും അകപകൾച്ചറും നിയമം - 2010
13. മേൽ നിയമങ്ങൾ പ്രകാരമുള്ള ചട്ടങ്ങൾ
14. കേരള ഭൂസംരക്ഷണ നിയമം - 1957
15. കേരള പോലീസ് നിയമം

PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE
GOVERNMENT CENTRAL PRESS, THIRUVANANTHAPURAM 2015

Kerala Gazette No. 14 dated 3rd April 2012.
PART I

GOVERNMENT OF KERALA

**Abstract**

ENVIRONMENT DEPARTMENT—MANAGEMENT OF BIOMEDICAL WASTES IN THE STATE—RECOMMENDATIONS OF THE PUBLIC ACCOUNTS COMMITTEE (2008-2011)—IMPLEMENTED—ORDERS ISSUED

ENVIRONMENT (A) DEPARTMENT

G. O. (Ms.) No. 04/12/Envt. *Dated, Thiruvananthapuram, 13th March 2012.*

*Read:*—1. 58th Report of the Public Accounts Committee (2006-08) of the Kerala Legislative Assembly.

2. 146th Report of the Public Accounts Committee (2008-2011).

3. Letter No. PCB/TAMS/14/09 dated 24-11-2011 of the Member Secretary, Kerala State Pollution Control Board.

4. G. O. (Rt.) No. 06/12/Envt. dated 9-12-2011.

5. Letter No. IO-3/2008-HSMD dated 4-8-2010 from the Joint Secretary, Ministry of Environment & Forests, Government of India.

ORDER

The Bio Medical Wastes (Mangement and Handling) Rules, 1998 (BMW Rules) issued by the Government of India under the Environment (Protection) Act, 1986 came into effect on 20-8-1998. It is mandatory that every occupier/operator of bio-medical waste generating establishment shall have an authorization to function. The State Pollution Control Board is the prescribed Authority to enforce the rules. The Public Accounts Committees of the Kerala Legislative Assembly in its 58th and 146th reports have made very important recommendations for the effective administration of the rules and to streamline the procedure for handling collection, transportation and disposal of bio-medical wastes with the objective of avoiding any adverse effect on human health and environment. Government have carefully considered the recommendations and issue the following orders for strict compliance by all concerned.

2. It is estimated that about 11000 MT of bio-medical waste is generated in the state per annum. There is chance for a good portion of the pathogenic wastes finding its way to the Municipal Solid Wastes and water bodies posing grave health hazards. In order to ensure that Bio Medical wastes do not mingle with the Municipal Solid Waste and contaminate water bodies, it is ordered that;

(i) (a) All 'occupiers' as defined in the Bio Medical Wastes (Management and Handling) Rules, 1998 shall register with the Kerala State Pollution Control Board. Occupier in relation to any institution generating bio-medical wastes means hospitals, nursing homes, clinical dispensaries, veterinary institutions, animal houses, pathological laboratory, blood bank by whatever name called, who has a control over that institution and/or its premises.

(b) Those occupiers who are yet to register with the State Pollution Control Board shall register with the Board within three months from the date of this order.

(ii) The Local Self Government Institutions shall insist for production of the authorization/registration certificate issued by the Kerala State Pollution Control Board for licensing or granting permission to any 'occupier' and shall not permit any such institution generating bio-medical wastes to function, without the authorization/registration certificate of the Kerala State Pollution Control Board.

(iii) The Local Self Government Institutions, shall enforce the enabling provisions of Chapter XX of the Kerala Panchayati Raj Act, 1994 and Chapter XV of the Kerala Municipalities Act, 1994 in the matter of registration of hospitals and ensure that the bio-medical wastes are properly segregated and disposed of as per the Bio Medical Wastes (Management and Handling) Rules, 1998, and no such waste are collected, transported or disposed of as Municipal Solid Wastes.

(iv) The Kerala State Pollution Control Board shall ensure that no Health Care Establishments (HCE) regardless of strength or number of patients and other 'occupiers' are permitted to function without authorization/registration by the Board, and securing disposal facilities as per rules and guidelines governing bio-medical wastes.

(v) No 'occupier' shall be permitted to carry on with the activities beyond the initial trial period if allowed, without regularization. All units issued with provisional authorization shall be inspected within the validity period of provisional authorization and the authorization regularized or cancelled as the case may be.

(vi) The Kerala State Pollution Control Board shall issue or renew the authorization to all registered institutions requiring payment of fees, promptly so that the Board will not suffer revenue loss on that account, and bio-medical waste generating units do not function without proper arrangement for disposal of the wastes.

(vii) All Government Health Care Establishments shall register with the Kerala State Pollution Control Board availing the 90% rebate in fee for registration. Government Health Care Establishments generating bio-medical wastes shall make arrangements as per the rule for safe disposal of the wastes. Funds provided under budgetary allocations or HDS/HDC for bio-medical waste disposal shall be fully and properly utilized. Government Health Care Establishments shall be provided with regular financial support for implementation of bio-medical wastes collection, treatment and disposal as stipulated in the rules. Health & Family Welfare Department may provide necessary budget assistance to Government Heath Care Establishments under their Rent, Rate & Taxes or other appropriate budget heads for the mandatory payments for disposal of bio-medical wastes.

(viii) (a) In the letter read above, Government of India (Ministry of Environment & Forests) has informed about the new schemes with central assistance for Common Bio-Medical Waste Treatment and Disposal Facilities (CBWTF). The Pollution Control Board is authorized to get applications for setting up of Common Bio-Medical Waste Treatment and Disposal Facilities and to recommend eligible cases for subsidy. The target may be that there is at least one Common Bio-Medical Waste Treatment and Disposal Facilities for two districts (seven in all).

(b) <u>Common incinerator facility shall be installed in all the CBWT facilities.</u>

(ix) Deep burial method of bio-medical wastes disposal shall not be permitted. The authorities concerned shall see to it that alternative methods are adopted in all such cases.

(x) (a) The Pollution Control Board shall vitalize monitoring of Health Care Establishments. Norms for regular inspection should be fixed to ensure compliance with rules and consent conditions. If there is paucity in engineering category, the Board may as an internal arrangement utilize the services of offices in the scientific category as well, in cases where no engineering aspects are involved. Comprehensive inventory of Health Care Establishments shall be

prepared and updated and effective steps shall be taken to enforce the rules and to ensure that bio-medical wastes do not mix up with other streams of wastes, and are disposed of scientifically. The records related to administration of the rules shall be maintained properly in all unit offices, and shall be inspected by higher authorities of the Board. The Board shall also make it sure that the Advisory Committee relating to the implementation of the rules is convened as provided in the rules, and verify that the Common Bio-Medical Waste Treatment and Disposal Facilities function properly without causing any pollution problems. The Health Care Establishments shall be insisted to constitute Waste Management Committees to monitor, review and analyze the wastes management practices. Annual Reports required to be submitted by the Health Care Establishments shall be obtained, consolidated by the Pollution Control Board and submitted to the Central Pollution Control Board and Government, without fail.

(b) The District Medical Officers should form a sub-committee including representatives of Pollution Control Board and local body for monitoring the waste management activities in the Health Care Establishments under their jurisdiction, and to ensure remedial action.

(xi) The Pollution Control Board shall take stringent action against the 'occupiers' who do not register with the Board. Those Health Care Establishments including Government institutions which do not follow the statutory provisions on handling and disposal of the bio-medical wastes generated in such Health Care Establishments, may be proceeded against as per Law. Penal provisions/measures for closure may be invoked in cases of non-compliance with Bio-Medical Wastes (Management and Handling) Rules, to ensure compliance by the 'occupiers'.

(xii) (a) Government also order that bio-medical wastes being a reservoir of potentially harmful micro-organisms which can infect hospital patients, health care personnel and general public, also capable of causing injuries, poisoning and pollution, management thereof shall be as an integral part of health care activities. Management including scientific disposal of bio-medical wastes in accordance with the rules therefore shall get the topmost priority in the management of solid wastes. A regular system shall be created in all Health Care Establishments generating bio-medical wastes, to monitor and inspect the status of management of such wastes generated in the Health Care Establishments. Functioning of the system shall be reviewed in the inspections being conducted by departmental authorities in the Health Care Establishments.

31



(b) More training programmes on the Bio-medical Waste (Management & Handling) Rules for the benefit of those concerned with the implementation of waste management facilities in Health Care Establishments shall be conducted, and awareness materials in Malayalam detailing the type of containers to be used for segregation of Bio-Medical Waste and treatment options shall be distributed by the State Pollution Control Board.

(3) The Public Accounts Committee in the report read as second paper has observed that the implementation of Bio-Medical Wastes Rules in the State is very poor, as a result of the low priority assigned by the Pollution Control Board in enforcing compliance with the rules, and expressed concern that a major portion of the bio-medical wastes generated in the State is being disposed of without proper segregation and treatment, there could be disastrous consequences to the health of the general public due to possible contamination of the environment by toxic and infectious wastes. Government order that the Pollution Control Board and Local Self Government Institutions shall take stringent action as per the Environment (Protection) Act, 1984, Kerala Panchayati Raj Act, 1994, Kerala Municipalities Act, 1994 and other enabling legal provisions to strictly arrest the illegal practices and to bring the erring institutions under the regulatory regime of the Bio-Medical Wastes (Management and Handling) Rules.

(4) (i) The Local Self Govevunent Institutions concerned shall collect and dispose of any non-bio-medical solid wastes (MSW) from hospitals.

(ii) The officer having the legal authority to oversee or control/ regulate the management of wastes generated in Health Care Establishments in the State will be personally responsible for making the Health Care Establishments, under his/her jurisdiction adhere to the statutory provisions on management of wastes generated by the Health Care Establishments.

(5) The Director of Health Services will make available copies of this order to all District Medical Officers and the Director of Panchayat and Urban Affairs to all Grama Panchayats and Municipalities.

By order of the Governor,

JAMES VARGHESE,
*Principal Secretary to Government.*

9:21/12

To

The Secretary, Kerala Legislative Assembly, Thiruvananthapuram (with covering letter).

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Chairman, Kerala State Pollution Control Board, Thiruvananthapuram.

The Member Secretary, Kerala State Pollution Control Board, Thiruvananthapuram.

The Director, Directorate of Health Services, Thiruvananthapuram.

The District Medical Officer, Thiruvananthapuram.

The Director, Animal Husbandry Department, Thiruvananthapuram.

The Director, Ayurveda Medical Education Department, Government Ayurveda College, Thripunithura/Thiruvananthapuram/Pariyaram, Kannur.

The Director, Homoeopathic Department, Thiruvananthapuram.

Government Homoeopathic Medical College, Kozhikode /Thiruvananthapuram.

The Director, Indian Systems of Medicine, Thiruvananthapuram-1.

The Registrar, Kerala Veterinary and Animal Sciences University.

The Managing Director, Kerala Health Research & Welfare Society, Red Cross Road, Thiruvananthapuram-35.

The Director, Regional Cancer Centre, Thiruvananthapuram.

The Director, Regional Institute of Ophthalmology, Thiruvananthapuram.

The Director, Urban Affairs Department, Thiruvananthapuram.

The Director of Panchayats, Thiruvananthapuram.

The Secretary, Corporation of Thiruvananthapuram/Kollam/Kochi/Thrissur/Kozhikode.

The Director, Public Relations Department.

The Secretary, Indian Medical Association, Thiruvananthapuram.

All Municipalities (through Director of Urban Affairs)

All Grama Panchayats (through Director of Panchayats)

The Health & Family Welfare Department.

The Local Self Government Department.

Stock file/Office copy.

20

അനുബന്ധം - 11 Ref. Pg. 109 33

| Sl No: | Name of District | Name of the hospital and District | No of beds | whether waste water treatment facility provided or not | |
|---|---|---|---|---|---|
| | | | | Yes, ETP | Septic tank & soak pit |
| 1 | Thiruvananthapuram | General Hospital Kunnukuzhy | 747 | — | Directly to sewer line |
| 2 | Thiruvananthapuram | Govt. Hospital Attingal | 60 | — | septic tank and soak pit |
| 3 | Thiruvananthapuram | Govt. Hospital Parassala | 119 | yes | |
| 4 | Thiruvananthapuram | Govt. Hospital Peroorkada | 337 | — | septic tank and soak pit |
| 5 | Thiruvananthapuram | Govt. Hospital Varkala | 65 | — | septic tank and soak pit |
| 6 | Thiruvananthapuram | Govt. Medical College Hospital Super Speciality Wing, Nursing & Paramedical Blocks, Medical College | 253 | Yes | |
| 7 | Thiruvananthapuram | Govt.Hospital Nemom | 61 | — | septic tank and soak pit |
| 8 | Thiruvananthapuram | Govt.Medical College Hospital TVPM-11 | 1930 | ETP proposed to be installed within 1 year | collection tank and then to sewer line |
| 9 | Thiruvananthapuram | Mental Health care centre, Peroorkada | 507 | | septic tank and soak pit |
| 10 | Thiruvananthapuram | Regional Cancer Centre, Medical College P.O, TVPM | 350 | Yes | |
| 11 | Thiruvananthapuram | Regional Institute of Ophthalmology, Vanchiyoor | 250 | | septic tank to sewer line |
| 12 | Thiruvananthapuram | Sanatorium for Chest Diseases, Pulayanarkotta | 250 | | Septic tank and soak pit |
| 13 | Thiruvananthapuram | SAT Hospital, Medical College P.O,Thiruvananthapuram | 765 | — | septic tank to sewer line |
| 14 | Thiruvananthapuram | SCT Hospital, Medical College Campus | 246 | STP proposed | septic tank to sewer line |
| 15 | Thiruvananthapuram | SUT Academy of medical science, Vencode | 300 | Yes | |
| 16 | Thiruvananthapuram | Taluk Head Quarters Hospital, Chirayinkeezhu | | | Septic tank and soak pit |
| 17 | Thiruvananthapuram | Taluk Head Quarters Hospital, Nedumangad | 225 | | Septic tank and soak pit |
| 18 | Thiruvananthapuram | Taluk Hospital, Nemmom | 61 | | Septic tank and soak pit |
| 19 | Thiruvananthapuram | Taluk Hospital, Neyyattinkara | 436 | Yes | |
| 20 | Thiruvananthapuram | W & C Hospital, Thycaud, TVPM | 428 | | Directly to sewer line |
| 21 | Thiruvananthapuram | Govt. Homeo Medical College, Iranimuttom | 100 | | Septic tank and soak pit |
| 22 | Kollam | A.A Rahim Memorial District Hospital Kollam | 148 | STP proposed | Septic tank and soak pit |
| 23 | Kollam | Govt Victoria Hospital Kollam | 273 | STP proposed | Septic tank |
| 24 | Kollam | Govt.Hospital Kadakkal | 101 | | Septic tank |
| 25 | Kollam | C.Kesavan Memorial Govt.Hospital Mayyanadu | 70 | | Septic tank |
| 26 | Kollam | Govt.Hospital Punalur | | | Septic tank |
| 27 | Kollam | Taluk Head Quarters Hospital, Karunagapally | 190 | | Septic tank and soak pit |

To Scan

| | | | | | |
|---|---|---|---|---|---|
| 28 | Pathanamtita | District Hospital Kozhencherry | 200 | | Septic tank and |
| 29 | Pathanamtita | General Hospital Pathanamthitta | 414 | yes | |
| 30 | Pathanamtita | Taluk Hosp 'al , Adoor | | | Septic tank and soak |
| 31 | Pathanamtita | Taluk Hospital , Ranni | 105 | | Septic tank and soak pi |
| 32 | Alappuzha | Taluk Hospital Chengannur | 140 | | |
| 33 | Alappuzha | Community Health Centre, Champakulam | 51 | | Septic tank and soak pit |
| 34 | Alappuzha | General Hospital Bazar PO, Alappuzha-688012 | 174 | ETP proposed | Septic tank and soak pit |
| 35 | Alappuzha | Govt Hospital Kayamkulam-690502 | 125 | | Septic tank and soak pit |
| 36 | Alappuzha | Kunju Sahib Memorial Govt.Hospital Kayamkulam | 85 | | Septic tank and soak pit |
| 37 | Alappuzha | SH General Hospital Green Gardens ,Cherthala | 200 | | |
| 38 | Alappuzha | Taluk Head Quarters Hospital Cherthala | 251 | yes | |
| 39 | Alappuzha | Taluk Head Quarters Hospital, Haripad | 150 | STP proposed | Septic tank and soak pit |
| 40 | Alappuzha | Taluk Head Quarters Hospital, Pulincunnu | 106 | | Septic tank and soak pit |
| 41 | Alappuzha | Taluk Head Quarters Hospital,Chengannur-689121 | 140 | | land disposal |
| 42 | Alappuzha | Taluk Head Quarters Hospital,Thazhakkara,Mavelikkara-689121 | 347 | | Septic tank and soak pit |
| 43 | Alappuzha | Taluk Hospital ,Kayamkulam-690502 | 125 | | land disposal |
| 44 | Alappuzha | TD Medical College Hospital Alappuzha | 1031 | ETP proposed | Septic tank and soak pit, |
| 45 | Alappuzha | Women&Children Hospital, Bazar Alappuzha | 308 | STP proposed | Septic tank and soak pit |
| 46 | Kottayam | Medical College & ICH Kottayam | | yes | |
| 47 | Kottayam | District Hospital Kottayam | | | Septic tank and soak pit |
| 48 | Kottayam | Taluk Head Quarters Hospital, Changanassery | | | Septic tank and soak pit |
| 49 | Kottayam | Uzhavoor Primary Health Centre, Uzhavoor, Kottayam. | | | Septic tank and soak pit |
| 50 | Kottayam | Thottackad Govt. Hospital Thottackad Kottayam – 686 539 | | | Septic tank and soak pit |
| 51 | Kottayam | Pampady Govt. Hospital Pampady, Kottayam-686 502 | | | Septic tank and soak pit |
| 52 | Kottayam | General Hospital Pala. | | | Septic tank and soak pit |
| 53 | Kottayam | Taluk Head Quarters Hospital, Kanjirappally | | | Septic tank and soak pit |
| 54 | Kottayam | Taluk Head Quarters Hospital, Vaikkom | | | Septic tank and soak pit |
| 55 | Kottayam | Community Health Centre, Kumarakom | | STP proposed | Septic tank and soak pit |
| 56 | Idukki. | Community Health Centre, Adimaly | 66 | | Septic tank and soak pit |
| 57 | Idukki | Taluk Head Quarters Hospital,, Thodupuzha | 144 | | Septic tank and soak pit |
| 58 | Idukki | Community Health Centre, Nedumkandam | 66 | | Septic tank and soak pit |
| 59 | Idukki | District Hospital, Painavu | 130 | | Septic tank and soak pit |

| | | | | | |
|---|---|---|---|---|---|
| | Idukki | Taluk Head Quarters Hospital., Peerumedu | 54 | | Septic tank and soak pit |
| 61 | Emakulam | Taluk Head Quarters Hospital,N. Paravoor,Emakulam | 155 | | Septic tank and soak pit |
| 62 | Emakulam | Taluk Head Quarters Hospital,Fort Kochi | 240 | | Septic tank and soak pit |
| 63 | Emakulam | Taluk Head Quarters Hospital, Kothamangalam | | | Septic tank and soak pit |
| 64 | Emakulam | Taluk Head Quarters Hospital, Moovatupuzha | | | Septic tank and soak pit |
| 65 | Emakulam | Govt Hospital, Kadayiruppu | | | Septic tank and soak pit |
| 66 | Thrissur | Taluk Hospital ,Kodungallur | 178 | | Septic tank,soak pit system |
| 67 | Thrissur | Medical College Mulamkunnathukavu | 990 | yes | Septic tank,soak pit system |
| 68 | Thrissur | Govt.Mental Health Centre Thrissur | 361 | | Septic tank and pit |
| 69 | Thrissur | Govt.Leprosy hospital Koratty,Thrissur | 610 | | Septic tank and soak pit |
| 70 | Thrissur | District Hospital Thrissur 680 001 | 260 | | Septic tank and soak pit |
| 71 | Thrissur | Govt.Hospital Valappad | 65 | | Septic tank and soak pit |
| 72 | Thrissur | THQ Hospital Chalakudy | 144 | | Septic tank and soak pit |
| 73 | Thrissur | THQ Hospital Wadakanchery | 117 | yes | |
| 74 | Thrissur | THQ Hospital Chavakkad | 140 | | Septic tank and soak pit |
| 75 | Palakkad | CHC, Alathur,Palakkad. | | | Septic tank and soak pit |
| 76 | Palakkad | CHC, Nenmara, Palakkad | | | Septic tank and soak pit |
| 77 | Palakkad | District Hospital, Palakkad | | yes | |
| 78 | Palakkad | Govt Hospital, Chittur, Palakkad | | | Septic tank and soak pit |
| 79 | Palakkad | Govt. Hospital , Kozhinjampara, Palakkad-678555 | | | Septic tank and soak pit |
| 80 | Palakkad | W & C Hospital, Palakkad | | yes | |
| 81 | Palakkad | Taluk Head Quarters Hospital, Mannarkkad, Palakkad. | | | Septic tank and soak pit |
| 82 | Palakkad | Taluk Head Quarters Hospital, Ottappalam, Palakkad | | | Septic tank and soak pit |
| 83 | Palakkad | Hospital , Kozhinjampara, Palakkad | | | Septic tank and soak pit |
| 84 | Palakkad | Govt.Hospital, Ottappalam. Palakkad | | | Septic tank and soak pit |
| 85 | Palakkad | Govt . Taluk Hospital, Pattambi, Palakkad-679303. | | | Septic tank and soak pit |
| 86 | Palakkad | Govt. Tribal Speciality Hospital, Agali, Palakkad | | | Septic tank and soak pit |
| 87 | Malapuram | District Hospital, Manjeri | 501 | yes | |
| 88 | Malapuram | Govt. Hospital, Malappuram | 50 | | Septic tank and soak pit |
| 89 | Malapuram | Taluk Head Quarters Hospital, Nilambur | 142 | | Septic tank and soak pit |
| 90 | Malapuram | Taluk Head Quarters Hospital, Perinthalmanna | 177 | | Septic tank and soak pit |
| 91 | Malapuram | Taluk Head Quarters Hospital, Ponnani | 125 | | Septic tank and soak pit |
| 92 | Malapuram | Taluk Head Quarters Hospital, Tirur | 164 | | Septic tank and soak pit |
| 93 | Malapuram | Taluk Head Quarters Hospital, Tirurangadi | 137 | | Septic tank and soak pit |

| | | | | | |
|---|---|---|---|---|---|
| [illegible] | [illegible] | [illegible] Health [illegible] Kuttiyadi | 98 | yes | |
| [illegible] | [illegible] | [illegible] Medical College Hospital, Kozhikkod | 2360 | yes | |
| [illegible] | Kozhikode | Govt.Women & Children Hospital, Kottaparamba, Kozhikode | 295 | yes | |
| 97 | Kozhikode | Kozhikode medical college hospital, Kozhikode | 2360 | yes | |
| 98 | Kannur | Govt Hospital, Thallasery | 540 | | Septic tank and soak pit |
| 99 | Kannur | District Head QuartersHospital, Kannur | 616 | | Septic tank and soak pit |
| 100 | Kannur | Kannur Medical College, Anjarakandy | 300 | yes | |
| 101 | Kannur | Taluk Head Quarters, Payyanoor | 150 | | Septic tank and soak pit |
| 102 | Kannur | Taluk Head Quarters, Thaliparamba | 171 | | Septic tank and soak pit |
| 103 | Kannur | Govt Hospital , Koothuparambu | 105 | | Septic tank and soak pit |
| 104 | Kannur | Community Health Centre, Pappinisheri | 56 | | Septic tank and soak pit |
| 105 | Kasargode | District Hospital,Kanhangad, Kasaragod | 234 | | Septic tank and soak pit |
| 106 | Kasargode | General Hospital, Kasargod | 386 | | Septic tank and soak pit |
| 107 | Wayanad | Taluk Head Quarters Hospital, Vythiri | 129 | | Septic tank and soak pit |
| 108 | Wayanad | Taluk Head Quarters Hospital, S.Bathery | 57 | | Septic tank and soak pit |
| 109 | Wayanad | District Hospital, Mananthavady | | | Septic tank and soak pit |

MEMBER SECRETARY

അനുബന്ധം - III 39

Pg 110

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ സംവിധാനം നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

**പരിസ്ഥിതി (ബി) വകുപ്പ്**

സ.ഉ (സാധാ) നം.06/12/പരി. തീയതി, തിരുവനന്തപുരം [illegible]

പരാമർശം: (1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 58-ാമത് റിപ്പോർട്ട്

(2) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 29.11.2011 ലെ [illegible] /647/09 നമ്പർ കത്തുകൾ

**ഉത്തരവ്**

നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയമങ്ങളുടെ പരിധിയിൽ ആശുപത്രികൾ ഉൾപ്പെടുന്നു. മലിനീകരണ [illegible] കൂടുതൽ [illegible] അവശ്യമായ ചുറ്റുപാട് [illegible] ആശുപത്രികൾ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നത്. സർക്കാർ ആശുപത്രികളിലെ [illegible] നിർമ്മാർജ്ജനം സംബന്ധിച്ച് [illegible] പരിസ്ഥിതി സമിതിയുടെ [illegible] സംസ്കരിക്കുന്നത് സംബന്ധിച്ച് [illegible] മലിനീകരണ [illegible] സംബന്ധിച്ച് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും പ്രത്യേക റിപ്പോർട്ട് [illegible] ബയോമെഡിക്കൽ മാലിന്യ [illegible] നിലയിൽ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. എന്നാൽ ദ്രവമാലിന്യങ്ങൾ [illegible] ശാസ്ത്രീയ സംസ്കരണ [illegible] കൊണ്ടതായിട്ടുണ്ട്. ശാസ്ത്രീയ മാലിന്യ സംസ്കരണ ഉപാധികൾ [illegible] ആശുപത്രികൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തനാനുമതി നൽകിയതിനെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-08) 58-ാമത് റിപ്പോർട്ടിൽ നിശിതമായി വിമർശിച്ചിട്ടുമുണ്ട്.

ബയോമെഡിക്കൽ മാലിന്യങ്ങളും ആശുപത്രികളിലെ ദ്രവമാലിന്യങ്ങളും പൊതുജനാരോഗ്യത്തിന് ഭീഷണിയാണ്. [illegible] പരിധിഭാഗത്തിൽപ്പെട്ട മലിനീകരണം ഉണ്ടാക്കുന്നത് ആശുപത്രി ആയാൽപ്പോലും നടപടിയെടുക്കാതിരിക്കുന്നത് നിയമാനുസൃതമല്ല. ആകയാൽ ആശുപത്രി മാലിന്യ സംസ്കരണത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും പ്രത്യേകിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് [illegible]

ജാഗ്രത പുലർത്തണമെന്നും പൊതുജനാരോഗ്യത്തിനു ഭീഷണിയാകുന്ന ആ
മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീ
കൂടാതെ സ്വീകരിക്കണമെന്നും പ്രവർത്തന അനുമതി നല്കിയിട്ടുള്ള ആശുപത്രികളിൽ മലി
നീകരണ നിയന്ത്രണ നടപടികൾ നിയമാനുസൃതമായി നടക്കുന്നുണ്ടെന്ന് സംസ്ഥാന മലി
നീകരണ നിയന്ത്രണ ബോർഡ് ഉറപ്പാക്കണമെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജി.രാജീവ്**

അഡീഷണൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ എജ്യൂക്കേഷൻ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, ഇന്ത്യൻ മെഡിക്കൽ അസ്സോസ്സിയേഷൻ, ആനയറ, തിരുവനന്തപുരം
പബ്ലിക്ക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ആരോഗ്യ വകുപ്പ്

അനുബന്ധം IV

43 Ref Pg 111

Kerala Gazette No. 25 dated 27th November 2012.
**PART I**

GOVERNMENT OF KERALA

**Environment (B) Department**

CIRCULAR

No. 3781/B2/2011/Envt. *Dated, Thiruvananthapuram, 5th November 2012.*

*Sub:*—Environment Department—BMW—Safe disposal of disposable syringes—instructions issued—reg.

*Read:*—G. O. (Ms.) No. 04/12/Envt. dated 13-3-2012.

Government had issued detailed instructions regarding the scientific management and handling of Bio-Medical Wastes generated from Health Care Institutions in the state as per the Government Order read above.

Now it has come to the notice that the disposable syringes collected by rag pickers are repacked and sold in the market. Used syringes may be contaminated with blood and body fluids and poses public health risk and is an environmental threat.

The unsafe disposal of needles and syringes is illegal and the treatment and disposal of Bio-Medical Wastes adhering to the statutory provisions of the Rules is mandatory for all institutions generating them. It shall be the duty of every occupier or an institution generating Bio-Medical Waste to take all steps to ensure that such waste is handled without any adverse effect to human health and Environment. It is imperative therefore to adopt an environmentally safe method for the disposal of used syringes in the prescribed manner to ensure that they are not recycled/reused.

G. 117/2012/DTP.

In order to avoid this dangerous possibility, all Health Care Institutions using disposable syringes are directed to adopt appropriate technology for destroying injection needles as per standard norms and to ensure that the needles are not disposed of with other solid wastes and its reuse in any manner prevented after the intended use.

JAMES VARGHESE,
*Principal Secretary.*

To

The Director of Health Services, Thiruvananthapuram (Requested to give necessary instructions to all concerned).

All District Medical Officers.

The Director, Directorate of Medical Education, Thiruvananthapuram.

The Chairman, Kerala State Pollution Control Board, Thiruvananthapuram.

The Director, Directorate of Environment & Climate Change, Thiruvananthapuram.

The Director, Urban affairs Department, Thiruvananthapuram

The Director of Panchayaths, Thiruvananthapuram.

All District Collectors.

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് - കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നും മരുന്നുകൾ വാങ്ങുന്നത് - ഉല്പാദനശേഷിയ്ക്ക് അനുസരിച്ച് ഓർഡർ അതാത് സാമ്പത്തിക വർഷത്തിന് നിശ്ചിത ദിവസം മുൻപേ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നിർദ്ദേശിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1457/2019/ആകുവ തീയതി, തിരുവനന്തപുരം, 19.06.2019.**

പരാമർശം:- 1. കേരള നിയമസഭ സെക്രട്ടറിയുടെ 20.09.2017-ലെ 19442/ഇ.സി.ബി1/2017/നിസെ നമ്പർ കത്ത്.

2. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 05.06.2019-ലെ കെ.എം.എസ്.സി.എൽ/ഡിആർജി/ഇഡി/406/2019 നമ്പർ കത്ത്.

**ഉത്തരവ്**

കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2016-19), മരുന്നുകളുടെ ദൗർലഭ്യം, ഗുണനിലവാരമില്ലായ്മ എന്നീ വിഷയങ്ങൾ സംബന്ധിച്ച് 28.06.2017 ൽ ആലപ്പുഴ ജില്ലയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് സന്ദർശിക്കുകയും സന്ദർശനവുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശിപാർശകൾ നൽകുകയും ചെയ്തു. കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകൾക്കുള്ള ഓർഡർ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ഉല്പാദനശേഷിയ്ക്ക് അനുസരിച്ച് അതാത് സാമ്പത്തിക വർഷത്തിന് നിശ്ചിത ദിവസം മുൻപേ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകൾക്കുള്ള ഉത്തരവ് നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഓരോ സാമ്പത്തിക വർഷത്തേയും അന്തിമ മരുന്നു പട്ടിക ഏകദേശം 6 മാസങ്ങൾക്ക് മുൻപായി (ഒക്ടോബർ മാസത്തോടെ). കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് നൽകേണ്ടതാണ്.

2. മരുന്നു പട്ടികയിൽ ഉൾപ്പെട്ട ഇനങ്ങളിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് വിതരണം നടത്തുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നതും, പ്രോഡക്ട് പെർമിറ്റും മാനുഫാക്ചറിംഗ് ലൈസൻസും ലഭ്യമായിട്ടുള്ളതുമായ ഇനങ്ങൾക്ക് വാർഷിക ഇൻഡന്റായി ലഭിക്കുന്ന അളവിന്റെ 50% കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് വിതരണോത്തരവ് നൽകുന്നതിനായി സംവരണം ചെയ്യേണ്ടതും പ്രസ്തുത വിവരം ജനുവരി മാസത്തോടെ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിനെ അറിയിക്കേണ്ടതുമാണ്.

3. ദർഘാസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മറ്റു കമ്പനികൾക്ക് വിതരണോത്തരവുകൾ നൽകുന്നതിനു മുൻപായി കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് മരുന്നു സംഭരിക്കുന്നതിനായുള്ള വിതരണോത്തരവുകൾ നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ.എൻ.ഖോബ്രഗഡേ
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വ്യവസായ (എച്ച്) വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

9

അനുബന്ധം VI

# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരളത്തിന് ആവശ്യമായ മരുന്നുകളുടെ നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട മേഖലകളിലെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1456/2019/ആകുവ തീയതി, തിരുവനന്തപുരം, 19.06.2019.**

പരാമർശം:- 1. കേരള നിയമസഭ സെക്രട്ടറിയുടെ 20.09.2017-ലെ 19442/ഇ.സി.ബി1/2017/നിസെ നമ്പർ കത്ത്.

2. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 05.06.2019-ലെ കെ.എം.എസ്.സി.എൽ/ഡി.ആർ.ജി/ഇഡി/406/2019 നമ്പർ കത്ത്.

## ഉത്തരവ്

കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2016-19), മരുന്നുകളുടെ ദൗർലഭ്യം, ഗുണനിലവാരമില്ലായ്മ എന്നീ വിഷയങ്ങൾ സംബന്ധിച്ച് 28.06.2017 ൽ ആലപ്പുഴ ജില്ലയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് സന്ദർശിക്കുകയും സന്ദർശനവുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശിപാർശകൾ നൽകുകയും ചെയ്തു. കേരളത്തിന് ആവശ്യമായ മരുന്നുകളുടെ നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട മേഖലകളിലെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ് എന്നിവരുൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരളത്തിന് ആവശ്യമായ മരുന്നുകളുടെ നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട മേഖലകളിലെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡ്രഗ്സ് കൺട്രോളർ. തിരുവനന്തപുരം - ചെയർമാൻ

2. മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ - അംഗം
3. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് - കൺവീനർ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ. എൻ. ഖോബ്രഗഡേ
പ്രിൻസിപ്പൽ സെക്രട്ടറി

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വ്യവസായ (എച്ച്) വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.